# വിഷയവിവരം


| | | പുറം |
|---|---|---|
| 1. | കേരളീയ കവിതാരീതി:—പി. അനന്തൻപിള്ള, എം. ഏ. | 399 |
| 2. | വെള്ളയമ്പലത്തിൽ:—എം. ആർ. കൃഷ്ണവാര്യർ, ബി. ഏ., എൽ. ററി. | 411 |
| 3. | പഴഞ്ചൊല്ലുകൾ:— ഡാക്ടർ കെ. ഗോദവർമ്മ, എം. ഏ., പി. എച്ച്. ഡി. (ലണ്ടൻ) | 415 |
| 4. | ഭക്തിപ്രഭാവശതകം:— എം. രാജരാജവർമ്മതമ്പുരാൻ, എം. ഏ., ബി. എൽ. | 429 |
| 5. | കിമപികാവ്യം:—പി. കെ. നാരായണപിള്ള, ബി. ഏ., ബി. എൽ. | 430 |
| 6. | മുസോലിനിയുടെ ഇററലി:— ഏ. ഗോപാലമേനോൻ, എം. ഏ., ബി. കോം. | 442 |
| 7. | തൃപ്തിമകരന്ദം:—ശ്രീവർദ്ധനത്ത് എൻ. കൃഷ്ണപിള്ള, എം. ഏ. | 455 |
| 8. | ഒരു് ഉത്സവം:—ശൂരനാട്ടു് പി. എൻ. കുഞ്ഞൻപിള്ള, എം. ഏ. | 459 |
| 9. | ഗ്രന്ഥനിരൂപണം. | 468 |
| 10. | യുവകവിപങ്ക്തി | 469 |
| 11. | ഒരു അഭിനന്ദനം:—പി. സുബ്രഹ്മണ്യശാസ്ത്രി | 469 |
| 12. | കുഡ്മളസൌരഭം:—ഏ. കേശവൻ നമ്പ്യാർ | 470 |
| 13. | പ്രാചീനദേശസംജ്ഞാകോശം:—പി. അനന്തൻപിള്ള, എം. ഏ. | 471 |
| 14. | പത്രാധിപക്കുറിപ്പുകൾ. | 472 |

# സഹൃദയ

പുസ്തകം ൧. | കുംഭം, ൧൧൧൧. | ലക്കം ൩.


## കേരളീയ കവിതാരീതി.


[പി. അനന്തൻപിള്ള, എം. ഏ]


കവിതയുടെ ആത്മാവും ശരീരവും മനുഷ്യരുടെ ആത്മാവും ശരീരവുംപോലെതന്നെ അന്യോന്യാശ്രയീഭൂതങ്ങളാകയാൽ അവ രണ്ടും വേർതിരിച്ചു പ്രകാശിപ്പിക്കയെന്നതു കേവലമൊരു വ്യാവഹാരികവ്യവസായമെന്നേ വിചാരിക്കേണ്ടതുള്ളു. കവിതയുടെ ആത്മാവു കവിയുടെ മനോമണ്ഡലത്തിൽ പ്രതിബിംബിതമായിത്തീരുന്ന പ്രപഞ്ചതത്വമാണല്ലൊ. സുന്ദരമായ ഒരു ദൃശ്യാവലിയൊ രസകരമായ ഒരു സംഭവമൊ നമ്മുടെ മനസ്സിൽ പതിയുമ്പോൾ അതു പ്രകാശിപ്പിക്കുവാൻ നാം പല യത്നങ്ങളും ചെയ്യുന്നു. ചിലപ്പോൾ സാധിച്ചേക്കാമെന്നേയുള്ളു. എന്തായാലും, അപ്രകാരമുണ്ടാകുന്ന ബാഹ്യരൂപം ഒരു നൂതന സൃഷ്ടിയായിപ്പരിണമിക്കുന്നു. ഈ സൃഷ്ടിയുടെ ആന്തരമായ ചൈതന്യശക്തി സാഹിത്യകലയിൽ കവിതയുടെ ആത്മാവും ബാഹ്യരൂപം ശരീരവുമാണെന്നു സാമാന്യമായിപ്പറയാം. പ്രാപഞ്ചികപദാൎത്ഥങ്ങൾ മനസ്സിൽ പതിയുന്നതു പലവിധത്തിലുമായിരിക്കും. അത്യുത്തമവും അതിസുന്ദരവും ആയ പ്രതിബിംബംപോലെ തന്നെ ചിലപ്പോൾ അതിനികൃഷ്ടവും, ഭയാനകവും, ആയ ഛായകൾ പതിഞ്ഞു എന്നും വരാം. എങ്ങനെ ആയാലും ഈ മാനസസൃഷ്ടിയ്ക്കു കവിമനോധൎമ്മം എന്ന പേരാണു് നിരൂപകന്മാർ നൽകിക്കാണുന്നതു്. അത്യുൽകൃഷ്ടങ്ങളായ ഓരോ വിഷയങ്ങൾ ആദിമഹാകവികളുടെ ഹൃദയതലങ്ങളെ സ്പൎശിച്ചപ്പോൾ അവൎക്കുണ്ടായ വികാരത്തിന്റെ ഒരു പ്രതിച്ഛായ കവിതാരൂപത്തിൽ പ്രത്യക്ഷപ്പെട്ടു. ആ കവിത വായിച്ചവരിൽ അതേവികാരം തന്നെ ഉൽഭൂതമായി എന്നുള്ളതിനു സംശയമില്ല. ഇങ്ങനെ ആയിരിക്കണം ശൃംഗാരാദിരസങ്ങൾ വ്യവസ്ഥാപിതങ്ങളായതു്. പിന്നീടു് ഓരോ രസം വൎണ്ണിച്ചു ഫലിപ്പിക്കാൻ സ്വാനുഭവജ്ഞാനത്തിന്റെ അഭാവത്തിൽ പോലും ശിക്ഷാസാമൎത്ഥ്യത്താൽ കവികൾക്കു് സാധിച്ചിട്ടുണ്ടു്. ഇതിൽ ഏതെല്ലാമാണു് കല്പനകൾ എന്നും, ഏതെല്ലാമാണു് അനുകരണങ്ങൾ എന്നും കാലാന്തരത്തിൽ

അറിവാൻ മേലാതെ പോയെങ്കിൽ അതിലത്ഭുതപ്പെടുവാനില്ല.

ക്രൌഞ്ചമിഥുനത്തിലൊന്നു വേടൻ വധിച്ചപ്പോൾ, അതു കണ്ടു ഉള്ളുരുകിപ്പോയ വാല്മീകി മഹർഷി തൽക്ഷണം സൃഷ്ടിച്ച "മാനിഷാദാ"ദിപദ്യം ആണു് ആദ്യത്തെ കവിതയെന്നു പറയുന്നതിൽ പശ്ചാത്യവിമർശകന്മാരിൽ ചിലർ കണ്ണു ചുളിപ്പിക്കുന്നതെന്തിനാണെന്നറിയുന്നില്ല. നമ്മുടെ രാമായണാദി ഇതിഹാസങ്ങളൊക്കെ കള്ളമാണെന്നു പറഞ്ഞാലും ഈ ക്രൌഞ്ചമിഥുനത്തിന്റെ കാര്യത്തിൽ വ്യാജലേശമില്ലെന്നു പ്രതിജ്ഞ ചെയ്യാവുന്നതാണു്. അഥവാ അന്നത്തെ ഒരു ചരിത്രസംഭവത്തിൽ ആ ദീർഘദർശിയായ മഹർഷി സ്വാനുഭവസാദൃശ്യം കണ്ടിട്ടു ഒരു മഹാകാവ്യം എഴുതി എന്നു വരാവുന്നതാണല്ലോ. ബ്രഹ്മാവു വന്നു ബോധിപ്പിച്ചു എന്നുള്ളതായിരിക്കാം കള്ളക്കഥ. തന്റെ കാലത്തും രാജ്യത്തിലും നടന്ന സംഭവം ഈ മനോഗതിയോടുകൂടി ഒരു കവി പ്രതിപാദിച്ചതിൽ തന്നെ അനുകരണത്തിന്റെ ഛായ വന്നിട്ടുള്ള സ്ഥിതിക്കു് ആ ഇതിവൃത്തത്തെ ആസ്പദമാക്കി പിന്നീടെഴുതീട്ടുള്ള കാവ്യങ്ങൾക്കു് ആദർശത്തിൽ നിന്നും എത്രമാത്രം അകൽച്ച വന്നിരിക്കണം! ആ ആദർശത്തിന്റെ പ്രേരണനോക്കൂ! ക്രൌഞ്ചമിഥുനത്തിന്റെ കാര്യം രാമായണകഥയിൽ എവിടെയെല്ലാം ഏതെല്ലാം പ്രകാരത്തിൽ കവിയുടെ മനോഗതി നമുക്കു സ്പഷ്ടമായി കാണിച്ചുതരുന്നു! ഭർത്തൃവധത്താൽ താരയ്ക്കും മണ്ഡോദരിക്കും ഉണ്ടായ ദുഃഖം, സീതാവിയോഗത്താൽ ശ്രീരാമനുണ്ടായ ദുഃഖം ഇങ്ങനെ കരുണരസത്തിന്റെ പ്രാബല്യം ഒന്നു മാത്രം പുരസ്കരിച്ചു് ആ കാവ്യത്തിന്റെ ഉൽക്കർഷം നിരാക്ഷേപമായി സ്ഥാപിക്കാവുന്നതാണു്. ഇടയ്ക്കു വിപ്രലംഭശൃംഗാരം—അതോ, വിപ്രലംഭകരുണമൊ എന്നു തീർച്ചപറവാൻ നിവൃത്തിയില്ല.—കവിതയുടെ മറെറാരുമാർഗ്ഗത്തെ നിർദ്ദേശിച്ചു. അതു പല മഹാകവികളേയും ആകർഷിച്ചു വശത്താക്കി. എത്രയെത്ര പുരുഷാന്തരങ്ങളായി ഇങ്ങനെ വായനക്കാരുടെ ചിത്തവൃത്തികളെ ഈ ക്രൌഞ്ചമിഥുനസൂചിതമായ കവിമനോധർമ്മം പ്രേരിപ്പിച്ചിരിക്കുന്നു എന്നു നോക്കുക.

ആദികവിതയ്ക്കു് ആത്മാവും ശരീരവും ഉണ്ടെങ്കിലും, ആത്മാവിനു തന്നെയാണു് മഹത്വം കല്പിയ്ക്കേണ്ടതെന്നു മാനിഷാദാദിപദ്യം സാക്ഷ്യം വഹിക്കുന്നുണ്ടല്ലോ. യാതൊരു ശബ്ദഭംഗിയും അതിനുള്ളതായി തോന്നുന്നില്ല. എന്നാൽ സാധാരണ മനുഷ്യർ അവരുടെ ആശയങ്ങൾ വിനിമയം ചെയ്യുന്നതുപോലെയല്ല, ചുരുക്കിപ്പറഞ്ഞാൽ വൃത്തമുണ്ടെന്നാണു ഭേദം. ഇംഗ്ലീഷിൽ 'റിതം' (rhythm) എന്നു പറയുന്ന ശബ്ദങ്ങളുടെ ഗുണം വൃത്തം കൊണ്ടു സാധിക്കുന്നു എന്നു ഞാൻ പറയുന്നില്ല. വൃത്തം ഗദ്യപദ്യങ്ങളെ വേർതിരിക്കുന്നതേയുള്ളു. 'റിതം' അപ്രകാരം ചെയ്യുന്നു എന്നു പറവാൻ മേല. ഗദ്യപദ്യങ്ങൾക്കു ഉഭയസാധാരണമായിട്ടുള്ളതാണു "റിതം." സംഗീതത്തിന്റെ ഒരു ശക്തിയാണിതെന്നു പറയാമെന്നല്ലാതെ ശരിയായി നിർവ്വചിക്കാൻ പ്രയാസം. എന്നാൽ സ്വരങ്ങളുടെ ആരോഹാവരോഹം കൊണ്ടുമാത്രം സിദ്ധമാകുന്ന ആസ്വാദ്യതയിലും എത്ര ഉപരിയായിട്ടാണു് ഈ ഗുണം സ്ഥിതി ചെയ്യുന്നതു്. പദങ്ങളുടെ അർത്ഥം മന

സ്സിലാക്കാൻ നമുക്കു സാധിച്ചില്ലെങ്കിലും സംഗീതാനുഭവം മാത്രമേ ഉണ്ടാകുന്നുള്ളു. അർത്ഥം മനസ്സിലാക്കി, ആയതു മനോഹരമെന്നുതോന്നുന്നപക്ഷം ശബ്ദങ്ങളുടെ 'റിതം' നമുക്കു് അത്യന്തം രസപ്രദമായിത്തീരുന്നു. അപ്പോൾ 'റിതം' എന്നതു സഹൃദയഹൃദയാഹ്ലാദജനകമായ ചമൽക്കാരവിശേഷം തന്നെ എന്നു വന്നുകൂടുന്നു. സംഗീതരസികനും സഹൃദയനും ആയിട്ടു വളരെ അന്തരമുണ്ടെന്നാണ് എനിക്കു തോന്നുന്നതു്. ഞാനൊരു സംഗീതജ്ഞനല്ല. എന്നാൽ നല്ലകവിത പാടിക്കേൾക്കാൻ വളരെ കൌതുകമുണ്ടു്. അതാണ് ചില വലിയ സംഗീതസദസ്സിലും മററും വച്ചു് നളചരിതം ആട്ടക്കഥയിലെ ഒരു പദമൊ പുനം നമ്പൂതിരിയുടെ ഒരു ശ്ലോകമൊ ചൊല്ലിക്കേട്ടാൽ കൊള്ളാമെന്നു് അപേക്ഷിക്കുന്നതു്. പക്ഷെ അപേക്ഷയുടെ അനൌചിത്യം മററു ചിലക്കു് തോന്നാറുള്ളതുപോലെ എനിക്കു തോന്നാറില്ലെന്നേയുള്ളു.

ആത്മാവിനനുരൂപമായ ശരീരം കവിതയ്ക്കുണ്ടാകുന്നതു് എങ്ങനെ എന്നു വിശദമാക്കാൻ വളരെ പ്രയാസമാണ്. നല്ല നല്ല ആശയങ്ങൾ മനസ്സിൽ നിന്നു ബഹിർഗമിക്കുമ്പോൾ നല്ല നല്ല രൂപങ്ങളെപ്രാപിക്കുമെന്നും, ഷേക്സ്പീയർ, കാളാദിസൻ മുതലായ മഹാകവികളുടെ ആശയസമ്പത്താണ് മനോഹരപദാവലികളായിത്തീർന്നിട്ടുള്ളതെന്നും നമുക്കു് അനുഭവം കൊണ്ടറിയാം. കവിതാനദിയുടെ ഉൽപ്പത്തിയാണ് പരിശുദ്ധമായിരിക്കേണ്ടതു്. പുറപ്പെട്ടു കഴിഞ്ഞതിന്റെ ശേഷം പോഷകനദികളാലും മററും എത്രതന്നെ വിസ്തൃതമായിത്തീർന്നാലും, ജലത്തിന്റെ നന്മ കൂടിവരുമൊ എന്നു സംശയമാണ്. പ്രപഞ്ചരമ്യത അതിന്റെ ഏതെങ്കിലും ഒരു അംശത്തിൽ കവിഹൃദയത്തിൽ പതിയുമ്പോൾ, കവിയ്ക്കുണ്ടാകുന്ന മാനസികമായും കായികമായും ഉള്ള ഭാവഭേദങ്ങൾ ആകപ്പാടെ അതിനെ സ്പർശിച്ചു് വാഗ്രൂപമായി പുറപ്പെടുന്നു. വാസനാവിശേഷങ്ങൾക്കു വല്ലതും ഒരു ഇളക്കം തട്ടേണ്ട താമസമേയുള്ളു. പിന്നീടു വേണ്ടതെല്ലാം സന്നദ്ധമായിരിക്കയാണ്. ഇന്ദുമതിയെ സ്വയംവരമണ്ഡപത്തിലേയ്ക്കു പ്രവേശിപ്പിച്ചപ്പോൾതന്നെ സഞ്ചാരിണീദീപശിഖ, തെരുവീഥി, ഇതെല്ലാം ഓരോന്നായി കാളിദാസന്റെ മനോധർമ്മകവാടമാർഗ്ഗങ്ങളിൽ തിക്കിക്കൂടിത്തുടങ്ങി. ആശയവും അനുരൂപപദാവലികളും ഇങ്ങനെ ഒരേസമയത്തുത്ഭവിക്കുമ്പോൾ ആ കവിതനിസർഗ്ഗമനോഹരമെന്നു പറയാം. എന്നാൽ ചിലതു പ്രഥമദൃഷ്ടിയിൽ മാത്രമെ അങ്ങനെതോന്നുകയുള്ളു. മുമ്പൊരു കവി സൃഷ്ടിച്ചതു് കവിശിക്ഷയാൽ മറെറാരാൾക്കു സ്വാധീനമായിത്തീരുകയും അയാൾ അതു സാമർത്ഥ്യത്തോടുകൂടി പ്രയോഗിക്കുകയും ചെയ്താൽ നാം ചരിത്രാന്വേഷണം ചെയ്തു് അതിന്റെ പ്രഥമകർത്തൃത്വത്തെ സ്ഥാപിക്കാൻ തുടങ്ങുന്നതാണോ? പക്ഷെ ദൈവാധീനത്താൽ ഇതുവരെ രസികന്മാരെ സംബന്ധിച്ചിടത്തോളം അതിന്നു് ആവശ്യം നേരിട്ടിട്ടില്ല.

സംസ്കൃതസാഹിത്യത്തിന്റെ ആരംഭഘട്ടങ്ങളിൽ നോക്കുകയാണെങ്കിൽ, വാല്മീകി, വ്യാസൻ മുതലായ മഹാകവികൾ പ്രകൃതിയെ പകർത്തിവച്ചിരിക്കുന്നതായിക്കാണാം. പിന്നീടു് മനുഷ്യരുടെ മനോ

ഗതികൾക്കു ക്രമപ്രവൃദ്ധമായി വന്നുചേൎന്ന മാററത്താൽ പ്രകൃതിനിരീക്ഷണവും, തദ്വാരാ മനോധൎമ്മത്തിലുള്ള പ്രതിക്ഷേപവും, അതിന്റെ പ്രകാശനവും ഏതാണ്ടു വ്യത്യസ്തമായിത്തീൎന്നു. ഇതു് ഊൎദ്ധ്വഗതിയേയോ അധോഗതിയേയോ നിൎദ്ദേശിച്ചതെന്നു ഖണ്ഡിതമായിപ്പറവാൻ മേല. എങ്കിലും ലോകം അനുദിനം പരിഷ്കാരത്തെ പ്രാപിച്ചു വരികയാണെന്നു പറയുന്നവരോടുകൂടി നമുക്കും ചേരാമെന്നേയുള്ളു. അങ്ങനെയാണെങ്കിൽ, ഈ പരിഷ്കാരം മനുഷ്യവ്യാപാരങ്ങളിലെല്ലാം ദൎശിക്കേണ്ടതാണല്ലോ. കാളിദാസമഹാകവി വാസനാവിശേഷത്താൽ പല കവിതയും സൃഷ്ടിച്ചിട്ടുള്ളതുപോലെ തന്നെ അഭ്യാസബലത്താലും അപ്രകാരം ചെയ്തിട്ടുണ്ടെന്നു പറഞ്ഞാൽ അതദ്ദേഹത്തിന്റെ അനശ്വരമായ യശസ്സിനു മാലിന്യമായിത്തീരുമോ എന്തോ? വാസനാബലം എത്രതന്നെ ഉണ്ടായിരുന്നാലും ആത്മാവിനു് നമ്മുടെ ശൈശവം മുതൽ സിദ്ധിച്ചുവരുന്ന സംസ്കാരത്തിൽ നിന്നും ഒഴിഞ്ഞുനില്ക്കാമോ എന്നു സംശയമാണു്. കവിക്കു പ്രപഞ്ചവീക്ഷണത്തിൽ നിന്നും ഗ്രാഹ്യമാകുന്ന ഛായ ബാഹ്യരൂപത്തെ പ്രാപിക്കുമ്പോൾ സംസ്കാരത്തിന്റെ പ്രേരണയ്ക്കു അധീനമായിത്തീരുന്നു എങ്കിൽ അതിലത്ഭുതപ്പെടുവാനില്ല. അതൊരു അപരാധമായി ഗണിക്കേണ്ടതുമില്ല.

സീത വല്ക്കലം ധരിച്ചതു് ഭാസന്റെ മനോധൎമ്മത്തിനു വിഷയമായപ്പോൾ ''സൎവ്വമോഹനീയം സ്വരൂപം നാമ''എന്നു സൂചിപ്പിക്കാനെ കഴിഞ്ഞുള്ളു. ശകുന്തളയുടെ വല്ക്കലധാരണമാകട്ടെ

''സരസിജമനുവിദ്ധം ശൈവ-
ലേനാപിരമ്യം
മലിനമപി ഹിമാംശോൎല-
ക്ഷ്മ ലക്ഷ്മീം തനോതി
ഇയമധിക മനോജ്ഞാ
വല്ക്കലേനാപിതന്വീ
കിമിവഹി മധുരാണാം
മണ്ഡനം നാകൃതീനാം''.

എന്നിങ്ങനെയുള്ള കാളിദാസന്റെ പ്രകൃതിനിരീക്ഷണവിചക്ഷണമായ മനോധൎമ്മത്താൽ പരിഷ്കൃതമായി. ഇവിടെ ഭാസനെപ്പററിയുള്ള കാലദേശവാദങ്ങളിൽ ഞാൻ പ്രവേശിക്കുന്നില്ല. കാളിദാസനെ സംബന്ധിച്ചിടത്തോളം ഭാസനാടകമോ, അഥവാ ഈ ആശയത്തെ ഉത്തേജിപ്പിച്ചിട്ടുള്ള മററു വല്ലഗ്രന്ഥമൊ, അദ്ദേഹം വായിച്ചിരിക്കാൻ ഇടയുണ്ടെന്നും, ഇങ്ങനെയുള്ള പൂൎവ്വസാഹിത്യപരിചയം മഹാകവികൾക്കു യാതൊരുവിധത്തിലും അപകൎഷകമായിത്തീരുകയില്ലെന്നും പറഞ്ഞേതീരൂ. എന്നുമാത്രമല്ല, ഈ സംസ്കാരം വാസനാവിശേഷത്തിൽ ചേൎന്നതല്ലയോ എന്നും ഞാൻ സംശയിക്കുന്നു. കാളിദാസനു മുമ്പുള്ള സംസ്കൃതസാഹിത്യത്തിൽ കടന്നു് വിമൎശിക്കാനുള്ള ധൈൎയ്യം എനിക്കിനിയും ഉണ്ടാകേണ്ടതായിട്ടാണിരിക്കുന്നതു്. എങ്കിലും, വാല്മീകി, വ്യാസൻ, ഭാസൻ, അശ്വഘോഷൻ മുതലായ മഹാകവികളുടെ കൃതികളും എന്നുവേണ്ട അക്കാലം വരെ ഉണ്ടായിട്ടുള്ള സാഹിത്യശാസ്ത്രഗ്രന്ഥങ്ങളും കാളിദാസൻനല്ലപോലെ വായിച്ചിട്ടുണ്ടായിരുന്നു എന്നും എന്നാൽ അദ്ദേഹത്തിന്റെ കവിതകളിൽ കാണുന്ന അസംഖ്യം സ്വതന്ത്രകല്പനകൾ മൂലമായി അവ അന്തൎജ്ഞാനമയമെന്നു സ്ഥാപിക്കുവാൻ വേണ്ടിയാണു് ചിലർ അദ്ദേഹത്തിന്റെ ബാല്യജീവിതത്തെപ്പററിയുള്ള ഐതിഹ്യങ്ങൾ നിൎമ്മിച്ചിട്ടുള്ള

തെന്നും ഉദ്ദേഹിപ്പാൻ പ്രയാസമില്ല. ദമ്പതിമാരുടെ പരസ്പരപ്രേമത്തിലന്തർഭവിച്ചിരിക്കുന്ന "ശൃംഗാരരസം" വിയോഗത്തിൽ കരുണമായിത്തീരുന്നതു് മാനിഷാദാദിപദ്യത്തിൽ നിന്നും രാമായണത്തിൽ സംക്രമിച്ചതു സൂചിപ്പിച്ചു. എന്നാൽ സംഭോഗം, വിപ്രലംഭം എന്നിങ്ങനെ രസചക്രവൎത്തിയായിത്തീൎന്ന ശൃംഗാരത്തിൻെറ ഭാവഭേദങ്ങൾ ആ മഹാകവി പില്ക്കാലികന്മാരായ എത്രയെത്ര മഹാകവികളുടെ യശോവിജൃംഭണത്തിനു മാൎഗ്ഗങ്ങളാക്കിത്തീൎത്തു എന്നു നോക്കുക.

ഇങ്ങനെ ഒരേ സാഹിത്യത്തിൽ തന്നെ അനേകം കാലങ്ങളിലായി കവിതയുടെ ആത്മാവും ശരീരവും വലിയ മാററമൊന്നും കൂടാതെ പലരുടെയും സൃഷ്ടിരൂപങ്ങളായി നമുക്കു കാണുന്നതിനു കഴിയുമെങ്കിൽ ഭാഷ മാറുമ്പോഴത്തെ കാൎയ്യം ചോദിക്കാനുണ്ടോ? ഈ വേഷം മാററത്തെ അല്ലേ പൂൎവ്വപ്രകൃതം എന്തെന്നറിവാൻ മേലാത്തവർ കണ്ണുമടച്ചുകൊണ്ടാരാധിക്കുന്നതു്? പരിഭാഷയുടെ കാൎയ്യം പോകട്ടെ. അതു ശരീരത്തിൻെറ വസ്ത്രധാരണം പോലെ വിചാരിച്ചാൽമതി. സ്വതന്ത്രകൃതികളായ കവിതകളുടെ ആത്മാവും ശരീരവും സ്വസൃഷ്ടികളാണെന്നു് തെളിയിക്കാൻ എത്ര കവികൾ സധൈൎയ്യം മുന്നോട്ടു വരുമോ എന്തൊ? അവരെപ്പോലെയുള്ള സംസ്കാരം സിദ്ധിക്കാത്തവർ അത്ഭുതപരതന്ത്രരായി പുകഴ്ത്താൻ ഒരുമ്പെട്ടേക്കാം. മൂലകൃതികളിൽ പരിചയം സിദ്ധിച്ചിട്ടുള്ളവരാകട്ടെ ഏതാണ്ടു പച്ചൂരസത്തിൽ ഭാഷയുടെ ഗ്രന്ഥദാരിദ്ര്യം നീങ്ങിക്കൊള്ളട്ടെ എന്ന ഭാവത്തിൽ ഒരനുമതിപ്പത്രിക നൽകുകമാത്രമേ ചെയ്യുകയുള്ളൂ.

എന്നാൽ ഈ അപവാദം ഓരോ പ്രത്യേകമായ ആശയങ്ങളേയും അവയെ പ്രകാശിപ്പിക്കുന്ന രീതിയേയും പററി മാത്രമെ പ്രധാനമാക്കി പറയാവൂ. ഒരു കാവ്യം ആകപ്പാടെ നോക്കുന്നതായിരുന്നാൽ അതിനും ഒരാത്മാവും ശരീരവുമുണ്ടല്ലൊ. ഇവിടെയും പുരാണകഥകളെ ശരണം പ്രാപിക്കുന്ന കവികൾ അപരാധവിമുക്തരായിത്തീരുന്നില്ല. എങ്കിലും പുരാണങ്ങളിലെ മണൽത്തരി വാരിയെടുത്തു കനകപ്പൊടിയാക്കാനുള്ള ചിലരുടെ അന്യാദൃശമായ സാമൎത്ഥ്യം യഥാൎത്ഥകവിതാസൃഷ്ടിയിൽ അന്തൎഭവിച്ചതാണെന്നു ചിലർ വാദിച്ചിട്ടുണ്ടു്. ഇതു ഏറെക്കുറെ പരമാൎത്ഥവും ആണു്. കുമാരസംഭവം, രഘുവംശത്തിലെ രാമായണഭാഗം, ഉത്തരരാമചരിതം നാടകം എന്നിങ്ങനെ പല ഉദാഹരണങ്ങളെക്കൊണ്ടും ഇതു ശരിയാണെന്നു തെളിയിക്കാം.

> "തയോർ യഥാ പ്രാൎത്ഥിത മിന്ദ്രിയാൎത്ഥാ
> നാദേദുഷോ: സത്മസു ചിത്രവത്സു
> പ്രാപ്താനി ദു:ഖാന്യപി ദണ്ഡകേഷു
> സംചിന്ത്യമാനാനി സുഖാന്യഭൂവൻ."

എന്ന രഘുവംശപദ്യമാണു് ഭവഭൂതിയുടെ മനോമണ്ഡലത്തിൽ ഉത്തരരാമചരിതം നാടകത്തിൻെറ സൃഷ്ടിവിധാനത്തിനുള്ള കാൎയ്യപരിപാടി പതിപ്പിച്ചതെന്നു് ആ കൃതി സൂക്ഷ്മമായി വായിച്ചാൽ അറിയാവുന്നതാണു്. ഉദാഹരണങ്ങളുടെ സംഖ്യ വൎദ്ധിപ്പിക്കണമെന്നു വിചാരിക്കുന്നില്ല.

ഈ ആൎയ്യസംസ്കാരം ഗ്രന്ഥങ്ങൾ വഴിയായി നമുക്കു സിദ്ധിച്ചില്ലെങ്കിൽ കൈരളിയുടെ സ്ഥിതി എന്തായിരുന്നേനെ. സംസ്കൃതസാഹിത്യവുമായുള്ള പരിചയ

ത്താൽ സ്വദേശജാതമായ മനോധമ്മം ഒരിക്കൽ അസ്തമിതപ്രായമായി എന്നു പറയാം. എന്നാൽ ഈ സംസ്കാരം എത്ര കാലം കൊണ്ടാണ് കേരളത്തിൽ സംസ്ഥാപിതമായതു്. ഇപ്പോഴും ചിലടത്തു പഴയ പാട്ടുകൾ തന്നെ പാടി ആളുകൾ സാഹിത്യരസം അനുഭവിക്കുന്നില്ലെന്നു പറഞ്ഞുകൂടാ. ഉൽകൃഷ്ടകവിതയാണെങ്കിൽ അത്ഥം പറയാൻ വിദ്വാന്മാർവേണം. എന്തെന്നാൽ അത്തരം കവിതയുടെ ആത്മാവോ ശരീരമോ അവർ ഗ്രഹിക്കാൻ ശക്തരാകുന്നില്ല. പഴയ പാട്ടുകൾക്കും ഈ ആത്മാവും ശരീരവുമില്ലയോ? പക്ഷെ നമുക്കിപ്പോൾ അതു വായിച്ചുനോക്കിയാൽ ഇപ്പറഞ്ഞതു രണ്ടുമില്ലെന്നു തോന്നിയേക്കാം. അവയെ ശരണംപ്രാപിച്ചിട്ടുള്ളവർ ഉൽകൃഷ്ടകവിതയെന്നുപറഞ്ഞു നാം അഭിമാനിച്ചുവരുന്നതിനെപ്പററിയും അപ്രകാരം വിചാരിച്ചേക്കാം. വടക്കൻപാട്ടുകളിൽ ഒന്നായ കുഞ്ഞിച്ചന്തുവിൻെറ പാട്ടിൽ നായികയെ വണ്ണിച്ചിരിക്കുന്നതിങ്ങനെ ആണ്.

"ഈവകപ്പെണ്ണുങ്ങൾ ഭൂമിലുണ്ടോ
മാനത്തിന്നെങ്ങാനും പൊട്ടിവീണോ
ഭൂമീന്നു തനിയേ മുളച്ചുവന്നോ
എന്തു നിറമെന്നു ചൊല്ലേണ്ടു ഞാൻ
കുന്നത്തുകൊന്നയും പൂത്തപോലേ
ഇളമാവിൻ തൈയ്യു തളിർത്തപോലേ
കുരുത്തോല ആയതിൻ വണ്ണംപോലേ
കുന്നിക്കുരുവിൻെറ വണ്ണംപോലെ
വയനാടൻ മഞ്ഞൾ മുറിച്ചപോലേ."

"മനുഷ്യലോകാബലമാരിലീദൃശം
മനോജ്ഞമാം രൂപമുദിപ്പതെങ്ങനേ
അനർഗളം വൈദ്യുതമായ വിഭ്രമം
നിനയ്ക്കിലി ബ്ഭൂമിയിലുത്ഭവിക്കുമോ"

എന്ന കാളിദാസകവിത പാട്ടുകാരൻ കേട്ടിരിക്കുമൊ എന്തൊ! അറുന്തൂറാമാണ്ടിൻെറ ആരംഭത്തിൽ ഇത്തരം വണ്ണനയിൽ ആയ്യസംസ്കാരംകൊണ്ടു വന്നിട്ടുള്ള മാററം, നാടൻ മനോധമ്മത്തിൻെറ പരിവാരങ്ങളോടുകൂടിയാണെങ്കിലും നമ്മെ അത്ഭുതപരതന്ത്രരാക്കിത്തീക്കുന്നതാണ്.

"അന്നപ്പേടയ്ക്കതിമൃദുപദന്യാസ
വൈദഗ്ദ്ധ്യലീലാം
തന്നെത്തന്നേമുഴവനറിയിപ്പൊന്നാ
യാത്രാവിലാസം
ഉന്നിദ്രാണാം തരുണകമലം
വെല്ലമച്ചേവടിത്താ-
രന്യസ്ത്രീണാമരിയകബരീ
ഭൂഷണംമൽപ്രിയായാഃ

മിത്രംപാത്താൽ ത്തിരുവിരൽ പരം-
പങ്കജാന്തൎഗ്ഗതാനാം
മുക്താജാലദ്യുതിമുഴവനെ
ക്കെവെല്ലും നഖാളീ
ഗുൽഫേദ്ദ്വന്ദ്വം പുറവടിവെടിഞ്ഞീടു
മക്കുമ്മശോഭാം
മൽപ്രേയസ്യാഃ പ്രണമതികണങ്കാൽ
ക്കുമായൂരകണ്ഠം

ഒപ്പംനില്ലാമനസിജമണിച്ചെപ്പു
ജാനുദ്വയത്തോ-
ടപ്പാലാക്കും കരികരരുചിം
കമ്രമൂരുപ്രകാണ്ഡം
അപ്പൂബാണന്നനുപമമഹാരാജ്യ
മാമോമലംഗം
മൽപ്പുണ്യാനാം പരിണതിപദം
ചൊല്ലവല്ലെൻ പ്രിയായാഃ

ക്ലാന്തം മദ്ധ്യം ബകുളകുസുമ
ശ്രീഭരം നാഭിദേശം
കാന്തം വേണീ മറുനിഴലിവ
പ്രേക്ഷ്യതേ രോമരാജീ
കല്യാണാംഗ്യാ നിജമധുരിമാ
പൂർണ്ണലാവണ്യഗംഗാ-
കല്ലോലാളീവലികളുദരം
കൈത്തലം ചിത്തയോനേഃ
പൂന്തേൻ വെല്ലും മധുരവചനം
ചന്ദ്രികാമന്ദഹാസം
കാന്താദന്താവലിമരതകാദശ്
ലീലൌകപോലൌ
കണ്ണാന്തം നീണ്ടിനിയമറിമാൻ
നോക്കുവെൽവൊന്നനേത്രം
കണ്ണൌപൂമാതഴകൊടു കളിപ്പോരു
പൊന്നൂയലല്ലോ."

ഇങ്ങനെ പോകുന്നു. ആർക്കാണ് ഈ ഗുണങ്ങളെല്ലാമുള്ളതു് ?

"മുണ്ടയ്ക്കൽ ചേന്നഴകുപൊഴിവോ
രുണ്ണുനീലിക്കു്."

അതേ, മുണ്ടയ്ക്കൽ ഉണ്ണുനീലിഅമ്മയ്ക്കുതന്നെ.

ഇതിൽ നിന്നുമൊക്കെ നാം എന്താണു് മനസ്സിലാക്കേണ്ടതു്? കവിതയുടെ ആത്മാവു് എങ്ങനെയുള്ളതായിരുന്നാലും അതു നാം അതിന്റെ ശരീരം കൊണ്ടേ അറിയുന്നുള്ളു. അതിന്റെ ഉൽക്കഷാപകഷങ്ങൾ ശരീരത്തെ അവലംബിച്ചിരിക്കുന്നു. ആകയാൽ കവിതയുടെ ശരീരം ആത്മാവിനെക്കാൾ പ്രധാനപ്പെട്ടതല്ലയോ എന്നു സംശയിക്കാനും ഇടവരുന്നു. ഇതു കേരളീയരായ നമ്മുടെ കുററമല്ല. സംസ്കൃതാലംകാരികന്മാർ രീതി എന്നു പറയുന്നതു് ഭാഷാരീതിയല്ല. പിന്നെയോ കവിതാരീതിയാണു്. അതായതു് കവികളുടെ നിരീക്ഷണം ഒന്നുകൊണ്ടുമാത്രം കവിത ഉണ്ടാവുകയില്ലെന്നും രീതിയാണു് പ്രധാനമായിട്ടുള്ളതെന്നും അവർ വളരെ നേരത്തെ സ്ഥാപിച്ചു. നേരത്തെ എന്നു വച്ചാൽ ഏകദേശം നമ്മുടെ കൊല്ലവഷാരംഭത്തിനു മുമ്പു് കാളിദാസന്റെ കവിതയെ മാതൃകയാക്കിക്കൊണ്ടു് ദണ്ഡി എന്ന മഹാപണ്ഡിതൻ അലംകാരം മാത്രമല്ല, (കവിതാ) രീതിയും കവിതയ്ക്കു് അവശ്യം വേണ്ടതാണെന്നു് സ്ഥാപിച്ചു. അദ്ദേഹം ദക്ഷിണഇൻഡ്യാക്കാരനായിരുന്നതിനാൽ ഇവിടെയാണു് ഈ മതം ആദ്യമായി പ്രചരിച്ചതു്. സിംഹളകണ്ണാടകരാജ്യങ്ങളിലെ കവികൾ ദണ്ഡിയെ അനുകരിച്ചതിൽ അത്ഭുതപ്പെട്ടവാനില്ല. ദണ്ഡിക്കു മുമ്പു് അലംകാരമായിരുന്നു കാവ്യത്തിനു് അതിപ്രധാനമായി വേണ്ടതെന്നു് ഭാമഹാദിനിരൂപകന്മാർ സ്ഥാപിച്ചിരുന്നു. അത്ഥാലങ്കാരങ്ങളും ഏതാനും ശബ്ദാലങ്കാരങ്ങളും കവികൾ ആദരിക്കേണ്ടതാണെന്നു അവർ നിർബന്ധിച്ചു. ദണ്ഡിയാകട്ടെ "ഇഷ്ടാത്ഥവ്യവച്ഛിന്നാപദാവലി" എന്നു കവിതയെ നിവ്വചിക്കുകയാൽ ഈ 'മാർഗം' അലംകാരത്തിനും മേലെയാണെന്നാണല്ലൊ വന്നുകൂടുന്നതു്. ഈ കവിതാഗുണത്തിനു് "മാഗ്ഗം" എന്നാണു് അദ്ദേഹം പറഞ്ഞുകാണുന്നതു്. അതു രണ്ടു തരത്തിലുണ്ടെന്നും ദേശഭേദം അനുസരിച്ചു് അവയ്ക്കു "വൈദർഭി" എന്നും "ഗൌഡി" എന്നും പേരുകളുണ്ടെന്നും പ്രസ്താവിച്ചു. ദണ്ഡി ഇവയെ സവിസ്തരം പ്രതിപാദിക്കുന്നുണ്ടു്. ശ്ലേഷം, പ്രസാദം സമത മുതലായി പദപ്രയോഗത്തിൽ വരുത്തേണ്ട ഗുണങ്ങൾക്കു് അലംകാരം എന്നുകൂടി പേർ പറഞ്ഞു കാണുന്നുഎങ്കിൽ അതു് ഏററവും വ്യാപകമായ അത്ഥത്തിലാണെന്നു് വിചാരിക്കേണ്ടിയിരിക്കുന്നു.

ദണ്ഡിയുടെ മതം പ്രത്യേകമെടുത്തു് ആയതു സവ്വസമ്മതമാക്കിത്തീക്കണമെന്നായിരുന്നു വാമനന്റെ ഉദ്ദേശ്യം. അലംകാ

രംകൊണ്ടു ശരീരത്തെ മോടിപിടിപ്പിച്ചാൽ പോരെന്നും, ശരീരാന്തസ്ഥിതമായ ആത്മാവു് കവിതയിൽ തെളിഞ്ഞുകാണേണ്ടതാണെന്നും, രീതികൊണ്ടേ ഇതു സാധിക്കയുള്ളു എന്നും, ചുരുക്കത്തിൽ രീതി തന്നെയാണു് കാവ്യത്തിന്റെ ആത്മാവു് എന്നും അദ്ദേഹം സിദ്ധാന്തിച്ചു.

ഈ ആചാര്യന്മാരുടെ കാലം ഇതുവരെ ഖണ്ഡിതമായി നിർദ്ദേശിച്ചിട്ടില്ലെങ്കിലും, നമ്മുടെ കൊല്ലവർഷം തുടങ്ങുന്ന ക്രിസ്ത്വബ്ദം വ്യവഹരനോട്ടുകൂടി അവരുടെ സിദ്ധാന്തങ്ങൾ ദക്ഷിണദേശങ്ങളിൽ പ്രചാരപ്രചുരങ്ങളായി എന്നു പറയുന്നതിൽ അപാകമുണ്ടെന്നു തോന്നുന്നില്ല. അന്നുമുതൽക്കുള്ള കേരളീയസംസ്കൃതകവിതകൾ പരിശോധിച്ചു നോക്കിയാൽ രീതിക്കു (വൈദർഭിയോ ഗൌഡിയോ ഏതെങ്കിലും ഒന്നിനു്) തൽകർത്താക്കൾ വളരെ ശ്രദ്ധ നൽകിയിരിക്കുന്നതായിക്കാണാം. ഇതു ക്രമപ്രവൃദ്ധമായി ഉണ്ടായ സാഹിത്യം വഴിയ്ക്കുള്ള പരിശീലനത്തിന്റെ ഫലമായിട്ടാണെന്നും പറയാവുന്നതാണു്.

"അസാരേ സംസാരേ നിജഭജന
ദൂരേ ജഡധിയാ
ഭ്രമന്തം മാമന്ധം പരമകൃപയാ
പാതുമുചിതം.

"ആനന്ദാമൃതപൂരിതാഹരപദാംഭോജാ
ലവാലോദ്യതാ.

സ്ഥൈര്യോപഘ്നമുപേത്യ
ഭക്തിലതികാശാഖോപശാഖാത്മികാ.

"ദൂരീകൃതാനി ദുരിതാനി ദുരക്ഷരാണി
ദൌർഭാഗ്യദുഃഖദുരഹംകൃതി ദുർവ്വചാംസി.

"നളിനീദളഗത ജലമതിതരളം
തദ്വജ്ജീവിതമതിശയചപലം"

ക്രി. പി. 800-ാമാണ്ടോടുകൂടി ഉണ്ടായ ശങ്കരാചാര്യകൃതികളിൽ കാണുന്ന രീതിമാഹാത്മ്യം നോക്കുക. ഇവയെ തുടൎന്നു മറ്റുള്ള ശുകസന്ദേശം, കോകിലസന്ദേശം, ശ്രീകൃഷ്ണവിജയം, നാരായണീയം, രാമപഞ്ചശതി, രാമപാണിവാദകൃതികൾ ഇത്യാദി സംസ്കൃതകൃതികളിലെല്ലാം കാണുന്ന ഈ കവിതാഗുണം ഇൻഡ്യാരാജ്യത്തിന്റെ ഇതരഭാഗങ്ങളിലെങ്ങാനും അനുസ്യൂതമായി നിലനിന്നു പോന്നിട്ടുണ്ടോ എന്നു സംശയമാണു്. ഈ കൃതികൾ ഒട്ടു ത്തരാഹന്മാരെ എത്രമാത്രം അത്ഭുതപരതന്ത്രരാക്കീട്ടുണ്ടു്.

"അഗ്രേപശ്യാമി തേജോനിബിഡതരകളാ
യാവലീലോഭനീയം
പീയൂഷാപ്ലാവിതോഹം തദനുതദുദരേ
ദിവ്യകൈശോരവേഷം
താരുണ്യാരംഭരമ്യം പരമസുഖരസാ
സ്വാദരോമാഞ്ചിതാംഗൈ-
രാവീതം നാരദാദ്യൈർവിലസദുപനിഷ
ത്സുന്ദരീമണ്ഡലൈശ്ച"

എന്ന ശാന്തത്തിലാകട്ടെ, മറേറതുരസത്തിലാകട്ടെ, രീതിചമൽക്കാരം കൊണ്ടു മാത്രം ശ്രോതാക്കളെ അപഹൃതചിത്തവൃത്തികളാക്കുന്ന കാവ്യങ്ങൾ കാളിദാസനെക്കഴിഞ്ഞാൽ പിന്നെ ആരു് എവിടെയാണു് നിർമ്മിച്ചിട്ടുള്ളതു്?

കാളിയമർദ്ദനത്തിൽ ശ്രീകൃഷ്ണന്റെ നൎത്തനം

"കളശിഞ്ജിതനൂപുരമഞ്ജുമിളത്
കരകങ്കണസംകുലസംക്വണിതം.—

എന്നും, രാസക്രീഡ,

വേണുനാദകൃതതാനദാനകളഗാന
രാഗഗതിയോജനാ
ലോഭനീയമൃദുപാദപാതകൃതതാള
മേളനമനോഹരം
പാണിസംക്വണിതകങ്കണം ച മുഹുരംസ
ലംബിതകരാംബുജം
ശ്രോണിബിംബചലദംബരംഭജതരാസ
കേളിരസഡംബരം

എന്നും വൎണ്ണിച്ചിരിക്കുന്നതു നോക്കുക. ഒട്ടു

വിലത്തെ ശ്ലോകത്തിൻെറ അൎത്ഥമാലോചിക്കേണ്ട. ആപത്താണ്. ഒടുവിൽ കാണുന്ന "രസഡംബരം" ഇവിടെ ഉദാഹരിക്കണമെന്നേ വിവക്ഷയുള്ളു. രീതികൊണ്ടുള്ള ഈ രസഡംബരം ആനന്ദവൎദ്ധനൻ കണ്ടിരുന്നു എങ്കിൽ 'കാവ്യസ്യാത്മാ ധ്വനി' എന്നു പറയത്തക്കവണ്ണമുള്ള ആനന്ദം വൎദ്ധിച്ചു മതിമറന്നു പോകയില്ലായിരുന്നു. മമ്മടൻ കണ്ടിരുന്നു എങ്കിൽ വാമനനെ അധിക്ഷേപിക്കത്തക്കവിധം മഹാമറയൻ ആയിത്തീരുകയില്ലായിരുന്നു.

നമ്മുടെ ഭാഷയിൽ ആദികാലത്തുണ്ടായ മണിപ്രവാളം കേവലമൊരു ഭാഷാരീതിമാത്രമാണെന്നു ഭ്രമിച്ചുപോയ പലരും ഉണ്ടായിരുന്നു എങ്കിലും അതിനെപ്പററി ശ്ലലംകഷമായി ചൎച്ചചെയ്തിട്ടുള്ള ലീലാതിലകകാരൻ "ഭാഷാസംസ്കൃതയോഗോ മണിപ്രവാളം" എന്ന് സാമാന്യമായി നിൎവ്വചിച്ചതിൻെറ ശേഷം പിന്നീടുള്ള ഒൻപതു സൂത്രങ്ങളിലും രസത്തോടുകൂടി ഘടിപ്പിച്ചാണ് അതിൻെറവൈശിഷ്ട്യംവെളിപ്പെടുത്തുന്നതു്. ചുരുക്കിപ്പറയുന്നതായാൽ മണിപ്രവാളം "രീതിരാത്മാകാവ്യസ്യ" എന്ന വാമനമതത്തെ സൎവ്വഥാ അനുസരിക്കുന്നു എന്നാണ് അദ്ദേഹം സമൎത്ഥിച്ചിരിക്കുന്നതു്. പാട്ടിൻെറ കായ്യമായപ്പോഠ രസാത്മകത്വം എന്ന അംശം തള്ളീട്ട് കേവലമായ ഭാഷാരീതിയെ മാത്രം പുരസ്കരിച്ച്,

"ദ്രവിഡസംഘാതാക്ഷരനിബദ്ധമേതുകാമോനവൃത്തവിശേഷയുക്തം പാട്ട്"

എന്നു നിൎവ്വചിച്ചിരിക്കുന്നു. ഇതത്ര ശരിയാണെന്നു പറവാൻ പാടില്ല. എങ്കിലും ലീലാതിലകത്തിനുശേഷം, അധികം കാലം കഴിയുന്നതിനു മുമ്പ് പാട്ടും മണിപ്രവാളവും തമ്മിൽ യോജിപ്പിക്കുന്നതിനുള്ള പല യത്നങ്ങളും കാണുന്നുണ്ട്. കൃഷ്ണഗാഥ ഇതിനു നല്ലൊരു ദൃഷ്ടാന്തമാകുന്നു. സംസ്കൃതമൊ മണിപ്രവാളമൊ പാട്ടാക്കിത്തീൎക്കുന്നതിനു മാത്രം ബദ്ധകങ്കണരായി പ്പുറപ്പെട്ടിട്ടുള്ളവരിൽ ഒരാളാണ് രാമായണം ഇരുപത്തിനാലുവൃത്തത്തിൻെറ കൎത്താവെന്നു തോന്നുന്നു. എൻെറ സ്നേഹിതൻ മിസ്റ്റർ നാരായണപ്പണിക്കരുടെ ശ്രമത്താൽ ഈ കൃതിയെപ്പററി വിദ്വാന്മാരുടെ ഇടയിൽപ്പോലും ഉണ്ടായിരുന്ന അസ്ഥാനത്തിലുള്ള മതിപ്പിന് സാരമായ ഉടവു തട്ടീട്ടുണ്ടെന്നു പറഞ്ഞേതീരൂ. എന്നാൽ ഞാൻ നിൎദ്ദേശിച്ച മാതിരിയിലുള്ള രീതിപരിണാമത്തിൽ ഈ കൃതിയും വളരെ വിലയുള്ളതാണ്. ആ പരിണാമം എഴുത്തച്ഛനോടുകൂടി പരിപൂൎണ്ണതയെ പ്രാപിക്കയാലാണ് ഇതുപോലെയുള്ള അസംഖ്യം കൃതികഠ അദ്ദേഹത്തിൻെറ പേരിൽ പതിഞ്ഞതു്.

എഴുത്തച്ഛൻ പുരാണദൃഷ്ടിയിൽ കൂടിയാണ് പ്രപഞ്ചത്തെ വീക്ഷിക്കുന്നതെങ്കിലും, ഓരോ ദശാവിശേഷങ്ങളേയും ദൃശ്യാവലികളേയും പുനഃസംസൃഷ്ടി ചെയ്യുന്നതുപോലെ തോന്നുന്നതു് രീതിമാഹാത്മ്യം ഒന്നു കൊണ്ടാണെന്നു വിശേഷിച്ചു പറയേണ്ടതില്ലല്ലോ. പാട്ടിൽ നിസ്സാരമെന്നു ലീലാതിലകക്കാരൻ തള്ളിക്കളഞ്ഞ (ഭാഷാ)രീതിയെ എഴുത്തച്ഛൻ പ്രൌഢമാക്കി. ദണ്ഡിപ്രഭൃതികഠ നിൎദ്ദേശിച്ച ഗുണങ്ങഠ അതിനു നൽകി രസാത്മകമാക്കി. എഴുത്തച്ഛൻെറ കാലമായപ്പോഴേയ്ക്കും ധ്വനികാരന്മാരായ ആനന്ദവൎദ്ധനപ്രഭൃതികളുടെ കാലം കഴിഞ്ഞു് സംസ്കൃതസാഹിത്യനിരൂപണത്തിൽ കവിതയ്ക്കു "രമണീയാൎത്ഥപ്രതിപാദകശ്ശബ്ദഃ" എന്ന ജഗന്നാഥപണ്ഡിതരുടെ നിൎവ്വചനം

സവ്വസമ്മതമായിത്തീൎന്നിരുന്നു എന്നുള്ള വസ്തുതയും നാം സ്മരിക്കേണ്ടിയിരിക്കുന്നു. പിന്നീടുള്ള സംസ്കൃതകാവ്യങ്ങളുടെ ഗതി എങ്ങനെ ഇരുന്നാലും, എഴുത്തച്ഛന്റെ മാതൃക പിൽക്കാലത്തെ വാസനാവിശിഷ്ടന്മാരായ കവികളും സരസഗദ്യകാരന്മാരും സ്വീകരിച്ചിട്ടാണ് നമ്മുടെ ഭാഷാകവിതയെ നാം ആധുനികരൂപത്തിൽ കാണുന്നത് എന്നുസന്ദേഹം പറയാവുന്നതാണ്. സൌഭദ്രികകഥയിൽ സന്ന്യാസവേഷത്തിൽ ചെന്നു താമസിച്ച അൎജ്ജുനന്റെ മനോഗതി വൎണ്ണിച്ചിരിക്കുന്നതു നോക്കുക.

ആളികളോടുംകൂടിക്കേളികൾ
കോലുമ്പോഴും
വ്രീളാദിമനോഹരഭാവങ്ങൾ
കാണുമ്പോഴും
പന്താടുന്നതുകണ്ടും പമ്പര-
ക്കളികണ്ടും
ചിത്തുകൾ പാടുന്നതും
ചന്തമായാടുന്നതും
ചാതുൎയ്യംകണ്ടും വേണു
വീണാദികളിൽ ശീല-
മാധുൎയ്യം കണ്ടും ഭാവഗാം-
ഭീൎയ്യം കണ്ടും നേത്ര
കാതൎയ്യം കണ്ടും ചേതോ
വൈധുൎയ്യം കണ്ടും മാര
വൈകാൎയ്യംകണ്ടും വാഞ്ഛാ
സൌകൎയ്യം കണ്ടും വേഷ
സൌകുമാൎയ്യം കണ്ടും തല്ലാവണ്യം
കണ്ടും വൃത്തി
ദാക്ഷിണ്യം കണ്ടുമുള്ളിൽ
കാരുണ്യം കണ്ടും നല്ല
താരുണ്യംകണ്ടും ഭാവ വൈവൎണ്യം
കലൎന്നിതു സവ്യസാചിക്കു മേന്മേൽ

ഖാണ്ഡവദാഹത്തിൽ:—

പാണ്ഡവകരഗതഗാണ്ഡീവ
വിലാസവും
പാണ്ഡവകരഗതപാവക
വിലാസവും
പന്നഗപക്ഷി മൃഗജാലങ്ങൾ
ദഹിച്ചൊക്കെ
സ്സന്നങ്ങളാകുന്നോര മുണ്ടായ
വിലാപവും
പക്ഷികൾ പറന്നന്തരിക്ഷേ
പൊങ്ങിടുന്നേരം
പക്ഷങ്ങ ൾകരിഞ്ഞുവെന്തഗ്നിയിൽ
പ്പതിക്കയും
വൃക്ഷങ്ങൾ വെന്തുപൊട്ടിയലറി
വീഴുന്നതും
ഋക്ഷങ്ങൾ ചാടിച്ചാടിപ്പിടഞ്ഞു
കേഴുന്നതും

ഇങ്ങനെയുള്ള അഗ്നിയുടെ പരാക്രമം അടുത്തുതന്നെ കല്പാന്തവൎഷം തുടങ്ങിയപ്പോൾ,

നിഷ്ഠുരതരമിടിവെട്ടിയും
ത്രിഭുവനം
ഞെട്ടിയും മരംവെന്തു പൊട്ടിയും
തെരുതെരെ
ദൃഷ്ടികൾ മിന്നൽകൊണ്ടു
നഷ്ടമായ്ച്ചമകയും
വൃഷ്ടികൾ കരികരാകാരമാ-
യ്ച്ചൊരികയും
ഘോരമാരുതവേഗാലോരോരോ
ദിക്കുകളും
വാരിധിപൂരങ്ങളുമിളകി
മറിയുന്നു
അഭ്രസഞ്ചയം പരന്നഭ്രവും
മറയുന്നു
വിഭ്രമംപൂണ്ടു ജഗദ്വാസികൾ
മറുകുന്നു
ശുഭ്രങ്ങൾതോറുമുഷ്ണമുൾപ്പുക്കു
പിടയുന്നു.

എന്ന മട്ടിൽ അസ്തമിതപ്രായമാക്കിയും, അവിടെത്തന്നെ,

"ഗന്ധവാഹനനഗ്നി തന്നിക്കും
ദേവേന്ദ്രനും

ബന്ധുവായ് നിന്നാൻ
വിദഗ്ദ്ധന്മാരങ്ങനെയുള്ള"

ഇത്യാദി അർത്ഥാന്തരന്യാസം പ്രയോഗിച്ചും, മൂലഭാരതത്തിലെ സദ്ഗശഭാഗങ്ങളെക്കാരം സരസതരങ്ങളാക്കിയും, സമുദ്രംപോലെ വിസ്തൃതമായ കഥയുടെ സർവാംഗീണയമായ സൌന്ദര്യത്തിനൊ സംഘടനയ്ക്കോ ഹാനിവരുത്താതെ ഒരു പുനഃസംസൃഷ്ടി ചെയ്തിരിക്കുന്നതുപോലെ തന്റെ രീതിവൈശിഷ്ട്യത്താൽ കവിതാദേവിയെ എന്നെന്നേയ്ക്കും കേരളത്തിൽ നൃത്തം ചെയ്യുമാറാക്കിയ ഈ മഹാകവിയോളം തനിയ്ക്കു സിദ്ധിച്ച ആര്യസംസ്കാരം ഭാഷാസാഹിത്യവിഷയമായി മറ്റൊക്കെങ്കിലും ഉപയോഗിക്കാൻ സാധിച്ചിട്ടുണ്ടോ എന്നു സംശയമാണ്. കാഡിനൽ ന്യൂമൻ പൌരസ്ത്യരുടെ രീതിയെപ്പററി അപലപിക്കുന്നത് ഈ ഘട്ടത്തിൽ എന്റെ സ്മരണയിലെത്തുന്നു.

"ആശയമുള്ളയാരം പദസ്വാധീനമുള്ളവന്റെ അടുത്തുവരുന്നു. ആശയം വല്ല പാട്ടം രീതി നിപുണനെ അറിയിക്കുന്നു. ഉടനെ അയാളുടെ തൂലിക ചലിച്ചുതുടങ്ങി. പ്രണയസന്ദേശമാണെങ്കിൽ കോകിലാലാപമായിട്ടും വ്യസനവാർത്തയാണെങ്കിൽ മന്ദമാരുതക്രന്ദനമായും ഓരോ ലേഖനം സൃഷ്ടിക്കുന്നതിൽ രീതിക്കാരൻ അതിസമർത്ഥനാണത്രെ". അറബികളെപ്പററിയാണ് ഈ സൂചനയെങ്കിലും സാമാന്യമായി പൌരസ്ത്യർ എന്നു പ്രസ്താവിക്കയാൽ, ന്യൂമാൻ തന്റെ അന്തഃസ്സാരശൂന്യതയാണ് ഇവിടെ വെളിപ്പെടുത്തിയിരിക്കുന്നത്. പരമാർത്ഥമാലോചിച്ചാൽ എഴുത്തച്ഛൻ കവിതയുടെ ആത്മാവും ശരീരവും സ്വയം സൃഷ്ടിക്കയാണു ചെയ്യുന്നത്. അല്ലാതെ മഹാഭാരതത്തിലെ ഓരോ ആശയമെടുത്ത് ശരീരം മാത്രം സൃഷ്ടിക്കയല്ല. പക്ഷെ ഭാരതീയരെ സംബന്ധിച്ചിടത്തോളം പ്രപഞ്ചമുകുരമായ ഇതിഹാസമാണ് തന്റെ വീക്ഷണപഥം. ലോകപരിചയംകൊണ്ടുള്ള ജ്ഞാനവും മനസ്സിൽ നിക്ഷേപിച്ചിട്ടുണ്ട്. അതുകൊണ്ടു കാളിദാസനെപ്പോലെ ഈ മഹാകവിയും വാസനാവിശിഷ്ടമായ തന്റെ മനോരംഗത്തിൽ കവിതാദേവിയെ പ്രവേശിപ്പിച്ചു നൃത്തം ചെയ്യിക്കുന്നതിൽ രീതിയെ സൂത്രധാരത്വം വഹിപ്പിക്കുന്നു.

"മാകന്ദമകരന്ദബിന്ദുപാനവും ചെയ്തു
കൂകുന്ന പികകുലപഞ്ചമം കേട്ടുകേട്ടും
വണ്ടുകരം മധുപാനം ചെയ്തു മത്തതപൂണ്ടു
കൊണ്ടാടി മുരണ്ടുടൻ കണ്ടപുഷ്പങ്ങൾ തോറും
കുണ്ഠഭാവവുംനീക്കി സ്സംഭ്രമിച്ചീടുന്നതും
കണ്ടൊരാനന്ദംപൂണ്ടുമധരപാനംചെയ്തും
മന്മഥലീലകൊണ്ടു കൺമുന ചാമ്പിച്ചാമ്പി
സ്സമ്മോദം വളർന്നുള്ളിൽ സമ്മോഹം പെരുകിയും
വന്മലമുകളേറി നിർമ്മല ശിലാതലേ
നന്മലർമെത്തതന്മേലുന്മേഷംപൂണ്ടുവാണം"

കഴിച്ചുകൂട്ടിയ നവദമ്പതിമാരുടെ "മധുവിധു" എത്ര മനോഹരമായിരിക്കുന്നു.

പർവ്വതപാർശ്വത്തിലുള്ള ഒരു ശാന്തപ്രദേശം

യക്ഷരാക്ഷസഗന്ധർവോരഗനിഷേവിതം
പക്ഷിസഞ്ചാരഹീനം രഹിതമൃഗഗണം
പുഷ്പസൌഗന്ധ്യം പൂണ്ട മന്ദമാരുതസേവ്യം.

വല്ല ശബ്ദവുമുണ്ടാക്കിയാൽ ശാസിക്കുന്നതിന് "ലതാഗൃഹദ്വാരഗതോഥ നന്ദീ വാമപ്രകോഷ്ഠാർപ്പിതഹേമവേത്രഃ മുഖാർപ്പിതൈകാംഗുലിസംജ്ഞയൈവ മാ ചാപലായേതി ഗണാൻവ്യനൈഷീത്" ഒരു നന്ദികേശ്വരന്റെ കുറവേ അവിടെ ഉണ്ടായിരുന്നുള്ളു എന്നു തോന്നും. കർണ്ണപർവ്വത്തിലെ ഭീമദുശ്ശാസന യുദ്ധമല്ലേ

പില്ക്കാലത്തുണ്ടായ കഥകളിയിലെ യുദ്ധപ്പദത്തിനുവേണ്ട സകല ചടങ്ങുകളും നിർദ്ദേശിച്ചതെന്നൂഹിപ്പാൻ വഴിയുണ്ട്. ഇങ്ങനെ ഓരോ രസഭേദങ്ങളെ വായനക്കാരിൽ ഉത്തേജിപ്പിക്കുന്നതിനുള്ള ഈ മഹാകവിയുടെ പാടവം കഥകളിയിൽ സാമാന്യമായിക്കാണുന്നതുപോലെ കേവലം ശബ്ദധ്വനി പ്രധാനമായിട്ടുള്ളതല്ലെന്നു പറയേണ്ടയാവശ്യമില്ല. ഈ രീതിയെ ദർശിച്ച കുഞ്ചൻനമ്പ്യാർ "കവിതാരീതി വൈഷമ്യമത്രേ" എന്നുപറഞ്ഞൊഴിയുന്നതിൽ അത്ഭുതപ്പെടുവാനില്ല. രാമപാണിവാദവാദം ഞാൻ ഇവിടെ സ്മരിക്കുന്നുണ്ടെങ്കിലും, ഇന്നത്തെ † മാന്യാദ്ധ്യക്ഷൻ പണ്ടൊരിയ്ക്കൽ പ്രസ്താവിച്ചിട്ടുള്ളതുപോലെ നമ്പ്യാരുടെ ആര്യസംസ്കാരോൽക്കർഷം സംശയിതവ്യമായിട്ടാണിരിക്കുന്നതെന്ന് കേരളത്തിൽ ക്രമാഗതമായി വന്നുചേർന്നിട്ടുള്ള രീതിയിൽ അദ്ദേഹത്തിനുള്ള (നമ്പ്യാർക്കു) അനാസ്ഥ നല്ല തെളിവായിരിക്കുന്നു. പ്രപഞ്ചവീക്ഷണത്തിൽ ഉത്തമ കവികൾ ദർശിക്കുന്ന രമ്യത കവിതാരൂപത്തെ പ്രാപിക്കുമ്പോൾ അതിൽ നിന്നുൽഭൂതമാകുന്നരസം, മുഴുവൻ വാച്യമായിരിക്കണമൊ എന്നാണാലോചിപ്പാനുള്ളത്. കാളിദാസനിൽ മുക്കാലും വ്യംഗ്യമാണെന്നുതന്നെ പറയാം. അതുകൊണ്ടാണൊ അദ്ദേഹത്തിന്റെ ശൃംഗാരാദി ഉൽകൃഷ്ടരസങ്ങളിൽ കാണുന്ന ഭംഗിവിശേഷം അന്യദുർല്ലഭമായിരിക്കുന്നത്. ഹാസ്യരസംപോലും വ്യംഗ്യമാക്കിയിരിക്കയാണെന്ന് ശാകുന്തളത്തിലെ വിദൂഷകപാത്രസൃഷ്ടി സാക്ഷ്യം വഹിക്കുന്നു. നമ്പ്യാരാകട്ടെ സകല രസങ്ങളും വാച്യമായിത്തന്നെ വർണ്ണിച്ചിരിക്കുന്ന കൂട്ടത്തിൽ ഫലിതം പ്രബലമായിത്തീർന്നു സ്വാഭാവികമായിട്ടുതന്നെയാണ്. ഇങ്ങനെ നോക്കുമ്പോൾ നമ്പ്യാരുടെ കൃതികൾ പഴയപാട്ടുകളുടെ അടുത്തപടിയിൽ നില്ക്കുന്നതു കാണാം. ആകയാൽ ആര്യസംസ്കാരം സിദ്ധിക്കാത്തവരെ അദ്ദേഹത്തിന്റെ കവിത ആകർഷിച്ചു വശത്താക്കുന്നു. പുരാണപ്രപഞ്ചം ഇടുങ്ങിയ സീമകൾക്കുള്ളിലാണ് അദ്ദേഹം ദർശിക്കുന്നത്. അദ്ദേഹം ഫലിതരസമാണു പുറപ്പെടുവിക്കുന്നത്. ആയത് അസംഗതങ്ങളായ ഘടനാവിശേഷങ്ങളാലാകുന്നു. സുബ്രഹ്മണ്യക്ഷേത്രത്തിൽ അനവധി കാവടിക്കാർ വന്ന കൂട്ടത്തിൽ ഒരു സായിപ്പും കാവടിയെടുത്തു തുള്ളിക്കൊണ്ടുവന്നു എന്നു പറഞ്ഞാൽ നമ്പ്യാരുടെ ശ്രോതാക്കൾ ചിരിക്കും. ആ ചിരി അവസാനിക്കുന്നതിനു മുമ്പ് നമ്പ്യാരുടെ മനസ്സിൽ മറെറാരു അസംഗതമായ സംഗതി തോന്നും. പുരാണത്തിലെ കഥാബന്ധത്തിലാണ് ഈ സംഗതികൾ കടന്നുകൂടുന്നത്. ഇങ്ങനെ സ്വതന്ത്രമായ ഒരു രീതി ആ മഹാൻ സ്ഥാപിച്ചിട്ടുണ്ടെന്നു സമ്മതിക്കാമെങ്കിലും, എന്റെ ഉപന്യാസത്തിലെ പല്ലവിയായിത്തീർന്നിരിക്കുന്ന "രീതിരാത്മാ കാവ്യസ്യ" എന്നുള്ള വാമനമതം ഇവിടെ ആവർത്തിക്കണമൊ എന്നു സംശയിക്കുന്നു.

ഈ ഉപന്യാസത്തിൽ ഞാൻ ചർച്ച ചെയ്തുകൊണ്ടുവന്നിട്ടുള്ള രീതി സകലവിധത്തിലുമുള്ള അഭിപ്രായഭേദങ്ങളേയും അഭിമുഖീകരിച്ചതിനു ശേഷം കേരളവർമ്മ വലിയകോയിത്തമ്പുരാനോടുകൂടി മലയാളഭാഷാസാഹിത്യത്തിൽ ഏതാണ്ടു സ്ഥിരമായ ഒരു നിലയെ പ്രാപിച്ചു എന്നു പറഞ്ഞുപസംഹരിക്കയല്ലാതെ, ആധുനികകവിതാസാമ്രാജ്യത്തിൽ പ്രവേശിച്ച്, അതിന്റെ ഗതിയെ തുടരുന്നതിന് ഈ ക്ലിപ്തമായ സമയം കൊണ്ടു സാധിക്കാതെ പോയതിൽ വ്യസനിക്കുന്നു.

† Rao Sahib S. Parameswara Aiyar who presided over the meeting at which this lecture was delivered.

# വെള്ളയമ്പലത്തിൽ.

(എം. ആർ. കൃഷ്ണവാര്യർ. ബി. ഏ. എൽ. ടി.)

ശൃംഗാരനമ്മരസികാർദ്ര
കടാക്ഷലീലാ-
ഭൃംഗാവലിക്കു നവകൌതുക
മേകിമേന്മേൽ,
തുംഗാഭയോടുവിലസുന്ന
"സിതേശസത്മ"
ശൃംഗാടകം, തിരുവനന്ത
പുരത്തിനുള്ളിൽ. ൧

ചിത്രാവനീശ്വരകലാ
പ്രണയം, വിചിത്ര-
ചിത്രാകൃതിത്വമതിമാത്ര
മിയന്നപോലെ,
ചിത്രാദ്ധ്വസംഘടനയത്ര
മനുഷ്യചിന്താ-
ചിത്രാന്ത്യസീമയുടെയപ്പുറ
മെത്തിനില്പൂ. ൨

ആ "ശാസ്ത്രമംഗല" മനോഹര
വീഥി, യുത്ത-
രാശാഭിമുഖ്യമിയലും "റസി
ഡൻസിറോഡിൽ,"
ആശാസ്യമാകുമനുബന്ധ
മിയന്നു, യാത്രാ-
ക്ലേശാപഹാരകരമായ്
പരമുല്ലസിപ്പൂ. ൩

കൊട്ടാരമാണൊരു വശത്തെ
തിരായുദാര-
ത്വിട്ടാർന്നകുന്നുകളുമുണ്ടി-
തതേക്രമത്തിൽ
മട്ടാളിടുന്ന മറുകോണുകൾ,
രണ്ടു പച്ച-
പ്പട്ടാംബരദ്യുതിയണിഞ്ഞ
വെളിസ്ഥലങ്ങൾ. ൪

കാണിക്കൊരിമ്പമുളവാക്കി
ട്ടമാറു, നാലു-
കോണിങ്കലും നയനമോഹന
മാം വിധത്തിൽ,
ആണിക്കു കല്ലുകൾ പടുത്തിഹ
ഭിത്തികെട്ടി
ത്തൂണിട്ടു വൈദ്യുതവിളക്കുകൾ
വച്ചിരിപ്പൂ. ൫

ആ രാജധാനിയുടെ നല്ല
വളപ്പി, ലുദ്യ-
ദാരാമകോമളരസാല
തരുക്കളിന്മേൽ,
ആരാലിരുന്നു സരസദ്വിജ
ഗായകന്മാ-
രീരാജമാർഗ്ഗംഘടനസ്തുതി
പാടിടുന്നു. ൬

പൂവാടിപെററമണമേന്തി
യദൃശ്യവായു-
ദേവാംഗനാമണി ദിനമ്പ്രതി
യന്തിയായാൽ,
ശ്രീവാഴമിക്കവെലതന്നി
ലിറങ്ങിയൊട്ടു-
രാവായിടുംവരെയുലാത്തി
രസിച്ചിടുന്നു. ൭

തേനാസ്വദിച്ചതിരുവാതിര
ലീലയാടി-
നാനാവിചിത്രശലഭാംഗന
മാരസംഖ്യം
വാനാളിടും രുചിരതാരകൾ
പോലെ, മഞ്ജു-
സൂനാഭയോടുമിവിടത്തി
ലുലാത്തിടുന്നു. ൮

ധാരാളമാകിയ വിശാലത,
ശീതപാഥോ-
ധാരാവിശേഷമരികത്തു,
രസിച്ചിരിപ്പാൻ
വാരാന്നിടുന്ന മണിപീഠ
തലങ്ങൾ; ശില്പ-
സാരാംശമേതുമിവിടെക്കൂടി
കൊണ്ടിടുന്നു. ൯

നീലോപലച്ഛവിയെഴുന്ന
നിലം, മൃഗാങ്ക-
ബാലോപമപ്രഥിതവൈദ്യുത
ദീപജാലം;
ആലോചനാമൃതം അനുത്തമ
വാസ്തുവിദ്യാ-
കാലോചിതോൽഗതി
ചരിത്രവിചിത്രസർഗ്ഗം. ൧൦

അത്രാഗമിക്കുമണിവാഹ
ജനപ്രവാഹ-
യാത്രാനിയന്ത്രണമനുക്രമ
മാചരിപ്പാൻ,
ചിത്രാവനീശനുടെ മുദ്ര
ധരിച്ചു തെല്ല-
മുൾത്രാസമററൊരു ശിപായി
യുണർന്നു നിൽപ്പൂ. ൧൧

ആകാശമൂർദ്ധ്നകരതീക്ഷ്ണ
വിജൃംഭണത്തി-
ലാകാ, മദഗ്രപവനാഹതി
വിപ്ലവത്തിൽ
പോകാം, തുലോം കഠിനവൃഷ്ടി
വിപത്തി, ലെന്നാ-
ലേകാഗ്രബുദ്ധി വെടിയാ
തൊഴിലിൽ ഭടന്മാർ. ൧൨

കാണായൊരിച്ചെറു ശിപായി
യിലല്പഗാത്ര-
ത്രാണാധികാര മവനീപതി
വച്ചിരിക്കെ,
ചേണാർന്നവൻെറ ചെറു
തർജ്ജനികൾക്കധീന-
മാണാമഹീശരഥവേഗവു
മീഷലെന്ന്യേ. ൧൩

ശിക്ഷിച്ചു യോഗ്യത ഭവിച്ചു
ഭടൻെറ യാത്ര-
നിക്ഷിപ്തമാകുമധികാര
ബലപ്രയോഗം
അക്ഷിക്കുപാർത്തു മൃദുപുഞ്ചിരി
തൂകി, രാജ്യം-
രക്ഷിച്ചിടുന്ന തിരുമേനി
കൃതാർത്ഥനാകും. ൧൪

സായാഹ്നവേളയി ലനേക
യുവാക്കൾ, നിത്യ-
വ്യായാമസഞ്ചരണമത്ര
തുടർന്നുകൊൾവാൻ,
പ്രായാനുകൂലവിഷയാത്മക
സംഭൃതാഭി-
പ്രായാങ്കുരപ്രകടനത്തൊടു
മെത്തിടുന്നു. ൧൫

ശ്രീമൽ "പ്രദർശനനികേതന"
വാടി നോക്കി
പ്രേമപ്രകർഷമൊടു കാമുക
രോടു കൂടി,
പൂമഞ്ജുവാണികളിതേവഴി
പോകെ, വാമ-
ശ്യാമത്രപാമധുരദൃഷ്ടികൾ
വിട്ടിടുന്നു. ൧൬

സൽകാവ്യമേ, കവലയിൽ
 സ്വയമേവ തങ്ങി
നിൽക്കാതെ നീങ്ങുക, കുറച്ചു
 വടക്കുദിക്കിൽ
ഹൃൽകാമ്യമായിട്ടുമുദാര
 മഹീമണാള-
സൽകാരമന്ദിര ശിരോമണി
 കാൺക! മേലിൽ. ൧൭

നേരായുറപ്പു, നെട്ടതായ
 വിശുദ്ധി,യാക്ക-
മാരാദ്ധ്യമായിട്ടുമവക്രത
 തന്റെ പോക്കിൽ;
ഈ രാജപാത, സുഗുണാന്വിത
 ധന്യചിത്ര-
ശ്രീരാജകല്പനലതാഫല
 മാണമൂല്യം. ൧൮

കൂടാതെ, യീവഴി വിശാലത,
 പാർശ്വഭാഗ-
കൂടാരഹർമ്മ്യ പരിവർത്തന
 സമ്പ്രദായം,
കാടാകെ മാററി യൊളിവീശു
 മവസ്ഥ; യോതി
ക്കൂടാവതല്ലിഹ വരുത്തു
 മനുഗ്രഹങ്ങൾ. ൧൯

പ്രത്യക്ഷമായിരുവശങ്ങളി
 ലൈകരൂപ്യ-
മത്യന്തമാന്ന ഭിനവത്വ
 മൊടൊത്തു നീളെ,
പ്രത്യംഗഭാസുരസമഗ്ര
 കലാവിലാസ-
സ്ഫൂർത്ത്യർഹവപ്രനിരസുപ്രഭ
 മത്രകാണാം. ൨൦

ലോലാവനീരുഹ ശിശുക്കൾ
 സാമാന്തരാല-
വാലാഞ്ചിതാവരണഭൂഷണ
 മോട്ടു കൂടി,
ചേലാന്നിടുന്ന ചെറു കൊമ്പു
 കൾ കാററിലാടി
ക്കോലാഹലത്തിനു തുനിഞ്ഞു
 വളർന്നിടുന്നു. ൨൧

ആവശ്യമായ തടിയൊത്തു
 ശിരോവികാസ-
ഭാവപ്രസന്നമധുരാകൃതി
 യോട്ടു കൂടി,
ലാവണ്യപൂർവ്വ മിഹരാജ
 കുമാരനൊപ്പ
മീവശ്യവാർത്തണൽമരങ്ങൾ
 വളർന്നിടുന്നു- ൨൨

പ്രായാഭിവർദ്ധനയിലിദ്രുമ
 പങ്ക്തി, സാന്ദ്ര-
ച്ഛായാവിലാസബഹുശീതള
 മൂലഭൂവിൽ
ആയാസമാർന്നു വരുമദ്ധ്വ
 ഗരെ, പ്രതീവ്ര-
മായാതപക്കെട്ടതി പോക്കി
 യനുഗ്രഹിക്കും. ൨൩

ശാഖോപശാഖകളിലന്നു
 വിചിത്ര പത്ര-
രേഖോജ്വലൽപ്രഭയെഴുന്ന
 വിഹംഗമങ്ങൾ
ലേഖോപമപ്രകൃതിശുദ്ധി
 യൊടൊത്തു, ചന്ദ്ര-
ലേഖോദയത്തിലിഹ വ
 ന്നഭയം ഗമിക്കാം. ൨൪

വക്കത്തു തൊട്ടിരുവശത്തു
മട്ടത്തു തെല്ലു
പൊക്കത്തിലാളുകളൊഴിഞ്ഞു
നടന്നുപോവാൻ
തക്കത്തിലായ് തറയെടുത്തു,
നടുക്കുനല്ലൊ-
രുൾക്കട്ടിയുള്ള വഴിവീതിയി
ലിട്ടിരിപ്പൂ. ൨൫

അല്പംകൂടിഗ്ഗമിച്ചാലരികെ വലതു നാം
ഭവ്യ പാശ്ചാത്യഭാസ്വൽ-
ശില്പജ്യോതിസ്സിണങ്ങുന്നതിഥിജനമഹാ-
മന്ദിരത്തിന്റെ മുമ്പിൽ
ഉല്പന്നസ്വാഗതാഭാഷണചതുരവിഹം-
ഗാധിവാസദ്രുശാഖാ-
തല്പച്ഛായാവിലാസം തടവിയപടിവാ-
തുക്കൽ വന്നെത്തിടുന്നു. ൨൬

സീമാതീതാഭകോല്യം പുതിയ പുരയിട
ത്തിന്റെ നാൽപാടുമുദ്യൽ-
ഭീമാകാരപ്രഭാവത്തൊടു തുലനയറും
തുമതിൽക്കെട്ടിനുള്ളിൽ,
ശ്യാമാരാമദ്രുമങ്ങൾക്കിടയിലരിയശൃം-
ഗാഗ്രശൃംഗാരലീലാ-
സ്തോമാലങ്കാരപൂർവ്വം സ്വയമതിഥിമഹാ-
മന്ദിരം നിന്നിടുന്നു. ൨൭

മുററത്തുംമൂലചിത്രാങ്കിതരുചിവിതതം
പ്രാന്തയിൽ താലവൃന്ത-
ച്ചുററല്പംതെന്നൽ വീശും പടികളിലുമുയ
ന്നെത്തി വാതായനത്തിൽ
കററക്കാർ കുന്തലൊക്കും ലതകളണിയുമാ
മച്ചതന്മെച്ചമേറ-
ന്നററത്തും പൂച്ചെടിച്ചട്ടിയിൽ വളരുവതു
ണ്ടത്രവാർപൂമരങ്ങൾ. ൨൮

പാറിപ്പട്ടാംബരശ്രീകലരുമുരുകവാ-
ടങ്ങൾ, വാടാതെവാനിൽ
കേറിപ്പറന്ന വള്ളിത്തലവളകൾ വഹി
ക്കുന്ന വാതായനങ്ങൾ,
മാറിത്താനേകരങ്ങം വിശറികൾവിലസും
പ്രാന്തമേൽ വൈദ്യുതശ്രീ
പേറിക്കത്തുന്ന ദീപാവലിയുമിഹ വിശേ
ഷിച്ചു വീക്ഷിച്ചുകൊൾവിൻ! ൨൯

ശ്വേതശ്രീചക്രവർത്തിപ്രതിനിധിമുതലാം
ലോകമാന്യാതിഥിപ്ര-
ഖ്യാതന്മാരാഗമിക്കെസ്സമുചിതമവരെ
സൽകരിച്ചങ്ങിരുത്താൻ
ഏതൽസൌധത്തിലുദ്യന്മണിയറയിൽ
വിളങ്ങുന്നു വിശ്വാഭിരാമ-
പ്രാതഃകാലപ്രകീർണ്ണാരുണകനകലതാ
കമ്രസിംഹാസനങ്ങൾ. ൩൦

ഭൂതിശ്രീവഞ്ചിരാജാന്വയമതിഥികളെ
യവസ്ഥാനുകൂലംതദീയ-
പ്രീതിക്കൊക്കുന്നവണ്ണം സരസസരസ-
മായ് സൽകരിച്ചാദരിപ്പാൻ
ഖ്യാതിപ്പെട്ടുള്ളതെല്ലോളവിപര;മതിനാ-
ലേതുമാശ്ചര്യമല്ലീ-
യാതിഥ്യാചാരധർമ്മക്രമഭരണപരി
ഷ്കാരമുണ്ടായതിപ്പോൾ. ൩൧

ആശങ്കാലേശമില്ലാതതിഥികളധികോ-
ദാരനാമാഥിതേയ-
ന്നാശംസാപാനപൂർവ്വം വദനമധുരസം
വാർത്തു വാചാപ്രസംഗം
ക്ലേശംകൂടാതെ ചെയ്യുന്നതു തടവുപെടാ
തിന്ത്യയോടൊത്തു നാനാ-
ദേശത്തുംവഞ്ചിരാജാന്വയധവളയശ
സ്ഫൂർത്തിയെച്ചാർത്തിടുന്നു. ൩൨

# പഴഞ്ചൊല്ലുകൾ.

ഡാക്ടർ കെ. ഗോദവർമ്മ, എം. ഏ; പി എച്ച്. ഡി. (ലണ്ഡൻ).

സാഹിത്യം, ആദ്യമായി പദ്യമെന്നോ ഗദ്യമെന്നോ വ്യവച്ഛേദിക്കുവാൻ അസാദ്ധ്യമായ വിധത്തിലും, എന്നാൽ സാധാരണമായ സംഭാഷണത്തിൽ നിന്നും ഏത്രയും വ്യത്യസ്തമായ രീതിയിലും ഉള്ള ചില അസംഘടിത ശബ്ദരൂപങ്ങളിലാണു് പ്രത്യക്ഷീഭവിച്ചിട്ടുള്ളതു്. നമുക്കു് അറിയുവാൻ കഴിയുന്നിടത്തോളവും പ്രാചീനമെന്നു് സാധാരണമായി വിശ്വസിച്ചുപോരുന്ന പഴയ പാട്ടുകൾക്കും മുൻപിൽ ഭാഷാസാഹിത്യത്തിന്റെ ഉദയത്തിനു ലക്ഷ്യമായി എത്രയോ പഴഞ്ചൊല്ലുകളെ എടുത്തുകാണിക്കുവാൻ കഴിയും. പഴഞ്ചൊല്ലുകൾ മാനവസമുദായത്തോളം തന്നെ സാമാന്യേന പഴക്കമുള്ളവയായിരിക്കണം. പരിവർത്തനദശകളിൽ നവീനങ്ങളായവ ആവിർഭവിക്കുന്നതു് മേല്പറഞ്ഞതിനു വിരുദ്ധവുമല്ല. സംഭാഷണത്തിൽ തന്നെ കാര്യഗർഭങ്ങളും ഹൃദയസ്പൃക്കുകളും സർവ്വോപരി ഉച്ചാരണത്തിൽ അത്യധികമായ സൌകുമാര്യത്താൽ സമുല്ലസിതങ്ങളുമായ അനതിദീർഘവാക്യങ്ങളാകുന്ന 'പഴഞ്ചൊല്ലുകൾ' എന്നു് ചുരുക്കത്തിൽ പറയാവുന്നതാണു്. എത്രയോ പരിവൃത്തി പലരും പറഞ്ഞു പഴകിയ ചൊല്ലുകൾ-വചനങ്ങൾ എന്നത്രെ പഴഞ്ചൊല്ലുകളുടെ അന്വത്ഥത.

സാഹിത്യത്തിന്റെ പ്രാരംഭദശയെ കുറിക്കുന്നവയായുള്ള രമണീയവാക്സമുദയങ്ങളിൽ, കുട്ടികൾ ഓരോരോ കളികളിൽ ഏർപ്പെടുമ്പോൾ പ്രയോഗിക്കാറുള്ളവയും ശബ്ദങ്ങളുടെ പ്രാസത്തിലും മറ്റുമല്ലാതെ അത്ഥത്തിൽ പറയത്തക്ക ശ്രദ്ധ പതിപ്പിച്ചിട്ടില്ലാത്തവയും ഏതോ ചില കഥകളുടെ ശകലങ്ങളായി ആഭാസിക്കുന്നവയും ആയ പദസംഘാതങ്ങളും, വയോഭേദമെന്യേ വിനോദാത്ഥകമായും ഓമ്മശക്തിയേയും നിരീക്ഷണശക്തിയേയും വർദ്ധിപ്പിച്ചു് ബുദ്ധിവികാസത്തിനു് സാധകമായും വിശ്രമാവസരങ്ങളിൽ പ്രയോഗിക്കപ്പെടുന്നവയും ശിശുക്കളുടെ ഭാവനാവിലാസം പോലെ അദ്ഭുതകരമായ കല്പനാജാലംകൊണ്ടു നൈസർഗികരൂപത്തിൽ കവിതയെ ആവഹിക്കുന്നവയും ആയ കടങ്ങളും (riddles), ഭാരവാഹകന്മാർ തുടങ്ങി വിവിധവർഗ്ഗങ്ങളില്പെട്ട തൊഴിലാളികൾ തങ്ങളുടെ ശ്രമത്തിന്റെ ലഘൂകരണത്തിനായി ഒത്തുചേൎന്നു ഘോഷിക്കാറുള്ള ശബ്ദജാലങ്ങളും, കാലക്രമത്തിൽ യഥാശ്രുതമായ അത്ഥത്തിന്നു് പ്രസക്തി തീരെ നശിച്ചു് പ്രകരണവശാൽ ഏതെങ്കിലും സങ്കേതസിദ്ധമായ അത്ഥത്തെ കുറിക്കുന്നവയായുള്ള ശൈലികളും പഴഞ്ചൊല്ലുകളോടൊപ്പം തന്നെ ശ്രദ്ധേയങ്ങളാകുന്നു. എന്നാൽ പ്രസ്തുതസാഹിത്യാംശങ്ങളുടെ കാലികമായ പൌവ്വാപര്യം പരിച്ഛേദിക്കാവുന്നതല്ല; എങ്കിലും അത്ഥത്തിന്റെ പടിപടിയായുള്ള സമാവേശത്തെപ്പററി ചിന്തിക്കുമ്പോൾ കടങ്ങൾക്കു് ഇതരാപേക്ഷയാ പ്രാചീനത്വം നല്കേണ്ടതാണെന്നു് വിശദമാകുന്നതാണു്. എന്നുമാത്രമല്ല, പഴഞ്ചൊല്ലുകളും ശൈലികളും പില്ക്കാലത്തെ സാഹിത്യപ്രകടനങ്ങളിൽ അവശേഷിച്ചിട്ടുള്ള

തിന്നും പുറമെ സാഹിത്യത്തിന്റെ പ്രധാനഘടകങ്ങളിൽ ശബ്ദനിഷ്ഠമായോ അർത്ഥനിഷ്ഠമായോ ഉള്ള ഏതൊന്നിനോടും കിടനില്ക്കുന്നുമുണ്ട്. കുട്ടികളുടെ കളിച്ചൊല്ലുകളേയും കടങ്ങളേയും ശൈലികളേയും പഴഞ്ചൊല്ലുകളേയും ചില ഉദാഹരണങ്ങൾകൊണ്ട് വ്യതിരേകിച്ചു കാണിക്കുന്നപക്ഷം മേല്പറഞ്ഞ തത്ത്വം പ്രസ്ഫുടമാകുമെന്നു വിചാരിക്കുന്നു.

കുട്ടികൾ വട്ടമിട്ടിരുന്ന്, കൈയ്കൾ കമിഴ്ത്തിവെച്ച്, താഴെ പറയുന്നവണ്ണം താളമൊപ്പിച്ചു പാടി, യഥാക്രമം പുറം കൈയിൽ കുത്തുന്ന സമ്പ്രദായത്തിൽ ഒരു കളി ഉണ്ട്.

"അരിപ്പാൻ ചട്ടി ഇരിപ്പാൻചട്ടി ആങ്കിളി പെങ്കിളി കാവുതിക്കണ്ണൻ പന്ത്രണ്ടലുമ്മേലോരെട ഇറങ്ങെട വെട്ടെട കുത്തെട ചീനാ കോടാ ചെന്താർമണിയൻ തൂങ്ങി വരുമ്പോൾ ചീപ്പുകൊണ്ടൂരിയാൽ എന്തുണ്ടു? മുരുക്കുണ്ടു. മുരുക്കിലും ചൊരിക്കിലും കിടന്നവളേ മൂന്നാഴി എണ്ണ കുടിച്ചവളേ അക്കരെ നിക്കണ ചക്കിപ്പെണ്ണിന്റെ കയ്യോ കാലോ രണ്ടാലൊന്നു തട്ടിമുട്ടി എടുത്തു മലത്താങ്കോ."

കേരളത്തിൽ പണ്ടൊരു കാലത്തു കാവുതിക്കണ്ണൻ എന്നു പേരായ ഒരു തസ്കരപ്രമാണിയുടേയും അയാളുടെ പന്ത്രണ്ട് അനുചരന്മാരുടേയും ഉപദ്രവങ്ങൾ ഉണ്ടായിരുന്നതായി പരമ്പരയാ ധാത്രീകഥകളിൽ നിന്നും മററും ബാലന്മാർ ഗ്രഹിച്ചതായിരിക്കണം ഇന്ന് അല്പമൊക്കെ വികൃതമായിത്തീർന്നുപോയതായി ശങ്കിക്കാവുന്ന ഈ കഥ എന്നുള്ളതിന് കേവലം അഭ്യൂഹത്തിനു പുറമെ ഭൂതരായരിലെ ഏതദ്വിഷയകമായ പ്രസ്താവം ചെറിയൊരു സാക്ഷ്യവുമാണ്.

കല്ല്, പൊക്കിയിട്ട്, കൈയ് നിലത്തടിച്ച്, ആ കല്ല് താഴെ വീണുപോകാതെ ഗ്രഹിച്ച്, അങ്ങനെ പല പരിവൃത്തികളും കഴിഞ്ഞു്, ഒടുവിൽ എതിരാളിക്ക് കടം വരുത്തിവെയ്ക്കുന്ന മാതിരി ഒരു കളിയുള്ളതിന് കുട്ടികൾ താഴെപ്പറയുന്ന പാട്ട് ഉപയോഗിച്ചു കാണുന്നു:—

"ഒന്നും തല്ലിപ്പാററി
രണ്ടും തല്ലിപ്പാററി
മൂന്നും തല്ലിപ്പാററി
നാലും തല്ലിപ്പാററി
അഞ്ചും തല്ലിപ്പാററി
ആറും തല്ലിപ്പാററി
ഏഴും തല്ലിപ്പാററി
എട്ടുകെട്ട്, താമരമൊട്ട്
വയ്ക്കത്തപ്പാ കോതേച്ചി
കോതകുളങ്ങരെ കുളിക്കാൻ പോയപ്പം
വെള്ളീലപ്പന്റെ വെള്ളിക്കിണ്ണം
തല്ലിപ്പൊട്ടിച്ചു കുപ്പേലാക്കി
കുപ്പക്കാരൻ ഭാഷപറഞ്ഞു
പച്ചമരത്തേൽ കേറിയിറങ്ങി"
കടമൊന്ന്.

ഈ ശബ്ദസമുച്ചയത്തിന്നും മുൻപറഞ്ഞതു പോലെ ചില സംഭവങ്ങളുടെ സൂചനകൾ ഉണ്ടെന്ന് കാണാവുന്നതാണല്ലോ. കളികളോടു ചേർന്നിണങ്ങി ചില ശബ്ദങ്ങൾ പുറപ്പെടുവിക്കുന്നതല്ലാതെ, താത്കാലികമായ വികാരങ്ങളുടേയും വിചാരങ്ങളുടേയും ഫലമായി പ്രത്യക്ഷപ്പെടുന്നതോ ശ്രോതാക്കളിൽ വിശേഷവിധിയായി എന്തെങ്കിലും രസം ജനിപ്പിക്കുന്നതോ അല്ല, കുട്ടികളുടെ ഈ കളിച്ചൊല്ലുകൾ എന്നുള്ളതിന് സംശയമില്ല.

കടംകഥ എണ്ണംകൊണ്ട് അപരിമിതവും പ്രത്യേകം വ്യക്തിത്വമുള്ളതും പരിഷ്കൃതകാലത്തിലെ കവികളുടെ സ

9851

ങ്കേതങ്ങൾക്കോ അലങ്കാരപ്രയോഗങ്ങൾക്കോ അഭിധാദിവ്യാപാരത്രയത്തിനോ ഒന്നിനും തന്നെ അസ്പൃശ്യമാംവണ്ണമുള്ള ഒരു രൂപത്തിൽ ബുദ്ധിവ്യാപരണത്തിന്, വിശേഷിച്ച് കുട്ടിപ്രായത്തിൽ, വളരെ ഉപകരിക്കുന്നതും ഒരുതരത്തിൽ മനുഷ്യരിൽ കവിതാത്വത്തിനും സഹൃദയത്വത്തിനും പ്രഥമപ്രവേശം നല്കി മനസ്സംസ്കാരം സാധിക്കുന്നതും ആകയാൽ കുറെക്കൂടി പ്രാധാന്യമുള്ളതാകുന്നു. ചുവടെ ഉദ്ധരിക്കുന്ന ഉദാഹരണങ്ങളിൽ നിന്നും കടംകഥകളുടെ സാമാന്യസ്വഭാവം പരിശോധിച്ചറിയാവുന്നതാണ്.

1. മാനത്തൊരു മയിലിൻമുട്ട: ഓടിച്ചെന്നാൽ കൊണ്ടും പോരാം.
2. കാട്ടിൽ പട്ടും ചൂടിയിരിക്കുന്നു.
3. കരുത്തിരുണ്ടവൻ കണ്ണു രണ്ടുള്ളവൻ കടിച്ചാൽ രണ്ടു മുറി.
4. ഇവിടെക്കുത്തിയ നാരായം വെട്ടൂർ ചെന്നു പുറപ്പെട്ടു.
5. കാള കിടക്കും കയറോടും.
6. ആന കേറാമല, ആടു കേറാമല ആയിരം കാന്താരി പൂത്തിറങ്ങി.
7. കാനകനാറി പൂത്തു കുടം ചാടി.
8. കാട്ടിൽ നില്ക്കും മരം, കാട്ടാളർ വെട്ടും മരം, ഇരുമ്പിട്ടടിക്കും മരം ഇരുകാലിൽ ഓടും മരം.
9. ഇരുട്ടു കാട്ടിൽ കുരുട്ടുപന്നി.
10. പെട്ടി, പെട്ടി, ചിങ്കാരപ്പെട്ടി, പെട്ടി തുറക്കുമ്പോൾ കായം മണക്കും.
11. മുററത്തെ ചെപ്പിന് അടപ്പില്ല.
12. കാട്ടിൽ കൊച്ചരി തൂവി.
13. ഒരമ്മ പെററതെല്ലാം തൊപ്പിയിട്ട മക്കൾ.
14. പലകക്കീഴെ പച്ചയിറച്ചി.
15. എനിക്കുണ്ടാലുടനെ നാലുപേരെ തിന്നണം.
16. കൊച്ചുമുററത്തു ചള്ളമ്പു കുത്തുന്നു.
17. കൊക്കിരിക്കെ കുളം വററി.
18. മുള്ളുണ്ട്, മുരുക്കല്ല; കയ്ക്കും, കാഞ്ഞിരമല്ല.
19. ചത്തകാള, വടിയെടുക്കുമ്പോളോടും.
20. ഊരിയവാൾ ഉറയിലിടും കാലം പൊന്നിട്ട കത്തി പണയം തരാം.
21. ഒരെരുത്തിൽ നിറച്ചു വെള്ളക്കാള.
22. നാലുപേർ ഒരു വഴിക്കു പോയി; തിരിയെവന്നപ്പോൾ ഒരാളേ ഉള്ളു.
23. ഇപ്പോൾ വെട്ടിയ പുത്തൻ കിണററിൽ തുവെത്തുവെ വെള്ളം.
24. നാക്കു നാല്, നടകാലു പത്ത്; മൂക്കു മൂന്ന്, മുഖത്താറു കണ്ണ്.
25. അകത്തു തിരിതെറുത്തു; പുറത്തു മുട്ടയിട്ടു.
26. വെട്ടിയകുററി കിളുക്കും കാലം പൊന്നിട്ട കത്തി പണയം തരാം.
27. കാട്ടിൽ കിടന്നവൻ കൂട്ടായി വന്നു.
28. പിന്നാലെ വന്നവൻ മുന്നാലെ പോയി.

1. തേങ്ങ. 2. പിറുത്തിച്ചക്ക, കടച്ചക്ക. (Pine-apple). 3. പാക്കുവെട്ടി. 4. ഞാഞ്ഞൂൾ. 5. മത്തങ്ങ. 6. നക്ഷത്രങ്ങൾ. 7. സൂര്യോദയം. 8. വള്ളം. 9. പേൻ. 10. പഴുത്ത ചക്ക. 11. കിണറ്. 12. ചിതൽ. 13. അടയ്ക്കാ. 14. നഖത്തിന്റെ അടിവശം. 15. വെററില മുറുക്കുക. 16. നെററിയിൽ ചന്ദനംതൊടുക. 17. വിളക്ക്. 18. പാവയ്ക്കാ. 19. വള്ളം. 20. കറന്ന പാല്. 21. പല്ലുകൾ. 22. വെററിലത്തുപ്പൽ. 23. കരിക്ക്. 24. നിലം പൂട്ടുന്നതു്. 25. കുരുമുളക്. 26. പൊക്കിൾ. 27. വടി. 28. പല്ല്.

29. ആനയ്ക്കും നിലയില്ല, ആനക്കാരനും നിലയില്ല, അമ്പാടിക്കൃഷ്ണന് അരയററം വെള്ളം.

30. മണ്ണിന്റടിയിൽ പൊന്നമ്മ.

മനുഷ്യജീവിതത്തിലെന്നപോലെ, സാഹിത്യത്തിലും ശൈശവദശ മനോമോഹനം തന്നെ. തരിമണലിനെ പഞ്ചസാരയായും, ചരല്ക്കല്ലുകളെ പൊൻകട്ടകളായും, പൂഴിമണ്ണിനെ പാച്ചോറായും, പിലാവിലകളെ കന്നുകാലികളായും, കുരുത്തോലകളെ തങ്കത്താലികളായും കടലാസിനെ കപ്പലായും, മുററത്തു കെട്ടിക്കിടക്കുന്ന വെള്ളത്തിനെ മഹാസമുദ്രമായും സംകല്പിക്കുവാനുള്ള ഭാവനാവിലാസം ശിശുക്കൾക്കുള്ളതു് നമുക്കു് എങ്ങനെ നിത്യാനുഭവങ്ങളായിരിക്കുന്നുവോ അതുപോലെയോ അതിലധികമായോ മേല്പറഞ്ഞ കടംകഥകളിലൂടെ സാഹിത്യത്തിന്റെ ശൈശവദശയിലെ അകൃത്രിമരമണീയങ്ങളോ സർവ്വഥാ അനിയന്ത്രിതങ്ങളോ ആയ കല്പനാഗതിവൈഭവങ്ങളെ സ്ഫടികസ്പഷ്ടമായി നമുക്കു ദർശിക്കുവാൻ കഴിയും. കടംകഥകളിലെ കല്പനകൾ രസയുക്തങ്ങളാണെങ്കിലും പ്രാചീനകാലത്തെ ജനങ്ങളുടെ പ്രവർത്തനരംഗത്തിന്റെ പരിമിതത്വം കൊണ്ടു് കേവലം സങ്കുചിതവീക്ഷണജന്യങ്ങളായിരിക്കുന്നുവെന്നുള്ളതു് സമ്മതിച്ചേ കഴിയൂ. നിത്യപരിചിതങ്ങളായ കാഴ്ചകളോ സംഭവങ്ങളോ അല്ലാതെ കൂടുതലായൊന്നും അവരുടെ കല്പനകൾക്കു് വിഷയീഭവിച്ചിട്ടില്ല. തേങ്ങാ, കുരുമുളകു, മത്തനും മഞ്ഞൾത്തുണ്ടും ചില കടംകഥകൾക്കു് വിഷയമാകുമ്പോൾ, ആനയും ആടും പശുവും പേൻകൂട്ടവും മററു ചിലവയും, നിലം പൂട്ടുന്നതും വള്ളം തുഴയുന്നതും വേട്ടയാടുന്നതും വേറെചിലവയും വിഷയങ്ങളാകുന്നതു നോക്കുക! സൂര്യോദയത്തെ കാനകനാറി പൂത്തു കുടം ചാടിയതായും, നക്ഷത്രങ്ങൾ ആകാശത്തിലെങ്ങും പ്രകാശമാനങ്ങളായതിനെ "ആന കേറാമല, ആടു കേറാമല, ആയിരം കാന്താരി പൂത്തിറങ്ങി"യതായും ചിത്രണം ചെയ്തുള്ള പ്രകൃതിവർണ്ണനങ്ങൾ ആധുനികകാലത്തിൽ പോലും ആദരണീയങ്ങളായിട്ടിരിക്കുന്നില്ലേ! ഉപമകളോ ഉത്പ്രേക്ഷകളോ ഉല്ലേഖങ്ങളോ രൂപകങ്ങളോ അതിശയോക്തികളോ എല്ലാം എത്രയോ പഴക്കമുള്ള കടംകഥകളിൽ അകൃത്രിമരൂപത്തിൽ നമുക്കു ദർശിക്കാം. കാലം മാറിയതുകൊണ്ടും മനുഷ്യരുടെ ജീവിതരീതി അതിനൊപ്പം പരിഷ്കൃതമായതുകൊണ്ടും ഇന്നു് ഏതാദൃശങ്ങളായ കല്പനകൾ സുദുർല്ലഭങ്ങളായിരിക്കുന്നതിൽ അദ്ഭുതപ്പെടാനില്ല. പക്ഷേ, ഇന്നു കാണുന്ന വളർച്ച തത്താദൃശമായ ശൈശവത്തിന്റെ പിന്നിലാണു് ഏതുനിലകൊണ്ടും സ്ഥിതിചെയ്യുന്നതെന്നു് സമ്മതിച്ചേ തീരൂ.

ഗൂഢാർത്ഥകവിതയുടെ (mystic poetry) ആന്തരതത്ത്വവും കടംകഥകളുടെ നിർമ്മിതിതത്ത്വവും ചില അംശങ്ങളിൽ ഏകീഭവിക്കുന്നുവെന്നുള്ളതു് വക്തവ്യമത്രെ. പ്രസ്തുതങ്ങളായ രണ്ടു പ്രസ്ഥാനങ്ങളിലും ഗൂഢത നല്ലപോലെ അനുഭവപ്പെടുന്നുണ്ടല്ലോ. പക്ഷേ, ഗൂഢാർത്ഥകവിതയും കടംകഥയും കാര്യാംശത്തിൽ അത്യധികം വിയോജിക്കുന്നു. വക്താവിന്റെ വിചാരപരമ്പരകൾ കൃത്രിമമായ യാതൊരു ക്രമത്തിനും വിധേയമാകാതെ,

29 തവള. 30. മഞ്ഞൾ.

പൂൎണ്ണതയ്ക്കോ പരിഷ്കൃതിക്കോ വേണ്ടി പുനൎവ്വിചാരണയ്ക്കു വിഷയമാകാതെ, നൈസൎഗ്ഗികതയുടെ തന്മയരൂപമായി ബഹിൎഗ്ഗമിക്കുന്ന ആത്മാനുഭൂതികളുടെ കേവലചിത്രങ്ങളാണു് ഗൂഢാൎത്ഥകവിതയെന്നും, നേരെമറിച്ചു്, വൎണ്ണ്യവസ്തുവിന്റെ ഗൂഢതകൊണ്ടു് പരമ്മാൎക്കു ദുൎഗ്ഗ്രഹത ഉളവാക്കി ബുദ്ധിവ്യാപാരത്തെ ലക്ഷീകരിച്ചു് സാരസ്യം നിറഞ്ഞതായി കൃത്രിമതയ്ക്കു് ധാരാളം പ്രവേശം നല്കി ഭാവനാവിലാസത്താൽ സംകല്പിതമാകുന്നതാണു് കടംകഥയെന്നും സാമാന്യമായി അവയുടെ ഭേദം നിൎദ്ദേശിക്കാവുന്നതാണു്. കടംകഥ ഇന്നു നാം കാണുന്ന ഗൂഢാൎത്ഥകവിതയോടു് സാഹിത്യരസത്തിൽ സഗന്ധത്വം വഹിക്കുന്നുവെന്നുള്ളതാണു് വാസ്തവം.

പഴഞ്ചൊല്ലുകളെ കടംകഥകളുടെ അനന്തരഘട്ടമായിട്ടു് എടുക്കേണ്ടതാണു്. എന്നാൽ, പഴഞ്ചൊല്ലുകളോളം വ്യാപ്തിയില്ലാത്തവയും, കടംകഥകളെക്കാളും സാഹിത്യത്തിൽ ഉന്നതസ്ഥാനം നേടിയിട്ടുള്ളവയും, പലപ്പോഴും കടംകഥകളോടും പഴഞ്ചൊല്ലുകളോടും സാജാത്യം ഉണ്ടെന്നുതോന്നിക്കുന്നവയും ആയ മറെറാരു തരം സാഹിത്യഘടകങ്ങളെപ്പററിയും ഈ ഘട്ടത്തിൽ പറയേണ്ടതായിട്ടിരിക്കുന്നു. അവയാണു് ശൈലികൾ. ഏതൊരു ഭാഷയുടേയും പുഷ്ടി അതിലുള്ള ശൈലീസമ്പത്തിനെ കണക്കാക്കി നിൎണ്ണയിക്കുന്നതു് സമുചിതമായിരിക്കും. കുറഞ്ഞ പദങ്ങളെക്കൊണ്ടു് വിപുലമായ അൎത്ഥത്തെ പ്രകടിപ്പിക്കുവാൻ ശൈലികളോളം മറെറാന്നും ഉപകരിക്കുന്നതല്ല. ശൈലികളുടെ വലിയൊരു ഭാഗം സുപ്രസിദ്ധങ്ങളായ കഥകളിലെ പാത്രങ്ങളേയോ സംഭവങ്ങളേയോ ആസ്പദമാക്കിയുള്ളതാണു്. അതു കഴിഞ്ഞാൽ, നാട്ടിലെ നടപടികളും വ്യക്തികളുടെ അനുഭവങ്ങളും ശൈലികൾക്കു ഭാഷയിൽ സ്ഥാനം കൊടുത്തിട്ടുള്ളതായി പറയാം. ഇങ്ങനെ ശൈലികളായി ത്തീരുന്ന ആ പ്രയോഗവിശേഷങ്ങൾ മാഞ്ഞുപോകാത്തവണ്ണം ഹൃദയത്തിൽ പതിഞ്ഞു് ജനസാമാന്യത്തിനു് പരിചിതതരങ്ങളായിത്തീൎന്നിട്ടുണ്ടെന്നു കാണാം. ചുരുക്കം ചിലെടത്തു് ശൈലികൾ ഉപമാനസ്ഥാനികങ്ങളായി പ്രയുക്തങ്ങളായെന്നു വരാം. പദങ്ങൾ ഏതൊരു പ്രകാരത്തിലാണോ തദ്വാചകങ്ങളിൽ ശക്തങ്ങളോ സങ്കേതിതങ്ങളോ ആയിരിക്കുന്നതു്, അതുഃപോലെ ശൈലികളും തത്സൂചിതങ്ങളായ കാൎയ്യങ്ങളുടെ സാരൂപ്യമോ സാദൃശ്യമോ പ്രയോഗബാഹുല്യത്താൽ സിദ്ധിച്ചു് എല്ലായ്പോഴും നിഷ്കൃഷ്ടമായ ഒരൎത്ഥത്തെക്കുറിക്കുന്നവയായി തീൎന്നുപോകുന്നു. ശൈലികളുടെ വൈവിധ്യവും കടംകഥകളിൽനിന്നും പഴഞ്ചൊല്ലുകളിൽനിന്നും ഉള്ള വൈജാത്യവും പ്രദൎശിപ്പിക്കുവാനായി ചില ദൃഷ്ടാന്തങ്ങൾ ഉദ്ധരിക്കാം.

1. ചെണ്ട കൊട്ടിക്കുക.
2. പുളിശ്ശേരി കുടിക്കുക.
3. ഇഞ്ചി കടിക്കുക.
4. പുലിവാലു പിടിക്കുക.
5. കച്ച കെട്ടുക.
6. പമ്പ കടക്കുക.
7. തോവാളക്കോട്ട കടത്തുക.
8. ദീപാളി കുളിക്കുക.
9. ഗോപി തൊടുവിക്കുക.
10. കണ്ണനു കിട്ടിയ ശസ്ത്രോപദേശം പോലെ.
11. കുന്തം ആവുക.
12. വെള്ളത്തിലാവുക. [മോ?
13. എന്നാൽ നമ്പിടി നാടുനീങ്ങ

14. കൊങ്ങിണി പുലി കണ്ടപോലെ.
15. നാരദൻ.
16. ഹരിശ്ചന്ദ്രൻ.
17. ശകുനി.
18. ഗണപതിയുടെ കല്യാണം പോലെ.
19. ഭഗീരഥപ്രയത്നം.
20. സുഗ്രീവാജ്ഞ.
21. കായംകുളം വാൾ.
22. നക്ഷത്രം എണ്ണിക്കുക.
23. ശിങ്കിരി പാടിക്കുക.
24. ധനാശി പാടുക.
25. ശ്ലോകത്തിൽ കഴിക്കുക.
26. അവരത്തക്കൈയ്യൂപ്പിടാത്തവൻ.
27. ചതുർത്ഥി കാണുക.
28. അടിയറവു പറയിക്കുക.
29. തുറന്നരശായി കിടക്കുക.
30. എന്നും പകിട പന്ത്രണ്ട്.
31. കുടത്തിലെ വിളക്ക്.
32. കുപ്പയിലിട്ട സാളഗ്രാമം.

ശൈലികളുടെ അർത്ഥം വിഭിന്നസംഗതികളെ ആസ്പദമാക്കി സങ്കേതിതമാകുന്നു. ഇഞ്ചികടിക്കുക, വെള്ളത്തിലാകുക, നക്ഷത്രം എണ്ണിക്കുക മുതലായി ചിലതു് കേവലം പ്രകൃതിസിദ്ധമായ അനുഭവത്തെ അധിഷ്ഠിതമാക്കി കുറച്ചൊരു കവിത്വം കലർത്തി പ്രയുക്തങ്ങളായവയാണ്. കച്ചകെട്ടുക, അരയും തലയും മുറുക്കുക മുതലായവ പഴയ കളരിസമ്പ്രദായത്തിൽനിന്നും, ശ്ലോകത്തിൽ കഴിക്കുക, ശിങ്കിരിപാടിക്കുക, ധനാശി പാടുക മുതലായവ കഥകളിയിൽ നിന്നും ഭാഷയിൽ ശൈലികളായി കടന്നു കൂടിയിട്ടുള്ളവയാണ്. നാരദൻ, ഹരിശ്ചന്ദ്രൻ, ഭഗീരഥപ്രയത്നം, അഴകിയ രാവണൻ എന്നിങ്ങനെ എത്രയോ ശൈലികൾ പുരാണപ്രസ്താവനകളെ ആസ്പദമാക്കിയിരിക്കുന്നു. നാട്ടാചാരങ്ങളേയും ഭ്രസ്ഥിതികളേയും അടിസ്ഥാനമാക്കിയുള്ള ശൈലികളും ചുരുക്കമല്ലെന്നു് ദീപാളികുളിക്കുക, തോവാളക്കോട്ട കടത്തുക, പമ്പ കടക്കുക മുതലായവ തെളിയിക്കുന്നു. ശൈലികൾക്ക് കടംകഥകളെപ്പോലെ ഗൂഢതയോ പഴഞ്ചൊല്ലുകളെപ്പോലെ വ്യാപകതയോ ഇല്ല. കടംകഥകൾ പൂർവ്വാപരങ്ങളില്ലാതെ തനിയേ നില്ക്കുന്നവയാണ്. പഴഞ്ചൊല്ലുകളുടെ ഉപയോഗം, പറഞ്ഞതിനെ സമർത്ഥിപ്പാനോ പറയേണ്ടതിനെ ഭങ്ഗ്യന്തരേണ പറയുവാനോ ആകുന്നു. എന്നാൽ, ശൈലികൾ, അർത്ഥാന്തരന്യാസത്തിലെ അവാന്തരവിഭാഗമായ, വിശേഷംകൊണ്ടു് സാമാന്യം സമർത്ഥിതമാവുക, എന്ന രൂപത്തിൽ മിക്കവാറും വർണ്ണ്യത്തോടു ചേർന്നുതന്നെ നിലകൊള്ളുന്നു. നാം ശൈലികളെ നുകരുതിപ്പോരുന്ന പലതിനേയും സൂചിതകഥകളായി പരിഗണിക്കുന്നതും നന്നായിരിക്കുമെന്നു് അഭിപ്രായപ്പെടേണ്ടിയിരിക്കുന്നു. പക്ഷേ, അത്തരത്തിലുള്ളവ സൂചിതകഥകൾ എന്ന നില കടന്നു് ഏതെങ്കിലും നിർദ്ദിഷ്ടാർത്ഥത്തിൽ പര്യവസിതമായിപ്പോയാൽ അവ ശൈലികൾ തന്നെയാണ്. 'കണ്ണന കിട്ടിയ ശസ്ത്രോപദേശം പോലെ' 'എന്നാൽ നമ്പിടി നാടു നീങ്ങുമോ' ഇത്യാദികൾ ഇപ്പോൾ ശൈലീപ്രായങ്ങളായിത്തീർന്നിട്ടുള്ളവയാണല്ലൊ.

ശൈലികൾക്ക് സാഹിത്യത്തിൽ വേണ്ടുവോളം പ്രതിഷ്ഠ ലഭിച്ചു കഴിഞ്ഞിട്ടുണ്ട്. അതു് കാലോചിതം വർദ്ധിച്ചുകൊള്ളുകയും ചെയ്യും. എന്നാൽ പഴഞ്ചൊല്ലുകളുടെ പ്രധാനാശ്രയം വായ്മൊഴിയായിട്ടാണ് ഇരിക്കുന്നതു്. കുഞ്ചൻ

നമ്പ്യാരെപ്പോലുള്ള സരസകവികൾ അലങ്കാരനിബന്ധനങ്ങളുടെ കൂട്ടത്തിൽ അല്പം രൂപഭേദം വരുത്തി, പഴഞ്ചൊല്ലുകളുടെ ഗുണമഹിമയും ലോകവിശ്രുതിയും ഹേതുവായി, ഇടയ്ക്കിടയ്ക്കു അവയെ പ്രയോഗിക്കുന്നതിൽ ഉത്സുകരായിട്ടുണ്ടു്. എങ്കിലും കാലക്രമേണ പഴഞ്ചൊല്ലുകൾ, ഉള്ളവതന്നെ നഷ്ടപ്പെട്ടുപോകുകയും പ്രചാരലോപത്താൽ പലതും സന്ദിഗ്ദ്ധാർത്ഥങ്ങളായി ഭവിച്ചു് പ്രയോഗയോഗ്യത കുറഞ്ഞവയായിത്തീരുകയുംചെയ്യുന്നു എന്നുള്ളതാണു് ഏററവും പരിതാപകരമായിട്ടിരിക്കുന്നതു്. ഇന്നു് ഗ്രാമവൃദ്ധന്മാരാണു് പഴഞ്ചൊല്ലുകളുടെ അവശിഷ്ടമായ സങ്കേതം എന്നു പറയുന്നതിൽ വലിയ തെററുണ്ടാകുവാൻ തരമില്ല. ആധുനികമായ വിദ്യാഭ്യാസരീതിയും അഭിനവങ്ങളായ വ്യവസായോത്കർഷണങ്ങളും അസ്ഥിരങ്ങളായ ആചാരരീതികളും മററും പഴഞ്ചൊല്ലുകളുടെ നേക്കു വേണ്ടുവോളമുള്ള സമാദരത്തിനു് പ്രതികൂലങ്ങളായി എന്നു പറയാവുന്നതല്ലെങ്കിലും തീരെ അനുകൂലതയില്ലാത്തവയായിത്തീർന്നുപോയി. പരക്കെ നാട്ടുഭാഷയെക്കുറിച്ചുണ്ടായ ഇടക്കാലത്തെ അനാസ്ഥയും പഴഞ്ചൊല്ലുകളെപ്പോലെയുള്ള പൂർവ്വസമ്പത്തുകളുടെ രക്ഷയ്ക്കു് വലിയൊരിടിവു് ഉണ്ടാക്കിത്തീർത്തുവെന്നും പറയേണ്ടതായിട്ടുണ്ടു്. അഖിലകേരളീയരുടേയും ഏകോപിച്ചുള്ള ശ്രദ്ധ ത്വരിതമായി പതിയുന്നപക്ഷം എത്രയോ സഹസ്രം പഴഞ്ചൊല്ലുകൾ ഇനിയും ഉദ്ധരിക്കപ്പെടുവാനും അവയ്ക്കു് യഥാർഹം സാഹിത്യത്തിൽ പ്രതിഷ്ഠ ലഭിക്കുവാനും ധാരാളം ശക്യതയുണ്ടെന്നുള്ളതു് അല്പം ആശ്വാസകരം തന്നെ. പഴഞ്ചൊല്ലുകൾ അവയുടെ കാലപ്പഴക്കമനുസരിച്ചു് പൂർവ്വകാലചരിത്രത്തേയും ഏതാണ്ടു് വെളിപ്പെടുത്തുന്നുണ്ടെന്നുള്ളതും കൂടി ഓർക്കുമ്പോൾ അവയുടെ ഉദ്ധാരണം എത്രയും അപരിഹാര്യമായിത്തീരുന്നതാണല്ലൊ.

ഇന്നത്തെ സ്ഥിതിക്കു് പഴഞ്ചൊല്ലുകളെ, ഏതെങ്കിലും ഉപാധിയിന്മേൽ തരം തിരിക്കുന്നതു് കുറെ വിഷമമാകുന്നു. എല്ലാ പഴഞ്ചൊല്ലുകളുടേയും അർത്ഥവിഷയകമായ വ്യാപ്തി സമമായിരിക്കുന്നില്ല. പരസ്പരവിരുദ്ധങ്ങളായ പഴഞ്ചൊല്ലുകൾ കാണുന്നതുകൊണ്ടു് അവ അവിചാല്യങ്ങളായ തത്വങ്ങളെ പ്രകാശിപ്പിക്കുന്ന വിധത്തിലും വിഭജിക്കപ്പെടാവുന്നതല്ലല്ലൊ. പലരുടേയും പ്രയോഗത്താൽ അനേകരൂപത സംഭവിച്ച പഴഞ്ചൊല്ലുകളും ചുരുക്കമല്ല. പണ്ഡിതന്മാർ ഇതരഭാഷയിലെ ആശയങ്ങളെ അനുകരിച്ചോ വിവർത്തനം ചെയ്തോ മററു പഴഞ്ചൊല്ലുകളോടൊപ്പം തന്നെ സ്ഥാനം നേടിക്കൊടുത്തവയായി ചിലതും കാണപ്പെടുന്നു. വിശേഷിച്ചും സംസ്കൃതകവിപ്രയോഗങ്ങൾ പലതും തത്സ്വരൂപത്തിൽ തന്നെ അനഭ്യസ്തവിദ്യരുടെ ഇടയ്ക്കുപോലും പഴഞ്ചൊല്ലുകളായി പ്രചാരത്തിൽ ഉണ്ടു്. വാച്യാർത്ഥത്തിൽ തീരെ അപ്രധാനമാകയാൽ, പഴഞ്ചൊല്ലുകളെ അവയിൽ പ്രയുക്തങ്ങളായ പദങ്ങളുടെ നിലനോക്കി വിഭജിക്കാവുന്നതേ അല്ല. പ്രാചീനങ്ങളായ സാമുദായസ്ഥിതികൾ പഴഞ്ചൊല്ലുകളുടെ ആധാരമായിരുന്നിട്ടുണ്ടെന്നല്ലാതെ, അവ നേരെ ആ അർത്ഥത്തെ കുറിക്കുന്നവയോ അതിലേക്കു വേണ്ടി ഉദ്ദേശിക്കപ്പെട്ടിട്ടുള്ളവയോ അല്ലല്ലൊ. ഇങ്ങനെ പഴഞ്ചൊല്ലുകളുടെ വിഭാഗകരണത്തിനു് ആർത്ഥികമായും ശാബ്ദികമായും വിവിധങ്ങളായ വൈഷമ്യ

ങ്ങളെ നാം അഭിമുഖീകരിക്കേണ്ടതായിട്ടുണ്ടെങ്കിലും ഏതെങ്കിലും സ്വീകാര്യമായ ഒരു പന്ഥാവു് ആശ്രയിച്ചു് പഴഞ്ചൊല്ലുകളുടെ വൈവിധ്യപ്രദർശനത്തിനായി ചില മാതൃകകൾ ചുവടെ ചേർക്കുന്നു.

## ഉപദേശങ്ങൾ

1. ആളേറെപ്പോകുന്നതിനേക്കാൾ താനേറെപ്പോകുന്നതു് നന്നു്.
2. ഉച്ചിവെച്ച കൈയ്കൊണ്ടു് ഉദകക്രിയ ചെയ്യരുതു്.
3. എല്ലുമുറിയെ പണിതാൽ പല്ലുമുറിയെത്തിന്നാം.
4. ഒരുമയുണ്ടെങ്കിലുലക്കമേലും കിടക്കാം.
5. കടയ്ക്കൽ നനച്ചേ തലയ്ക്കൽപൊടിക്കൂ.
6. കരിമ്പെന്നും കരുതി വേരോളം ചവയ്ക്കരുതു്.
7. കാലുപിടിച്ചും കാച്ചിക്കുളിച്ചും കഴിയരുതു്.
8. കൊച്ചിലേ നുള്ളാഞ്ഞാൽ കോടാലിക്കും അറുല്ല.
9. കൊണ്ടുംകൊണ്ടു് കുലം പേശൊല്ല.
10. കൊയ്ത്തോളം കാത്തിട്ടു് കൊയ്ത്താറാകുമ്പോൾ ഉറങ്ങരുതു്.
11. ചുണ്ടയ്ക്കു കൊടുത്തു് വഴുതനങ്ങ വാങ്ങരുതു്.
12. ചേര തിന്നുന്ന നാട്ടിൽ ചെന്നാൽ നടുക്കണ്ടം തിന്നണം.
13. തല മറന്നെണ്ണ തേയ്ക്കരുതു്.
14. വായിച്ചുണ്ടാകും മുൻപേ വായിച്ചുണ്ടാകണം.
15. തുശികൊണ്ടു് എടുപ്പാനുള്ളതു് തൂമ്പ കൊണ്ടെടുക്കരുതു്.

മേല്ക്കാണിച്ചവയെല്ലാം പ്രത്യക്ഷത്തിൽത്തന്നെ ഉപദേശങ്ങളാണല്ലൊ. "സത്യം പറയണം, ഗുരുക്കന്മാരെ വന്ദിക്കണം" എന്നു തുടങ്ങിയ ഉപദേശങ്ങളിൽനിന്നു് ഇപ്രകാരമുള്ള പഴഞ്ചൊല്ലുകൾക്കുള്ള വൈജാത്യം ശ്രദ്ധിക്കപ്പെടേണ്ടതാണു്. പഴഞ്ചൊല്ലുകളുടെ സാമാന്യലക്ഷണമായ അർത്ഥവ്യാപകത്വവും സർവ്വസാധാരണത്വവും തന്നെയാണു് സാമാന്യോപദേശങ്ങളിൽ നിന്നും അവയെ വ്യാവർത്തിപ്പിക്കുന്ന ധർമ്മങ്ങളെന്നു് നിഷ്കൃഷ്ടപരിശോധനത്തിൽ വെളിപ്പെടുന്നതാണു്. എന്നാൽ അതിലും മേലായി പഴഞ്ചൊല്ലുകളിൽ ഒന്നും തന്നെ സാധാരണങ്ങളായ ഉപദേശങ്ങളെപ്പോലെ ഏതെങ്കിലും ക്രമം അനുസരിച്ചോ മറേറാ ആക്കം പറഞ്ഞുകൊടുത്തു ധരിപ്പിക്കുന്നതോ അനന്തരകൃത്യങ്ങളെ നിയന്ത്രിക്കുന്നതോ ആയിട്ടുള്ള രൂപത്തിലല്ല പുറപ്പെടുന്നതെന്നുള്ളതു് പ്രത്യേകിച്ചും ഓർക്കേണ്ടതാണു്.

## ലോകസ്വഭാവം

1. അഴകുള്ള ചക്കയിൽ ചുളയില്ല.
2. അകത്തു കത്തിയും പുറത്തു പത്തിയും.
3. അക്കര നിന്നവൻ തോണി ഉരുട്ടി.
4. അക്കരെ നിക്കുമ്പോൾ ഇക്കരെപ്പച്ച.
5. അച്ചിക്കു കൊഞ്ചുപക്ഷം, നായർക്കു് ഇഞ്ചിപക്ഷം.
6. തുശി കടത്താൻ ഇട കൊടുത്താൽ തൂമ്പാ കടത്തും.
7. വിരണ്ടവൻ കണ്ണിനു് ഇരുണ്ടതെല്ലാം പേയ്.
8. ഒടുക്കമിരുന്നവൻ കട്ടിലൊടിച്ചു.
9. കുപ്പയിലിരുന്നോൻ മാടം ക്നാവു കാണും.

10. തേങ്ങ ചോരുന്നതു് കാണുകയില്ല; എള്ളു ചോരുന്നതു് കാണും.
11. വില്ക്കാമാട്ടിനു് കൊള്ളാവില.
12. കാക്കയ്ക്കും തൻകുഞ്ഞു പൊൻകുഞ്ഞു്.
13. കരയുന്ന കുട്ടിക്കേ പാലുള്ളു.
14. കണ്ടാൽ കളി, കണ്ടില്ലെങ്കിൽ കാര്യം.
15. കുടലെടുത്തു കാണിച്ചാലും വാഴനാരു്.

ഇപ്രകാരമുള്ള പഴഞ്ചൊല്ലുകളെ ലോകസ്വഭാവനിർദ്ദേശകങ്ങളായി ഭേദിപ്പിച്ചതിന്റെ യുക്തതയെപ്പററി അല്പം പറയേണ്ടതായിട്ടുണ്ടു്. ലോകസ്വഭാവം എന്നുള്ളതിന്റെ അർത്ഥം കുറെ അധികം വ്യാപകമാണു്. ലോകരിൽ സാമാന്യേന അന്തർവിച്ചിരിക്കുന്നവയും അതുകൊണ്ടുതന്നെ യഥാർത്ഥഭൂതങ്ങളും ആയ കാര്യങ്ങളാണു് ലോകസ്വഭാവം എന്നു പറയുമ്പോൾ മുഖ്യമായി നിർദ്ദിഷ്ടമാകുന്നതു്. എന്നാൽ, ലോകത്തിൽ ഒരു ന്യൂനപക്ഷത്തിൽ മാത്രം ദർശിക്കാവുന്നവയും പലപ്പോഴും അവ്യാപ്ത്യതിവ്യാപ്ത്യസംഭവരൂപമായ ലക്ഷണദോഷത്രയത്താൽ ബാധിതങ്ങളാകാവുന്നവയും ആയ സ്വഭാവങ്ങളെയാണു് പ്രസ്തുതങ്ങളായ പഴഞ്ചൊല്ലുകൾ ലക്ഷീകരിച്ചിട്ടുള്ളതു്. സാമാന്യജനതയുടെ യഥാർത്ഥഭാവങ്ങളല്ല, അല്പപക്ഷജനതയുടെ ക്ഷണികങ്ങളും വിചിത്രങ്ങളും ആയ പ്രവൃത്തികൾകൊണ്ടു് കല്പിതങ്ങളായ ഭാവങ്ങളാണു്, പഴഞ്ചൊല്ലുകൾക്കു് വിഷയീഭവിച്ചിട്ടുള്ളതു്. "അഴകുള്ള ചക്കയ്ക്കു് ചുളയില്ല" എന്ന പഴഞ്ചൊല്ലു് ഒരിക്കലുമിളകാത്ത ഒരു തത്വത്തെ അല്ല പ്രസ്താവിക്കുന്നതെന്നു് പറയേണ്ടതില്ലല്ലോ. ബാഹ്യഗുണങ്ങളും ആഭ്യന്തരഗുണങ്ങളും ഭിന്നാധികരണങ്ങളായി എവിടെ എങ്കിലും സംഭവിച്ചിരിക്കുമ്പോൾ, ഈ പഴഞ്ചൊല്ലു് പ്രയോഗിക്കത്തക്കതാണു് എന്നല്ലാതെ, അതിൽ കൂടുതലായി അതിനു് പ്രസക്തി കല്പിക്കാവുന്നതല്ല. "അകത്തു കത്തിയും പുറത്തു പത്തിയും" എന്നതു് ഒരു ദുർജ്ജനലക്ഷണത്തേയും "അക്കരെ നിന്നവൻ തോണിയുരുട്ടി" "ഒട്ടക്കമിരുന്നവൻകട്ടിലൊടിച്ചു" മുതലായവ ചിലരുടെ അപരാധാരോപണസമ്പ്രദായത്തേയും "കാക്കയ്ക്കും തൻകുഞ്ഞു് പൊൻകുഞ്ഞു്" ഇത്യാദികൾ സാധാരണമായ ഒരു മനോഗതിയേയും ചിത്രീകരിക്കുന്നതേയുള്ളു. പഴഞ്ചൊല്ലുകൾ, ശാസ്ത്രവാക്യങ്ങൾ പോലെ തത്വമാത്രകങ്ങളാകാത്തതു് ദോഷമല്ല, ഗുണമാണെന്നും കൂടി ചുരുക്കത്തിൽ പ്രസ്താവിച്ചുകൊള്ളട്ടെ.

## നിരീക്ഷണം

1. പോക്കററാൽ പുലി പുല്ലും തിന്നും.
2. കുളത്തിലുണ്ടെങ്കിലേ മടയിൽ പായൂ.
3. ഒരേററത്തിനു് ഒരിറക്കവുമുണ്ടു്.
4. ഏച്ചുകെട്ടിയാൽമുഴച്ചുനില്ക്കും.
5. നരിക്കു വിളയാട്ടം; ഞണ്ടിനു് പ്രാണാവസ്ഥ.
6. മൂക്കില്ലാ രാജ്യത്തു് മുറിമൂക്കൻ രാജാവു്.
7. ഇരുന്നുണ്ടാൽ കുന്നും തുലയും.
8. ചിരട്ടയിൽവെള്ളം ഉറുമ്പിനു സമുദ്രം.
9. ചങ്ങാതി നന്നെങ്കിൽ കണ്ണാടി വേണ്ട.

10. ജാത്യാലുള്ളതു തൂത്താൽ പോകുമോ?

ഇങ്ങനെ നിരീക്ഷണപ്രധാനങ്ങളും ഇതിനു മുൻപു്, കാണിച്ച ലോകസ്വഭാവപരങ്ങളായവയെക്കാൾ വ്യാപകങ്ങളും ആപേക്ഷികമായി ദൃഢങ്ങളും ആയ തത്ത്വങ്ങളുടെ നിദർശനങ്ങളായുള്ള പഴഞ്ചൊല്ലുകളും ധാരാളമായിട്ടുണ്ടു്. പോക്കററാൽ പുലി പുല്ലും തിന്നും—എന്ന പഴഞ്ചൊല്ലുതന്നെ നോക്കുക. അതു് ഗത്യന്തരമില്ലാതെ വരുമ്പോൾ എത്ര അഭിമാനിയായുള്ളവനും കേവലം ഒരു സാധാരണനെപ്പോലെ ജീവസന്ധാരണം ചെയ്യുവാൻ നിർബന്ധിതനായിത്തീർന്നുപോകുന്നതാണു് എന്നുള്ള തത്ത്വത്തെ നിരീക്ഷണം ചെയ്തു് പ്രസ്താവിച്ചിട്ടുള്ളതല്ലയോ? ഈ തത്ത്വങ്ങൾക്കു് സാർവ്വത്രികമായ പ്രസക്തിയും സംഭവിക്കുന്നുണ്ടു്. വർണ്ണ്യവസ്തുവിന്റെ സമർത്ഥനത്തിനു് ഉപകാരകങ്ങളായ ദൃഷ്ടാന്തങ്ങളത്രെ പഴഞ്ചൊല്ലുകളിലെ ഉള്ളടക്കങ്ങൾ എന്നുള്ളതും പ്രസ്താവ്യമാണു്.

പഴഞ്ചൊല്ലുകളെ രൂപം പ്രമാണിച്ചു നോക്കുമ്പോൾ, അക്കാലത്തെ ജനതയുടെ സാമുദായികസ്ഥിതികളും ശാസ്ത്രസംബന്ധങ്ങളായ വിശ്വാസങ്ങളും വിവിധങ്ങളായ ജീവികാവ്യാപാരങ്ങളും അവയിൽ ഏറിയകൂറും പ്രതിഫലിക്കുന്നതായി കാണുവാൻ കഴിയും. ഉപദേശങ്ങൾ, ലോകസ്വഭാവങ്ങൾ, തത്ത്വദർശനങ്ങൾ—എന്നിങ്ങനെ അർത്ഥനിഷ്ഠമായി വിഭിന്നത പ്രതിപാദിച്ചതുപോലെ ശബ്ദനിഷ്ഠമായ ഒരു ഭേദപ്രദർശനം സുകരമോ കാര്യകാരിയോ അല്ല.

“അരയ്ക്കൊരു കത്തി പുരയ്ക്കൊരു മുത്തി; അമ്മായി ഉടച്ചതു് മൺചട്ടി; മരുമകളുടച്ചതു് പൊൻചട്ടി; ഉത്രാടം ഉച്ചയാകുമ്പോൾ അച്ചിമാർക്കൊരു വെപ്രാളം; അമ്മിയും കുഴവിയും ചവിട്ടീട്ടോ വന്നതു്; അമ്മ ചത്തു കിടന്നാലും വാഴയ്ക്കാത്തോലു വാരിക്കളഞ്ഞിട്ടു കരയണം; ആരുമില്ലാഞ്ഞാൽ പട്ടർ, ഏതുമില്ലാഞ്ഞാൽ താൾ; ആശാരിയുടെ ചേലു് ആദിയും ഒടുവും കഷ്ടം; ഇട്ടിയമ്മ ചാടിയാൽ കൊട്ടിയമ്പലംവരെ—എന്നിങ്ങനെ ശ്രവണമാത്രത്തിൽ സാമുദായികസ്ഥിതികളെ അവലംബിച്ചുള്ളവയും, അഞ്ചാമത്തെപ്പെണ്ണാരവാരത്തോടെ; ഒൻപതാമത്തെപ്പെണ്ണു് പൊൻപണംവാരും; ആൺമൂലം അറവെയ്ക്കും; ആയില്യം അയൽ മുടിക്കും; എട്ടാമത്തെ പെണ്ണു നോക്കുന്നേടം മുടിയും; കള്ളനെ വിശ്വസിച്ചാലും കുള്ളനെ വിശ്വസിച്ചുകൂട; അരണ കടിച്ചാൽ ഉടനേ മരണം—എന്നിങ്ങനെയുള്ള പൊതുവിശ്വാസങ്ങളും, അടിസ്ഥാനമുറച്ചേ ആരൂഢമുറയ്ക്കൂ; അതിവിടയമുണ്ടെങ്കിൽ അതിസാരം പുറത്തു്; ആയിരം കുറുന്തോട്ടി കുടിച്ചാൽ അയൽ അറിയാതെ പെറും—എന്നിങ്ങനെ ശാസ്ത്രോക്തികളോടു ബന്ധപ്പെട്ടവയും കൃഷി, കച്ചവടം മുതലായുള്ള തൊഴിലുകളേയും, നായാട്ടു്, കളരിപ്പയററു് മുതലായ വിനോദസമ്പ്രദായങ്ങളെയും കുറിക്കുന്നവയും ആണു് മിക്കപഴഞ്ചൊല്ലുകളും എന്നു് അധികം പ്രയാസം കൂടാതെ ധരിക്കാവുന്നതാണു്.

പരിതഃസ്ഥിതിയുടെ സങ്കുചിതത്വം നിമിത്തം പഴഞ്ചൊല്ലുകൾ പ്രായേണ സാർവ്വലൌകികത്വം ഇല്ലാത്തവയായി തീർന്നുപോയിട്ടുണ്ടെന്നു പറയേണ്ടിയിരിക്കുന്നു. പക്ഷേ, ഇതരസാഹിത്യങ്ങളോടും സമാനാർത്ഥകത്വം കൊണ്ടു് ഏകജാതീയത്വം സിദ്ധിക്കുവാൻ യോഗ്യത

യുള്ള ഒട്ടനേകം പഴഞ്ചൊല്ലുകൾ കേരളഭാഷയിൽ കാണുന്നതു് മാനുഷസമുദായത്തിൻെറ ചിത്തവൃത്തി വിഭിന്നസ്ഥലങ്ങളിലും അഭിന്നമായി സംഭാവ്യമാണെന്നുള്ളതിനെ നല്ലപോലെ തെളിയിക്കുന്നുണ്ടു്. തജ്ജമകളാണെന്നുള്ള സന്ദേഹത്തിനുകൂടി അനാസ്പദങ്ങളായ പഴഞ്ചൊല്ലുകളെയാണു് ഈ പ്രകൃതത്തിൽ ഉദ്ദേശിച്ചിട്ടുള്ളതെന്നുകൂടി പറഞ്ഞുകൊള്ളട്ടെ. ഭാഷയിലുള്ള ഏതാനും പഴഞ്ചൊല്ലുകളേയും അവയോടു മിക്കവാറും തുല്യാർത്ഥകങ്ങളായി മറേറതെങ്കിലും ഭാഷയിലുള്ള പഴഞ്ചൊല്ലുകളേയും ചുവടെ ഉദ്ധരിക്കാം.

1. പയ്യെത്തിന്നാൽ പനയും തിന്നാം.
   Slow and Steady wins the race.
2. പണംകൊണ്ടെറിഞ്ഞെങ്കിലേ പണത്തേലു് കൊള്ളൂ.
   Nothing venture nothing have.
3. ആന ചോരുന്നതറിയില്ല, കൊതു ചോരുന്നതറിയാം.
   Penny-wise and Pound-foolish.
4. ചുണ്ടയ്ക്കു കാലു്പ്പണം ചുമട്ടുകൂലി മുക്കാലു്പ്പണം.
   The game is not worth the candle.
5. ജാത്യാലുള്ളതു തൂത്താൽ പോകുമോ?
   What is bred in the bone cannot go out of flesh.
6. ദാനം കിട്ടിയ പശുവിൻെറ പല്ലു നോക്കാറുണ്ടോ?
   Look not a gift horse in the mouth.
7. പലതുള്ളി പെരുവെള്ളം.
   Many amickle makes a muckle.
8. ചേര തിന്നുന്ന നാട്ടിൽ ചെന്നാൽ നടുക്കണ്ടം തിന്നണം.
   When you are at Rome, do as the Romans do.
9. കുരയ്ക്കും പട്ടി കടിക്കുല്ല.
   Barking dogs seldom bite.
10. കുറക്കുടം കൂത്താടും!
   Empty vessels make the greatest sound.

ഭിന്നഭാഷകൾക്കു തമ്മിലുള്ള ഈ സാദൃശ്യം ഭാഷാപ്രയോഗത്തിൻെറ ഉദ്ദേശ്യം ഒന്നുതന്നെയാണെന്നുള്ളതുകൊണ്ടും എല്ലാ മനുഷ്യരുടെ ഹൃദയവും ബുദ്ധിയും ഒരേ മാതിരിയിൽ ആണു് പ്രവർത്തിക്കുന്നതെന്നുള്ളതുകൊണ്ടും സാധൂകൃതമാകുന്നു.

സുപ്രസിദ്ധങ്ങളായ പല പഴഞ്ചൊല്ലുകൾക്കും സാഹിത്യകാരന്മാർ സ്വകീയകല്പനകളോടൊപ്പം സ്ഥാനം നല്കിയിട്ടുണ്ടെന്നു് മുൻപു സൂചിപ്പിച്ചുവല്ലൊ. ഇന്നത്തെ പരിഷ്കൃതദശയിൽ ഉപന്യാസങ്ങളിലും മററും കവിവാക്യങ്ങൾ ഉദ്ധരിക്കപ്പെടുന്നതുപോലെ എല്ലാക്കാലത്തും സംഭാഷണഭാഷയിൽ പഴഞ്ചൊല്ലുകൾ ഒരുതരം പ്രമാണവാക്യങ്ങളായിത്തന്നെ പ്രയോഗിക്കപ്പെടുന്നവയാണു്. അതുകൊണ്ടു് കവികൾക്കും വിവിധപാത്രങ്ങളുടെ ഭാഷണത്തിൽ പല പഴഞ്ചൊല്ലുകളേയും ഉപാദാനം ചെയ്യേണ്ടിവരുന്നതു് സ്വാഭാവികമാണല്ലൊ. ചിലപ്പോൾ കവിയുടെ സംസ്കാരപ്രവണമായ തൂലിക, പൂർവ്വാധികം ആകർഷകമായ രൂപം നല്കി പ്രകൃതിഭേദം പോലും ശങ്കിക്കപ്പെടാത്തവണ്ണം പ്രകടീകരിച്ചിട്ടുള്ളതും ഇടയ്ക്കിടയ്ക്കു്

സംദൃശ്യമാണ്. സാധാരണജനങ്ങളുടെ ജീവിതസമ്പ്രദായങ്ങളെ ഭങ്ഗ്യന്തരേണ മിശ്രണം ചെയ്തിട്ടുള്ള കുഞ്ചൻനമ്പ്യാരുടെ തുള്ളല്ക്കഥകളാണ് ഭാഷാസാഹിത്യത്തിൽ പരശ്ശതം പഴഞ്ചൊല്ലുകൾക്ക് കേദാരങ്ങളായിട്ടുള്ളത്. ഒരു തുള്ളല്ക്കൃതി, അതും അപൂൎണ്ണമായി മാത്രം, രചിച്ചിട്ടുള്ള വിദ്വാൻ കോയിത്തമ്പുരാനും കുഞ്ചൻനമ്പ്യാരോടൊപ്പംതന്നെ അളവിൽ കൂടുതൽ പഴഞ്ചൊല്ലുകൾ നിബന്ധിച്ചിട്ടുണ്ട്. കൃഷ്ണഗാഥാകൎത്താവും പഴഞ്ചൊല്ലുകൾ പ്രയോഗിക്കുവാൻ കിട്ടിയ സന്ദൎഭങ്ങൾ വെറുതെ വിട്ടുകളഞ്ഞിട്ടില്ലെന്നുള്ളതും പ്രസ്താവ്യമാണ്. സരസന്മാരായ ചില കഥകളിഗ്രന്ഥകാരന്മാരും തങ്ങളുടെ സംസ്കൃതപ്രചുരമായ ഭാഷാരീതിയോടൊത്തുതന്നെ വേഷം മാററി ചില പഴഞ്ചൊല്ലുകൾ പ്രയോഗിച്ചിട്ടുള്ളതു കാണാം. അത്രയും മാത്രമല്ല, പ്രാചീനരും ആധുനികരുമായ എല്ലാ ഉത്തമസാഹിത്യകാരന്മാരും യഥോചിതം പഴഞ്ചൊല്ലുകളെ ആദരിച്ചിട്ടുള്ളവരത്രെ. ഇതിലേക്ക് ദിങ്മാത്രമായി ചില ദൃഷ്ടാന്തങ്ങൾ ഉദ്ധരിക്കുന്നതിന്നേ ഈ പ്രകൃതത്തിൽ ഉദ്ദേശിക്കുന്നുള്ളു.

കുരയ്ക്കും പട്ടികളുണ്ടോ കടിക്കുന്നു
നിജസ്തോത്ര—
മുരയ്ക്കുന്നോരുടെ വിദ്യയ്ക്കിരിക്കും
ദൂഷണമെല്ലാം.1

........................

ഊണുമുറക്കമിളച്ചു ലഭിച്ചതു
വേണമെനിക്കെന്നോതീടാമോ?
തട്ടും കൊട്ടും ചെണ്ടയ്ക്കത്രേ
കിട്ടും പണമതു മാരാന്മാൎക്കും.2
വെട്ടും കുത്തും പരിശയ്ക്കത്രേ
കിട്ടും വിരുതു പണിക്കൎക്കെന്നും.3
ഇത്തരമുള്ള പഴഞ്ചൊല്ലോട—
ങ്ങൊത്തീടുന്നീ വാൎത്തകളെല്ലാം.

........................

നമ്മുടെ മകനെന്നാകിലുമിങ്ങനെ
നിൎമ്മരിയാദം ഭാവിച്ചാലതു
സമ്മതമല്ല നമുക്കൊരു നാളും
തന്മദഭംഗം ചെയ്തേ പോരൂ;
തള്ളയ്ക്കിട്ടൊരു തല്ലു വരുമ്പോൾ
പിള്ളയെടുത്തു തടുക്കേയുള്ളു.4
തന്നെക്കാൾ പ്രിയമുള്ള ജനത്തിനു
തന്നുടലീന്നു പിറന്നതു പോരും
വല്ലാമക്കളിലില്ലാമക്കളി
തെല്ലാവൎക്കും സമ്മതമല്ലോ.

........................

കൊററിന്നില്ലാത്തവൻ
കോപ്പു മോഹിക്കുമോ
വററിനില്ലാത്തവൻ
പാല് കുടിച്ചീടുമോ
വീട്ടിലുണ്ടെങ്കിൽ
വിരുന്നു ചോറും കിട്ടു—
മൂട്ടിലും കിട്ടാ
ദരിദ്രനെന്നോൎക്കണം.5

........................

കയ്യിൽ കിട്ടിയ കനകമുപേക്ഷി-
ച്ചീയ്യം കൊള്ളാനിച്ഛിക്കൊല്ലാ.

........................

ഈററനോവിൻെറ
പരമാൎത്ഥമൊക്കെയും

1. കുരയ്ക്കും പട്ടി കടിക്കുകയില്ല. 2. അടി കൊള്ളാൻ ചെണ്ട; പണം പററാൻ മാരാൻ. 3. പട്ടും വളയും പണിക്കൎക്ക്; വെട്ടും കുത്തും പരിശയ്ക്ക്. 4. തള്ളയ്ക്കു ചുടുമ്പോൾ കുട്ടിയെ ഇട്ടു ചവിട്ടും. 5. വീട്ടിൽ ചോറുണ്ടെങ്കിൽ വിരുന്നുചോറുമുണ്ട്.

പെററപെണ്ണുങ്ങൾക്കു
തന്നെയറിയാവൂ. 6
കണ്ടാലറിവാൻ സമൎത്ഥ-
നല്ലെങ്കിൽ നീ
കൊണ്ടാലറിയുമതിനില്ല സംശയം.
ക്രുനൻ മദിച്ചെന്നാൽ
ഗോപുരം കുത്തുമോ. 7
വാനരന്മാരെന്തു
കാട്ടുന്നു നമ്മോടു്.

..............................

കേട്ടതും കണ്ടതും
കാട്ടിത്തുടങ്ങിയാൽ
കാട്ടുകോഴിക്കെന്തു സംക്രാന്തി 8
യെന്നപോൽ
നാട്ടുകാരാരും യജമാനനെച്ചെററു
കൂട്ടാക്കയില്ലെന്നു വന്നു
കൂട്ടം ക്രമാൽ.
(കുഞ്ചൻ നമ്പ്യാർ.)

തേവരെസ്സേവിക്കയല്ലാതെ
ഞാൻ ബലി
തൂവുന്ന കല്ലെത്തൊഴുവ
മാറില്ലെടോ 9

.............. ..............

പൂച്ചയ്ക്കു പൊന്നുരുക്കീടു-
ന്നിടത്തെന്തു
കാൎയ്യംകൊണ്ടാണുള്ള കാൎയ്യം 10
നിനയ്ക്കുകിൽ
പെററ പെണ്ണല്ലാതെ
പേററിൻെറ നൊമ്പലം
മററുള്ളവരറിഞ്ഞീടു-
ന്നതെങ്ങനെ

......... . ....................

ചെട്ടിക്കു കിട്ടിയ
കള്ളപ്പണംപോലെ 11
മുട്ടിച്ചു ചോദിപ്പതിനും
വഴിയില്ല.
(വിദ്വാൻ കോയിത്തമ്പുരാൻ)

ഓൎക്കിൽ ഞാൻ ചൊന്നതു
യോഗ്യമായ് വന്നിടും
പോക്കററ വൻപുലി
പുല്ലുമേയും 12
ആയിരംകാകനു പാഷാണ
മൊന്നു താൻ 13
വേണ്ടതെന്നുതെന്നതു
കേൾപ്പുണ്ടല്ലോ.

...............................

കാളയുണ്ടെങ്ങൂട്ടു
പെററു കിടക്കുന്നു
നീളമുണ്ടായൊരു
പാശം കൊണ്ടാ 14
എന്നങ്ങു ചൊല്ലുന്ന
വേലയോടൊക്കുമേ
ഇന്നിങ്ങൾ ചിന്തിച്ചു
ചെയ്യുതെല്ലാം
(ചെറുശ്ശേരി)

മിളിതം പദയുഗളേ
നിഗളതയാ മാൎഗ്ഗിതയാ ലതയാ 15

..............................

6. പെററവൎക്കറിയാം പിള്ളവരുത്തം 7. ക്രുനൻ കുലുക്കിയാൽ ഗോപുരം കുലുങ്ങുമോ 8. കാട്ടു കോഴിക്കുണ്ടോ മകരസംക്രാന്തി! 9. തേവർ ഇരിക്കെ വെലിക്കല്ലിനെ തൊഴേണ്ട. 10. പൂച്ചയ്ക്കെന്താ പൊന്നുരുക്കുന്നേടത്തു കാൎയ്യം 11. ചെട്ടിക്കു കള്ളപ്പണം വന്നാൽ കുഴിച്ചുമൂടുകയേ ഉള്ളു. 12. പോക്കററാൽ പുലി പുല്ലും തിന്നും. 13. ആയിരംകാക്കയ്ക്കൊരുകല്ല്. 14. കാള പെററെന്നു കേട്ടു് കയറെടുത്തു. 15. തേടിയവള്ളി കാലിൽ ചുററി.

പാഥസ്സാം നിചയം വാൺമൊഴി
[ഞ്ഞുളവു
സേതുബന്ധനോദ്യോഗമെന്തെടോ? 16
(ഉണ്ണായിവാര്യർ.)

അഞ്ജനൌഷധി തേടുമളവില-
പാരദൈവയോഗാൽ—നിധി
കഞ്ജനേർമിഴി! കാലിലണഞ്ഞതു
കളയുന്നവരുണ്ടോ ?
(വിദ്വാൻ കോയിത്തമ്പുരാൻ)

മേല്ക്കാണിച്ചിട്ടുള്ള കവിവാക്യങ്ങളിൽ നിന്നും പഴഞ്ചൊല്ലുകളുടെ സന്ദർഭോപയോഗിത്വം വിശദമാകുമല്ലൊ. പഴഞ്ചൊല്ലുകൾ തന്നെ, ഒരു വക സാഹിത്യമുക്തകങ്ങളാണെന്നും പറയാവുന്നതാണ്. എത്രകാലം കഴിഞ്ഞാലും പഴഞ്ചൊല്ലുകൾക്ക് പഴമ എന്നൊരു ദോഷം സംഭവിച്ചുപോകുന്നതല്ല. പഴഞ്ചൊല്ലുകളെ ആസ്പദമാക്കി കേരളീയരുടെ സ്വന്തമായ രചനാവിശേഷങ്ങളും നിർദ്ധാരണം ചെയ്യാവുന്നതാണ്. സംസ്കൃതരീതിയിലുള്ള ഭാഷാധർമ്മങ്ങളെയാണ് അധികമായി നമ്മുടെ അലങ്കാരശാസ്ത്രകാരന്മാരും മററും പരിവർത്തനം ചെയ്തിട്ടുള്ളതു്. പഴഞ്ചൊല്ലുകൾ മുഴുക്കെയും നോക്കുമ്പോൾ കേരളഭാഷയ്ക്കു് സ്വാഭാവികങ്ങളായ അലങ്കാരവിശേഷങ്ങളും മററും പല അംശത്തിലും ഇതരഭിന്നങ്ങളാണെന്ന് കാണാൻ കഴിയുമെന്നാണ് ദൃഢമായി ഉപന്യസിക്കുവാനുള്ളതു്. ഭാഷയിൽ തജ്ജമകളായി കടന്നുകൂടിയിട്ടുള്ള പഴഞ്ചൊല്ലുകളെപ്പററി വിശേഷവിധിയായി യാതൊന്നും പറയുന്നില്ല. പക്ഷേ, ആശയസമൃദ്ധിക്കു മററുഭാഷകളിൽനിന്നും പലതിനോടുമൊപ്പം പഴഞ്ചൊല്ലുകളേയും തജ്ജമചെയ്യേണ്ടതാണെന്നിരുന്നാലും അങ്ങനെയുള്ളവയ്ക്കു് ഒരിക്കലും കേരളീയക്ക് സ്വന്തമായി സിദ്ധിച്ചിട്ടുള്ള പഴഞ്ചൊല്ലുകളോടു കിടനില്ക്കുവാൻ കഴിയുന്നതല്ലെന്നു് പറയേണ്ടിയിരിക്കുന്നു. കൂടാതെ, ഗവേഷകന്മാർ ഇങ്ങനെ രണ്ടു പ്രകാരത്തിൽ ഭാഷയിൽ സ്ഥാനം പിടിച്ചിട്ടുള്ള പഴഞ്ചൊല്ലുകളെ പരസ്പരം മിശ്രണം ചെയ്യുന്നതു് ശുഭകരമായിരിക്കുമെന്നും തോന്നുന്നില്ല.

എന്തെല്ലാം പരിവർത്തനങ്ങളും പരസ്പരവിനിയമങ്ങളും സംഭവിച്ചിട്ടുണ്ടെങ്കിലും ഇതേവരെയും യാതൊരു കോട്ടവും വന്നിട്ടില്ലാത്തതും ഒരു കാലത്തും വരാത്തതും കൈരളിയുടെ തറവാട്ടുസ്വത്തായി എന്നെന്നും പരിലസിക്കുന്നതും ആയ അമൂല്യഭണ്ഡാഗാരങ്ങളാണ് പഴഞ്ചൊല്ലുകൾ. കേരളീയരുടെ ദേശാഭിമാനം, ഇപ്പോൾ അശ്രദ്ധ കൊണ്ടു് ക്രമേണ വിലയം പ്രാപിച്ചുപോരുന്ന പഴഞ്ചൊല്ലുകളുടെ അത്യുത്തമമായ രക്ഷണപോഷണങ്ങൾക്കു് പ്രയോജകമാകുമെങ്കിൽ അതെത്രയോ അഭിലഷണീയമായിത്തീരുന്നതാണ്.

## പഴഞ്ചൊല്ലിൽ പതിരില്ല.

ശുഭം

16. ചിറ മുറിഞ്ഞിട്ടു് അണകെട്ടിയാൽ ഫലമെന്തു്?

ശ്രീ

# ഭക്തിപ്രഭാവശതകം.

(എം. രാജരാജവമ്മ തമ്പുരാൻ എം. ഏ , ബി. എൽ.)

൧

ബുദ്ധിക്കന്താണു നേട്ടം? ത്രിവിധ
കരണവും കൊണ്ടു സാധിപ്പതെല്ലാം
ശുദ്ധിക്കാധാരമാക്കീട്ടവിരതമുയരും
തത്ത്വബോധാണ്ണവത്തിൽ
സിദ്ധിച്ചീടുന്ന ദിവ്യാമലസുധവിധി
പോലുണ്ടു ഭക്തിപ്രഭാവം
വദ്ധിപ്പിക്കുന്ന മാതൃപ്രകൃതിയെ
വിനയിപ്പിച്ചു വത്തിപ്പതത്രേ.

൨

ലോകത്തിൻെറ മഹത്ത്വമിന്ദ്രിയ
വഴിക്കുധ്യാഹരിച്ചേറിടും
നാകം നാരകവും നരിക്കു നരനോടൊപ്പം
വിളങ്ങാത്തതും,
രാകാചന്ദ്രമരന്ദമുണ്ടു പുലരിപ്പാടൊട്ടു
പാടിപ്പര-
ന്നാകാശത്തു പറന്നിടും പറവികൾ
ക്കില്ലാത്തതും കിംപുനഃ?

൩

കന്നാലിപ്പരിഷയ്ക്കു കൂട്ടുകലരും
മൈതാനമാനന്ദമോ-
ടെന്നാളും പുതുപൂവിരിച്ചരുളുമിങ്ങാ
ദിത്യനാരാധനം;
എന്നാലിന്നതു ചെയ്യുതേതുമറിയുന്നില
സ്വബോധം വിനാ,
മന്നും വാനുമതിന്നു മിന്നുമൊരു പോലെ
ന്നാളുമൊന്നായ്പരം.

൪

മാനം കേറിമുഴത്തുമാനവർ വിമാന-
ത്തിൽപ്പറന്നുന്നതം
സ്ഥാനം പൂണ്ടധികാരബോധമിയലും
ബുദ്ധിപ്രഭാവത്തിനാൽ;
വാനം പാടികളും പറന്നു നിറവേറീടു-
ന്നതേമാതിരി-
ക്കാനന്ദസ്ഥിതി വാസനാവിനതരായ്-
മാത്രം വികാരം വിനാ!

൫

ഒന്നിച്ചേകകുടുംബമായി മരുവീടുന്നോർ
പിരിഞ്ഞീടിലോ
തുന്നിക്കീറിയ പാവിനൊത്തതുടയാട
യ്ക്കായ് ഫലിക്കില്ലകേം!
ഭിന്നിച്ചീടുകിലിന്ദ്രിയാത്ഥവിവിധ-
ഗ്രാമങ്ങളും ബുദ്ധിയും
ശൂന്നം തന്നെ മനീഷ പാപ്പർഹരിജി
ക്കാധാരമായീടുമേ.

൬

എന്താണുന്നതിമാനവക്കു വരുവാൻ
ജന്തുക്കളെക്കാളഹോ
താന്താങ്ങൾക്കുടലിന്നു വേണ്ട വിഭവം
കാണുന്നുമുണ്ടെങ്കിലും?
ചെന്താരിൻെറ മരന്ദമുണ്ടുമരളും വണ്ടി-
നുമുണ്ടായിടാ
സ്വാന്താമോദമതിന്മനോഹരതയിൽ,
സ്നേഹം വരാ ഭക്തിയും.

൭

നന്മയുള്ള മനോഹരത്വമുരപ്പെററീടുന്ന
ബുദ്ധിക്കുതാൻ
തിന്മയുള്ള വിധാനമിന്ദ്രിയവഴിക്കുണ്ടാ
യിടുന്നു ക്രമാൽ;
വന്മായം വരുവാൻനിദാനമവനോനെ-
ന്തെന്നു ചിന്തിക്കിലോ
തന്മാനഭ്രമമെന്ന ബോധമുദയം കൊള്ളും
സമാധാനമായ്.

വ്വ

ഏറിക്കാണുക യന്ത്രശാലകൾ മഹാ
ലോകം ചമയ്ക്കും വിധം
ക്രീടും തറി ചിത്രവേല കലരും
നൂറായിരം മാതിരി
ആറിപ്പോകുമതൊക്കെ മൂലവലയെ-
ച്ചുററൊന്നു നിന്നീടിലോ;
വേറിട്ടാലതുപോൽ നിലയ്ക്കുമുലകം
ബുദ്ധീന്ദ്രിയച്ചാട്ടകൾ.

൯

യോഗാഭ്യാസമുറയ്ക്കുനേടിവിരുതും നൈ
രാശ്യവും ത്യാഗവും
വേഗംസംസൃതിസാഗരം മറികടന്നീടുന്ന-
യോഗീശ്വരർ
ഭോഗത്തിൽസ്പൃഹവിട്ടു ലോകമുറയും
മേലിട്ടു വർത്തിക്കിലും
രോഗം വന്നണയുന്നവാറു പ്രകൃതിപ്രാഗ-
ല്ഭ്യ മെററീടുമേ.

൧൦

വിത്തിന്നൊത്തുവരും മരത്തിനു ഗുണം പ്ര
ത്യേകമായ് പാർക്കിലും
ചിത്തം മർത്ത്യനുചേർന്നുവെങ്കിലുമതും വി
ശ്വത്തിൽ വേരററതാം;
സത്താണിന്നിതു ലോകസൃഷ്ടിയിൽ, വി
ശേഷജ്ഞാനമേല്ലും നരൻ
സത്യാനന്ദമറിഞ്ഞുചെററുഭഗവന്മാഹാ
ത്മ്യമേററീടുമേ.

(തുടരും)

---

# കിമപികാവ്യം.

---

## ദ്വിതീയസർഗ്ഗം (തുടർച്ച)

(പി. കെ. നാരായണപിള്ള ബി. ഏ., ബി. എൽ.)

(1) അഥ നരപതി ചിന്തി
ച്ചെത്തുവാൻ സ്വാന്തവൃന്ത-
വ്യഥയതപനയിക്കാൻ
വിദ്യയെന്നുദ്യതാത്മാ
ശ്ലഥമപി മമ ചേതസ്സേ-
കലക്ഷ്യാഭികാംക്ഷാ
പഥവിമുഖത തെല്ലും
തേടിടുന്നില്ല ചിത്രം !

സ്വാന്തവൃന്തവ്യഥയതപനയിക്കാൻ എത്തുവാൻ വിദ്യയെന്നുദ്യതാത്മാനരപതി അഥ ചിന്തിച്ചു—എന്നന്വയം. സ്വാന്തവൃന്തവ്യഥ=സ്വാന്തത്തിൻെറ (മനസ്സിൻെറ) വൃന്തത്തിൻെറ (ഞെട്ടിൻെറ) വ്യഥ (ദുഃഖം) അപനയിക്ക=നീക്കുക. ഉദ്യതാത്മാ—ഉദ്യമം (യത്നം) ചെയ്യുന്നവൻ. 'ചിന്തിച്ചെത്തുവാൻ' എന്നിടത്തു് ആഖ്യാതത്തിൻെറ നടുവിലിരിക്കുന്ന ഉകാരത്തിന് സ്വരയോഗംകൊണ്ടു ലോപം. പിന്നെ വിചാരരീതിപറയുന്നു. മമചേതസ്സ്=എൻെറ

മനസ്സ്. ശ്ലഥമപി=ശ്ലഥം (അയവു തട്ടിയതു്) ആണെങ്കിലും. ഏകലക്ഷ്യാഭികാംക്ഷാപഥവിമുഖത=ഏകലക്ഷ്യത്തിലുള്ള അഭികാംക്ഷയുടെ പന്ഥാവിൽ വിമുഖത. ഏകലക്ഷ്യം=ഒരേഉദ്ദേശം. അഭികാംക്ഷ=താല്പര്യം. വിമുഖത=വിരസത. വിമുഖതതേടുന്നില്ല=ഉന്മുഖമായിരിക്കുന്നു എന്നർത്ഥം. ഹൃദയം ശ്ലഥമാണെങ്കിലും അതു് ഒരേവിഷയത്തിൽ തന്നെ ഉന്മുഖമായി പിൻതിരിയാതെ പ്രവർത്തിക്കുന്നു എന്നു സാരം. ചിത്രം=ഇതുവിചിത്രമായിരിക്കുന്നു. എന്തുകൊണ്ടെന്നാൽ ഹൃദയത്തിനു അയവുതട്ടുമ്പോൾ അശ്രദ്ധമായി പലവഴിക്കു് അതു വ്യാപരിക്കുന്നതാണ്; എന്നാൽ ഇവിടെ അങ്ങനെ സംഭവിക്കാതെ ഒരേ മാർഗ്ഗത്തിൽ ഒരേ ഉന്നത്തെ ലാക്കാക്കി പ്രവർത്തിച്ചുകൊണ്ടിരിക്കുന്നു; ഇതാണ് വൈചിത്ര്യം. വൃത്തം മാലിനി.

(2) അമരരുമുമിനീരാന്നീട്ട
മാറാഭമാറാ
തമരുമമൃതരശ്മിശ്ലാഘ്യയെ
ക്കണ്ടു കൂടിൽ
അമരുരുദിത മാമെൻ
പ്രാർത്ഥനം പിന്നെയാകാം
അമരുകശതശിക്ഷാലക്ഷ്യ
സാക്ഷാൽ പരീക്ഷാ

അമരരും=ദേവന്മാരും. ഉമിനീരാന്നീട്ടമാറു്=വായിൽ വെള്ളം ഉണ്ടാകുമാറു്—അതായതു കൊതിക്കുമാറു്. ആഭ=ശോഭ. മാറാതമരും=മാറാതെ ലയിച്ചിരിക്കുന്ന. അമൃതരശ്മിശ്ലാഘ്യ=അമൃതരശ്മിയാൽ ശ്ലാഘ്യ; ചന്ദ്രനെക്കാൾ മനോഹാരിണി എന്നു സാരം. അമൃതരശ്മി=ചന്ദ്രൻ. കണ്ടുകൂടിൽ=കണ്ടുമുട്ടിയാൽ. അമരുരുദിതം=മരുരുദിതമല്ലാത്തതു്. മരുരുദിതം=മരുഭൂമിയിലുള്ളവിലാപം. മരുഭൂമിയിലുള്ള വിലാപം നിഷ്പ്രയോജനമാണ്; അമരുരുദിതമാണെങ്കിൽ നിഷ്പ്രയോജനമാകയില്ലല്ലോ. പിന്നെ=എന്റെ പ്രാർത്ഥന അമരുരുദിതമായി ഭവിച്ചാൽ, അതായതു് സഫലമായാൽ പിന്നീടു്. അമരുകശതശിക്ഷാലക്ഷ്യസാക്ഷാൽപരീക്ഷ=അമരുകശതകം എന്ന ശൃംഗാരകവിതയുടെ അഭ്യാസം ലക്ഷ്യമാക്കിയുള്ള, പ്രത്യക്ഷമായ (അതായതു് സ്വാനുഭൂതിരൂപമായ) പരീക്ഷ. 'ആകാം' എന്ന ക്രിയ മുൻപാദത്തിൽ നിന്നു ഇവിടെ അന്വയിക്കണം. അമരുക ശതകത്തിൽ പലവിധമായ രതിരീതികൾ പറഞ്ഞു ഫലിപ്പിച്ചിരിക്കയാണ്. അതെല്ലാം ശരിതന്നെയോ എന്നു നേരിട്ടുള്ള പരീക്ഷ നായികയിൽ രാജാവിന്റെ പ്രാർത്ഥന ഫലിക്കുന്ന പക്ഷം സാധിക്കാം എന്നു താൽപര്യം.

(3) ഇതരരതിർകവിഞ്ഞാൽ
ബന്ധനം രാജകാര്യം
ക്ഷിതിപതിപരിചര്യാപര്യു
പസ്ഥാനബദ്ധൻ
പ്രതിദിനമൊരുയന്ത്രംപോലെ
ഞാനസ്വതന്ത്രൻ
സ്ഥിതിഗതികൾ നിനച്ചാ-
ലന്യരത്യന്തധന്യർ

ഇതരരതിർകവിഞ്ഞാൽ ബന്ധനം രാജകാര്യം=മററുള്ളവർ അതിക്രമം പ്രവർത്തിച്ചാൽ അവരെ ബന്ധിക്കേണ്ടതു രാജാവിന്റെ കൃത്യമാണ്. ക്ഷിതിപതി പരിചര്യാപര്യുപസ്ഥാനബദ്ധൻ=എന്നാൽ രാജാവാകട്ടെ പരിചര്യാപര്യുപസ്ഥാനംകൊണ്ടു് ബദ്ധനാണ്. പരിചര്യാപര്യുപസ്ഥാനം=പരിചര്യാരൂപത്തിൽ ഉള്ള പര്യുപസ്ഥാനം. പരിചര്യ=സേവനം. പര്യുപസ്ഥാനം=ചുററിപ്പററി ഭജിച്ചുനിൽക്കുന്ന നില. അനേകം പരിചരന്മാർ ചുററിനിന്നു സേവിക്കനിമിത്തം രാജാവുതന്നെ ഒരു വക ബന്ധനത്തിലാണ്. യഥേഷ്ടം സ്വൈരമായി സഞ്ചരിക്കാൻ നിവൃത്തിയില്ലാത്തവനാണെന്നു സാരം. പ്രതിദിനമൊരു...............ധന്യർ=പരന്മാരാൽ തിരിക്കപ്പെടുന്ന ഒരു യന്ത്രംപോലെ ഞാൻ അസ്വതന്ത്രനാണ്. എന്റെ കാര്യം ആലോചിച്ചാൽ മററുള്ളവർ എത്രയോ ധന്യന്മാരാണ് എന്നു് ഉത്തരാർദ്ധത്തിനു പൊതുവിൽ അർത്ഥം.

(4) അലർശരനലതല്ലി
ച്ചെന്മനസ്സിട്ടിളക്കീ
ട്ടലറിയരുകൊലയ്ക്കാത്തെ
ന്നൊടേല്ക്കുന്നപോലെ

അലസജലജലക്ഷ്മീ
ലാസ്യലീലാക്ഷിയോടും
കലശലിനു തുനിഞ്ഞാ
ലുണ്ടൊരാശാവകാശം

അലർശരൻ=കാമദേവൻ. അലതല്ലിച്ചെന്മനസ്സിട്ടിളക്കീട്ട്=എൻ മനസ്സ് തിരതല്ലിച്ച് ഇട്ടിളക്കീട്ട്. അലറി=ഗർജ്ജിച്ച്. അറുകൊലയ്ക്കൊത്ത്=അറുകൊലയ്ക്കു് തുല്യമായിട്ട്. എന്നൊടേശുന്നപോലെ=എന്നോട്ട് എതിക്കുന്നതുപോലെ. അലസജലജലക്ഷ്മീലാസ്യലീലാക്ഷി=അലസമായിരിക്കുന്ന ജലജലക്ഷ്മീലാസ്യലീലമായ അക്ഷിയോടുകൂടിയവൾ. ജലജലക്ഷ്മീ=താമരപ്പൂവിന്റെ ശോഭാ. ലാസ്യലീല=[അതിന്റെ] ലാസ്യമാകുന്നലീല; നൃത്തമാകുന്ന കളി. താമരപ്പൂവിന്റെ ശോഭാവിശേഷം നൃത്തംചെയ്തുകൊണ്ടിരിക്കുന്ന കണ്ണുകളോടുകൂടിയവൾ എന്നാർത്ഥം. സുന്ദരി എന്നു സാരം. കലശലിനു തുനിഞ്ഞാൽ=ശണ്ഠയ്ക്കു മുതിന്നാൽ. ഉണ്ടൊരാശാവകാശം=ആശയ്ക്കു കുറെ അവകാശമുണ്ട്. രാജാവിനെ എങ്ങനെയോ കാമദേവൻ പീഡിപ്പിക്കുന്നു അതുപോലെ നായികയേയും അലട്ടുന്നതായാൽ സ്വമനോരഥങ്ങളുടെ സിദ്ധിയ്ക്കു് ഏറെക്കുറെ മാർഗ്ഗം ഉണ്ടാവും എന്നു താൽപര്യം.

(5) ലടഭസുലഭയാമോ
മറെറാരാളെ സ്വചേത
സ്തടഭജനമഠത്തിൽ
സേവനം ചെയ്തിടുന്നോ
നടഭടവിടകൂട പ്രൌഢിയാൽ
മൂഢയാമോ
ജഡഭരതനു തുല്യൻ
ഞാനിതിധ്യാനലീനൻ

ലടഭ=സുന്ദരിയായ യുവതി; ക്ഷേമേന്ദ്രൻ, ബിൽഹണൻ, മുതലായ പ്രസിദ്ധകവികൾ പ്രയോഗിച്ചിട്ടുള്ള ഒരപ്രസിദ്ധപദം. “അനർഘലാവണ്യ നിധാനഭൂമിസ്സാകസ്യലോഭം ലടഭാതനോതി” എന്നു പ്രയോഗം കാൺക. സുലഭയാമോ=എളുപ്പത്തിൽ ലഭിക്കാവുന്നവളാണോ. സ്വചേതസ്തടഭജനമഠത്തിൽ=തന്റെ ഹൃദയമാകുന്നാ ഭജനമഠത്തിൽ. നായിക വേറെ വല്ലവരിലും അനുരക്തയാണോ എന്നു രാജാവു സംശയിക്കുന്നു എന്നാർത്ഥം. നടഭടവിടകൂടപ്രൌഢിയാൽ മൂഢയാമോ=നടന്മാർ, ഭടന്മാർ, വിടന്മാർ, ഇവരുടെ വ്യാജപ്രൌഢിയാൽ മൂഢയാമോ (മനംമയങ്ങിപ്പോയവളാണോ). ജഡഭരതനു തുല്യൻ=ജഡഭരതൻ എന്നു പേരുള്ള മുനിക്കുതുല്യൻ. ആ മുനി ഒരു മാനിന്റെ പേരിലുള്ള പ്രതിപത്തികൊണ്ട് ആ മാനിനെ തന്നെ ധ്യാനിച്ചു ധ്യാനിച്ച് ഒരു മാനായിതീന്നു എന്നു പുരാണപ്രസിദ്ധം. ജഡഭരതൻ എന്നു പറഞ്ഞാൽ മറയൻ എന്നുകൂടി ലക്ഷണയാ അർത്ഥം. ഞാനിതി ധ്യാനലീനൻ=ധ്യാനലീനനായിരിക്കുന്ന ഞാൻ ഇപ്രകാരം ജഡഭരതനു തുല്യനാകുന്നു എന്നു സാരം. ധ്യാനലീനൻ=ധ്യാനത്തിൽ ലയിച്ചവൻ. നായികയെത്തന്നെ ധ്യാനിച്ചു ധ്യാനിച്ചു പൌരുഷംപോയി സ്ത്രീ സ്വഭാവനായിതീന്നു എന്നു ഒരു ഭാവവും മറയനായിതീന്നു എന്നു വേറെ ഒരു ഭാവവും ഇവിടെ ഗ്രാഹ്യമാകുന്നു.

(6) ശശധരമുഖിമാരും ചന്ദ്രനും
സ്വാശ്രയത്താൽ
വിശദകുശലശക്തിശ്രേണി
പൂണ്ടുല്ലസിപ്പൂ
അശരണദശയിൽ താങ്ങാ
രവർക്കായവർക്കേ
വശഗകൾ ഹരിണീലോ
ലാക്ഷിമാർ മിക്കവാറും

ശശധരമുഖിമാർ=ചന്ദ്രമുഖിമാർ — സുന്ദരികൾ. സ്വാശ്രയത്താൽ=താൻ ആശ്രയിക്കുന്നവൻ നിമിത്തമായി. വിശദകുശലശക്തിശ്രേണിപൂണ്ടുല്ലസിപ്പൂ=വിശദവും (സ്പഷ്ടവും) കുശലവും (സമർത്ഥവും) ആയ ശക്തികളുടെ ശ്രേണി (കൂട്ടം) കൊണ്ടാണ് ഉല്ലസിക്കുന്നതു്. അശരണദശ=ശരണമില്ലാത്ത ഘട്ടം. താങ്ങാരായവർക്കേ വശഗകൾ=അവർക്കു താങ്ങ് ആരോ അങ്ങനെയുള്ളവർക്കു വശഗകളാണ്. ഹരിണീലോലാക്ഷിമാർ=സുന്ദരികൾ. സൂര്യപ്രകാശം കൊണ്ടാണ് ചന്ദ്രന്റെ കാന്തി വർദ്ധിക്കുന്നതും ക്ഷയിക്കുന്നതും. അതുപോലെ സ്ത്രീകളുടേയും പ്രഭാവം ശരണഭൂതന്മാരായ അച്ഛൻ, കാന്തൻ, പുത്രൻ, ഇങ്ങനെയുള്ളവരെ ആശ്രയിച്ചിരിക്കുന്നു. ഇപ്രകാരം ഉള്ള ശരണ്യന്മാർ ഇല്ലാതെയായാൽ

സ്ത്രീജനങ്ങൾക്കു ആരു തുണയായിനിൽക്കുന്നുവോ അവക്ക് ആ സ്ത്രീകൾ വശീഭവിക്കും എന്നു രാജാവിന്റെ വിചാരം, അതുകൊണ്ടു നായികയ്ക്കു ശരണ്യരായ പിതാവു മുതൽപേരെ വേർപെടുത്തി തന്റെ അധീനതയിൽ നായികയെ വരുത്തണം എന്നു രാജാവു് വിചാരിക്കുന്നതായി ഇവിടെ ഊഹിക്കേണ്ടതാകുന്നു. മേൽവരുന്ന കഥ ഇവിടെ സൂചിതം. ഈ ആശയം അടുത്ത ശ്ലോകത്തിൽ സ്ഫുടപ്പെടുത്തിയിരിക്കുന്നു.

(7) വനിതകൾ മണിയാമപ്പെൺ
കൊടിക്കണ്ടു താതൻ
ധനിതുണജനയിത്രീ പ്രായ
ശച്ഛായയത്രേ
ശനികളിവരൊഴിഞ്ഞാൽ
മാർഗ്ഗമസ്താർഗ്ഗളംമേ
കനിതന്നിയെവരില്ലേ
ഞെട്ടിലെ ക്കെട്ടുവിട്ടാൽ

ധനി=ധനവാൻ. ജനയിത്രീ=മാതാവു്. പ്രായശഃ=മിക്കവാറും. ഛായയത്രേ—നിഴൽപോലെ, സഹചരി എന്നർത്ഥം. മാർഗ്ഗം അസ്താർഗ്ഗളം മേ=എന്റെ മാർഗ്ഗം അസ്താർഗ്ഗളമാണ്. അസ്താർഗ്ഗളം=അർഗ്ഗളം (തടസ്സം) ഇല്ലാത്തതു്. കനി=പഴം.

(8) വഴിയിതഴലൊഴിക്കാനു
ത്തമം തത്ര തെല്ലും
പഴുതുപഴിയതിന്നില്ലെന്നതും
ഛിന്നശങ്കം
മിഴിനിഴലൊളിചാർത്തി-
ച്ചാർത്തിമേ തീർത്തിടട്ടേ
മഴമുകിലഴകോലും ഗോപികാ
വ്യാപികായൻ

തെല്ലും പഴുതു പഴിയതിന്നില്ല=അതിനു പഴിപറയാൻ അല്പമെങ്കിലും പഴുതു് (ഏട) ഇല്ല. തന്റെ ഉപായം ഉത്തമപക്ഷമാണെന്നും അശരണയായ ഒരു സ്ത്രീയെ തന്റെ സംരക്ഷണയിൽ കൊണ്ടുവന്നു എന്നുള്ള നാട്യം ലോകാപവാദത്തിനു കാരണമാകയില്ലെന്നും രാജാവു് വിചാരിക്കുന്നു എന്നു പൂർവ്വാർദ്ധം. മിഴിനിഴലൊളിചാർത്തിച്ചു്=മിഴിയുടെ നിഴലിന്റെ കാന്തി ചാർത്തിച്ചു് (ചൂടിച്ചു്)— അതായതു് കടാക്ഷിച്ചു്. ആർത്തിമേ തീർത്തിടട്ടേ=എന്റെ ദുഃഖം തീർക്കട്ടെ. മഴമുകിലഴകോലും ഗോപികാവ്യാപികായൻ = മഴമുകിലന്റെ (വർഷകാലമേഘത്തിന്റെ അതായതു് കരിമുകിലിന്റെ) അഴകു് ഓലും (ഉള്ള) ഗോപികാ വ്യാപികായൻ (ഗോപികളിൽ വ്യാപിയായ കായത്തോടുകൂടിയവൻ. അതായതു് ശ്രീകൃഷ്ണൻ). ഗോപികാകാമിയായ ശ്രീകൃഷ്ണനെ രാജാവു് സ്മരിക്കുന്നതു് സ്വകാമുകത്വത്തിനു് അനുരൂപമായിട്ടാകുന്നു.

(9) ഇളകി പടകളന്നാൾ
ഘോരമാം പോരുകായം
കുളമതിലുള്ളവായി പ്രോ
ജ്ജ്വലിച്ചോരുമൂലം
കളകളമയസൈന്യൻ
വഞ്ചിഭൂപൻ ദ്വിഷത്തിൻ
ഞെളിവു കളയുവാനന്നാടട
ച്ചാക്രമിച്ചാൻ

പ്രോജ്ജ്വലിക്ക=പടന്നുകത്തുക. കളകളമയസൈന്യൻ=കളകളശബ്ദം പുറപ്പെടുവിക്കുന്ന സൈന്യത്തോടുകൂടിയവൻ. വഞ്ചിഭൂപൻ=വഞ്ചിരാജ്യാധിപതി. ദ്വിഷത്തിൻ ഞെളിവു്=ദ്വിഷത്തിന്റെ (ശത്രുവിന്റെ) ഞെളിവു് (ഗർവ്വം). പരാക്രമശാലിയായ മാർത്താണ്ഡവർമ്മരാജാവു് കായംകുളം ആക്രമിക്കയും തന്നിമിത്തം കായംകുളം രാജ്യത്തു് ഘോരമായ യുദ്ധം ഉണ്ടാകയും ചെയ്തതുകൊണ്ടു് അക്കാലത്തു പടകൾ ഇളകി എന്നർത്ഥം.

(10) വികടമപകടത്തിൽ പെട്ടു 'കായം
കുളം' താൻ
തടക മടിപെടുമ്പോൾ
ദുർഘടം മൽകിരീടം
നികടകടകവർത്തീ 'ചെമ്പക
ശ്ശേരി'യേവം
പ്രകടമിടപെടാതെ
ഗൂഢകൂടം തുടന്നാൻ

വികടമപകടം=വലിയ അപകടം. കായംകുളം=കായംകുളം രാജാവു് എന്നു ലക്ഷണയാ

അൎത്ഥം. തകടം=തലകീഴായി. അടിപെടുമ്പോ ൾ=തോൽക്കുമ്പോൾ. ദുർഘടം മൽക്കിരീടം= എന്റെ കിരീടം ദുർഘടത്തിലാകും; അതായതു് കിരീടം രാജാവിനോടു യോജിച്ചിരിക്കുവാൻ പ്രയാസമാകും എന്നൎത്ഥം. നികടകടകവൎത്തി= സമീപമുള്ള കടകത്തിൽ (പ്രദേശത്തു്) വൎത്തിക്കുന്നവൻ. ചെമ്പകശ്ശേരി രാജാവു്. ഏവം= ഇങ്ങനെ. പ്രകടം ഇടപെടാതെ=പ്രത്യക്ഷത്തിൽ (നേരിട്ടു്) ഇടപെടാതെ. ഗൂഢകൂടം= ഗൂഢമായ കൈതവപ്രയോഗം. മാൎത്താണ്ഡവൎമ്മ മഹാരാജാവു് കായംകുളം രാജാവിനെ നിശ്ശേഷം തോല്പിക്കുന്നപക്ഷം പ്രബലനായ ഒരു രാജാവു് സമീപദേശത്തു പ്രതിഷ്ഠിതനാകുമെന്നും അതു തനിക്കു കാലക്രമത്തിൽ ദോഷമായി പരിണമിക്കുമെന്നും ഭയന്നു്, നേരിട്ടു പ്രവേശിക്കാതെ കൗശലത്തിൽ ചെമ്പകശ്ശേരി രാജാവു് കായംകുളംരാജാവിനെ സഹായിക്കാൻ മുതിൎന്നു എന്നു സാരം.

(11) പതിവിലധിക മുഗ്രം
പശ്യരാം നിഷ്ഠുരന്മാർ
പ്രതിഭടശമനന്മാരാസിക
പ്രാസികന്മാർ
കതിപയകൃതഹസ്തന്മാരു
മിത്ഥം ഘടിപ്പി-
ച്ചതിമൃതികരലേഹ്യം
കൂട്ടിസേനാഭിധാനം

പതിവിലധികം=സാമാന്യത്തിലധികം. ഉഗ്രംപശ്യർ=ഉഗ്രമാകുംവണ്ണം നോക്കുന്നവർ—അതായതു് ഭയങ്കരദൃഷ്ടികൾ. "ഉഗ്രംപശ്യരംമദപാണിന്ധമാശ്ച" എന്ന പാണിനീസൂത്രപ്രകാരം ഇടയ്ക്കുള്ള അനുസ്വാരം മേൽ പറഞ്ഞ മൂന്നു പദങ്ങളിലും 'ഖശ്' പ്രത്യയവശാൽ സിദ്ധം. നിഷ്ഠുരന്മാർ=കഠിനന്മാർ. പ്രതിഭടശമനന്മാർ=എതിർ ഭടന്മാൎക്കു കാലന്മാർ. ആസികപ്രാസികന്മാർ=ആസികന്മാരും പ്രാസികന്മാരും (വാൾക്കാരും കുന്തക്കാരും). അസി=വാൾ. പ്രാസം=കുന്തം. അസി ആയുധമായിട്ടുള്ളവൻ ആസികൻ; അതുപോലെ പ്രാസം ആയുധമായിട്ടുള്ളവൻ പ്രാസികൻ. കതിപയകൃതഹസ്തന്മാർ=ഏതാനും കൃതഹസ്തന്മാർ. കൃതഹസ്തൻ= അസ്ത്രപ്രയോഗത്തിൽ നല്ല തഴക്കവും പഴക്കവും ഉള്ളവൻ. ഘടിപ്പിച്ചു്=യോജിപ്പിച്ചിട്ടു്. അതിമൃതികരലേഹ്യം=വളരെ മൃതികരമായ (മരണഹേതുകമായ) ലേഹ്യം. സേനാഭിധാനം=സേന എന്ന അഭിധാനത്തോടു (പേരോടു) കൂടിയ. കൂട്ടി=യോജിപ്പിച്ചുണ്ടാക്കി. ആസികന്മാർ, പ്രാസികന്മാർ, കൃതഹസ്തന്മാർ, മുതലായവരെ ശരിയായ ക്രമത്തിൽ യോജിപ്പിച്ചു് ഉണ്ടാക്കിയതു് ഒരു സൈന്യവിഭാഗമാണെങ്കിലും അതിനെ ഇവിടെ ഒരു ലേഹ്യമായിട്ടു് കവി സങ്കല്പിച്ചിരിക്കുന്നു. ആ ലേഹ്യമാകട്ടെ മരണകരമാണു്. സേവിക്കുന്തോറും അതു തിന്നുപോകുന്നതുമാണു്. ലേഹ്യവും സേനയും രണ്ടും സ്വയമേ നശിക്കുന്നതും അന്യനെ നശിപ്പിക്കുന്നതും ആകയാൽ സാധൎമ്മ്യമുള്ളതാണു്.

(12) അതിനൊരു പതിയായി
ധീരനാകുന്ന സേനാ
പതിസുതനെ നിയോഗിച്ചാക്കി
വിപ്രക്ഷിതീശൻ
മതിബലമതുകൊണ്ടും വീൎയ്യ
സമ്പത്തുകൊണ്ടും
മതിപടകൾ നയിപ്പാനാ
യുവാവായ യോധൻ.

സേനാപതിസുതൻ = സേനാനായകന്റെ പുത്രൻ. വിപ്രക്ഷിതീശൻ=ബ്രാഹ്മണനായ രാജാവു്. ചെമ്പകശ്ശേരി രാജാവു് ജാതിയിൽ ബ്രാഹ്മണനാണെന്നു മുമ്പു പറഞ്ഞിട്ടുണ്ടല്ലോ. മതിബലം=ബുദ്ധിശക്തി. മതിപടകൾ നയിപ്പാൻ=പടകൾ നയിപ്പാൻ പ്രാപ്തനാണു്. യോധൻ=യോദ്ധാവു്. സേനാപതി പുത്രനെ പ്രസ്തുത സേനാവിഭാഗത്തിനു നാഥനായി നിയമിച്ചതുകൊണ്ടു് സൈനികസംഖ്യാബലത്തെക്കാൾ അതിനു പ്രാധാന്യം രാജാവു് കല്പിച്ചിരുന്നു എന്നു ഗ്രഹിക്കേണ്ടതാകുന്നു.

(13) അനതികൃശശരീരൻ പ്രാംശു
ചണ്ഡാംശു ശോഭൻ
വിനയഖനി മനോജ്ഞാകാരനാ
ജാനുബാഹു
അനവധി സുജനങ്ങൾക്കാ
യുവാസൂനുവായി
ജ്ജനനമനുഭവിക്കാഞ്ഞതപ്പമായ്
തോന്നി ഭാഗ്യം

അനതികൃശശരീരൻ=അതികൃശമല്ലാത്ത ശരീരത്തോടുകൂടിയവൻ; അസ്ഥൂലൻ. ഒതുങ്ങിയതും സ്ഥൂലിച്ചതല്ലാത്തതും ആയ ശരീരത്തോടുകൂടിയവൻ എന്നു സാരം. പ്രാംശു=ഉയരമുള്ളവൻ ചണ്ഡാംശുശോഭൻ = ചണ്ഡാംശുവിനെപ്പോലെ ശോഭയുള്ളവൻ. ചണ്ഡാംശു=ചണ്ഡങ്ങളായ അംശുക്കളോടു (രശ്മികളോടു) കൂടിയവൻ—അതായതു സൂര്യൻ. വിനയഖനി=വിനയത്തിനുള്ള വിളനിലം. മനോജ്ഞാകാരൻ=മനോഹരമായ ആകൃതിയോടുകൂടിയവൻ. ആജാനുബാഹു=മുട്ടുവരെ നീണ്ടുകിടക്കുന്ന കൈകളോടു കൂടിയവൻ. ഈ യുവാവു് എന്റെ പുത്രനായിട്ടു ജനിച്ചു് ജന്മം അനുഭവിക്കാൻ സംഗതിയായില്ലല്ലോ എന്നു വിചാരിച്ചു് അനേകം സജ്ജനങ്ങൾക്കു് അവർ മന്ദഭാഗ്യന്മാരാണെന്നു തോന്നി എന്നു് ഉത്തരാർദ്ധത്തിനു പൊതുവിൽ അർത്ഥം. അത്ര സർവ്വസജ്ജനമനോഹാരിയായിരുന്നു ആ യുവാവു് എന്നു സാരം.

(14) കരുതി പരവധൂടീ
ഫാലപട്ടാഖ്യഘട്ടം
പുരുഷമണി ചതുർത്ഥീ
ചന്ദ്രലേഖേവ പക്ഷെ
ഒരു തരുണിയിലല്പം
ചിത്തചാഞ്ചല്യശല്യ
സ്ഫുരണമവനു ശങ്കാ
പങ്കമോടങ്കുരിച്ചു

പരവധൂടീഫാലപട്ടാഖ്യഘട്ടം = പരസ്ത്രീകളുടെ ഫാലപട്ടമാകുന്ന (നെറ്റിത്തടമാകുന്ന) ഘട്ടം (പ്രദേശം). ചതുർത്ഥീ ചന്ദ്രലേഖാ-ഇവ-പുരുഷമണി-കരുതി എന്നന്വയം. ചതുർത്ഥീ ചന്ദ്രലേഖ=ചതുർത്ഥിനാളിലെ ചന്ദ്രൻ. ഇവ=പോലെ. പുരുഷമണി=പുരുഷശ്രേഷ്ഠൻ. പരസ്ത്രീമുഖദർശനം ചതുർത്ഥീ ചന്ദ്രദർശനം പോലെ അത്ര അനാശാസ്യമാണെന്നു് ആ പുരുഷശ്രേഷ്ഠനായ യുവവു് കരുതിവന്നു. അങ്ങനെയായിരുന്നു എങ്കിലും ഒരു യുവതിയിൽ അവനു് ചിത്തചാഞ്ചല്യമാകുന്ന ശല്യത്തിന്റെ (ഉടക്കുളിയുടെ) സ്ഫുരണം (സ്ഫൂർത്തി) ഉണ്ടായി എന്നാൽ അതു നിസ്സന്ദേഹമായിട്ടല്ല. തന്റെ അനുരാഗാരംഭം സ്ഥാനത്തിലോ അസ്ഥാനത്തിലോ എന്നുള്ള സംശയം അതിനോടു് ഒരു കളങ്കംപോലെ ചേർന്നിരുന്നു എന്നർത്ഥം. യുവാവിനുണ്ടായ മനോഭാവം ചിത്തത്തിനുണ്ടായ ഒരു ചാഞ്ചല്യം എന്നല്ലാതെ സ്ഫുടമായ അനുരാഗമായി തീർന്നിരുന്നില്ല എന്നും എന്നാൽ അതു ദുസ്ത്യജമായിരുന്നു എന്നും അതിനും പുറമെ നായികയ്ക്കു തന്നോടു് അനുരാഗഭാവം ഉണ്ടോ എന്നു തുടങ്ങിയ ശങ്കകളോടുകൂടിയതായിരുന്നു എന്നും മററും സൂക്ഷ്മസൂക്ഷ്മമായിട്ടു് അനുരാഗോല്പത്തി ഇവിടെ ചിത്രീകരിച്ചിരിക്കുന്നു. അടുത്ത ശ്ലോകത്തിൽ ഈ ഭാവത്തെത്തന്നെ ഒന്നുകൂടി വിശദീകരിച്ചിരിക്കുന്നു.

(15) ശകലമതുവികാരച്ഛായ
മാത്രം വിയത്തിൽ
പുകയൊടു സമമുണ്ടാം
കൊണ്ടലിൻ തുണ്ടുപോലെ
വികചകുസുമവാടീ മന്ദ
വാതേന്ദുശോഭാ
പികനിനദകൃതാപത്ത
പ്തമല്ലത്രസുപ്തം.

ശകലമതു=അതു ശകലം (കേവലം സ്വല്പം) ആയിരുന്നു. വികാരച്ഛായമാത്രം=വികാരത്തിന്റെ ഒരു നിഴൽമാത്രം. കൊണ്ടലിൻ തുണ്ടു് =മേഘത്തിന്റെ ചെറിയ ഖണ്ഡം. വികചം=വികസിച്ചതു്. കുസുമവാടീ=പൂന്തോട്ടം. വികചകുസുമവാടീ ......... ... കൃതാപത്തപ്തമല്ല=വികസിച്ചിരിക്കുന്ന പൂന്തോട്ടം, മന്ദവാതം, ഇന്ദുശോഭ, പികനിനദം (കുയിൽനാദം), ഇവകളാൽ തപ്തമല്ലാത്തതായിരുന്നു. തപ്തം ചൂടുപിടിച്ചതു്. അത്രസുപ്തം=അത്രമാത്രം സുപ്തമായിരുന്നതു് (ഉണർവ്വില്ലാത്തതു്). യുവാവിന്റെ മനോഭാവം വളരെ സുപ്താവസ്ഥയിൽ ഇരുന്നതേയുള്ളു എന്നു ചുരുക്കത്തിൽ അർത്ഥം. അല്ലാതെ കാമികൾക്കു് ഉദ്ദീപനങ്ങളായി തോന്നുന്ന പുഷ്പവാടി, ചന്ദ്രിക, മന്ദമാരുതൻ, കുയിൽനാദം, ഇവയാൽ ആ മനോഭാവം ബാധ്യമായിരുന്നില്ല. അത്ര ലഘുവായിരുന്നു എന്നു സാരം. അതെങ്ങനെയെന്നാൽ ആകാശത്തിൽ ചിലപ്പോൾ ഒരു പുകപോലെ മാത്രം കാണുന്ന മേഘശകലം ക്ഷണത്തിൽ വളരുന്നതാണെന്നും പെട്ടെന്നു ഭാവഭേദം ഉണ്ടാവുമെന്നും ഗമ്യമാകുന്നു. അല്പമായിരുന്നെങ്കിലും രണ്ടുപേക്കും ഉണ്ടായിരുന്ന മനോഭാവം അനുരാഗം തന്നെയായി

രുന്നു എന്നുള്ളതിനു ലക്ഷണം അടുത്ത ശ്ലോകത്തിൽ പ്രതിപാദിച്ചിരിക്കുന്നു.

(16) ചിലപൊഴുതവർ തമ്മിൽ
കണ്ടിടുമ്പോൾകപോല
സ്ഥലമരുണിമപൂരം
പൂണ്ടിടും രണ്ടുപേക്കും
നിലയഭിമുഖമായാലല്പ
മസ്വാസ്ഥ്യമുണ്ടാം
വലിതനയനരാകും ദൃഷ്ടി
സംസൃഷ്ടിയെന്ന്യേ.

അരുണിമ=ചെമപ്പുനിറം. വലിതനയനർ= നയനങ്ങളെ വലനം ചെയ്തവർ (തിരിച്ചു കളഞ്ഞവർ)—അതായതു് മുഖത്തോടുമുഖം നോക്കാത്തവർ എന്നൎത്ഥം. ദൃഷ്ടിസംസൃഷ്ടിയെന്ന്യേ =ദൃഷ്ടികളുടെ സംസൃഷ്ടി (സംസൎഗ്ഗം) ഇല്ലാതെ; ദൃഷ്ടികൾ തമ്മിൽ ഇടയാതെ. തമ്മിൽ കാണുമ്പോൾ ഉള്ള മുഖഭാവഭേദവും ശൃംഗാരലജ്ജയും നേരിട്ടു കാണുമ്പോൾ ഉള്ള അസ്വാസ്ഥതയും എല്ലാം അനുരാഗത്തിൻെറ അങ്കുരാവസ്ഥയിൽ ഉള്ള അനുഭവങ്ങളാണെന്നു പറയേണ്ടതില്ലല്ലോ.

(17) ഇവമനസിജശാസ്ത്രഗ്രന്ഥ
മെന്നോതിയാലും
വിവശതയുടെ വിത്തിട്ടീടു
മെന്നാക്കുവിത്തി
യുവതിയവൾവിശങ്കം
ചെമ്പകശ്ശേരിരാജ
പ്രവരഹൃദയചോരീനാരി
മററാരുമല്ല

ഇവ=മുൻപറഞ്ഞ ലക്ഷണങ്ങൾ. മനസിജശാസ്ത്രം=കാമശാസ്ത്രം. വിവശതയുടെ=അനുരാഗം നിമിത്തമുള്ള പാരവശ്യത്തിൻെറ. വിത്തു്=ബീജം. വിത്തിടുക=വിതയ്ക്കുക. വിത്തി =ബോധം. 'വിദ്' ധാതുവിൽനിന്നു 'ക്തിൻ' പ്രത്യയയോഗം കൊണ്ടു് 'വിത്തി' എന്ന രൂപം സിദ്ധിക്കുന്നു. ഹൃദയചോരി=ഹൃദയം കവന്നവൾ. 'ചോരാട്' എന്ന ധാതു'ടിത്താ'കയാൽ'ചോരീ' എന്നു 'ങീബ്'ന്തമായി സ്ത്രീലിംഗരൂപം. കാമശാസ്ത്രപ്രകാരം സ്ത്രീപുമാന്മാരുടെ പരസ്പരദശ്നത്തിൽ ഗണ്ഡസ്ഥലത്തു ചോരത്തുടിപ്പും ലജ്ജാലക്ഷണങ്ങളും മററും അനുരാഗചിഹ്നമാണെന്നുവരികിലും അതൊന്നും ആരും ഗണ്യമാക്കായികയാൽ അതു നിമിത്തം ഒരു വൈവശ്യം ഉണ്ടാകുമെന്നു് ആരും വിചാരിക്കുന്നില്ലെന്നു താൽപയ്യം. മുൻസൎഗ്ഗത്തിൽ വൎണ്ണിതയായ യുവതി തന്നെയാണു് ഇവിടെ സേനാംശനാഥൻെറ ചിത്തചാപല്യത്തിനു ഹേതുഭൂതയെന്നു് ഉത്തരാദ്ധത്തിലെ വിവക്ഷ.

(18) തദനുശുഭമുഹൂത്തം പാത്തു
യാത്രയ്ക്കു നാട്ടിൽ
പദവികളെഴുമോരോ
മാന്യരേക്കണ്ടുപോകേ
ഹൃദയപുടകഗുഞ്ജന്മഞ്ജു
താരഞ്ജിതാത്മാ
സുദതിയുടയവീട്ടിൽചെന്നു
സേനാംശനേതാ

തദനു=അതിനുശേഷം. ഹൃദയപുടകഗുഞ്ജന്മഞ്ജുതാരഞ്ജിതാത്മാ=ഹൃദയപുടകത്തിൽ (ഹൃദയമാകുന്ന ചെപ്പിൽ) ഗുഞ്ജത്തായ (മുരളുന്ന) മഞ്ജുതയിൽ (മനോഹരത്വത്തിൽ) രഞ്ജിതമായ (പ്രിയപ്പെട്ടതായ) ആത്മാവോടു കൂടിയവൻ. നായികയുടെ മനോഹരത്വം യുവാവിൻെറ ഹൃദയത്തിൽ വണ്ടുകളും മററും മുരളുന്നതുപോലെ സ്ഫുരിച്ചുകൊണ്ടിരുന്നു എന്നും അതിൽ യുവാവിൻെറ ആത്മാവു് രഞ്ജിച്ചിരുന്നു എന്നും താല്പയ്യം. സുദതി=നല്ല ദന്തങ്ങളോടു കൂടിയവൾ—സുന്ദരി. യുദ്ധത്തിനു പുറപ്പെടുന്നവർ നല്ല മുഹൂത്തം നോക്കി യാത്രയാരംഭിക്കയും യാത്രയ്ക്കു മുമ്പിൽ നാട്ടിൽ പ്രധാനികളും തനിക്കു വേണ്ടപ്പെട്ടവരും ആയ ആളുകളോടു യാത്രപറകയും ചെയ്യുന്ന പതിവനുസരിച്ചു് ഈ യുവസേനാനി സ്വപ്രിയയായ നായികയുടെ ഭവനത്തിലും ചെന്നു എന്നു പൊതുവിൽ അത്ഥം.

19 അയിസുമുഖഗൃഹസ്ഥാമന്ത്രണാ
ചാരമാണോ
ത്വയിമുകുളിതമാകും കോമള
പ്രേമമാണോ
കയൽമിഴിയുടെ വീട്ടിൽ
പോകുവാൻ പ്രേരകംതേ
വയമതിലതിമാത്രം സംശയ
ഗ്രസ്തരത്രേ.

ഈ ശ്ലോകം കവി യുവാവിനോടു ചോദിക്കുന്നതായിട്ടു ഉപനിബന്ധനം ചെയ്തിരിക്കുന്നു. അയി സുമുഖ=അല്ലയോ സുമുഖ. ഗൃഹസ്ഥാമന്ത്രണാചാരം=ഗൃഹസ്ഥനോടു ആമന്ത്രണം ചെയ്യുന്ന (യാത്രപറയുന്ന) ആചാരം. ത്വയിമുകുളിതം=നിന്നിൽ മൊട്ടിട്ടതു്. കയൽമിഴി=മീനലോചന. കയൽ എന്നതു ഒരു മത്സ്യവിശേഷം. പ്രേരകം=പ്രേരിപ്പിക്കുന്നതു്. വയം=നാം. കവിത്വഗാംഭീര്യത്തിനു 'വയം' എന്നു ബഹുവചനപ്രയോഗം. ആചാരമുറക്കു യാത്രപറവാൻ വന്നതുമാത്രമേയുള്ളോ അഥവാ പ്രേമംതന്നെ പ്രേരിപ്പിച്ചിട്ടു് നായികയുടെ ഭവനത്തിൽ ചെന്നതാണോ എന്നു സംശയം പുറപ്പെടുവിച്ചിരിക്കുന്നതുകൊണ്ടു് യുവാവിൻെറ ആന്തരികമായ രസം യാത്രപറയുന്നതിനേക്കാൾ അനുരാഗം തന്നെയാണെന്നു് ഇവിടെ സൂചിപ്പിച്ചിരിക്കുന്നു.

(20) ഭവനപതി യുവാവിൻ
സാദരോപാസനത്താ
ലവനിയിലവ തീർണ്ണം നന്ദനം
നിർവ്വിവേശ
പ്രവണതയൊടവസ്ഥയ്ക്കൊ
ത്തപോലാചരിക്കു
ന്നവരിലലിയുമുള്ളം മാനിനാം
മാനവാനാം.

ഭവനപതി=ഗൃഹസ്ഥൻ. നായികയുടെ അച്ഛൻ എന്നു സാരം. സാദരോപാസനം=ആദരവോടു കൂടിയ ഉപാസനം. ഉപാസനം=സേവനം. അവനിയിലവതീർണ്ണം നന്ദനം=ഭൂമിയിലതവരിച്ച നന്ദനവനത്തെ; നന്ദനവനം എന്നതു് ഇന്ദ്രൻെറ കേളീവനമാകുന്നു. നിർവിവേശ=നിർവേശിച്ചു, അയായതു സുഖമായിട്ടനുഭവിച്ചു. പ്രവണത=വിനയം. മാനിനാം മാനവാനാം=മാനികളായ മനുഷ്യർക്കു്. നായികയുടെ പിതാവിനു യുവാവിനെക്കണ്ടതിൽ സ്വർഗ്ഗാനുഭൂതിപോലെ ഒരു സുഖം തോന്നി. അഭിമാനികളായ ആളുകൾക്കു് അവസ്ഥാനുരൂപമായ ആദരവുകൊണ്ടു മനസ്സു് ആർദ്രമായി തീരുന്നതു് എത്രയോ സഹജമാണു് എന്നു് അർത്ഥാന്തരന്യാസം.

(21) പുഴപെരുകിയവണ്ണം
പ്രീതിപൂണ്ടന്തരാത്മാ
മിഴിയിണവഴി ചുററും
നിർവിളംബം തുളുമ്പി
മൊഴികൾ കുഴയുമെന്നായ്
സജ്ജനത്തിൻ പ്രഭാവം
പിഴുതൊഴുകുവതത്രേ
ഹർഷവർഷർത്തുകർഷു.

നിർവിളംബം=താമസമില്ലാതെ. പുഴപെരുകിയവണ്ണം=ആററിൽ വെള്ളം പൊങ്ങിയതുപോലെ. പ്രീതിപൂണ്ടു്=സന്തോഷം ഉണ്ടായിട്ടു്—അതായതു് സന്തോഷംകൊണ്ടു്. ചുററും=നാലുപാടും. മിഴിയിണവഴി=കണ്ണിൽക്കൂടി. മിഴിയിണവഴി അന്തരാത്മാവു് നിർവ്വിളംബം തുളുമ്പി എന്നന്വയം. അന്തരാത്മാവിൽ ഉണ്ടായ സന്തോഷം നാലുപാടും ഉടനടി പ്രസരിച്ചു എന്നു താൽപര്യം. മൊഴികൾ കുഴയുമെന്നായ്=സന്തോഷാധിക്യംകൊണ്ടു് വാക്കുകൾക്കൂടി അവ്യക്തങ്ങളും ക്രമരഹിതങ്ങളും ആയി ഭവിച്ചു. ഹർഷവർഷർത്തുകർഷു=ഹർഷമാകുന്ന (സന്തോഷമാകുന്ന) വർഷർത്തുവിലെ (വർഷകാലത്തിലെ) കർഷു (തോടു്). "കർഷൂഃ കുല്യാഭിദായിനി" എന്നമരം. ഹർഷമാകുന്നവർഷർത്തുവിലെ കർഷുസജ്ജനങ്ങളുടെ പ്രഭാവത്തെ (പ്രൌഢിഭാവത്തെ) ചുവടെ പിഴുതു നിലംപതിപ്പിച്ചുകൊണ്ടാണു് ഒഴുകുന്നതു്—അതായതു് സജ്ജനങ്ങൾക്കു സന്തോഷം പെരുകുമ്പോൾ സ്വതേയുള്ള ഗൌരവം തിരോഭവിച്ചുപോകുന്നതാണെന്നു സാരം. സാധാരണ കാലങ്ങളിൽ ശാന്തമായിരിക്കുന്ന തോടുകൾ വർഷകാലത്തു ശക്തിയോടുകൂടി പ്രവഹിക്കയും സമീപസ്ഥങ്ങളായ വൃക്ഷങ്ങളേയും മററും തള്ളിയിടുകയും ചെയ്യുന്നതുപോലെ ഇവിടെ ഹർഷം പ്രഭുവിൻെറ ഗൌരവത്തെ തൽക്കാലത്തേക്കു തള്ളി മറിച്ചിട്ടതുപോലെ പ്രകാശിച്ചു എന്നു ഭാവം.

(22) കൃതകതലവമെന്യേ
ഭേദമില്ലാതെ ചേതോ
വ്യതികരഭവഹാർദ്ദസ്സാര
താസ്സാലിതന്മാർ
കൃതികളവരിരുന്നപ്പൂമുഖ
ത്തൊട്ടുനേരം
പുതിയരണവിശേഷം
ഭാഷണം ചെയ്തുപിന്നെ.

പിന്നെ=പിന്നീടു്—അതായതു് സന്തോഷപ്രകടനത്തിനുശേഷം കൃതകതലവമെന്യേ=കൃത്രി

മതപം ഒട്ടും ഇല്ലാതെ. ഭേദമില്ലാതെ=വ്യത്യാസമില്ലാതെ. ചേതോവ്യതികരഭവഹാർദ്ദസ്ഫാരതാസ്ഫാലിതന്മാർ=ചേതസ്സുകളുടെ (മനസ്സുകളുടെ) വ്യതികരത്തിൽ (പരസ്പരമുള്ള പിണച്ചിലിൽ) നിന്നു ഭവിച്ച (ഉണ്ടായ) ഹാർദ്ദത്തിന്റെ (സ്നേഹത്തിന്റെ) സ്ഫാരതയാൽ (പരപ്പിനാൽ അതായത് ആധിക്യത്താൽ) ആസ്ഫാലിതന്മാർ (തട്ടപ്പെട്ടവർ). ആസ്ഫാലനം എന്നാൽ ആനയുടെ ചെവിയടി, കടലിൽ തിരമാലകൾ വന്നടിക്ക, ഇത്യാദി ക്രിയകളാകുന്നു. "പയോരാശേരോഘഃ പ്രളയപവനാസ്ഫാലിത ഇവ" എന്ന് ഉത്തരരാമചരിതം. കൃതികൾ=ധീമാന്മാർ. "ധീമാൻ സൂരിഃ കൃതീ കൃഷ്ടിഃ" എന്നമരം. ഹൃദയം പരസ്പരം അകൃത്രിമമായി യോജിച്ചതുകൊണ്ടു സന്തോഷപരവശന്മാരായ ആ ധീമാന്മാർ രണ്ടുപേരും വീട്ടിന്റെ പൂമുഖത്തിരുന്ന് കായംകുളംയുദ്ധത്തെക്കുറിച്ചു സംഭാഷണം ചെയ്തുകൊണ്ടിരുന്നു എന്നു ചുരുക്കത്തിൽ അർത്ഥം.

(23) മറിയതിലുരിയാടാസ്സാക്ഷിയാം
   ഭിത്തിയേകും
മറവിൽ നിഭൃതയായി
   ജ്ജാലകത്തിന്നടുക്കൽ
മറിമൃഗമിഴിയാളാം
   പെൺകിടാവന്യമെല്ലാം
മറവിയിലപവാഹിച്ചാ-
   സ്ഥയാ കേട്ടിരുന്നാൾ.

ഉരിയാടാസ്സാക്ഷായാംഭിത്തി = മൌനസാക്ഷിയായ ചുമര്. ഭിത്തിനൾകും മറവിൽ എന്നാൽ ഭിത്തിക്കകമേ എന്നു താൽപര്യം. നിഭൃതയായി=ചലനമില്ലാതെ. മറിമൃഗമിഴി=മറിമാൻകണ്ണി; സുന്ദരി. അന്യമെല്ലാം മറവിയിലപവാഹിച്ച് (മറവുള്ള കാര്യങ്ങളെല്ലാം മറവിയിലേക്കു അപവാഹിച്ചുകൊണ്ട് (നീക്കിക്കൊണ്ട്)—അതായത് മററു സകലവും മറന്ന്. ആസ്ഥയാ=ശ്രദ്ധയോടുകൂടി. മററു സകലതും മറന്നു ശ്രദ്ധയോടുകൂടി കേട്ടിരുന്നു എന്നു പറഞ്ഞതുകൊണ്ട് സ്വപ്രേമപാത്രത്തിൽ നായികയ്ക്കുള്ള താല്പര്യാതിശയം ഗമ്യമാകുന്നു.

(24) സമരഡമരമുഗ്രം മൃത്യുവിൻ
   നൃത്യമുദ്യൽ
സമരസസുകുമാരം പ്രേമ
   മുല്ലത്യുദക്കം
സമസനമിവതന്നിൽ ദിവ്യ
   ഭവ്യാമൃതത്തിൽ
സമധികമഷികാളക്ഷേളമ
   സമ്മേളതുല്യം

സമരഡമരമുഗ്രം മൃത്യുവിൻ നൃത്യം=യുദ്ധത്തിന്റെ ലഹള ഉഗ്രവും (ഭയങ്കരവും) മൃത്യുവിന്റെ നൃത്തവും ആണ്. ഉദ്യൽ സമരസസുകുമാരം പ്രേമമുല്ലത്യുദക്കം=ഉദ്യത്തായിരിക്കുന്നതും (ഉയർന്നുവരുന്നതും) സമങ്ങളായ രസങ്ങൾകൊണ്ടു സുകുമാരവും ആയ പ്രേമമാകട്ടെ ഉല്ലത്യുദക്കമാണ്—അതായത് ഉല്പത്തി ഉത്തരഫലമായിട്ടുള്ളതാണ്. സമസനമിവതന്നിൽ=ഇവ തമ്മിൽ ഉള്ള ചേർച്ച. ദിവ്യഭവ്യാമൃതത്തിൽ=ദിവ്യവും ഭവ്യവും ആയിരിക്കുന്ന അമൃതത്തിൽ (പീയൂഷത്തിൽ). സമധികമഷികാളക്ഷേളസമ്മേളതുല്യം=സമധികമായ (വളരെ അധികം) മഷിപോലെ കാളമായ (കറുത്ത) ക്ഷേളത്തിന്റെ (വിഷത്തിന്റെ) സമ്മേളംപോലെ. മരണകരമായിരിക്കുന്ന യുദ്ധത്തിന്റെ ലഹളയും സന്താനോല്പാദനഫലങ്ങളോടുകൂടി സുകുമാരമായിരിക്കുന്ന പ്രേമവും തമ്മിലുള്ള ചേരുവ ദിവ്യമായ അമൃതത്തിൽ മഷിപോലെ കറുത്തിരിക്കുന്ന വിഷത്തിന്റെ യോഗംപോലെയാകുന്നു എന്നു ചുരുക്കത്തിൽ അർത്ഥം. യുദ്ധം മരണകാരണവും പ്രേമം ജനനകാരണവും ആണ്. അവയുടെ പ്രകൃതിയും പരസ്പരവിരുദ്ധങ്ങളാണ്. എന്നാൽ അവ രണ്ടും ഏകകാലത്തു നായികയുടെ ഹൃദയത്തിൽ ഒരുമിച്ചു കടന്നുകൂടുവാനിടയായതുകൊണ്ടു ആ ദുർഘടത്തെ ഈ ശ്ലോകം വിശദീകരിക്കുന്നു.

(25) യുവതികുലവിഭൂഷാ രത്നമാം
   തന്വി ധന്വി
പ്രവരസമരയാത്രാരംഭ
   വൃത്താന്തതാന്ത
നവവിഷമവികാരക്രൂര
   സംഘട്ടമദ്ധ്യ
വിവലിതമിവമേനേ മാനസം
   സ്വാന്തധീനം

യുവതി ........തന്വി = യുവതികുലത്തിന്റെ അലങ്കാരരത്നമായ തന്വി. തന്വീ=കൃശാംഗി;

സുന്ദരി. ധനവിപ്രവര.........താന്ത = ധനവിപ്രവരൻെറ (വില്ലാളികളിൽ വീരൻെറ) സമരയാത്രാരംഭവൃത്താന്തത്താൽ താന്ത(ക്ഷീണിച്ചവൾ). നവവിഷമ.........മധ്യേ = നവങ്ങളും വിഷമങ്ങളും ആയ വികാരങ്ങളുടെ ക്രൂരമായ സംഘട്ടനത്തിൻെറമധ്യത്തിൽ. വിവലിത......സ്വാനധീനം = സ്വാനധീനം മാനസം വിവലിതമിവമേനേ = സ്വാനധീനമായ മാനസം വിവലിതമായതുപോലെ മനനം ചെയ്തു; സ്വാനധീനം = തനിക്കു അനധീനം(അധീനമല്ലാത്തതു്—അതായതു് വശത്തുനില്ക്കാത്തതു്) വിവലിതം = ചുററിത്തിരിയുന്നതു്. ഇവ = പോലെ. മനനം ചെയ്തു = വിചാരിച്ചു. പ്രേമരൂപമായ വിചാരം ഒരുവശത്തും ആപൽക്കരമായ യുദ്ധയാത്രാവൃത്താന്തം മറുവശത്തും വന്നുനിർദ്ദയമായിക്കുട്ടിമുട്ടുകനിമിത്തം മുമ്പുതന്നെ സ്വാധീനമല്ലാതിരുന്ന ഹൃദയം ചുററിത്തിരിയുന്നതു പോലെ നായിക വിചാരിച്ചു എന്നു സാരം. പ്രേമവും യുദ്ധയാത്രാവൃത്താന്തവും പുത്തനായിരുന്നതിനാൽ 'നവം' എന്നും പരസ്പരവിരുദ്ധങ്ങളാകയാൽ 'വിഷമം' എന്നും ഉള്ള വിശേഷണങ്ങളുടെ സാംഗത്യം ഗ്രഹിക്കേണ്ടതാകുന്നു.

(26) ചുവരിലെഴുതിയോളെ
ന്നാസ്യയാൽ തോന്നുമാസ്യ
ച്ഛവിതിമിരമയത്വം പൂണ്ട
മാവാസ്യപോലെ
കവിൾ ശയശയനസ്ഥം വൎത്ത
മാനംശ്രുവിക്കേ
ചെവിയുടെ ചുവടേ ചെന്നെത്തി
നിൎപ്പായിചിത്തം

ആസ്യയാൽ തോന്നും = ആസ്യകൊണ്ടുതോന്നും. ആസ്യ = ഇരിപ്പു്—നായികയുടെ ഇരിപ്പെന്നൎത്ഥം. നായികയുടെ ഇരിപ്പുകണ്ടാൽ ചുമരിൽ എഴുതിയ ഒരു ചിത്രം പോലെ തോന്നുമായിരുന്നു; അത്ര നിശ്ചലയായിരുന്നു എന്നു സാരം. ആസ്യച്ഛവി = മുഖശോഭ. അമാവാസ്യപോലെ തിമിരമയത്വംപൂണ്ടു = കറുത്തവാവുപോലെ ഇരുട്ടടച്ചു എന്നൎത്ഥം. ശയശയനസ്ഥം = ശയമാകുന്ന ശയനത്തിൽ സ്ഥിതിചെയ്യുന്നതു് ശയം = കൈ. "പഞ്ചശാഖഃ ശയഃ പാണി" എന്നമരം. നായിക കൈത്തലത്തിൽ കവിൾ അൎപ്പിച്ചുകൊണ്ടിരുന്നു എന്നു താല്പൎയ്യം. വൎത്തമാനം.........ചിത്തം = വൎത്തമാനങ്ങൾ കേട്ടുകൊണ്ടിരിക്കുമ്പോൾ ഉടനടൻ കാൎയ്യങ്ങൾ ഗ്രഹിക്കാനുള്ള ഔത്സുക്യംകൊണ്ടു് ചെവിയുടെ അടിയിൽ തന്നെ മനസ്സുചെന്നു് നിന്നിരുന്നതുപോലെ അത്രമാത്രം അക്ഷമ മനസ്സിനുണ്ടായി എന്നൎത്ഥം. ചന്ദ്രതുല്യമായ മുഖശോഭ അമാവാസ്യപോലെയായി എന്നു പറഞ്ഞിരിക്കുന്നതിൽ നിന്നു താഴെ പറയുന്ന ഔചിത്യം ഗ്രഹിക്കേണ്ടതാകുന്നു. അമാവാസ്യനാളിൽ സൂൎയ്യനും ചന്ദ്രനും തമ്മിൽ സംഗമം ഉണ്ടാകുന്നു: ചന്ദ്രൻ സൌമ്യനും സൂൎയ്യൻ പ്രചണ്ഡനും ആണു്. അതുപോലെ ഇവിടെ പ്രേമസ്ഫുരണം കൊണ്ടുള്ള കോമളത്വം ചണ്ഡമായ യുദ്ധവാൎത്തയോടു് ഇടകലൎന്നപ്പോൾ മുഖം ഇരുട്ടടച്ചതുപോലെയായി എന്നു താല്പൎയ്യം.

(27) അവർ പറവതുകേട്ടാളങ്ങു
കായംകുളത്തേ
ക്കവഹിതമതിയായി പ്പോകുവാ
നുള്ളമാൎഗ്ഗം
അവഗണനുഭവിക്കും ദോഷവും
രാത്രികാല
ത്തവഹനനമൊഴിപ്പാനിട്ടിടേ
ണ്ടുന്നഗാട്ടും

അവർ പറവതു കേട്ടാൾ = അവർ (അതായതു് യുവസേനാനിയും ഗൃഹസ്ഥനും) പറയുന്നതു കേട്ടു. എന്താണു് പറഞ്ഞതെന്നു് അടുത്തുതാഴെ വിവരിക്കുന്നു. അങ്ങു കായംകുളത്തേക്കവഹിതമതിയായിപ്പോകുവാനുള്ള മാൎഗ്ഗം = കായംകുളത്തേക്കു അവഹിതമതിയായി (സശ്രദ്ധബുദ്ധിയായി) പ്പോകുവാനുള്ളമാൎഗ്ഗം (വഴി). കായംകുളത്തേക്കു പോകുവാനുള്ളവഴി പറഞ്ഞുകൊണ്ടിരുന്നതുകേട്ടു എന്നു താല്പൎയ്യം. അവഗണൻ = കൂട്ടംപിരിഞ്ഞവൻ. കൂട്ടംപിരിഞ്ഞവനു ഭവിക്കുന്ന ദോഷത്തെപ്പററി പറഞ്ഞുകൊണ്ടിരുന്നതും കേട്ടു. അവഹനനം = വധം. രാത്രികാലത്തു വധം ഒഴിയ്ക്കുന്നതിനായിട്ടു് ചെയ്യേണ്ടുന്ന ബന്തോവസ്തുകളെപ്പററിയും പറയുന്നതു കേട്ടു എന്നു സാരം. അടുത്തശ്ലോകങ്ങൾ യുവാവിനോടു ഗൃഹസ്ഥൻ പറയുന്നതായിട്ടു ധരിക്കണം.

(28) “ഭടപടലപഠിഷ്ഠവ്യൂഢി
ഭേദിച്ചുപേടി
ച്ചിടരൊട്ടുതുടതുള്ളിത്തള്ളി
യിട്ടോട്ടുവോരും
കുടമതിനടിപറെറക്ക
ക്കുടത്തോടുക്കൂടി
ക്കുടിതുടരെനടത്തും ക്കൂട്ടരും
ദുർഘടക്കാർ

ഭടപടലപഠിഷ്ഠവ്യൂഢി=ഭടപടലത്തിന്റെ (പടയാളികളുടെ ക്കൂട്ടത്തിന്റെ) പഠിഷ്ഠമായ (അതിസമർത്ഥമായ) വ്യൂഢി (വ്യൂഹനം). ‘പടു’ശബ്ദത്തിൽ ‘ഇഷ്ഠൻ’ പ്രത്യയയോഗം കൊണ്ടു് ‘പഠിഷ്ഠം’ എന്ന രൂപസിദ്ധി—പടുതമം എന്നർത്ഥം. ഭേദിച്ചു്=മുറിച്ചു്. പേടിച്ചു്=ഭയന്നു്. ഇടർ=ദുഃഖം. തുടതുള്ളി=വിറച്ചുകൊണ്ടു—ഭയംകൊണ്ടു സംഭ്രമിച്ചു് എന്നർത്ഥം. തള്ളിയിട്ടോട്ടുവോരും=മറവുള്ളവരെ തള്ളിയിട്ടു ഓടുന്നവരും. കുടമതിനടി......ക്കൂട്ടരും=കോഴിയിറച്ചിയോടുക്കൂടി കുടം നിറയെയിരിക്കുന്ന കള്ളുകുടിച്ചു തീക്കുന്നവരും. ദുർഘടക്കാർ=യുദ്ധത്തിൽ ദുർഘടം ഉണ്ടാക്കുന്നവരാണെന്നർത്ഥം. ആദ്യം പറഞ്ഞതരക്കാർ സേനയുടെ അണിമുറിച്ചു് മറവുള്ളവരെ തള്ളിയിട്ടോടുന്നതുകൊണ്ടും രണ്ടാംതരക്കാർ അമിതമദ്യപാനം കൊണ്ടു ബോധംകെട്ടു വിവരമില്ലാതെ പ്രവൃത്തിക്കുന്നതുകൊണ്ടും യുദ്ധത്തിൽ ദുർഘടം ഉണ്ടാകുന്നവരാണെന്നു ഭാവം.

(29) “കെട്ടമതിവിട്ടവായൻ വാർദ്ധു
ഷീ കുക്ഷിയക്ഷി
ക്കടിമചെകിടർ മാലക്കണ്ണു
കാരശ്ശസന്മാർ
ഝടിതികൊടിയകോപ
ക്ഷോഭണൻ ശുണ്ഠികുണ്ഠൻ
മടിയനിവരുമന്തശ്ശല്ല്യ
മാമാഹവത്തിൽ

കെട്ടമതി=ബുദ്ധികെട്ടവൻ. ഇവൻ നാനാപ്രകാരത്തിലും ശല്ല്യങ്ങൾ ഉണ്ടാക്കുന്നവനാണു്: വിട്ടവായൻ=പ്രലപനം ചെയ്യുന്നവൻ. ഇവനിൻ ശത്രുക്കൾ സംഗതികൾ ഗ്രഹിക്കുമെന്നുള്ളതുകൊണ്ടു ഇവനും യുദ്ധത്തിനു കൊള്ളുകയില്ലെന്നു താൽപര്യം. വാർദ്ധുഷീ=പലിശവാങ്ങുന്നതിൽ ദുരാഗ്രഹി (usurer). അങ്ങനെയുള്ളവർ സദാ പലിശയുടെ കണക്കുകൂട്ടുകയും ആ കാര്യം വിചാരിച്ചുകൊണ്ടിരിക്കയും ചെയ്യുകയല്ലാതെ യുദ്ധസന്നദ്ധന്മാരാകയില്ല എന്നു ഭാവം. കുക്ഷിയക്ഷിക്കടിമ=കുക്ഷിയാകുന്ന യക്ഷിക്കു് അടിമ—തീററിപ്പണ്ടങ്ങൾ. കുക്ഷയെ യക്ഷിയോടുപമിച്ചിരിക്കുന്നതു് യക്ഷിപിടിച്ചാൽ വിടാത്തതുപോലെ കുക്ഷിയും ചിലരെ ബാധിക്കാറുണ്ടു് എന്നു കാണിക്കാനാണു്. ചെകിടർ=ബധിരർ; ചെവികേൾക്കാൻ പാടില്ലാത്തവർ. ഇവർ വെടിവെച്ചാൽപോലും കേൾക്കാത്തവരാകയാൽ യുദ്ധത്തിൽ വളരെ കുഴപ്പങ്ങൾ ഉണ്ടാക്കും. മാലക്കണ്ണുകാർ=മാലക്കണ്ണു് എന്ന രോഗംഉള്ളവർ—അതായതു് സന്ധ്യയായാൽ കണ്ണുകാണാത്തവർ. ഇവർ നിമിത്തവും വളരെ ദുർഘടങ്ങൾ ഉണ്ടാകാവുന്നതാണു്. വിശേഷിച്ചും മാലക്കണ്ണുകാർ അവർക്കു അങ്ങനെയൊരു ന്യൂനത ഉണ്ടെന്നു സാധാരണ പറയാറില്ലാത്തവരുമാണു്. അശ്ശസൻ=അശോരോഗംഉള്ളവൻ. ഇവന്റെ സുഖക്കേടിന്റെ സ്വഭാവത്തിനു് സമയത്തു ഹാജരാവാൻ പ്രയാസമാണെന്നു സൂചന. ഝടിതി കൊടിയ കോപക്ഷോഭണൻ=ക്ഷിപ്രകോപി എന്നു സാരം. ക്ഷോഭണൻ=ക്ഷോഭിക്കുന്നവൻ. ശുണ്ഠി=നിസ്സാരകാര്യങ്ങളിലും കൂടിവഴക്കുണ്ടാക്കുന്നവൻ. കുണ്ഠൻ=പ്രവൃത്തിയിൽ മന്ദൻ. “കുണ്ഠോമന്ദ: ക്രിയാസുയ:” എന്നമരം. മടിയൻ=അലസൻ. ഇവരുമന്തശ്ശല്ല്യമാമാഹവത്തിൽ=ഈ ക്കൂട്ടരെല്ലാം യുദ്ധത്തിൽ അകമെ ഉപദ്രവം ഉണ്ടാക്കുന്നവരാണെന്നു താൽപര്യം.

30 “കവചരണസഹായം
മാറിടത്തിൻ പുറത്താ
ശിവചരണമകത്താം
മാറിടാതുദ്ധമാകിൽ
തവചതുരതതേടും ഫല്ല
കല്ല്യാണവല്ലീ
നവഫലമണിമാലോല്ലാ
സിഹല്ലീസകശ്രീ”.

കവചരണസഹായം=കവചമാകുന്ന (പടച്ചട്ടയാകുന്ന) രണസഹായം (യുദ്ധത്തിനുസഹായം). ശിവചരണം=മൃത്യുഞ്ജയചരണം—അതായതു്

മൃത്യുഞ്ജയധ്യാനം. ഊഢം=വഹിക്കപ്പെട്ടതു്; ധരിക്കപ്പെട്ടതു്. ചതുരത=സാമത്ഥ്യം. ഫുല്ല കല്യ്യാണവല്ലീ=വികസിച്ചിരിക്കുന്ന കല്യ്യാണ ണവല്ലി (ശുഭമയമായലത). തവ ഫുല്ലകല്യ്യാ ണവല്ലിചതുരതതേടും എന്നാന്വയം. നവ ......... ഹല്ലീസകശ്രീ= നവഫലങ്ങളാകുന്ന മണിമാലകൾ കൊണ്ടു് ഉല്ലാസിയായിരിക്കുന്ന ഹല്ലീസകത്തിന്റെ ശ്രീയോടുകൂടിയതു്. ഹല്ലീ സകം=സ്ത്രീകൾ വട്ടത്തിൽ നിന്നുകൊണ്ടുചെ യ്യുന്ന ഒരുവക ലാസ്യം. നാലാം പാദം 'ഫുല്ല കല്യാണവല്ലീ' എന്നതിന്റെ വിശേഷണമാ ണ്. യുവാവിന്റെ രക്ഷക്കായിട്ടു് മാറിന്റെ പുറത്തു പടച്ചട്ടയും അകത്തു മൃത്യുഞ്ജയനായ ശിവനെക്കുറിച്ചുള്ള ധ്യാനവും വേണമെന്നു ഗൃ ഹസ്ഥൻ ഉപദേശിക്കുന്നു. അങ്ങനെ ചെയ്താ ൽ യുവാവിന്റെ ഭാവി മംഗളം. അനവധി ഫ ലമാലകൾ ചുററും തൂങ്ങി നൃത്തം ചെയ്യുന്നതു പോലെ പരിശോഭിച്ചു് ചതുരതയെ പ്രാപി ക്കും എന്നു് ഉത്തരാദ്ധത്തിനത്ഥം. ഇത്രയും താ ല്പയ്യത്തോടുകൂടി യുവാവിനെ ഉപദേശിക്കുന്ന തുകൊണ്ടു് ഗൃഹസ്ഥനു യുവാവിൽ ഉള്ള പ്രതി പത്തിയും സ്വപുത്രിക്കു അനുരൂപനായ വരനാ ണെന്നുള്ള അഭിപ്രായവും ഗമ്യം. ഇതുതന്നെ അടുത്തശ്ലോകത്തിൽ കുറേക്കൂടി സ്പഷ്ടമായിരി ക്കുന്നു.

(31) ഇതിനിജഗള നാള
ദ്വാരസംക്രാന്തചിത്ത
പ്രതിഫലന മനോജ്ഞം
വാക്യമോതുന്നനേരം
സുതതന്നിയെ വസിക്കും
മാനസത്തിൽ പുരസ്ഥാൽ
സ്ഥിതനുമൊരവകാശം
നാശമെന്യേ ചകാശേ

ഇതി=ഇപ്രകാരം. നിജഗളനാള.........മ നോജ്ഞംവാക്യം=തന്റെ ഗളനാളദ്വാരത്തി ങ്കൽ സംക്രാന്തമായ (സംക്രമിച്ചതായ അതാ യതു പകന്നതായ) ചിത്തത്തിന്റെ പ്രതി ഫലനംകൊണ്ടു് മനോജ്ഞമായ (മനോഹര മായ) വാക്യം. സ്വസ്ഥാനത്തെ വിട്ടു കണ്ഠ നാളത്തിന്റെ അടിയെവന്നു നിന്നതായ ഹൃ ദയത്തെ വാക്കുകൾ പ്രതിഫലിപ്പിച്ചു എന്നു സാരം. വാക്കുകൾ ഹൃദയത്തിൽ നിന്നു് ആ ത്മാത്ഥമായിട്ടു പുറപ്പെട്ടതാണെന്നു കാണിക്കു ന്നു. ഹൃദയം വരാവുന്നേടത്തോളം വെളിയി ലേക്കു വരികയും അതുപിന്നെ വാഗ്രൂപമാ യിപ്രതിബിംബിക്കയും ചെയ്തു എന്നു ഭാവം. പുരസ്ഥാൽ സ്ഥിതൻ = മുമ്പിൽ ഇരിക്കുന്നവ ൻ— അതായതു പ്രസ്തുതയുവാവു്. അവകാശം നാശമെന്യേ ചകാശേ= അനശ്വരമായ ഒരു സ്ഥാനം ഉണ്ടെന്നു തെളിഞ്ഞു. ചകാശേ = ശോഭിച്ചു. 'ചകാശേ' എന്നുള്ളതു് "കാശ തെ' എന്നക്രിയയുടെ 'ലിട്' രൂപമാണു്. ഗൃ ഹസ്ഥന്റെ ഹൃദയത്തിൽ മുമ്പു് പുത്രിക്കു മാത്ര മേ സ്ഥാനം ഉണ്ടായിരുന്നുള്ളു. എന്നാൽ ഇ പ്പോൾ പ്രസ്തുതയുവാവിനുകൂടി ഒരു സ്ഥാനം ഉണ്ടെന്നുള്ള കായ്യം അയാളുടെ ആത്മാത്ഥവും ഔത്സുക്യപൂണ്ണവും ആയ സംഭാഷണത്തിൽ നിന്നു വ്യക്തമായി. ആ സ്ഥാനം അനശ്വര മാണെന്നും കണ്ടു കൊൾക.

# മുസോലിനിയുടെ ഇററലി.

എ. ഗോപാലമേനോൻ എം. എ., ബി. കാം.

## I.

ആധുനികകാലത്തു് 1800-ലാണ് ഇററലിരാജ്യം ആദ്യമായി ഏകോപിക്കപ്പെട്ടതു്. അതിനു മുൻപു് അവന്തര കൊല്ലത്തിനു മേൽ ഇററലി പല വിഭാഗങ്ങളായി പലരുടേയും കീഴിൽ പലമാതിരി ഭരണത്തിൽ കഴിച്ചു. ഉത്തരദേശങ്ങളിൽ ആസ്ത്രിയൻ ചക്രവൎത്തിയും, മദ്ധ്യദേശങ്ങളിൽ മാർപാപ്പയും, ദക്ഷിണഭാഗത്തു് നേപ്പിൾസിലെ രാജാവും നാമമാത്രമായ അധികാരം നടത്തിപ്പോന്നു. അവർക്കു് അനുക്രൂലികളായും വിരോധികളായും പല പ്രഭുക്കന്മാരും സംഘനേതാക്കന്മാരും തമ്മിൽ തമ്മിൽ പടവെട്ടിക്കൊണ്ടിരുന്നു. ഇങ്ങനെ വിഭിന്നരായ കക്ഷികളുടെയും ഓരോവിധത്തിൽ കഷ്ടപ്പെട്ടിരുന്ന ദേശക്കാരുടേയും മേലധികാരമാണ് ഇററലിയിലെ രാജാവിനു സിദ്ധിച്ചതു്. ഈ ഭിന്നിപ്പും വേർപാടും ആദ്യത്തെ രാജാവായ വിക്ടറർ എമാനുവലിൻെറ ഭരണത്തിൽ ധാരാളം പ്രത്യക്ഷപ്പെട്ടു കൊണ്ടിരുന്നു.

ആദ്യമെ തുടങ്ങി ഒരു പാർലമെൻറിൻെറ ആഭിമുഖ്യത്തിലാണ് ഭരണം തുടങ്ങിയതെങ്കിലും ഇംഗ്ലണ്ടിലെപ്പോലെയുള്ള ജനകീയഭരണം സുസാദ്ധ്യമായിരുന്നില്ല. സിസിലി, ഡാർഡീനിയ, എൽബ മുതലായ ഏതാനും പുറംദിക്കുകൾ അതേ ഭരണത്തിൽ ഉൾപ്പെട്ടിരുന്നവയാണ്. ആഫ്രിക്കയിൽ പ്രവേശിക്കുന്നതിന് ആദ്യമായുണ്ടായ സംരംഭം അഡോവായിലെ തോൽവികൊണ്ടു തടഞ്ഞശേഷം വളരെക്കാലത്തേക്കു് അന്യദേശങ്ങളിൽ കൈകടത്തുന്നതിനു് ഇററലിയുടെ നായകന്മാർ മുതിർന്നില്ല. ടൂനിസ് മുതലായ പ്രദേശങ്ങൾ ഫ്രഞ്ചുകാർക്കു് ഒഴിഞ്ഞു കൊടുത്തുവെങ്കിലും അതിൽ നിന്നുണ്ടായ രസക്ഷയം കൊണ്ടു് അവരുമായി അകലുകയാണു ചെയ്തതു്. ആഫ്രിക്കയിലും മെഡിററേനിയനിലും വേഴ്ചകളില്ലാത്ത ജർമ്മനിയുമായി സഖ്യം ചെയ്യുവാൻ വൈഷമ്യവുമുണ്ടായില്ല. ആ വഴിക്കു് തന്നെ പൂർവ്വികശത്രുവായ ആസ്ത്രിയയോടും ബന്ധപ്പെട്ടു. പക്ഷെ, ബാൽക്കൻ ദേശങ്ങളിൽ ജർമ്മൻ കക്ഷിയുടെ പ്രാബല്യം പ്രചരിച്ചതോടുകൂടി അവിടെയെങ്ങും ഇററലിയ്ക്കു് കൈകടത്തുവാൻ സാധിച്ചില്ല. ജർമ്മൻ സഖ്യം ആസ്പദമാക്കി തുർക്കികളുമായി മമതയിൽ കഴിഞ്ഞിരുന്നതിനാൽ ആഫ്രിക്കയിൽ ശേഷിച്ചിരുന്ന ലിബിയാ ദേശത്തിൽ പ്രവേശിക്കുന്നതിനും മാർഗ്ഗമുണ്ടായിരുന്നില്ല. എന്നാൽ 1914-ലെ വലിയയുദ്ധത്തിനു മുൻപു തന്നെ അന്യരാജ്യങ്ങളിൽ സ്ഥാനം പിടിക്കുന്നതിനു് ഉള്ള താല്പൎയ്യം ജനങ്ങളുടെ ഇടയിൽ പ്രബലപ്പെട്ടുവന്നിരുന്നു. വിശേഷിച്ചും ആസ്ത്രിയന്മാരുടെ കീഴിൽ അവശേഷിച്ചിരുന്ന ത്രീസ്റ്റ്. മുതലായ ദേശങ്ങൾ വീണ്ടെടുക്കുന്നതിനായിരുന്നു വാശി. 1911-ൽ തുർക്കിയെ തോല്പിച്ചു ത്രിപ്പൊളി കൈക്കലാക്കിയതോടുകൂടി അപ്രകാരമുള്ള ആശകൾ അധികപ്പെട്ടതേയുള്ളൂ.

യുദ്ധം തുടങ്ങിയപ്പോൾ ഇററാലിയന്മാർ ഇങ്ങനെയുള്ള ഓരോ ചിന്തകൾക്കു്

അധീനരായി ഒരു കക്ഷിയിലും ചേരാതെ കുറെക്കാലം കഴിച്ചു. സ്ഥായിയായ ഒരു നയം സ്വീകരിച്ചു യുദ്ധത്തിൽ ജർമ്മനിയെ എതിർക്കുന്നതിന് ശക്തിമത്തായി വാദിച്ച കക്ഷിയിൽ ഒരു പ്രമാണിയായിരുന്നു ബെനീറ്റോ മുസോലിനി. അദ്ദേഹം ഒരു പുരാതനകുടുംബക്കാരനായിരുന്നെങ്കിലും അദ്ദേഹത്തിന്റെ അച്ഛൻ ഒരു ഇരുമ്പുവേലക്കാരൻ (കൊല്ലൻ) ആയിരുന്നു. അമ്മ ഒരു് അദ്ധ്യാപികയുമായിരുന്നു. മുസോലിനിയുടെ അച്ഛന്റെ ദാരിദ്ര്യം നിമിത്തം അയാൾ സമുദായവിപ്ളവത്തിന് ഉത്സാഹികളായ സോഷ്യലിസ്റ്റു കക്ഷിയിൽ ചേർന്നു പലപ്പോഴും തടവിൽ പാർക്കുന്നതിന് ഇടയായിട്ടുണ്ടായിരുന്നു. മകന്റെ ചെറുപ്പത്തിലുള്ള കൂട്ടുകാരും അതേതരക്കാരായിരുന്നതുകൊണ്ടു് അന്നു നിലനിന്നിരുന്ന സമുദായവ്യവസ്ഥിതികളെപ്പററി അതൃപ്തി മുസോലിനിയുടെ വളർച്ചയോടുകൂടി വളർന്നുവന്നു. പഠിത്തത്തിനുശേഷം അദ്ധ്യാപകവൃത്തിയ്ക്കു പരിശീലനം കഴിച്ച് അദ്ദേഹം ഏതാനും മാസത്തേയ്ക്കു് ഒരു് അദ്ധ്യാപകനായിരുന്നു. ആ ജോലിയിൽ തന്റെ ആഗ്രഹങ്ങൾ ഫലിപ്പിക്കുന്നതിനു സാധിക്കയില്ലെന്നുകണ്ടു നാടുവിട്ടു പല സ്ഥലങ്ങളിലും സഞ്ചരിച്ചു. സ്വിററ്സർലൻഡിൽ കുറെക്കാലം സോഷ്യലിസ്റ്റു കക്ഷിയുടെ വകയായ ഒരു പത്രം നടത്തുന്നവരുടെ കൂട്ടത്തിൽ അദ്ദേഹം വേല ചെയ്തു. അന്നു് ലെനിൻ മുതലായ റഷ്യന്മാരുമായി പരിചയപ്പെടുന്നതിനിടയായി. പക്ഷെ ഏറെത്താമസിയാതെ മുസോലിനിയുടെ വിപ്ലവപ്രതിപത്തികാരണം അവിടെനിന്നും ബഹിഷ്കരിക്കപ്പെട്ടു. പിന്നീടു ചെന്നുചേർന്ന മാർസെയിദേശത്തുനിന്നും അതുപോലെതന്നെ പോകേണ്ടതായിട്ടാണു വന്നുകൂടിയതു്. സ്വദേശത്തു മടങ്ങി വന്നശേഷം പട്ടാളത്തിൽ ചേരുകയും സ്വല്പകാലത്തിനകം അതു് ഉപേക്ഷിച്ചു വീണ്ടും നാടുവിട്ടു പോകയും ഉണ്ടായി. ഇക്കാലത്തു് ആസ്ട്രിയൻ ഭരണത്തിലിരുന്ന ഇററാലിയൻമാരുടെ ഇടയിൽ ചെന്നു് വിഷമകരമായ പത്രപ്രവർത്തനം നടത്തുകയാൽ അവിടെയും വഴിമുട്ടി സ്വന്തനാട്ടിലേക്കു വീണ്ടും മടങ്ങി. സോഷ്യലിസ്റ്റു കക്ഷിയുടെ വകയായ ഒരു പത്രത്തിന്റെ ആധിപത്യം അദ്ദേഹത്തിനു സിദ്ധിച്ചു. അന്നു തുർക്കിയുമായുള്ള യുദ്ധത്തെപ്പററി ബലമായ പ്രതിഷേധപ്രവൃത്തികൾക്കു തുനിയുകയാൽ മുസോലിനിയെയും തടവിൽ പാർപ്പിക്കുകയുണ്ടായി. ആയിടയ്ക്കു സോഷ്യലിസ്റ്റു കക്ഷിയുടെ നേതാക്കന്മാരെ ഇളക്കി ഗവർമ്മെൻറുമായി ബലം പരീക്ഷിക്കുന്നതിനായിരുന്നു മുസോലിനിയുടെ ശ്രമം. വലിയ ജർമ്മൻയുദ്ധം തുടങ്ങിയപ്പോൾ തന്റെ പക്ഷത്തുള്ള ഏററവും പ്രധാനപ്പെട്ട ഒരു പത്രത്തിന്റെ അധിപനായിരുന്ന മുസോലിനി ഇററലിരാജ്യത്തിന്റെ ഭാവിശ്രേയസ്സിനെ ആസ്പദമാക്കി യുദ്ധത്തിൽ ഉൾപ്പെടുന്നതിനു നാട്ടുകാരെ പറഞ്ഞിളക്കിയതു നേതാക്കന്മാർക്കു് ഒട്ടും സമ്മതം ആകാഞ്ഞതിനാൽ സോഷ്യലിസ്റ്റു കക്ഷി അദ്ദേഹത്തെ നിരാകരിക്കയുണ്ടായി. അന്നു് മുസോലിനി പറഞ്ഞതു്, "ഇന്നു നിങ്ങൾ എന്നെ ഇവിടെയുള്ള തെരുവീഥികളിൽ പ്രസംഗിക്കുവാൻ വിരോധിക്കുമായിരിക്കും. എന്നാൽ എന്റെ പ്രസംഗം നിറുത്തുന്നതിനു ഭാവിച്ചിട്ടില്ല. അധികം താമസിക്കാതെ ഈ രാജ്യത്തിലെ ജനസമൂഹം എന്നെ അനുസരിക്കുക

യും അഭിനന്ദിക്കുകയും ചെയ്യും. അന്ന് നിങ്ങൾക്ക് സംസാരിക്കുന്നതിനുള്ള സ്വാതന്ത്ര്യമാകട്ടെ അനുചരന്മാരാകട്ടെ ഉണ്ടായിരിക്കുകയില്ല'', എന്നായിരുന്നു.

മുസോലിനി സ്വന്തമായ ഒരു പത്രം തുടങ്ങി യുദ്ധത്തിൽ പ്രവേശിക്കുന്നതിന് അനുകൂലമായി ശക്തിയോടെ വാദിച്ചുകൊണ്ടിരുന്നു. അതിൻെറ ഫലമായി ഇററലി യുദ്ധത്തിന് ഒരുമ്പെടുകയും മുസോലിനി ഒരു യോദ്ധാവായി പട്ടാളത്തിൽ ചേരേണ്ടിവരികയും ചെയ്തു. രണ്ടുവർഷത്തിനുള്ളിൽ അദ്ദേഹം പരുക്കേററ് അവശപ്പെട്ടു സൈന്യത്തിൽനിന്നും പിൻവാങ്ങി വീണ്ടും പത്രപ്രവർത്തനം തുടന്നു. യുദ്ധം അവസാനിച്ചപ്പോൾ സമാധാന നിശ്ചയങ്ങൾ ഇററലിയുടെ ആഗ്രഹപ്രകാരം തൃപ്തികരമാകാഞ്ഞതിനാൽ പലമാതിരി കലാപങ്ങൾക്കും ഇടയായി. റഷ്യയിലെപ്പോലെ പ്രാദേശിക സംഘങ്ങൾ അങ്ങുമിങ്ങും വളരെ ശീഘ്രത്തിൽ പ്രബലപ്പെടുകയും വേലക്കാർ പണിമുടക്കി മുതലാളിമാരെ തോല്പിച്ചു ബലാൽക്കാരമായിതന്നെയും തൊഴിൽശാലകൾ കൈക്കലാക്കുന്നതിനു തുനിയുകയും ഉണ്ടായി. ഇററലിയുടെ ആഗ്രഹങ്ങൾ പൂർണ്ണമായി ഫലിക്കുന്നതുവരെ ആയുധം താഴെ വച്ചുകൂടെന്നുപറഞ്ഞു ഡനൻസിയോ മുതലായവർ ആൾശേഖരം നടത്തിവന്നു. കഴിഞ്ഞുകൂടിയ മഹായുദ്ധത്തിൻെറ ഫലമായി നാണയങ്ങൾക്കു വിലയില്ലാതെ സാമാനങ്ങൾക്കു വില കൂടുകയും കച്ചവടത്തിനും വ്യവസായത്തിനും ഇടിവുതട്ടുകയും ചെയ്തു. അനേകസഹസ്രം ജനങ്ങൾ യുദ്ധം കഴിഞ്ഞു മടങ്ങിവന്നപ്പോൾ വേല കിട്ടാതെ വലഞ്ഞു. ഇങ്ങനെ നാടൊട്ടുക്കു കലാപം വർദ്ധിച്ചുകൊണ്ടിരുന്നപ്പോൾ പ്രജാസഭയിലുള്ള കക്ഷിവഴക്കു കാരണമായി മന്ത്രിമാർ കൂടക്കൂടെ മാറികൊണ്ടിരുന്നതല്ലാതെ ഗവമ്മെൻറിന് ഒന്നും പ്രവർത്തിക്കുവാൻ ശക്തിയുണ്ടായില്ല. നിശ്ചിതമായ നയമോ സമാധാനപരിപാലനത്തിന് വേണ്ട കെല്പോ ഭരണകേന്ദ്രത്തിൽ ഇല്ലെന്നു കണ്ടപ്പോൾ മുസോലിനിയെപ്പോലെ ഉള്ളവർ ബലംപ്രയോഗിച്ചു പ്രക്ഷോഭണസംഘങ്ങളെ ഒതുക്കുന്നതിനു തീച്ചപ്പെടുത്തി.

1919-മാർച്ച മാസത്തിലാണ് ആദ്യത്തെ ഫാഷിസ്ററുസംഘം സ്വരൂപിച്ചതു്. അതു മിലാൻ നഗരത്തിൽ മുസോലിനിയുടെ പത്രശാലയിൽ വച്ചു തന്നെയായിരുന്നു. സ്വദേശസ്നേഹികളായ ഇററാലിയൻമാരേയും പ്രജാസഭയിൽ ഇരുന്നുകൊണ്ടു നാട്ടുമുഴുവൻ നാററുന്ന പ്രതിനിധികളുടെ അനുചരന്മാരെയും മറെറാരുതരത്തിലുള്ള ഒരു് ഇററലി ഉണ്ടെന്ന് മനസ്സിലാക്കുന്നതിനാണു ഞങ്ങളുടെ ഉദ്യമം, ആ ഇററലി വിദേശശക്തികളുടെ ബഹുമാനത്തെയും ആശങ്കയെയും ഉണർത്തുകയും, സ്വയം വേലചെയ്തു സന്നദ്ധമായി സേഛ്ചപോലെ ജീവിക്കുന്നതിനും വിജയികളായി തീരുന്നതിനും ഉത്സാഹിക്കയും ചെയ്യുന്നതാകുന്നു. അടുത്തഭാവിയിൽ ആ ഇററലി ആകാശം ദ്രുതഗതികളായ വിമാനങ്ങൾകൊണ്ടും കടലുകൾ പ്രബലങ്ങളായ കപ്പലുകൾകൊണ്ടും നിറയ്ക്കുന്നതായിരിക്കും. എന്നായിരുന്നു മുസോലിനി അന്നു പ്രഖ്യാപനം ചെയ്തതു്. മദ്ധ്യകാലങ്ങളിലെ പാരമ്പര്യം അനുസരിച്ച് ഓരോ കക്ഷികളും ഓരോനിറത്തിലുള്ള അടയാളങ്ങൾ ധര

ക്കുന്ന പതിവ് ഫാഷിസ്ററു കക്ഷിയും അനുകരിച്ചു. വേലക്കാർ ലെനിന്റെ പടം എഴുന്നള്ളിച്ച് ചുമന്ന കൊടികളും പറപ്പിച്ച് നടന്നിരുന്നു. യുദ്ധത്തിന് ആദ്യം ഒരുമ്പെട്ടിറങ്ങിയ വസ്തു ഉടമസ്ഥന്മാരുടെ സംഘങ്ങൾ ആണ് കറുത്തവേഷം പ്രധാനമാക്കിയതു്. പാർലമെൻറു കക്ഷിയുടെ വേഷം ചാരനിറത്തിലായിരുന്നു. മററു സ്വദേശി സംഘങ്ങൾ നീലനിറത്തിലുള്ള ഉടുപ്പുകൾ ധരിച്ചിരുന്നു. ഫാഷിസ്ററുകക്ഷി കറുത്തവേഷം സ്വീകരിച്ചതു തന്നെ വിപ്ലവകാരികളെയും പാർലമെൻറു് കക്ഷിയെയും വേർതിരിച്ചു കാണിക്കുന്നതിനു വേണ്ടിയായിരുന്നു എന്നു കാണുന്നു. മുസോലിനിയുടെ കക്ഷിയിൽ മഹായുദ്ധത്തിൽ പങ്കു കൊണ്ടവരായ ഭടന്മാരായിരുന്നു അധികവും. ഓരോ സ്ഥലത്തു പ്രധാനമായി തോന്നിയ ഒരോ കക്ഷിയെ എതിക്കുന്നതിനാണു ഫാഷിസ്ററു സംഘങ്ങൾ പുറപ്പെട്ടതു്. ഒരിടത്തു് പാതിരിമാരുടെ പ്രാബല്യം എതിക്കുന്നതിനും, റെറാരിടത്തു യുദ്ധം തുടൎന്നു കൊണ്ടുപോകുന്നതിനുള്ള ഉദ്യമങ്ങളെ തടയുന്നതിനും, മദ്ധ്യദേശങ്ങളിലും ഉത്തരഭാഗങ്ങളിലും മുസോലിനിയെ പിൻതുടരുന്നതിനും, ഇങ്ങിനെ പല ഉദ്ദേശങ്ങളോടുകൂടി തുടങ്ങിയ ഈ സംഘങ്ങളെ തമ്മിൽ തമ്മിൽ ബന്ധിക്കുന്നതിന് അവയ്ക്കു സോഷ്യലിസ്ററു് കക്ഷിയോടുഉണ്ടായിരുന്ന ശത്രുത ഒന്നു മാത്രമെ ഹേതുവായിരുന്നുള്ളു.

ഏതാനും കാലത്തേയ്ക്കു ബോൾഷെവിസ്ററു കക്ഷിയുടെ ശക്തി വൎദ്ധിച്ചുകൊണ്ടിരുന്നു. അതിലെ നേതാക്കന്മാർ നഗരസഭകളിൽ പ്രതിനിധികളായും മററും പ്രവേശിച്ച് അവരുടെ അധികാരം ഉപയോഗിച്ചു മററു കക്ഷികളെ ഉപദ്രവിക്കുന്നതിനു മുതിൎന്നു. ഗവമ്മെൻറാകട്ടെ ഇരുകൂട്ടരും തമ്മിൽ തല്ലി നശിച്ചുകൊള്ളുവാൻ പൂൎണ്ണ സ്വാതന്ത്ര്യം അനുവദിച്ചുകൊടുത്തു. 1921-സെപ്ററംബർ മാസത്തിൽ ബൊള്ളാഞ്ഞാ പട്ടണത്തിലെ ഫാഷിസ്ററു് സംഘം ബോൾഷെവിക്കുകാരുടെ ഉപദ്രവം ദുസ്സഹമായി തീരുകയാൽ നഗരഭരണം ബലാൽക്കാരമായി കയ്യേററു. വിമതന്മാരെ അടിക്കുകയും ധാരാളമായി ആവണക്കെണ്ണ കുടിപ്പിക്കുകയും ആവശ്യംപോലെ കൊല്ലുകയും ചെയ്യുന്നതായിരുന്നു അവരുടെ നയം. മററൊരിടത്തു് മുതലാളികളായ അധികാരസ്ഥന്മാർ സാമാനങ്ങളുടെ വില വൎദ്ധിപ്പിച്ചു ജനങ്ങളെ ഉപദ്രവിക്കുന്നതു തടയുന്നതിനായി ഫാഷിസ്ററി അങ്ങാടികളിൽ ചെന്നു് കച്ചവടക്കാരെയും കൃഷകന്മാരെയും വശപ്പെടുത്തി. ഇപ്രകാരം നാടൊട്ടുക്കു പല അക്രമങ്ങളും തടയുന്നതിനു ഫാഷിസ്ററു് സംഘങ്ങൾ ധൈൎയ്യമായി പ്രവൎത്തിച്ചതുകൊണ്ടു പൊതുജനങ്ങളുടെ അനുഭാവം അവൎക്കു ക്രമേണ സിദ്ധിച്ചു.

ഗവമ്മെൻറു കക്ഷിക്കാർ ഫാഷിസ്റ്റിയെ ഗണ്യമാക്കിയില്ല. എന്നാൽ അവരുടെ നേക്കാണു് മുസോലിനിഉന്നം വച്ചുകൊണ്ടിരുന്നതു്. 1922-സെപ്ററംബർമാസത്തിൽ തന്റെ അനുചരന്മാരെ റോമിലേക്കു് അദ്ദേഹം നയിച്ചു. ആദ്യമായി പാർലമെൻറു പിരിച്ചുവിടണമെന്നും മററും അവർ ആവശ്യപ്പെട്ടതിനു മറുപടിയായി ഫാഷിസ്ററു

നേതാക്കന്മാൎക്ക് മന്ത്രിസഭയിൽ സ്ഥാനം കൊടുക്കാമെന്നു അധികാരികൾ പറഞ്ഞുനോക്കി. തൻെറ കക്ഷിക്ക് അപ്രകാരമുള്ള മേന്മയ്ക്കു താല്പൎയ്യമില്ലെന്നായിരുന്നു മുസോലിനിയുടെ മറുപടി. തെക്കും വടക്കും പല ദിക്കുകളിൽ ഫാഷിസ്ററു സംഘങ്ങൾ ഘോഷയാത്രചെയ്തു. വിശേഷിച്ചും അന്നുവരെ ഗവൎമ്മെൻറു കക്ഷി വക വയ്ക്കാതിരുന്ന തെക്കൻ പ്രദേശങ്ങളിൽ അവരുടെ ഒരു വലുതായ സമ്മേളനം നടത്തി. എല്ലാവരും ചെന്നു റോമിൽ എത്തിയപ്പോൾ പ്രധാനമന്ത്രി സൈന്യത്തിൻെറ സഹായം അഭ്യൎത്ഥിക്കണമെന്നു രാജാവിനോട് ആവശ്യപ്പെട്ടു് അദ്ദേഹം സമ്മതിച്ചില്ല. മുസോലിനി മിലാനിൽ നിന്നും വന്നുചേൎന്നു തൻെറ അനുചരന്മാരുടെ തലവനായി കൊട്ടാരത്തിൽചെന്നു രാജാവിനെ കണ്ടു. ഉടൻതന്നെ അദ്ദേഹം മുസോലിനിയെ പ്രധാനമന്ത്രിയായി നിയമിച്ചു.

## II

മുസോലിനിയുടെ കക്ഷിയോട് മത്സരിക്കുവാൻ ശക്തിയുള്ളതായി വേറൊരു സംഘം ദക്ഷിണദേശങ്ങളിൽ വ്യാപരിച്ചിരുന്നു. അതു പാതിരിമാരുടെ നേതൃത്വത്തിൽ ഉള്ള ഒരു പള്ളിക്കക്ഷി ആയിരുന്നു. തെക്കോട്ടുള്ള കൃഷിക്കാൎക്കവേണ്ടി പല സഹായങ്ങളും ചെയ്തുകൊടുത്തു് അതിൻെറ ശക്തി കുറയ്ക്കുന്നതിനു മാത്രമല്ല, മാർ പാപ്പയുടെ ആനുകൂല്യം സമ്പാദിച്ചു് അതിൻെറ നേതാവിനെത്തന്നെ പിരിച്ചയയ്ക്കുന്നതിനും മുസോലിനിയ്ക്കു സാധിച്ചു. ശക്തിയോടുകൂടി ഭരണാധികാരം നടത്തുന്നതിന് ഒരു ആളുണ്ടെന്നു കണ്ടപ്പോൾ തുടങ്ങി നാട്ടിൽ സമാധാനം പരന്നു. രണ്ടുമൂന്നു കൊല്ലംകൊണ്ടു കൃഷി കച്ചവടം, വ്യവസായം മുതലായ എല്ലാ കാൎയ്യങ്ങളിലും അത്ഭുതപൂൎവ്വമായ അഭിവൃദ്ധി ഉണ്ടായി. യുദ്ധസംബന്ധമായ കടംവീട്ടുന്നതിനു സൌകൎയ്യമുള്ള ഏൎപ്പാടുകൾചെയ്തു. ഭാരമേറിയ നികുതികൾ നീക്കി വ്യവസായങ്ങൾക്കു പ്രോത്സാഹനം നൽകി. ബാങ്കുകളിലെ നിക്ഷേപധനം വൎദ്ധിക്കുകയും നാണയത്തിൻെറ വില സ്ഥിരപ്പെടുകയും ദുൎവ്യയത്തിന് ഇടയാക്കിയിരുന്ന ഉദ്യോഗങ്ങളും അഴിമതികളും നിൎത്തുകയും ചെയ്തതോടുകൂടി ഗവൎമ്മെൻറിൻെറ ആയവ്യയക്കണക്കുകൾ ആണ്ടോടാണ്ടു ധാരാളം മിച്ചം കാണിച്ചുതുടങ്ങി. ഇററലിയുടെ ഏകീകരണം ഉത്തരദേശക്കാരുടെ നേതൃത്വത്തിൽ ആയിരുന്നതുകൊണ്ടു ദക്ഷിണദേശക്കാർ വളരെക്കാലത്തേക്കു സഹിച്ചിരുന്ന നിസ്സഹായത്വം മുസോലിനി പാടെ മാററി. തെക്കൻപ്രദേശങ്ങളിലും സിസിലി, സാർഡീനിയ മുതലായ പുറം ദിക്കുകളിലും കൃഷിക്കു വേണ്ട ധനസഹായവും മററ് ഒത്താശകളും അദ്ദേഹം ചെയ്തുകൊടുത്തു. മലമ്പനി പാടേ ഇല്ലാതാക്കുന്നതിനു ചളിപ്രദേശങ്ങൾ വററിക്കുകയും നികത്തുകയും ചെയ്വാൻ തുടങ്ങി. നാട്ടിലെ കൊള്ളക്കാരെ അമൎച്ചചെയ്യുന്നതിന് ഉള്ള സന്നാഹങ്ങൾകൊണ്ട് അവർ ഇല്ലാതായി. ചെറുപ്പക്കാരായ കൃഷിക്കാരെ ഉത്സാഹിപ്പിച്ചു് ഗവൎമ്മെൻറിൻെറ നേതൃത്വത്തിൽ നാട്ടുംപുറങ്ങളിൽ നടന്ന പുതിയ കൃഷികരീതികൾ മനസ്സിലാക്കിക്കൊടുക്കുന്നതിന് ഏൎപ്പാടുചെയ്തു. സാങ്കേതികവിദ്യാലയങ്ങൾ നാടൊട്ടുക്കു സ്ഥാപിച്ചതിനുപുറമെ ശാസ്ത്രവിദഗ്ദ്ധന്മാരായ അനേകം ആളുകൾ സൎക്കാർശമ്പളത്തിൽ അങ്ങുമിങ്ങും സഞ്ചരിച്ചു ശാ

സ്ത്രീയജ്ഞാനം വിതരണംചെയ്തുതുടങ്ങി. 1926-ൽ വ്യവസായശാലകളെയും തൊഴിലാളികളെയും സംബന്ധിച്ചുള്ള നൂതനവ്യവസ്ഥിതികൾ നടപ്പിലാക്കി. തൊഴിലാളികൾ, മുതലുടമസ്ഥന്മാർ, എഴുത്തുകാർ ഇങ്ങിനെ മൂന്നുസംഘങ്ങൾ വ്യവസായനിയന്ത്രണത്തിനു സ്ഥാപിക്കപ്പെട്ടു. യാതൊരു കാരണവശാലും തൊഴിൽ മുടക്കം ഉണ്ടായിപ്പോകരുതെന്നു ചട്ടംകെട്ടി. കുറെക്കാലത്തേക്ക് ഈ നടപടികൾ ഓരോ കൂട്ടർക്ക് ഉപദ്രവകരമായി തോന്നിയെങ്കിലും ഫാഷിസ്റ്റു് ഉദ്യോഗസ്ഥന്മാരുടെ പ്രേരണയ്ക്ക് അവർ കീഴടങ്ങേണ്ടിവന്നു. തൊഴിൽക്കാർക്കു വിശ്രമത്തിനുള്ള സൌകര്യങ്ങൾ ഫാഷിസ്റ്റ്സംഘത്തിന്റെ മേൽനോട്ടത്തിൽ എല്ലായിടത്തും ഏർപ്പെടുത്തി. അവർക്കു വിദ്യാഭ്യാസത്തിനും വ്യവസായപരിശീലനത്തിനും വ്യായാമങ്ങൾക്കും വിനോദങ്ങൾക്കും വേണ്ട സ്ഥലങ്ങളും ഉപകരണങ്ങളും മാത്രമല്ല, തൊഴിൽ ചെയ്യുവാൻ നിവൃത്തിയില്ലാത്തപ്പോഴും തൊഴിൽ ഇല്ലാതാകുമ്പോഴും ചിലവു കഴിക്കുന്നതിനു വേണ്ട ധനസഹായം സിദ്ധിക്കത്തക്ക വ്യവസ്ഥകളും നടപ്പിൽ വരുത്തി. ഇതുപോലെയുള്ള സൌകര്യം മറെറാരു രാജ്യത്തിലും വേലക്കാർക്ക് പൊതുവേ അനുഭവിക്കത്തക്കവണ്ണം സിദ്ധിച്ചിട്ടില്ലെന്ന് എല്ലാവരും സമ്മതിക്കുന്ന കാര്യമാണ്.

ഇററലിയെപ്പോലെ പുരാതനമായ ഒരു രാജ്യത്തിന്റെ പ്രാചീനമഹിമയെപ്പററിയുള്ള അഭിമാനം പുലർത്തുന്നതു സമുദായൈക്യത്തിനും നാട്ടുകാരുടെ ഔന്നത്യത്തിനും അതിപ്രധാനമായ സംഗതിയാണെന്നുള്ളതു മുസോലിനി വിസ്മരിച്ചില്ല. റോമാനഗരം വൃത്തിയാക്കി പുരാണവസ്തുക്കളെ സംരക്ഷിച്ചു പേരുകേട്ട ആസ്ഥാനങ്ങളും കെട്ടിടങ്ങളും ആർക്കും പോയി കാണത്തക്കവിധം തുറന്നിടുന്നതിനു നിശ്ചയിച്ചിട്ടുണ്ട്. ഹെർക്കുലേനിയം മുതലായ പ്രാചീനനഗരങ്ങൾ കുഴിച്ചെടുത്തു് അവയിലുള്ള വിശിഷ്ടവസ്തുക്കളെ സംഭരിച്ചുവരുന്നു. പുതിയറോഡുകളും റെയിൽ പാതകളും ആണ്ടോടാണ്ടു കൂടിവരുന്നതുകൂടാതെ യാത്രക്കാരുടെ സൌകര്യത്തിനായി വാഹനങ്ങളും താമസസ്ഥലങ്ങളും ശുചിയാക്കിവയ്ക്കുന്നതിനും ഏർപ്പാടുകൾ ഉണ്ടു്. "ഞങ്ങൾ ഒരു കക്ഷിക്കാരല്ല; സ്വതന്ത്രന്മാരും ആരോഗ്യവാന്മാരും അടങ്ങിയ ഒരു സമുദായം ആകുന്നു," എന്നാണ് മുസോലിനിയുടെ അഭിമാനം. യുവാക്കന്മാരെ പ്രോത്സാഹിപ്പിക്കുന്നതിനും രാജ്യത്തിന്റെ മഹിമയിൽ അവർക്ക് അഭിമാനം ജനിക്കുന്നതിനും വേണ്ടിടത്തോളം സ്വാതന്ത്ര്യം അനുവദിച്ചിട്ടുണ്ടു്. വിദ്യാലയങ്ങളിൽ തകർപ്പും ആർപ്പുവിളിയും വിനോദങ്ങളും ഗുസ്തികളും യഥേഷ്ടം നടത്തിക്കൊള്ളുന്നതിന് അനുവദിച്ചിരിക്കുന്നു. എതിർകക്ഷികൾക്ക് പുറത്തു തല കാണിക്കുന്നതിനുപോലും ധൈര്യമില്ലാതിരിക്കുവാൻ ഇതു് ഒരു മാർഗ്ഗമായിട്ടുണ്ടു്. ഇപ്രകാരമുള്ള പ്രസരിപ്പും ബഹളങ്ങളും മനഃസംസ്കരണത്തിനോ സുന്ദരകലകളുടെ അഭിവൃദ്ധിയ്ക്കോ സഹായിക്കുകയില്ലായിരിക്കാം. എന്നാൽ ഉത്സാഹഭരിതരായി ഓടിനടക്കുന്നതുതന്നെ യുവപൌരന്മാർക്ക് ഒരു സുന്ദരകലയായി തീർന്നിരിക്കുന്നു.

അഞ്ചുകൊല്ലംകൊണ്ടു് ആഭ്യന്തരമായ വ്യവസ്ഥിതികൾ സ്വരൂപപ്പെടുത്തിയ

തിൻശേഷം വിദേശകാൎയ്യങ്ങളിൽ മനസ്സിരുത്തുന്നതിന് മുസോലിനിക്കു സൌകൎയ്യം സിദ്ധിച്ചു. മെഡിററേനിയൻ കടലിന് തെക്കും വടക്കും ഫ്രാൻസിൻെറയും തുൎക്കിയുടെയും നില ഉറച്ചിരിക്കുന്നതു കണ്ട്, കിഴക്കോട്ടുള്ള ചെറിയ ദ്വീപുകളും ഈജിപ്ററിനു തെക്കുള്ള ആഫ്രിക്കൻ പ്രദേശങ്ങളും ഇററലിയുടെ ന്യായമായ അവകാശം ആയിട്ടാണ് അദ്ദേഹം വ്യാഖ്യാനിച്ചത്. മററു മഹാരാജ്യങ്ങളെപ്പോലെ ഇററലിക്കുമുള്ള സാമ്രാജ്യഭ്രമം പരസ്യമായി പ്രസ്താവിക്കുന്നതിന് അദ്ദേഹം മടിച്ചിട്ടില്ല. "തൻനാട്ടിലെ വ്യവസ്ഥിതി പ്രയോജനവും സുഖവും കരുതിചെയ്യേണ്ടതുമാത്രമെയുള്ളു. സാമ്രാജ്യസ്ഥാപനം ക്ഷണികമായ അനുഭവത്തെ കവിഞ്ഞുള്ള ഒരു കൎത്തവ്യമാകുന്നു," എന്നു മുസോലിനി പലപ്പോഴും പലയിടത്തും പ്രസ്താവിച്ചിട്ടുണ്ട്. ശക്തിയുള്ളവരും ശക്തിയില്ലാത്തവരും അന്യദേശങ്ങൾ ആക്രമിക്കുന്നതിനും കീഴടക്കി ഭരിക്കുന്നതിനും എല്ലാക്കാലത്തും സന്നദ്ധരാണ്. അതിൽ ഏൎപ്പെടുന്നവർ സ്വമനസ്സാലെ പിൻതിരിയുന്നപതിവില്ല. ഇററലിയിലെ ജനസംഖ്യയാകട്ടെ ക്രമാതീതമായി വളൎന്നുവരുന്നു. വടക്കോട്ടു ജൎമ്മനിയിലേക്കും പടിഞ്ഞാറോട്ടു ഫ്രാൻസിലേക്കും ഇററാലിയന്മാർ അനേക കാലമായി കുടികയറുന്നുണ്ട്. മെഡിററേനിയൻ സമുദ്രതീരത്തും ദ്വീപുകളിലും മാത്രമല്ല അത്ലാൻഡിക്ക് മഹാസമുദ്രത്തിനപ്പുറത്തും ചെന്ന് അധിനിവേശം ചെയ്തിട്ടുള്ള ഇററാലിയന്മാർ ലക്ഷക്കണക്കിനുണ്ട്. ഇപ്രകാരമുള്ള ദരിദ്ര്യന്മാരുടെ വ്യാപ്തി ഐക്യനാട്ടുകാർ സ്വല്പകാലത്തിനു മുമ്പു തടഞ്ഞതുകൊണ്ട് മുസോലിനിദേശാഭിമാനത്തെ ആസ്പദമാക്കി വിദേശഭരണത്തിലുള്ള ദൂരദേശങ്ങളിൽ കുടികയറുന്നതു വിരോധിച്ചിരിക്കുന്നു. സ്വദേശത്തു തന്നെയോ അടുത്തദിക്കുകളിലോ ജനങ്ങൾ കയറി പാൎക്കുന്നതിനുള്ള സൌകൎയ്യമാണ് അദ്ദേഹം ആഗ്രഹിക്കുന്നത്. അതുകൊണ്ടു ട്രിപ്പൊളി, അബിസീനിയ, സോമാലിലാൻഡ്, കാർഫ മുതലായ പ്രദേശങ്ങൾ സ്വാധീനപ്പെടുത്തുന്നതിന് അദ്ദേഹം ഉദ്യുക്തനായിരിക്കുന്നു. നാട്ടിലുള്ള വിഭവങ്ങളും ജനങ്ങളും വൎദ്ധിച്ച് അടുത്തുകിടക്കുന്ന ദേശങ്ങളിലേയ്ക്ക് വ്യാപിച്ച് അധികാരം പരത്തുന്നതിനാണ് ആഭ്യന്തരവ്യവസ്ഥകൾ കൊണ്ടു ഉദ്ദേശിച്ചിട്ടുള്ളതു്. സ്വദേശത്തു തൊഴിലില്ലാതെയും അക്രമം പ്രവൎത്തിച്ചും നടക്കുന്നവരെ അന്യദിക്കിലേക്ക് കടത്തി അയക്കുന്നതിനുള്ള ആസ്ഥാനമായിട്ടല്ല, സമുദായജീവിതത്തിൻെറ പോഷണത്തിനു സഹായമായി തീരത്തക്കവണ്ണമുള്ള ഒരു ഭൂമതലയിട്ടാണ് ഫാഷിസ്ററുകാർ സാമ്രാജ്യവ്യാപ്തിയെ ആഗ്രഹിക്കുന്നതു്. ഇതിനെപ്പററി മററു രാജ്യക്കാൎക്ക് അവലാതിപ്പെടുന്നതിന് അവകാശമില്ല. അടുത്തകാലത്തു ജപ്പാൻ അനുകരിക്കുന്ന നയം തന്നെയാണ് ഇററലിയും മാൎഗ്ഗദൎശകമായി സ്വീകരിച്ചിട്ടുള്ളതു്.

മഹായുദ്ധത്തിനു ശേഷം സമാധാനപരിപാലനത്തിനു വേണ്ടി സ്ഥാപിക്കപ്പെട്ടതായ സൎവരാജ്യസമിതി കാൎയ്യങ്ങൾ പറഞ്ഞു ഒതുക്കുന്നതിന് ആവശ്യംപോലെ ഉപയോഗിക്കാവുന്ന ഒരു സംഘമെന്നല്ലാതെ, എല്ലാ രാജ്യങ്ങളെയും കൃത്യബോധത്തോടുകൂടി വൎത്തിക്കുന്നതിനു നിൎബന്ധിക്കുവാൻ ശേഷിയുള്ള ഒരു

സ്ഥാപനമായിട്ടല്ല മുസോലിനി കണക്കാക്കിയിട്ടുള്ളതു്. സമാധാനമായി സംസാരിച്ചു തീരുമാനം ഉണ്ടാക്കുന്നതിന്നു് ആ സ്ഥാപനത്തിന്റെ ഇപ്പോഴത്തെ ഘടനയും നയവും പ്രതിബന്ധമായിട്ടുണ്ടെന്നാണു് അദ്ദേഹത്തിന്റെ അഭിപ്രായം. അതായതു് ഈ സമിതി യുദ്ധത്തിനു ശേഷമുണ്ടായിട്ടുള്ള ഉള്ള സമാധാന ഉടമ്പടികളെ അക്ഷരനീക്കം കൂടാതെ പരിപാലിക്കുവാൻ നിഷ്കൎഷിക്കുന്നതും അതിലെ അംഗങ്ങളായ എല്ലാ രാജ്യങ്ങൾക്കും സമമായ നിലയേ ഉള്ളു എന്നു് വാദിക്കുന്നതും അബദ്ധമാണു്. "ഉടമ്പടികൾ ലോകാന്തം വരെ ഒരേരീതിയിൽ നില്ക്കത്തക്കവയല്ല. അവ ലോകഗതിയിൽ ഓരോ ഘട്ടങ്ങളെ കുറിക്കുന്നതേയുള്ളു. ലോകഗതിയുടെ ഭരതവാക്യമായി അവയെ ഗണിക്കാവുന്നതല്ല," എന്നു മുസോലിനി പറഞ്ഞിട്ടുള്ളതു തീരെ അബദ്ധമാണെന്നു പറയുവാൻ നിവൃത്തിയില്ല. അതു പോലെ തന്നെ, ചെറിയ രാജ്യങ്ങളും വലിയരാജ്യങ്ങളും സമത്വത്തിൽ പെരുമാറണമെന്നുള്ള വാദം അംഗങ്ങളെ അനാവശ്യമായി വൎദ്ധിപ്പിച്ചു് കാൎയ്യങ്ങൾ പറഞ്ഞുതീൎക്കുന്നതിനുള്ള സൌകൎയ്യം കുറയ്ക്കുകയാണു് ചെയ്തിട്ടുള്ളതെന്നും സമ്മതിക്കാം. ഈ ന്യായത്തെ അടിസ്ഥാനപ്പെടുത്തി ഇററലി, ജൎമ്മനി, ഫ്രാൻസ്, ഇംഗ്ലണ്ടു് എന്ന നാലു മഹാ ശക്തികൾ മാത്രം യോജിച്ചു പ്രവൎത്തിച്ചു് സമാധാനം പരിപാലിക്കണമെന്നു് ഒരു വ്യവസ്ഥ മുസോലിനി ആദ്യമായുണ്ടാക്കി. ഈ നയത്തെ തുടൎന്നു് അടുത്തുള്ള മററു രാജ്യങ്ങളുമായി കൂട്ടുകെട്ടുറപ്പിക്കുന്നതിനും അദ്ദേഹം നിഷ്കൎഷിച്ചു പോരുന്നുണ്ടു്. അബിസീനിയ തന്റെ രാജ്യത്തിന്റെ അഭിവൃദ്ധിയ്ക്കു് അത്യാവശ്യമാണെന്നു കണ്ടപ്പോൾ ആ രാജ്യം ആക്രമിക്കുന്നതിനും അഡോവായിലെ അവമാനത്തിനു പകരം വീട്ടുന്നതിനും അദ്ദേഹം തുനിഞ്ഞു. ഗ്രേറ്റ് ബ്രിട്ടനും ഫ്രാൻസും ലോകരൊക്കെയും ഭീഷണിപ്പെടുത്തിയിട്ടും തന്റെ നിശ്ചയത്തെ ഇളക്കുന്നതിന്നു് അദ്ദേഹം സന്നദ്ധനായിട്ടില്ല. മുസോലിനിയുടെ അധികാരസ്ഥാപനത്തിനു മുൻപു് ഇററലിയുടെ ശക്തി പേരിനുമാത്രം വകവച്ചിരുന്നതേയുള്ളു. അന്യനാട്ടുകാൎക്കു ചുററിനടന്നു കാണുന്നതിനുള്ള ഒരു കാഴ്ച ബംഗ്ലാവായിട്ടല്ലാതെ ആരും അതിനെ ഗണിച്ചിരുന്നില്ല. എത്രയും സ്വല്പകാലത്തിനുള്ളിൽ ഭരണ വ്യവസ്ഥിതിയ്ക്കും വ്യവസായപോഷണത്തിനും മാതൃകകളായ നയോപായങ്ങൾ അവിടെ നിന്നും മററുള്ളവർ കണ്ടുപഠിക്കത്തക്ക ഉൽക്കൎഷവും പ്രാബല്യവും ഇററലിക്കു സിദ്ധിച്ചതു് മുസോലിനിയുടെ മാഹാത്മ്യത്തിനു തക്കതായ തെളിവാകുന്നു.

ശക്തിമത്തായ ഭരണയന്ത്രത്തെ സൃഷ്ടിച്ചു ഫലിപ്പിച്ചതിന്റെ ശേഷം മുസോലിനിയുടെ ശ്രദ്ധ പതിഞ്ഞതു മാർ പാപ്പയും രാജസ്ഥാനവും തമ്മിലുള്ള സ്പൎദ്ധ ശമിപ്പിക്കുന്നതിലായിരുന്നു. തന്റെ അനുചരന്മാരിൽ പലരും പള്ളിക്കക്ഷിക്കു വിപരീതക്കാരായിരുന്നതിനാൽ തന്റെ അധികാരം വേണ്ടുവോളം ഉറപ്പിച്ചതിനുശേഷമെ അദ്ദേഹത്തിനു് ഇക്കാൎയ്യത്തിൽ പ്രവൎത്തിക്കുവാൻ സാധിച്ചുള്ളു. ഇററലിക്കു തെക്കും വടക്കും നിന്നുണ്ടായ ഒരു് ഉദ്വേഗം കൊണ്ടാണു രാജ്യത്തിന്റെ ഏകീകരണം സാധിച്ചതു്. എന്നാൽ ഈ ഏകീകരണത്തിൽ റോമിലും മദ്ധ്യദേശങ്ങളിലും മാർ പാപ്പയ്ക്കുണ്ടായിരുന്ന

രാജ്യാവകാശങ്ങൾ രാഷ്ട്രീയകക്ഷി വക വച്ചില്ല. തന്മൂലം പല വഴക്കുകൾക്ക് ഇടയാകുകയും ഒടുവിൽ മാർ പാപ്പ "വാററിക്കൻ" അരമനയ്ക്കകത്ത് ഒരു തടവുകാരനെപ്പോലെ അകപ്പെടുകയും ചെയ്തു. ഈ നിലയിൽ മാർ പാപ്പ ഫ്രാൻസിനോട് അടുക്കുന്നതും, നഷ്ടമായ ചില്ലറ രാജ്യാധികാരത്തിനു പകരം ലോകമൊട്ടുക്കുള്ള ആത്മീയാധികാരം വർദ്ധിപ്പിക്കുന്നതും കണ്ടു രാജ്യസ്നേഹികൾക്കു പല ആശങ്കകളും ഉണ്ടായിക്കൊണ്ടിരുന്നു. 1925-ൽ മാർ പാപ്പയുടെ നിർദ്ദേശപ്രകാരം ഉണ്ടായ വർഷാഘോഷങ്ങളിൽ സമാധാനരക്ഷ കൈയ്യേററതു ഫാഷിസ്റ്റുകാരായിരുന്നു. പുതിയ പ്രസ്ഥാനത്തിൽ ഇററലിയുടെ പ്രാമാണ്യവും മഹത്വവും പ്രബലമാക്കുന്നതിനു മാർ പാപ്പയുടെ സഹകരണം പ്രയോജനപ്പെടുമെന്നു ബോദ്ധ്യമുണ്ടായിരുന്ന മുസോലിനി അദ്ദേഹത്തിൻെറ സ്നേഹം സമ്പാദിക്കുന്നതിനു പല കാര്യങ്ങളും നടപ്പിൽ വരുത്തി. പള്ളിക്കൂടങ്ങളിൽ മതസംബന്ധമായ പഠിത്തം വീണ്ടും തുടങ്ങിക്കയും, വിവാഹബന്ധം മോചിപ്പിക്കുന്നതിൽ ഗവമ്മെൻറിനുണ്ടായിരുന്ന അധികാരം ഉപേക്ഷിക്കുകയും, ഫ്രീമേസന്മാർ മുതലായി മതസംബന്ധമില്ലാത്ത സംഘങ്ങളെ നിരോധിക്കയും മററും ചെയ്തു, മാർ പാപ്പയുമായി അടുക്കുന്നതിനുള്ള മനഃസ്ഥിതി അദ്ദേഹം പ്രത്യക്ഷമാക്കി. എങ്കിലും മാർ പാപ്പയുടെ അടുത്ത കാര്യസ്ഥന്മാർ പഴയകാര്യങ്ങളെ ഓർമ്മിച്ച് സന്ധിക്കു വഴിപ്പെടാതെ ഇരിക്കുന്നതിനു പണിതുടങ്ങിയപ്പോൾ മുസോലിനി തനിക്കുള്ള ബലം സ്വല്പമൊന്നു പ്രത്യക്ഷമാക്കേണ്ടിവന്നു. "കത്തോലിക് ബായിസ്കൗട്ട്" സംഘം പിരിച്ചുവിട്ടു ഒരു ഉത്തരവു പുറപ്പെടുവിച്ചതോടുകൂടി പീയൂസ് പതിനൊന്നാമൻ സ്വന്ത നിലയിൽ സന്ധിക്കുള്ള ആനുകൂല്യം പ്രത്യക്ഷപ്പെടുത്തി. 1929-ഫെബ്രുവരിമാസത്തിൽ ഉണ്ടായ ഉടമ്പടിപ്രകാരം ഇററലിയിലെ രാജാവു "വാററിക്കൻ" നഗരം ഒരു സ്വതന്ത്രരാജ്യമായി സമ്മതിച്ചുകൊടുക്കുകയും, മാർ പാപ്പയ്ക്കു മുൻപു നഷ്ടപ്പെട്ട ദേശങ്ങൾക്കു പകരം വലുതായ ഒരു സംഖ്യ നഷ്ടം കൊടുക്കുകയും നാടൊട്ടുക്കുള്ള വിദ്യാഭ്യാസം കത്തോലിക്ക് മതത്തിൻെറ തത്വങ്ങളെ അടിസ്ഥാനമാക്കി നടത്തിക്കൊള്ളാമെന്നു സമ്മതിക്കയും ചെയ്തു. പള്ളിയുദ്യോഗസ്ഥന്മാർ രാജകീയ ശക്തിയെ അനുസരിക്കുന്നതിനു ബാദ്ധ്യസ്ഥന്മാരാണെന്നു മാർ പാപ്പയും സമ്മതിച്ചു. ഇരുകൂട്ടരും നിർബന്ധമുള്ള കക്ഷികളാണെങ്കിലും തൽകാലം സമാധാനത്തിനുവേണ്ടി അന്യോന്യം സമ്മതിച്ചുകൊടുത്ത അധികാരങ്ങൾ ഇത്തരം സംഗതികളിൽ ഇപ്പോൾ പ്രത്യക്ഷപ്പെട്ടിട്ടുള്ള സന്മനസ്സിനെ വെളിവാക്കുന്നുണ്ട്.

സാമ്പത്തികാധഃപതനം എല്ലായിടത്തും ബാധിച്ചപ്പോൾ ഇററലിയ്ക്കു മററു രാജ്യങ്ങളെപ്പോലെ കുഴപ്പമുണ്ടായില്ല. മുൻവ്യവസ്ഥകളെ ദൃഢമാക്കുന്നതിനും അവയുടെ വ്യാപ്തിയെ വിപുലപ്പെടുത്തുന്നതിനും ഈ സന്ദർഭം പ്രയോജനപ്പെട്ടു. ഓരോ സ്ഥലത്തുമുള്ള തൊഴിൽക്കാരുടെയും മുതലാളിമാരുടെയും പ്രത്യേക സംഘങ്ങൾ പ്രാദേശിക സംഘങ്ങളോടു ഘടിപ്പിക്കുകയും അവ രാജ്യമൊട്ടുക്കുള്ള മററു സംഘങ്ങളുമായി യോജിച്ചു സമിതികൾ സ്ഥാപിക്കുകയും ചെയ്യുന്നതിന് അനുവദിച്ചിരുന്ന ആനുകൂല്യങ്ങൾ ഒന്നുകൂടി വർദ്ധിച്ചതേയുള്ളു. 1934-ൽ ഇത്തരം സമിതികളെ തൊഴിൽമുറയ്ക്കു സംഘ

ടിപ്പിച്ചു മൂന്നു സ്ഥാപനങ്ങൾ മുസോലിനി സൃഷ്ടിച്ചു. സമുദായത്തിൻെറ ജീവിതത്തിനുവേണ്ട പ്രവൃത്തികളിൽ ഉൾപ്പെട്ട സകല വ്യാപാരങ്ങളും ഈ സംഘാത(Corporation)ങ്ങളുടെ മേൽനോട്ടത്തിൽ രൂപീകരിക്കപ്പെട്ടു. കർഷകന്മാരുടെ ഋണബാദ്ധ്യത ലഘുപ്പെടുത്തുന്നതിനു പ്രത്യേകം നിയമങ്ങൾ നടപ്പിൽ വരുത്തി. ഈടുവച്ച് കടംവാങ്ങിയിട്ടുള്ളവർ കടം വീട്ടുമ്പോൾ അന്നുവരെ നാട്ടൊട്ടുക്കു നിലവിലിരുന്നിട്ടുള്ളതിൽ എത്രയും കുറഞ്ഞ പലിശ കൊടുത്താൽ മതിയെന്നു വ്യവസ്ഥചെയ്തു. എന്നാൽ, മുതൽ നഷ്ടം സംഭവിക്കാത്തവിധത്തിലും കാലതാമസത്തിനു പരിഹാരം കിട്ടത്തക്കവിധത്തിലും ഉത്തമർണ്ണന്മാരുടെ രക്ഷയ്ക്കുവേണ്ട കരുതലും ചെയ്തിട്ടുണ്ട്. പത്തുകൊല്ലത്തെ കാലാവധികൂടി ഏതു കടങ്ങൾക്കും അനുവദിച്ചിട്ടുണ്ട്. കർഷകന്മാരുടെ വസ്തുക്കൾ ഈടുള്ള കടങ്ങൾക്ക് അൻപതുവർഷവും, കെട്ടിടങ്ങൾ മുതലായ ഈടുകൾ ഉള്ളവയ്ക്കു നാല്പതുവർഷവും കാലാവധി അനുവദിക്കണമെന്നാണ് ഇപ്പോഴത്തെ ചട്ടം. നൂററിനു നാലിൽ കവിഞ്ഞ പലിശയ്ക്കു കർഷകന്മാർക്ക് കടം കൊടുത്തിട്ടുള്ള ബാങ്കുകൾ നാലു ശതമാനംവച്ച് ഇടപാടുകൾ പുതുക്കുന്നതിനും വ്യവസ്ഥചെയ്തിട്ടുണ്ട്. കൃഷി നടത്തിക്കൊണ്ടുപോകുന്നതിനു സഹായമായി വിളവുകൾ ഈടുവാങ്ങി വായ്പകൊടുക്കുന്നതിനു സേവിംഗ്സ് ബാങ്കുകളും കോവാപ്പറേററിവ് ബാങ്കുകളും ചുമതലയേല്ക്കത്തക്കവണ്ണം ഒരു വലിയ സംഖ്യ ഗവമ്മെൻറിൽനിന്നും അവയെ ഏല്പിച്ചിരിക്കുന്നു. ഈ ഏടപാടുകൾക്കു വളരെ ചുരുങ്ങിയ പലിശയും അഞ്ചു സംവത്സരത്തെ കാലാവധിയും ആണു നിശ്ചയിച്ചിട്ടുള്ളത്. വലുതായ കൃഷിവേലകൾ നടത്തുന്നതിനു പണം കടംവാങ്ങി ഇപ്പോൾ ആദായം ഇല്ലാതെ ബുദ്ധിമുട്ടുന്നവർക്കു പ്രത്യേകം ആനുകൂല്യങ്ങൾ ചെയ്യുന്നതിലേയ്ക്കു മതിയായ സംഖ്യ അനുവദിച്ചിരിക്കുന്നു. നിരന്തരമായ കർഷകവൃത്തികൊണ്ടു രാജ്യത്തിൻെറ അഭിവൃദ്ധിയ്ക്കു സഹായിച്ചിട്ടുള്ള കർഷക സംഘങ്ങളെ സഹായിക്കുന്നതിനും ഏർപ്പാടുകൾ ഉണ്ട്. ഇങ്ങനെ ജനങ്ങളുടെ ആവശ്യങ്ങൾ അറിഞ്ഞു സമുദായത്തിൻെറ അഭിവൃദ്ധിക്ക് ഉതകുന്ന ഓരോ കാര്യത്തിലും മുസോലിനി നിഷ്കർഷിച്ചുവരുന്നു. ഇതുതന്നെയാണ് അദ്ദേഹത്തിൻെറ ബലം.

ഫാഷിസ്റ്റ് കക്ഷിലല്ല ഇററലി ഭരിക്കുന്നത്. ഗവമ്മെൻറിനെ നിയന്ത്രിക്കുന്നതും അധികൃതന്മാരെ നിലയ്ക്കു നിറുത്തുന്നതും ആയ ഒരു കക്ഷി ഇററലിയിലില്ല. മുസോലിനി പ്രധാന മന്ത്രിയായതിനു ശേഷം സകല ഭരണാധികാരവും അദ്ദേഹത്തിൽ തന്നെ സ്ഥിതിചെയ്യുന്നു. സമുദായ ശക്തിയുടെ നേതാവും അതു മൂർത്തീകരിച്ച ദേവതയും മുസോലിനി തന്നെ. ജനങ്ങൾ തമ്മിലുള്ള ഇടപാടുകൾ നിയന്ത്രിക്കുന്നതിനുള്ള വ്യവസ്ഥകൾ പോലെ സമുദായജീവിതത്തിന് ആധാരമായ വിഭാഗങ്ങൾ തമ്മിലും ഇടപെടുന്നതിന് പ്രാദേശികസംഘങ്ങൾ ഉണ്ട്. എന്നാൽ ഈ സംഘങ്ങളെ ഒന്നിലൊന്ന് ഘടിപ്പിച്ച് പൊതുജനാഭിവൃദ്ധിക്കുവേണ്ടി പ്രവർത്തിക്കത്തക്കവണ്ണം ഗവമ്മെൻറിൻെറ ശാസനയിൽ വച്ചിരിക്കുന്നു. ഇപ്രകാരമുള്ള സംഘങ്ങളുടെ കേന്ദ്രം ആണ് ഗവമ്മെൻറ്. യാതൊരു നിയമവും ഈ സംഘങ്ങളുടെ അനുമതികൂടാതെ

ഏൎപ്പെടുത്തുന്നതുമല്ല. എന്നാൽ നടപ്പിലിരിക്കുന്ന നിയമങ്ങളെ സംബന്ധിച്ചുള്ള സകലതീരുമാനവും ഗവൎമ്മെന്റിനോടു നേരിട്ട് ഉത്തരവാദിത്വമുള്ള നീതിന്യായകോടതികളിൽ ആണു് സ്ഥിതിചെയ്യുന്നതു്. ജനസമ്മതമില്ലാതെ നിയമങ്ങൾ ഉണ്ടായിക്കൂടെന്നും, നീതിപരിപാലനം ഭരണശക്തിയുടെ പ്രഥമകൃത്യമാണെന്നും ഉള്ള സൎവസമ്മതമായ തത്വങ്ങൾ നടപ്പിൽ വരുത്തുന്നതിനു് ഇപ്രകാരം സാധിച്ചിരിക്കുന്നു. ഭരണശക്തിക്കു് പ്രാബല്യം കൂടുന്തോറും ഭരണീയന്മാരുടെ സ്വാതന്ത്ര്യത്തിനും പ്രാധാന്യം കൂടുന്നു. ജനപ്രതിനിധിസഭ ഇംഗ്ലണ്ടിലെപ്പോലെ മററു രാജ്യങ്ങളിൽ പ്രവൎത്തിക്കുന്നതു വിഷമമാണെന്നു് ഇപ്പോൾ പരക്കെ ബോദ്ധ്യമായിട്ടുണ്ടു്. സോഷ്യലിസ്ററു കക്ഷിയുടെ സ്വാതന്ത്ര്യപ്രസ്ഥാനം മററുള്ളവരെക്കൊണ്ടു വേലയെടുപ്പിക്കാതിരിപ്പാൻ വേണ്ടിമാത്രമാണെന്നും തന്മൂലം ഗവൎമ്മെന്റിന്റെ ശക്തി ക്ഷയിപ്പിക്കുന്നതു സ്വാതന്ത്ര്യത്തിനല്ല മത്സരത്തിനും ബലപരീക്ഷണത്തിനും ആണെന്നും ഇററലിയിൽ തെളിയുകയും ചെയ്തു. ആത്മസംയമനവും അന്യോന്യാശ്രയംകൊണ്ടു തന്റെ നന്മയ്ക്കും പൊതുനന്മയ്ക്കുംവേണ്ടി പ്രയത്നിതക്കവണ്ണമുള്ള വ്യവസ്ഥിതികളും ആണു സാമുദായോൽകൎഷത്തിനു് അത്യാവശ്യം. അതിലേക്കു സമുദായത്തെ സജ്ജീകരിക്കുന്നതിനുള്ള സ്ഥൈൎയ്യവും ധൈൎയ്യവും ഏകോപിച്ചു പ്രവൎത്തിക്കുന്ന നായകശക്തിയാണു് മുസോലിനി.

ജീവിതത്തിന്റെ നിയന്ത്രണം രാജ്യശക്തിക്കു് അധീനമാണു്. രാജ്യശക്തിക്കു് ഉപരിയോ അതിൽനിന്നും ഭിന്നിച്ചോ ശരീരത്തിനും ബുദ്ധിക്കും സ്ഥാനവും നിലയും ഇല്ല എന്നുള്ള മതമാണു് ഇപ്പോൾ ഇററലി രാജ്യത്തു പ്രബലമായിരിക്കുന്നതു്. ഗവൎമ്മെന്റു് ജനങ്ങളുടെ സകല നടപടികളെയും നിയന്ത്രിക്കണമെന്നല്ല ഇതിൽ ഉദ്ദേശിച്ചിട്ടുള്ളതു്. ഓരോരുത്തനും സമുദായത്തോടു പൊതുവെയുള്ള കൎത്തവ്യം അനുസരിച്ചു ജീവിക്കണമെന്നുമാത്രമെ നിൎബന്ധമുള്ളു. സോവിയററു ഭരണത്തിലുള്ള റഷ്യയിൽ കൈത്തൊഴിൽകാൎക്കുമാത്രം പ്രാമാണ്യം കല്പിച്ചിരിക്കുന്നു. ഫാഷിസ്റ്റു ഭരണത്തിലുള്ള ഇററലിയിൽ എല്ലാത്തരം വേലക്കാരും സമുദായത്തിനു പൊതുവെ ആവശ്യമുള്ളവരാണെന്നു സമ്മതിച്ചിട്ടുള്ളതിനു പുറമേ അവർ തമ്മിലുള്ള മത്സരംകൊണ്ടല്ല സമുദായോൽകൎഷം സാധിക്കേണ്ടതെന്ന തത്വവും അംഗീകരിച്ചിരിക്കുന്നു. സമുദായാംഗങ്ങളായ ഓരോരുത്തരും സ്വേച്ഛപോലെ പ്രവൎത്തിക്കുന്നതുകൊണ്ടു് എല്ലാവരുടെയും സമഗ്രമായ അഭിവൃദ്ധി ഉണ്ടായിക്കൊള്ളുമെന്നു വാദിക്കുന്ന ലിബറൽ കക്ഷിയുടെ മതത്തെപ്പററിയും മുസോലിനിയ്ക്കു പുച്ഛമെ ഉള്ളു. സോഷ്യലിസ്റ്റു കക്ഷിയെപ്പോലെ വ്യക്തികളുടെ സ്വാതന്ത്ര്യം തടഞ്ഞു സകല വ്യവസായങ്ങളും ഗവൎമ്മെന്റുതന്നെ ഏററുനടത്തുന്നതുകൊണ്ടുമാത്രമെ സമുദായം നന്നാവുകയുള്ളു എന്നും അദ്ദേഹത്തിനു് അഭിപ്രായമില്ല. പൌരന്മാരുടെ എല്ലാ വ്യാപാരങ്ങളും സമുദായത്തിന്റെ അന്വേഷണത്തിൽ ഉൾപ്പെട്ടിരിക്കണമെന്നല്ലാതെ, ഗവൎമ്മെന്റു എല്ലാത്തിലും കൈകടത്തിക്കൊണ്ടിരിക്കണമെന്നല്ല ഫാഷിസ്റ്റു മതം. ഗവൎമ്മെന്റു് അതായതു് സമുദായത്തിന്റെ പ്രായോഗികബലം എപ്പോഴും സന്നദ്ധമായിരിക്കും. പൊതുക്കാൎയ്യങ്ങളിൽ അന്തിമമായ

തീരുമാനം ആ കേന്ദ്രത്തിൽനിന്നും നിശ്ചയിക്കുന്നതായിരിക്കും. എന്നാൽ ആ തീരുമാനവും അതിനെ തുടൎന്നുള്ള പ്രവൃത്തിയും പ്രത്യക്ഷപ്പെടണമെങ്കിൽ നിലവിലിരിക്കുന്ന വ്യക്തിസ്വാതന്ത്ര്യം പ്രയോജനശൂന്യമാണെന്നു് ഓരോവിഷയത്തിലും ബോദ്ധ്യപ്പെടണം.

മുസോലിനിയുടെ നേതൃത്വം ഇല്ലായിരുന്നെങ്കിൽ തന്നെയും ഇററലിയിൽ സമാധാനരക്ഷ ക്രമേണ ഉണ്ടാകുമായിരുന്നു എന്നുസമ്മതിക്കാം. ഇപ്പോഴത്തെ വിക്ററർ എമാനുവൽ (മൂന്നാമൻ) ഒന്നുകൊണ്ടും മോശക്കാരനായ ഒരു രാജാവല്ല. അദ്ദേഹത്തിനോടു് ആലോചിയ്ക്കാതെ മുസോലിനി യാതൊന്നും പ്രവൎത്തിക്കയില്ലെന്നു തന്നെയല്ല; അദ്ദേഹത്തിൻെറ അഭിപ്രായത്തെ ആദരിക്കുന്നുണ്ടെന്നുകൂടി പ്രസ്താവമുണ്ടു്. ഫാഷിസ്റ്റുകക്ഷിയിൽ പെട്ടവരും അല്ലാത്തവരുമായി അനേകം സമൎത്ഥന്മാരായ നേതാക്കന്മാർ ഇക്കാലത്തു് ഇററലിയിൽ ഉണ്ടായിട്ടുമുണ്ടു്. എന്നാൽ ഇവരിൽ ആരുംതന്നെ സ്ഥിതിഗതികളെ ആകപ്പാടെ മനസ്സിലാക്കി വേണ്ടകാൎയ്യം മുൻകൂട്ടി നിശ്ചയിച്ചു് അതിലേയ്ക്കുവേണ്ടി തൻെറ സകല ശക്തികളും ഉപയോഗിക്കുന്നതിനുള്ള വൈഭവം പ്രത്യക്ഷപ്പെടുത്തിയിട്ടില്ല. നാട്ടുകാരുടെ ബഹുമതിയും ആനുകൂല്യവും സുസ്ഥിരമായ ഒരു സമ്പാദ്യമായി കരുതുവാനില്ലെങ്കിലും, ഇന്നേവരെ മുസോലിനി ഒരു രാജഭക്തൻെറയും സമുദായസ്നേഹിയുടെയും ഭരണകൎത്താവിൻെറയും നിലയിൽ ഒന്നിനൊന്നു് ഉപരിയായ ബഹുമതിയാണു സമ്പാദിച്ചിട്ടുള്ളതു്. തന്നെപ്പററിയുള്ള മതിപ്പു വൎദ്ധിപ്പിക്കുന്നതിനും മേലാലേക്കുള്ള ആശകൾ വളൎത്തുന്നതിനും സമുദായനേതാക്കന്മാർ പലമാതിരി വൻപുകൾ പറയുന്നതു് അസാധാരണമല്ല. അതുപോലെയുള്ള പ്രസ്താവനകൾ മുസോലിനിയ്ക്കു പുത്തരിയുമല്ല. പക്ഷെ അവയെ ഫലിപ്പിക്കുന്നതിൽ ആണു തൻെറ മഹത്വം എന്നു വരുമ്പോൾ മേൽകീഴ് നോക്കാതെ ഉള്ള വാഗ്ദാനങ്ങൾ എപ്പോഴാണു് അപകടത്തിൽ ചാടിക്കുന്നതെന്നു നിശ്ചയിക്കാൻ തരമില്ല. വേണ്ടുന്ന കാൎയ്യങ്ങൾക്കെല്ലാം കഴിവുണ്ടാക്കത്തക്കവണ്ണം അളവററ ധനമോ ഒരുമ്പാടോ ഇററലിയ്ക്കു് എന്നും ഉണ്ടായിരിക്കുമെന്നു വിചാരിക്കാമോ? എതിർവാദങ്ങൾ പുറത്തുകേൾക്കുവാൻ ഇടകൊടുക്കാതെ അമൎത്തിവെച്ചാലും താനറിയാതെതന്നെ അവ വ്യാപിച്ചു് തൻെറ അധികാരത്തിൻെറ അടിത്തട്ടു മറിച്ചിടുന്നതിനും സംഗതിയായേക്കാം. പ്രതിബന്ധികളോടു പ്രയോഗിക്കുന്ന കുൽസിതനയങ്ങൾ തൻെറ നേൎക്കും ഒരുകാലത്തു പ്രയോഗിക്കുന്നതിനു വഴികാട്ടുകയാണു ചെയ്യുന്നതു്. അങ്ങനെ ചിന്തിക്കുമ്പോൾ മുസോലിനിയുടെ ഇപ്പോഴത്തെ നില ദീൎഘകാലം പരിപാലിക്കുന്നതിനു സാധിക്കുമോ എന്നു സംശയിക്കേണ്ടിയിരിക്കുന്നു.

മുസോലിനിയുടെ ശക്തിയോ ജീവനോ ഇല്ലാതാകുന്നപക്ഷം അന്നുവരെ നേടിയ നേട്ടങ്ങൾക്കു ഹാനി സംഭവിക്കുകയില്ല. സമുദായഘടനയ്ക്കു് ആസ്പദമായി സൃഷ്ടിച്ചിട്ടുള്ള സ്ഥാപനങ്ങൾ നിലനിന്നില്ലെന്നു വന്നേയ്ക്കാം. വിശേഷിച്ചും, പൊതുജനപ്രാതിനിദ്ധ്യം വകവയ്ക്കാതെ ആണെങ്കിലും, നാമമാത്രമായി ഒരു പാർലമെൻറു നിലനിൽക്കുന്നിടത്തോളംകാലം, അതിൽ നിസ്സാരമാക്കി തള്ളിയിട്ടുള്ള ഏതു കക്ഷിക്കും ആ സ്ഥാപനത്തിൻെറ പേരു പറഞ്ഞു ബലംപരീക്ഷിക്കുന്നതിനു സൌ

കാൎയ്യമുണ്ട്. രാജാവുതന്നെ സമൎത്ഥനാണെന്നു സമ്മതിക്കയാണെങ്കിൽ, അദ്ദേഹത്തിനും എല്ലാവരേയും രമ്യപ്പെടുത്തി പലരേയും ഉപയോഗിച്ച് ഭരണകാൎയ്യങ്ങൾ നിൎവ്വഹിക്കുന്നതിന് ഇപ്പോഴത്തേതിൽ അധികമായ ഔൽസുക്യം ഉണ്ടായിരിക്കുമെന്നും സമ്മതിക്കേണ്ടിയിരിക്കുന്നു. വ്യക്തികളുടെ ശക്തി എത്രതന്നെ നിഷേധിച്ചാലും സാമുദായികഭരണം നിൎവ്വഹിക്കുന്നതിനു വ്യക്തികളെക്കൊണ്ടല്ലാതെ സാധിക്കുകയില്ല. വ്യക്തികളുടെ പ്രാമാണ്യം, രജാവായാലും മന്ത്രിയായാലും പ്രക്ഷോഭണനേതാവായാലും,അതു സ്ഥാപിക്കാൻ സഹായിച്ച സംഗതികൾ നിലനിൽക്കുന്ന കാലത്തോളമേ കാൎയ്യമായി കണക്കാക്കുവാൻ പാടുള്ളു.


## ഭാഷാപോഷിണി

കേരളത്തിലെ ഏററവും പഴക്കവും പ്രചാരവും ഉള്ള വിശിഷ്ട മാസിക. പ്രസിദ്ധ ലേഖകന്മാരുടെ പ്രൗഢലേഖനങ്ങൾ, വിമൎശനങ്ങൾ, ജീവചരിത്രങ്ങൾ, ചെറുകഥകൾ, ലോകഗതി, കവിതകൾ, പ്രധാന സംഭവക്കുറിപ്പുകൾ, വിവിധ വൃത്താന്തങ്ങൾ മുതലായവ ഓരോ ലക്കത്തിലും ഉണ്ടായിരിക്കും.

വരിസംഖ്യ മുൻക്കൂർ.

ഒരാണ്ടത്തേക്കു, ക. 2, ണ. 8. ആറുമാസത്തേക്കു, ക. 1, ണ. 4. ഒററപ്രതിക്കു ണ. 4.

വി. പി അയയ്ക്കാൻ സമ്മതിച്ചോ പണം മുൻപേറയച്ചോ ആവശ്യപ്പെടാത്തവൎക്കു മാസിക അയയ്ക്കുന്നതല്ല.

പരസ്യക്കൂലി (മുൻക്കൂർ)

ഒററപ്രാവശ്യത്തേക്ക് ഒരു പേജിന് അഞ്ച് രൂപാ. ദീൎഘകാലത്തേക്കു പ്രത്യേകനിരക്ക്.

☞ ഭാഷാപോഷിണി പഴയ ലക്കങ്ങൾ ഭംഗിയായി ബയൻറുചെയ്തു തയ്യാറാക്കിയിരിക്കുന്നു. പുസ്തകമൊന്നിനു വില രൂപാ 2.

മാനേജർ, ഭാഷാപോഷിണി,
കോട്ടയം.

# തൃപ്തിമകരന്ദം †

## (ഒരു അറബിക്കഥ)

ശ്രീവദ്ധനത്തു് എൻ. കൃഷ്ണപിള്ള. എം. എ.

പണ്ടു് ബാഗ്ഡാഡ് നഗരത്തിൽ ഒരു കാലിഫ് വസിച്ചിരുന്നു. ആ നഗരം ഭരിച്ചിരുന്നവരിൽ സമൃദ്ധമായ സമ്പത്തുകൊണ്ടും പ്രചുരമായ കീത്തികൊണ്ടും അദ്ദേഹം അപ്രതിമനായിരുന്നു. അദ്ദേഹം തോല്പിക്കാത്ത ഒരു ശത്രുവാകട്ടെ, പിടിച്ചടക്കാത്ത ഒരു ദേശമാകട്ടെ സമീപപ്രദേശങ്ങളിൽ ഇല്ലാതിരുന്നതിനാൽ തന്റെ രാജധാനി ഒരു അത്യന്തം വിപുലമായ ഭൂഭാഗത്തിന്റെ തലസ്ഥാനമായും ജനസമൃദ്ധമായും ഐശ്വയ്യകേദാരമായും പരിലസിച്ചു.

ധനവും ഭോഗസാധനങ്ങളും ഒത്തൊരുമിച്ചു് അവയ്ക്കു കഴിയുംമട്ടു് ആകഷകമായിട്ടുള്ള ഒരു ഹർമ്മ്യത്തിലത്രെ കാലിഫ് പാത്തിരുന്നതു്. ശില്പിയും ചിത്രകാരനും അതിന്റെ മനോഹരതയ്ക്കും ഗാംഭീയ്യത്തിനും യോജിച്ചു പ്രവത്തിച്ചിട്ടുണ്ടു്. കോട്ടകളും ഗോപുരങ്ങളും ചേന്ന ഉയൎന്ന മതിൽക്കെട്ടുകൾ ആ പട്ടണത്തിനു രക്ഷാകവചങ്ങളായി നിന്നു, അതിന്റെ ദ്വാരപ്രദേശങ്ങൾ രാവും പകലും രാജഭക്തിപ്രവീണന്മാരായ ഭടപ്രമാണികൾ കാത്തുപോന്നു. നാനാവിധ വൃക്ഷലതാതികളാൽ പരിപൂണ്ണമായ ഉദ്യാനങ്ങൾ കണ്ണെത്താവുന്ന ദിക്കുവരെ നീണ്ടു കിടന്നിരുന്നു. അതിലുള്ള ചന്ദ്രശാലകളിൽ മയൂരങ്ങൾ സവ്വദാ നൎത്തനം നിർബാധം ചെയ്കയും സരോവരങ്ങളിൽ അനേക മാതൃകയിലുള്ള ഭംഗിയേറിയ പക്ഷികൾ കേളിയാടുകയും ചെയ്യുമായിരുന്നു. മഹാരാജാവിന്റെ കല്പനകൾക്കു വിധേയന്മാരായി രക്തവണ്ണകഞ്ചുകങ്ങൾധരിച്ച ഒട്ടേറെക്കിങ്കരന്മാർ കാത്തുനിന്നു. ബുദ്ധിമാന്മാരായ വൃദ്ധമന്ത്രിമാരും പ്രഭുക്കന്മാരും ന്യായമണിവേദിയിൽ അദ്ദേഹത്തിന്റെ ചുഴലവും തിങ്ങുമായിരുന്നു. ഭോജനശാലയിൽ രാജമഹിമയെ പുലത്തുന്ന സുവണ്ണചഷകങ്ങളുടെ പൊലിമയും അതിഥികളുടെ രുചിക്കു പ്രേരകങ്ങളും സംതുഷ്ടികരങ്ങളും ആയ സിദ്ധൌദനത്തിന്റെ പാകസിദ്ധിയും വാചാമഗോചരമാകുന്നു. അതിന്റെ ഒരു ഭാഗത്തു കൂടുന്ന ഗായകന്മാർ മൃദുഗാനം കൊണ്ടു ഭക്ഷണ സമയം ഏററവും ഹൃദ്യമാക്കാറുണ്ടു്.

രാജമന്ദിരത്തിന്റെ ഒരുവശത്തു് രമണീയ വസ്തുക്കളാൽ നിഷേവിതവും രക്ഷാകമ്മങ്ങൾ മൂലം ദുഷ്പ്രാപവുമായ ഒരു മോഹനസൌധം രാജ്യത്തിലെ പല പ്രദേശങ്ങൾക്കും കല്യാണദീപങ്ങളായ ഭൂലോകസുന്ദരികൾ രാജേംഗിതം അനുസരിക്കുക സ്വജീവിതസാഫല്യം എന്നു കരുതി തങ്ങളുടെ ശരീരകാന്തിയാൽ വിഭൂഷിതമാക്കിയിരുന്നു. മറെറാരു മന്നവനും സാധിച്ചിട്ടില്ലാത്തവണ്ണം സ്വണ്ണം വജ്രാദിനവരത്നങ്ങൾ എന്നിവയ്ക്കു് ഈ രാജപുംഗവൻ അധിപതിയായിത്തീന്നു.

† പകപ്പവകാശം.

എന്നാൽ താൻ നാനാവിധൈശ്വര്യങ്ങൾക്കും അധിപനായിരുന്നെങ്കിലും എന്തു കാരണത്താലൊ, കാലിഫിനെ ഒരു ഹൃദയവൈക്ലബ്യം ആവേശിച്ചു. കൊട്ടാരത്തിലും, ഉദ്യാനത്തിലും, ഭോജനശാലയിലും നിന്ന് അദ്ദേഹം പുറത്തുപോന്ന് അഗാധമായ കുണ്ഠിതത്തിൽ ആണ്ടിരിപ്പായി. എന്തെങ്കിലും പ്രതിവിധി ഉന്നയിക്കുവാൻ ഹാജരായ തൻെറ ഭിഷഗ്വരന്മാരും തത്വജ്ഞാനികളും കഠിനമായ ഇച്ഛാഭംഗത്തോടെ അവിടം വിട്ടു. അവരെ ദുസ്സഹമായ കോപാവേശസമന്വിതം അദ്ദേഹം യാത്രയാക്കി. തലപോകുമെന്ന ഭീതിയാൽ അവർ തൽസന്നിധിവിട്ടു പലായനം ചെയ്യുവെന്നായിരുന്നു പരമാൎത്ഥം. കാലിഫിൻെറ ഒരു വാക്കുപോരുമായിരുന്നു തങ്ങളുടെ ശേഷിച്ച ജീവിതം അവസാനിക്കുവാൻ എന്ന് അവർ അറിഞ്ഞിരുന്നു.

അദ്ദേഹത്തിൻെറ മഹിഷിമാരിൽ അഴകിൽ മുന്തിയവരിൽ — മിക്കവരും സൌന്ദൎയ്യസീമയെ അതിലംഘിച്ച തരുണീരത്നങ്ങളായിരുന്നു. അവർ അദ്ദേഹത്തെ ആഹ്ളാദചിത്തനാക്കാൻ ശ്രമിച്ചു. ആയതും നിഷ്ഫലമായിച്ചമഞ്ഞു.

ഗായകന്മാരിൽ പ്രമാണികൾ വാദിത്രങ്ങളുമായി സമീപിച്ചു ശ്രുതിമധുര സ്വരാന്വിതമായ കണ്ഠത്തോടെ മോഹനഗീതങ്ങൾ സുമധുരം പരിചയിച്ചു നോക്കി. തൻെറ മുമ്പിൽ നിന്നു മറയുവാൻ അവരെ ഉന്മേഷരഹിതനായി അദ്ദേഹം കൈകൊണ്ടു വിലക്കി.

ഐന്ദ്രജാലികനൊ മററൊ ഒരു ക്ഷണികസുഖംപോലും അദ്ദേഹത്തിന് അരുളുവാൻ ശക്തിയുണ്ടായില്ല.

എന്തിന്, അദ്ദേഹം തൻെറ സേവകന്മാർ ഒരുമിച്ച് അവിടെ നിന്നു പുറപ്പെട്ടു ചിലപ്പോൾ പൎവ്വതോപരിതലങ്ങളിലും ചില സമയം നദീപ്രവാഹം കൊണ്ടു രമണീയങ്ങളായ താഴ്വരകളിലും സഞ്ചരിച്ചു. എന്നാൽ ദിഗന്തരങ്ങളിൽ ഭ്രമണം ചെയ്യുവെന്നല്ലാതെ തത്തൽപ്രദേശങ്ങൾ അദ്ദേഹത്തിൽ ഒരു ഭാവഭേദവും ഉളവാക്കിയില്ല.

അദ്ദേഹത്തിൻെറ ഈ മഹാമന്ദതയുടെ കഥ രാജ്യം പാടെ പരന്നു; ഒടുവിൽ മണൽക്കാടുകളിൽ വസിച്ചിരുന്ന ഒരു കിഴട്ടു ഫക്കീറിൻെറ ചെവിയിലും പ്രവേശിച്ചു. ഈ വൃദ്ധസന്യാസി സൎവ്വദാ അദ്ധ്യാത്മചിന്തനം കൊണ്ടു സമയം പോക്കുക ശീലമാക്കിയിരുന്നു. ജ്യോതിശ്ശാസ്ത്രത്തിലും നിപുണനാകയാൽ അദ്ദേഹം ഒരു ഭവിഷ്യത്പ്രവാചകനും, ധൂമകേതു, ഗ്രഹണം, ഇവയുടെ ആവിർഭാവം നിയതമായിപ്പറയുന്നവനും, സസ്യാദികൾക്കുള്ള വീൎയ്യങ്ങൾ അറിഞ്ഞിരുന്നതിനാൽ വൈദ്യകത്തിൽ കൂടി പ്രഗത്ഭനും ആണെന്ന് ഒരു പ്രഥയ്ക്കു ആസ്പദവുമായിരുന്നു. അനുകമ്പാതരളിതനാകയാൽ ആവിസ്തൃതമായ മണലാരണ്യമെല്ലാം താണ്ടിക്കടന്നു കാലിഫിനെ മുഖം കാണിപ്പാൻ അദ്ദേഹം ഒരു അവസരം പാൎത്തു. അദ്ദേഹം കുറെനേരം മൌനിയായിരുന്ന്, ക്ഷീണം പൂണ്ടു വിളത്ത ആ കാലിഫ് മുഖം സൂക്ഷിക്കയും, തൻെറ ജ്ഞാനസമ്പത്തിനാൽ തദ്ദുഃഖത്തിൻെറ നിദാനം ആരായുകയും ചെയ്തു.

ചിന്താപൎയ്യാകുലനായ കാലിഫ്: “എന്ത്, അല്ലയൊ മണൽക്കാടുകളിൽ നിന്നെത്തിയ ബുധസത്തമാ, എനിക്കു വേണ്ടി നിങ്ങൾ എന്തുചെയ്യാൻ പോകുന്നു? എ

ന്തെങ്കിലും ഒരു ഉപായം കണ്ടുപിടിക്കാമോ?' എന്നു ചോദിച്ചു.

മെലിഞ്ഞു കൊഴിഞ്ഞ താടിതടവിക്കൊണ്ടു ഫക്കീർ: "ഒന്നുമാത്രം, ഒന്നേയുള്ളൂ; അല്ലയൊ കാലിഫേ, അങ്ങേയ്ക്കു് ഒരു സന്തുഷ്ടചിത്തന്റെ കുപ്പായം ധരിക്കാൻ ഭാഗ്യം ഉണ്ടായാൽ ഈ ആലസ്യത്തിനു തൽക്ഷണം ഭേദം ഉണ്ടാവും നിശ്ചയം"—എന്നു ഉറപ്പുകൊടുത്തു.

കാലിഫ് ആശാഭരിതനായി. "ഒരു സംതുഷ്ടന്റെ കുപ്പായമോ! തീർച്ചയായും അതു വേഗം സാധിക്കാവുന്നതാണല്ലോ!".

താമസം വിനാ കാലിഫ് തന്റെ ചില വിശ്വസ്തദൂതന്മാരെ പ്രസ്തുതമായ കഞ്ചുകം കൊണ്ടു പോരുവാൻ നാനാദിക്കിലേക്കും വിട്ടു. ആ ഇഷ്ടപ്പെട്ടസാധനം ആദ്യമായിക്കൊണ്ടുവരുന്നവനു വലിയ തുക സമ്മാനം കൊടുക്കുന്നതാണെന്നും അദ്ദേഹം പ്രഖ്യാപനം ചെയ്തു. ക്ഷിപ്രസാദ്ധ്യമെന്നു കരുതിയ ആ സാധനത്തിനായി ഓരോരുത്തരും ശീഘ്രാന്വേഷണം തുടങ്ങുകയും സമ്മാനം തനിക്കു ലഭിച്ചതായി സന്തോഷിക്കയും ചെയ്തുവെന്നു പറയേണ്ടതില്ലല്ലോ.

അവരിൽ തന്നെ അതിബുദ്ധിമാനായ ഒരുവൻ തന്റെ കൂട്ടുകാരോടു് ഇങ്ങനെ ആലോചിച്ചു. "ഈ രാജ്യത്തിന്റെ അതിർത്തിയിൽ ധാരാളം ആടുമാടുകളും ഭൃത്യജനങ്ങളും മികച്ച ധനവും ഉള്ള ഒരാൾ വസിക്കുന്നുണ്ടല്ലോ. അവിടെ നമുക്കു പോവുകതന്നെ; അയാളുടെ കഞ്ചുകം നിശ്ചയമായും കാലിഫിന്റെ രോഗത്തിനു ശമനം ചെയ്യും."

അനേകനാൾ യാത്രചെയ്തു് അവർ ഈ മനുഷ്യന്റെ വാസസ്ഥലത്തു് എത്തി ഒരു സന്ദർശനത്തിനു കാംക്ഷിച്ചു. അവർ അയാളെ കാലിഫിന്റെ ദയനീയചരിത്രം അറിയിക്കയും വിശ്വാസപൂർവം, "അദ്ദേഹത്തിന്റെ ആലസ്യത്തിനു പ്രതിവിധിയരുളുവാൻ നിങ്ങൾക്കു കഴിയും," എന്നുപറയുകയും ചെയ്തു.

ഉടനെ ആ ഗൃഹസ്ഥന്റെ കണ്ണുകൾ ജ്വലിക്കയും കോപാവേശത്താൽ പുരികം ചുളിക്കുകയുംചെയ്തു. "ഓ, ഒരു തുഷ്ടന്റെ കുപ്പായമൊ? ഞാൻ അതിന്റെ ഉടമസ്ഥനാണെന്നു നിങ്ങൾ വിചാരിക്കുന്നുവൊ? സത്യമായിട്ടു് ഒരിക്കലുമല്ല. ഇതുവലിയ ഭാരം ചുമക്കുന്നതായി എന്നെപ്പോലെ വല്ലവരുമുണ്ടൊ?".

"എന്നാൽ ഇത്രത്തോളം ഭൃത്യഗണങ്ങളാൽ നിങ്ങൾക്കുള്ള വൈശിഷ്ട്യത്തെപ്പററി നിങ്ങൾ ഒന്നു ചിന്തിക്കുക!" എന്നു് ഒരുവൻ പറഞ്ഞു.

"എല്ലാംകള്ളന്മാർ"—എന്നു തന്റെ കസേരമേൽ അടിച്ചിട്ടു ധനികൻ ഗർജിച്ചു. "തക്കം നോക്കി എന്നെ മോഷ്ടിക്കാൻ നിൽക്കുന്ന കള്ളന്മാർ."

"എത്രയൊ ആടുമാടുകൾ അങ്ങേയ്ക്കുണ്ടു്"—എന്നു മററൊരുവൻ മുനങ്ങി.

"ആടുമാടുകളൊ!"—എന്നു് അയാൾ പരിഹാസജനകമായി പ്രതിവചിച്ചു. "വാസ്തവംതന്നെ, കാടുകളിലും മലകളിലും നിന്നെത്തുന്ന ചെന്നായ്ക്കളുടേയും മററും ഇരകൾ."

"പോകട്ടെ, അങ്ങു വലിയ പണക്കാരനാണെന്നു കേൾവിയുണ്ടല്ലോ!" "പണമൊ! കവച്ചക്കാരെ അതു് എപ്പോഴും പ്രേരിപ്പിക്കുന്നതും രാവും പകലും എ

ന്നിൽ അവരെക്കുറിച്ചു ഭയം ജനിപ്പിക്കുന്നതും—ഇവിടെ നോക്കുക''—അയാൾ എഴുന്നേററു തന്റെ ഉടുപ്പുകൾ മാററി അരയിൽ തൂങ്ങുന്ന വാളും ബെൽററിൽ ധരിച്ചിട്ടുള്ള കഠാരയും കാട്ടിക്കൊടുത്തിട്ട് —''രാത്രിയും പകലും എപ്പോഴും ഞാൻ ആയുധപാണിയായി ഇരിക്കേണ്ടിയിരിക്കുന്നു. കാലിഫിന്റെ രോഗശമനത്തിനു നിങ്ങൾ മറെറങ്ങാനും പോവുകയാണ് ഭേദം''—എന്നു പറഞ്ഞു് അവരെ യാത്രയാക്കി.

അന്വേഷിപ്പാൻ പുറപ്പെട്ട മററു ദൂതന്മാൎക്കും ഫലം ശുഭമായിരുന്നെന്നു പറവാൻ മേല. അവരിൽ ചിലർ നടത്തയിലും നോട്ടത്തിലും ഒരു സന്തുഷ്ടന്റെ ഭാവം നടിച്ച ഒരുവനെ സമീപിച്ചതായിക്കാണുന്നു. എന്നാൽ പരിശോധനയിൽ ആയതു് ഉള്ളിലെ പര്യാകുലതയെ മറച്ചിട്ടുള്ള ഒരു വ്യാജപ്രകടനമാണെന്നു് അവൎക്കു ബോദ്ധ്യപ്പെട്ടു.

അനന്തരം തങ്ങളുടെ ഉദ്ദേശം സാധിക്കുന്നതല്ലെന്നു് അവർ നിരാശാഭരിതരായി. എന്നാൽ കാലിഫിന്റെ കൊട്ടാരത്തിനടുത്തു് നഗരത്തിന്റെ പുറത്തായി ഒരുവൻ ഉണ്ടെന്ന വാൎത്ത ഒരു നാട്ടിൻപുറത്തുകാരൻ അവരെ അറിയിച്ചു.

''നിങ്ങൾ ഒരു തൃപ്തനെ അന്വേഷിക്കയാണൊ?'' എന്നു് അയാൾ ചോദിച്ചു. ''എന്നാൽ കടൽക്കരയിൽ പോയി ദാൽഖഷ എന്നൊരുവനെ തിരക്കുക; നിങ്ങളുടെ ആഗ്രഹം സാധിക്കും.''

ദൂതന്മാർ ആ മുക്കുവന്റെ കുടിലിൽ എത്തിയപ്പോൾ അയാൾ കടലിൽ പോയിരിക്കുന്നതായി അറിഞ്ഞു് അവർ അവിടെത്തന്നെ കുറെ വിശ്രമിച്ചു. ''ഹെയ്, ഇതു് ഒരിക്കലും സന്തുഷ്ടിയുടെ വാസസ്ഥാനമാകുന്നില്ല''—എന്നു് അവർ തീൎത്തുപറഞ്ഞു. വാസ്തവം തന്നെ, സൂൎയ്യരശ്മി പലഭാഗത്തുകൂടെ കടക്കുന്ന ഒരു മേൽപുരയും, ബഞ്ചിന്മേൽ പനമ്പായ് നിവൎത്തിവച്ചിട്ടുള്ള ഒരു കിടക്കയും, ചില വലക്കഷണങ്ങളും ചൂണ്ടലുകളുമല്ലാതെ മറെറാന്നും ആ പൊട്ടക്കുടിലിൽ കാണ്മാനില്ലായിരുന്നു.

കുറച്ചുകഴിഞ്ഞു് അവർ ആ മുക്കുവനെത്തന്നെ കണ്ടു. മണൽപ്പുറത്തുകൂടി അവൻ പാടിയാനന്ദിച്ചു വരുന്നു. നീണ്ടു കനംകുറഞ്ഞ ഒരു ശരീരം, വെയിലേററു ചെമ്പിച്ച അവയവങ്ങൾ, അതേപ്രകാരം ഒരു മുഖം. അരയിൽ ഒരു പരുക്കൻ കുപ്പായമേ ധരിച്ചിട്ടുള്ളു. തോളത്തു വലയും കൈയ്യിൽ മീൻകൂട്ടം ഉണ്ടു്. എന്നാൽ പുഞ്ചിരിക്കുന്ന കണ്ണുകളും അത്യന്തവിനോദം തുളുമ്പുന്ന വായും പൂണ്ടു നിൎഭരാഹ്ലാദപൂൎണ്ണമായ ഒരു മുഖമായിരുന്നു അതു്. വ്യഥയുടെ ഒരു രേഖപോലും അവിടെ യുണ്ടായിരുന്നില്ല. അവനിൽ ഭയത്തിന്റെ ലാഞ്ഛനമേ കാണ്മാനില്ല. നല്ല ചുണയോടും ഉറപ്പോടും നടന്നു് അവർ അവൻ നിൽക്കുന്നിടത്തെത്തി.

തന്റെ കുടിലിന്റെ അടുത്തു കൂട്ടമായി നിൽക്കുന്ന ഈ വിദ്വാന്മാരെക്കണ്ടു് അവർ അത്ഭുതപ്പെട്ടു.

''നീയാണോ ദാൽഖഷ എന്ന മുക്കുവൻ?'' എന്നു് ഒരാൾ ചോദിച്ചു.

''ഉടയവരെ, അതു് അടിയൻതന്നെ, പൊന്നേമാന്മാരുടെ അടിമ!'' എന്നു് അവൻ മറുപടി പറഞ്ഞു് ഒതുങ്ങിനിന്നു.

''വാസ്തവമാണൊ, നിന്നെക്കുറിച്ചു ജനങ്ങൾ പറയുന്നതു്, നീ എപ്പോഴും തൃപ്തനാണെന്നു്?''

''അടിയൻ അതല്ലാതെ മറെറാന്നുമ

ല്ല''—എന്നു് അവൻ വീണ്ടും പ്രതിവചിച്ചു വണങ്ങി.

''ദൈവകൃപതന്നെ; കാലിഫിൻെറ ആലസ്യത്തിനു ശമനം സിദ്ധിച്ചു. ഒട്ടും താമസിയാതെ നിൻെറ കുപ്പായം ഇങ്ങു തരിക, ഞങ്ങഠം അതുകൊണ്ടുപോയി അദ്ദേഹത്തിനു് ആശ്വാസം കൊടുക്കട്ടെ, നിനക്കു നല്ല വിലയും തരുവിക്കാം,''

''എന്തു്! കുപ്പായമോ! കുപ്പായം എന്ന ഒന്നു് അടിയനില്ല; അതു് അടിയനുണ്ടായിട്ടുമില്ല.''

''എങ്കിലും നീ തൃപ്തനാകുന്നു! എങ്ങിനെ നീ തൃപ്തനാകുന്നു, ഒരു കുപ്പായംകൂടിയില്ലാതെ!''

അപ്പോഠം ദാൽഖഷ ചിരിച്ചിട്ടു്, ''അടിയനു കളയാൻ ഒരു കുപ്പായം ഇല്ലാത്തതുകൊണ്ടുതന്നെ''—എന്നു മറുപടി പറഞ്ഞു.

---

# ഒരു് ഉത്സവം.

ശൂരനാട്ടു് പി. എൻ. കുഞ്ഞൻപിള്ള, എം. എ.

ഇന്നലെ സന്ധ്യയ്ക്കു കണ്ട കാഴ്ച ഇനിയും കണ്ണിൽനിന്നു മറയുന്നില്ല. എൻെറ ഹൃദയത്തെ അതു് അത്രത്തോളം വശപ്പെടുത്തിക്കളഞ്ഞു. ഹാ! എന്തൊരു് അത്ഭുതം, എന്തൊരു സന്തോഷമാണു് അതുണ്ടപ്പോഴുണ്ടായതു്. ആ ഉത്സവത്തിൽ ആദ്ധ്യക്ഷ്യം വഹിച്ചതു ധർമ്മപുത്രരായിരുന്നു. എന്തു്? നിങ്ങഠംക്കു വിശ്വാസമാകുന്നില്ലെന്നോ? ഞാൻ ഇവിടെ കള്ളംപറയാനല്ല തുടങ്ങുന്നതു്. കവിതയെഴുതാനുമല്ല. ധർമ്മപുത്രരെന്നു പറഞ്ഞാൽ ആ പേരുള്ള ഇന്നത്തെ ഒരു വക്കീലെന്നോ പൊതുക്കാൎയ്യപ്രസക്തനെന്നോ, സമുദായ നേതാവെന്നോ ധരിക്കയുംവേണ്ട. പഴയ ആഠംതന്നെ. രാജസൂയയാഗം നടത്തി ബ്രാഹ്മണൎക്കു സദ്യകൊടുത്തു്, അവർ കൈയ്കഴകിയ വെള്ളത്തിൽ കനകദേഹാൎദ്ധമായ കീരി മുഴുവൻ ശരീരവും സ്വൎണ്ണമാകാൻ ഉരുളുന്നതു കണ്ടല്ലൊ. ആ ധർമ്മപുത്രൻ തന്നെ. അതേ, ശ്രീകൃഷ്ണസ്വാമിയുമൊത്തു പാതാളത്തിൽ ചെന്നു ബലിചക്രവൎത്തിയെ കണ്ടു ലജ്ജിച്ചുപോന്ന ആഠം. ങ്ഹാ! അക്കഥ നിങ്ങഠം കേട്ടില്ലെന്നോ. അരസികൻതന്നെ! പറഞ്ഞുതരാം. ധർമ്മപുത്രൻ-നമ്മുടെ ഉത്സവാദ്ധ്യക്ഷൻ—രാജ്യഭാരം ചെയ്തുകൊണ്ടിരുന്നകാലത്തു ദിനംപ്രതി എൺപത്തുനാലായിരം ബ്രാഹ്മണൎക്കു കാലുകഴിച്ചുകൂട്ടം ദക്ഷിണയും മററും കൊടുക്കാറുണ്ടായിരുന്നു! എന്തൊരു വമ്പിച്ച ചിലവായിരുന്നു. നമ്മുടെ നിയമസഭകളുണ്ടായിരുന്നെങ്കിൽ ഇത്ര വലിയ പണച്ചിലവു സമ്മതിക്കയില്ലായിരിക്കാം. പോകട്ടെ. പണ്ടു പണമുള്ളകാലമായിരുന്നു. ധർമ്മപുത്രൎക്കു ദാനസക്തി അത്ര കണക്കററതായിരുന്നു. കാട്ടിൽ പോയിട്ടും സൂൎയ്യനോടു പാത്രം വാങ്ങി ഇരുപത്തെണ്ണായിരം ബ്രാഹ്മണൎക്കു നിത്യാന്നദാനം ചെയ്തുപോന്ന മഹാനായിരുന്നു അദ്ദേഹം. പിന്നെ, നാട്ടിലിരുന്നപ്പോഠം എൺപത്തിനാലായിരം

പേക്ക് കൊടുത്തെങ്കിൽ എന്താണ് അത്ഭുതം? കാട്ടിലേ സംഖ്യയിലേ അക്കങ്ങളെ തിരിച്ചെഴുതി രണ്ടുക്രൂടെ കൂട്ടിയാൽ മതി. ശരി ശരി. ധർമ്മപുത്രക്ക് വലിയ അഹംകാരമായി. ഇത്രയും ദാനം ചെയ്യുന്ന ആളുകൾ ലോകത്തു വേറെ ആരെങ്കിലും ഉണ്ടോ? ഈ അഹംകാരം ശ്രീകൃഷ്ണസ്വാമി മനസ്സിലാക്കി. ധർമ്മപുത്രരുമൊത്തു പാതാളത്തിലേക്ക് ഒരു യാത്ര ചെയ്തു. ബലിചക്രവർത്തിയുടെ കൊട്ടാരത്തിൽ എത്തി. കേരളത്തിൽ ഓണം ഏർപ്പെടുത്തിയ ബലിതന്നെ. ബലിക്കു ധർമ്മപുത്രരെ മനസ്സിലായില്ല. ശ്രീകൃഷ്ണൻ ഇങ്ങനെ പരിചയപ്പെടുത്തി. "അറിയില്ലേ. ധർമ്മപുത്രരെന്നു കേട്ടുകാണുമല്ലോ. മഹാധാർമ്മികൻ. ദിവസംതോറും എൺപത്തുനാലായിരം ബ്രാഹ്മണർക്കു അന്നദാനവും ദക്ഷിണയും കൊടുത്തു പുലർത്തുന്ന ആളാണ്." ബലി ചിരിച്ചു. "ഇദ്ദേഹത്തിൻെറ നാട്ടിൽ ഇത്രത്തോളം ദാരിദ്ര്യമാണോ? ദക്ഷിണ വാങ്ങിക്കാൻ ഒരാളെ ഈ നാട്ടിൽ കിട്ടുകയില്ല. എൺപത്തുനാലായിരം യാചകരുള്ള ഒരു നാടാണോ ഇദ്ദേഹം വാണരുളുന്നതു്." ധർമ്മജൻ തിരിച്ചു പോന്നു. അക്കഥ തുടരെണ്ട. അദ്ദേഹമാണു നമ്മുടെ അദ്ധ്യക്ഷൻ. അദ്ദേഹം മാത്രം വലിയ ഒരു പീഠത്തിൽ ഇരിക്കയായിരുന്നു. മററുള്ളവരൊക്കെ നിലത്തന്നെ. ഗൗരവം വിടാതെ ഇരിക്കയാണ്. ഒരക്ഷരം സംസാരിക്കാറില്ല. നല്ല ഉടുപ്പും കെട്ടും. പത്മനാഭൻെറ ഗോപുരത്തിൻെറ നേരെനോക്കിക്കൊണ്ട് ഇരിക്കയാണ്. അനുജന്മാർ നാലുപേരും പിറകിലായി നില്പുണ്ട്. ഭീമൻെറ കെട്ടുംമട്ടും എല്ലാം ഭയംകരം. ഇത്രവലിയ ആളുകൾ ഇക്കാലത്തു് ഉണ്ടാകാത്തതെന്താണ്? ഭീമനെപ്പോലെ ഒരാൾ ഇന്നു് ഉണ്ടായിരുന്നെങ്കിൽ കൊള്ളാമായിരുന്നു. ആ ഗദകൊണ്ട് ഒരടികൊള്ളാൻ ശേഷിയുള്ള ഒററ ആൾ ഇന്നു ഭൂലോകത്തിലെന്നല്ല, കേരളംമുഴുവൻ തിരഞ്ഞാൽ കാണുകയില്ല. നമ്മുടെ കളരിയേപ്പാട്ടു നിറുത്തിക്കളഞ്ഞതാണ് നമ്മുടെ ഈ ബലക്ഷയത്തിനു കാരണമെന്നു തോന്നുന്നു. ഭീമനെപ്പോലെ ഒരാളുണ്ടായാൽ നമ്മുടെ നാട്ടിൽ സമാധാനരക്ഷാദ്ധ്യക്ഷനായി നിയമിക്കാൻ കൊള്ളാമായിരുന്നു. ഷേക്സ്പീയർ കവി പറയുന്നപോലെയാണു ഭീമൻെറ നില. ഒരു രാക്ഷസൻെറ ശക്തി. രാക്ഷസനെപ്പോലെ പെരുമാറുകയും ഇല്ല. അതാണു ശരിയായ പോക്ക്. എത്ര ഭയംകരമായ ഒരു സത്വം! ഇന്നത്തെ വൈദ്യശാസ്ത്ര വിചക്ഷണന്മാർ ആരെങ്കിലും കണ്ടാൽ ഭീമന് അതിമേദസ്സെന്നു കല്പിച്ചു ചികിത്സതുടങ്ങും. തൂക്കിയാൽ പതിനയ്യായിരം റാത്തൽ കുറഞ്ഞപക്ഷം വരും! ഗദതന്നെ എത്ര ഭയങ്കരം! അതുകൊണ്ട് ഒരടി അടിച്ചപ്പോൾ എത്രമരങ്ങൾ വീണെന്നാണ് കണ്ടുകൊണ്ടുനിന്ന നമ്പ്യാർ പറഞ്ഞുതുള്ളിയതു്, തുള്ളിക്കൊണ്ടുപറഞ്ഞതു്!

'മററതു ചെന്നിട്ടു മററതിന്മേൽവീണു
മററതും മററതും മററതും ഭസ്മമായ്';

എന്താ പോരേ! ഇന്നുള്ള നമ്മുടെ കമ്പനിക്കാരിൽ ആരെങ്കിലും ഇത്രവലരെവലിയ ഒരു ഗദ ഉണ്ടാക്കിയിട്ടുണ്ടോ എന്ന് അന്വേഷിക്കേണ്ടതാണ്. ഇല്ലെന്നാണ് എനിക്കു തോന്നുന്നതു്. എന്തിനാണ് ഉണ്ടാക്കുന്നതു്? മുമ്പു പറഞ്ഞതുപോലെ ഇന്നു ഭീമന്മാരില്ല. ഗദ വലുതായി ഉണ്ടാക്കിയാൽ ആരെടുത്തു പൊക്കും? ഭീമനെപ്പററി വിചാരിക്കുമ്പോൾ നാമെല്ലാം "ലി

ലിപ്പൃഷ്യന്മാർ'' തന്നെ. അയാളുടെ മടിയിൽ കയറാൻ നമുക്ക് ഏണിവേണം. ഭീമൻെറ ചുവട്ടടിയിൽ ഒരു ആന നിന്നാൽ നമ്മുടെ പാദത്തിനു ചുററും ഇഴയുന്ന ഉറുമ്പുപോലെ തോന്നും. ഭീമനു ഒരു ഉടുപ്പു തയ്ക്കണമെങ്കിൽ നമ്മുടെ രാജ്യത്തിലെ മുതലെടുപ്പിൽ ഗണ്യമായ ഒരു ഭാഗം ചിലവിടേണ്ടിവരും. ഭീമൻ ഒരിക്കലേ വയറുനിറയെ ഉണ്ടിട്ടുള്ളൂ. ആ ബകനു സദ്യ കൊണ്ടുപോയപ്പോഠം. ഭഗവാനേ! എന്തൊരു ഊണ്. ഗണപതിയുടെ കുബേരഭവനത്തിലേ സദ്യപോലെതന്നെ. ഭയംകരം. പക്ഷേ ഗണപതി അന്നു വീവീടും, അരകല്ലും, ഉരലും മററും വിഴുങ്ങിയെന്നു പറഞ്ഞിട്ടുണ്ടു്. ഭീമൻ അത്ര സാഹസം ചെയ്തില്ല; എന്നൊരു വ്യത്യാസമേയുള്ളൂ. ധർമ്മപുത്രർ ഇരിക്കുന്നതുകൊണ്ടു് അല്പം ദൂരെ മാറി അത്യുഗ്രനായ ഭീമൻ ഗദ തോളിൽ ചാരിപ്പിടിച്ചുകൊണ്ടു നിൽക്കുന്നു. ശാന്തൻ. അടുത്തുകൂടെ പോകുന്ന മനുഷ്യപ്പുഴുക്കളുടെ വികൃതികളും തകൃതികളും കണ്ടു യാതൊരു വീരസഭാവവും പ്രദർശിപ്പിക്കാതെ നിൽക്കുകയാണ്. പടിഞ്ഞാറു് ഉയർന്നുകാണുന്ന പത്മനാഭസ്വാമി ക്ഷേത്രത്തിൻെറ ആകാശചുംബിയായ ഗോപുരത്തിൻെറ ഔന്നത്യത്തെ അപഹസിച്ചുകൊണ്ടുള്ള നിലയാണ്. ഭയംകരനായ ഭീമൻ. കാലു മടക്കി ഒരു തട്ടു കൊടുത്താൽ ഗോപുരം പടിഞ്ഞാറെ കടൽവരെ തെറിക്കും. അത്ര വലിയ ശക്തനാണ്. പിന്നെ വേണ്ടെന്നുവച്ചു മിണ്ടാതെ നില്ക്കയാണ്. അശക്തികൊണ്ടെന്നു ധരിച്ചുപോകരുതു്. വേണ്ടിവന്നാൽ ആനയെ എടുത്തു് ആകാശത്തിൽ എറിയാനും, അരയാലു പിഴുതു് ആററിലൊഴുക്കാനും കൈക്കരുത്തുണ്ടു്. സർവ്വം സഹയായതുകൊണ്ടു ഭീമൻെറ ഭാരം ഭൂമി സഹിക്കുന്നു. അല്ലാതെ എന്താണു പറയേണ്ടതു്?

പുറകിൽ അർജ്ജുനനും നകുലസഹദേവന്മാരും ഉണ്ടു്. അവരുടെ നില എന്നെ അത്ര ആകർഷിച്ചില്ല. ലോകൈകധനുർദ്ധരനായ അർജ്ജുനൻ ഒന്നു മനസ്സിലാക്കണം. ഇന്നു ഞങ്ങഠംക്കു തോക്കും പരിഷ്കൃതമായ മററു് ആയുധങ്ങളും ഉണ്ടു്. അമ്പു് എയ്യുന്നതിനെപ്പററി ഞങ്ങഠംക്കു ബഹുമാനമില്ല. പിന്നെ പാഞ്ചാലിയേ കിട്ടാൻ ജയിച്ച പരീക്ഷയിൽ ഞങ്ങഠംക്കു ബഹുമാനം തന്നെ. കറങ്ങിക്കൊണ്ടിരിക്കുന്ന ഒരു കിളിയുടെ കണ്ണിൽ വെടിവച്ചുവീഴ്ത്തി! ഇന്നത്തെ ഞങ്ങളുടെ തോക്കു വീരന്മാർക്ക് ഇതത്ര എളുപ്പമുള്ള ഒരു വിദ്യയാണെന്നു തോന്നുന്നില്ല. കറങ്ങുന്ന ഒരു ലക്ഷ്യത്തിൽ വെടിവയ്ക്കാൻ ഞങ്ങഠംക്കു കറക്കം തന്നെയാണ്. അർജ്ജുനൻ പുത്തൻ തരത്തിൽ സൈനിക പരിശീലനം നടത്തുന്ന വല്ല സ്കൂളുകളിലും ചേർന്നു പഠിക്കണം. സൈന്യവകുപ്പിൽ എവിടെ ചെന്നാലും ഉയർന്ന ഉദ്യോഗം കിട്ടാൻ ഇടയുണ്ടു്. ആയുധാഭ്യാസത്തിൽ നിങ്ങഠംക്ക് സ്വതേതന്നെ വാസനയുണ്ടു്. ശരിയായ പരിശീലനം ലഭിക്കുന്നപക്ഷം ലോർഡ്കിച്ചനർ മുസോളിനി തുടങ്ങിയ ആളുകളെ നിങ്ങഠംക്കു ക്ഷണം വെല്ലാൻ കഴിയും. ഭാരതയുദ്ധം കഴിഞ്ഞതിൽ പിന്നെ യുദ്ധത്തിൽ നിന്നു വിരമിച്ചിരിക്കുന്നതിൻെറ അർത്ഥം മനസ്സിലാകുന്നില്ല. കഴിഞ്ഞ മഹായുദ്ധകാലത്തു് എവിടെ ആയിരുന്നു? അബിസീനിയൻപക്ഷത്തിലോ ഇററാലിയരുടെ പക്ഷത്തിലോ വേഗം ചെന്നു ചേർന്നാൽ നന്നായിരിക്കും. ഈ ഉത്സവസ്ഥലത്തുവ

ന്നു നിന്നാൽ എന്തു കിട്ടും? ഇവിടെയുള്ള ആദായത്തിൽ എത്രയൊ കൂടുതൽ ആദായം കിന്ന മാർഗ്ഗങ്ങളുണ്ട്. ഭീമൻ വേണമെങ്കിൽ ഇവിടെ നിന്നുകൊള്ളട്ടെ. നിങ്ങൾ ക്ഷണം ഈ ചെണ്ടമ്പഹളവും തിരുവാതിരക്കളിയും കാണാൽ നില്ക്കാതെ കടക്കയാണ് ഉത്തമം. അല്ലെങ്കിൽ പഴയ ബൃഹന്നളാത്വം സ്മരിക്കുന്നുണ്ടായിരിക്കാം. വിരാടരാജാവിൻെറ അന്തഃപുരത്തിൽ ഉർവ്വശീശാപം ഉപകാരമാക്കി ആണും പെണ്ണുമല്ലാതെ പെണ്ണുങ്ങളേ തിരുവാതിരകളിയും അമ്മാനകളിയും പഠിപ്പിച്ചുകൊണ്ടു താമസിച്ച ദുർവ്വാസന ഇനിയും നിങ്ങളെ വിട്ടിട്ടില്ലായിരിക്കാം. കുറച്ചിൽതന്നെ. പുരുഷവർഗ്ഗത്തിന്നേ കുറച്ചിൽ.

ഈ പഞ്ചമഹാവീരന്മാരുടെ ആഭിമുഖ്യത്തിൽ നടത്തുന്ന ഒരു ഉത്സവമാണ് ഞാൻ കണ്ടതു്. എന്തിനാണു പത്മനാഭസ്വാമിയുടെ ഉത്സവത്തിൽ ഈ പാണ്ഡവന്മാർ ഹാജരാകുന്നതു്? കാര്യം ഉണ്ടു്.

'നാരായണൻെറ സഖിയാകിന പാണ്ഡവർക്ക്' എന്നൊരു ശ്ലോകം കേട്ടിട്ടുണ്ടല്ലോ. രാമപുരത്തു വാരിയർ ഇക്കഥകളെല്ലാം നല്ലവണ്ണം അറിഞ്ഞ ലക്ഷണമുണ്ടു്. അദ്ദേഹം എന്തുപറയുന്നു?

> "ധർമ്മപുത്രനുടെ കാര്യക്കാരനോ
> കാരണമർത്ത്യൻ
> ധർമ്മദൈവമോദൂതനോ
> ഞാനറിഞ്ഞില്ല.
> സന്മതിയാം മജ്ജുനൻെറ സഖിയോ
> സൂതനോ പര-
> ചിന്മയൻ ഗുരുഭൃതനോ
> ഞാനറിഞ്ഞില്ല."

എന്നുതുടങ്ങി........ഈവണ്ണമെന്തെല്ലാം കൂട്ടംകർമ്മം പാർത്ഥന്മാർക്കു വേണ്ടീട്ടച്യുതൻചെയ്തു", എന്നു പറയുന്നു. അങ്ങനെ പലതും ചെയ്ത ഭഗവാൻെറ അടിയന്തിരത്തിൽ ഹാജരായതിൽ അത്ഭുതപ്പെടാനില്ല. പത്താമുത്സവം കഴിച്ചു പൊയ്ക്കൊണ്ടാൽ മതി.

ഞാൻ കുറേനേരത്തേക്കു് ഈ പാണ്ഡവ വിഗ്രഹങ്ങളെ നോക്കിക്കൊണ്ടു നിന്നു. ചുററും മുഴങ്ങുന്ന ചെണ്ടയും കൈമണിയും ഒടുവിൽ എന്നെ ഉണർത്തി. എന്തൊരു നേരംപോക്കുകളെല്ലാമാണു ചുററും നടക്കുന്നതു്. വൈകുന്നുവരെ കൃത്യശതങ്ങളിൽ ഉഴന്നു പട്ടണത്തിൽ ചുററിത്തിരിഞ്ഞു പത്മനാഭൻെറ തിരുസന്നിധാനത്തിൽ എത്തിയ എനിക്ക് ക്ലേശപൂർണ്ണമായ ജീവിതത്തിൻെറ അവസാനത്തിൽ വിഷ്ണുസാലോക്യം കിട്ടിയമട്ടായി. ആനന്ദമയം, അത്രമേൽ വിനോദപൂർണ്ണം. മററുള്ള കാര്യങ്ങളെല്ലാം മറന്നേപോയി! കിഴക്കെ കോട്ടവാതലിന്നു കിഴക്കോട്ടു ബഹളം നിറഞ്ഞ ലോകം. അവിടം തൊട്ടു പടിഞ്ഞാറോട്ടു ഗോപുരംവരെ ഭക്തി, ആനന്ദം. അല്ലാതെ എന്താണു പറയുക. കൂപ്പുകൈയുമായി തിങ്ങിവിങ്ങിപ്പോകുന്ന സുന്ദരികളും സുന്ദരന്മാരും, ബാലന്മാരും വൃദ്ധന്മാരും രസികന്മാരും പോലീസുകാരും: എന്തുപറയാം? കണ്ടുതന്നെ അറിയണം. എന്തൊരു ആഘോഷവും ദീപക്കാഴ്ചയുമാണ് അവിടെ നടക്കുന്നതു്? എന്തെല്ലാം കൃഷ്ററങ്ങളായ കായികാഭ്യാസങ്ങളാണ് അവിടെ പ്രദർശിപ്പിക്കുന്നതു്! ഞാൻ കണ്ടതു് ഒന്നൊന്നായി പറയാം.

കിഴക്കെ അററം രാജവീഥിയുടെ തെക്കരികിലായി ഗരുഡൻപറപ്പാണ്.

പത്മനാഭന്റെ വാഹനമല്ലേ ഗരുഡൻ. വൈകുണ്ഠത്തിൽനിന്നു വന്നിരിക്കയാണ്. കറങ്ങിക്കൊണ്ടിരിക്കുന്ന ഒരു വലിയ ചക്രത്തിന്റെ ദലങ്ങളിൽ തൂക്കിയിട്ടിട്ടുള്ള പല ഊഞ്ഞാലുകളുടേയും നൃത്തം. അതിനു മുമ്പിൽ ഇരുവശവുമായി രണ്ടു ഗരുഡനാണു പറന്നുകൊണ്ടിരിക്കുന്നതു്. വിഷ്ണുവിന്റെ വകയാണു രണ്ടു ഗരുഡന്മാരുമെന്നു വിചാരിക്കാൻ പുരാണങ്ങൾ സമ്മതിക്കയില്ല. വിഷ്ണുവിന്റെ വകയല്ലെന്നു വിചാരിക്കാൻ എനിക്കു കഴികയുമില്ല. രണ്ടു ചിറകുകളും വിടർത്തി പറക്കുകയാണ്. ഇടയ്ക്കിടയ്ക്കു നൃത്തം അനുസരിച്ചു നാലുപാടും നോക്കും! തല പൊക്കും താഴ്ത്തും; പറക്കുന്നതനുസരിച്ചു ചെണ്ട കൊട്ടിക്കൊണ്ടിരിക്കും. എന്തൊരു രസമെന്നു പറയാവതല്ല. കവിതയുടെ സാക്ഷാത്കരണം. ഈ ഗരുഡനൃത്തം കണ്ടുപിടിച്ച ആൾ സരസൻതന്നെ. സൗന്ദര്യപ്രതിബിംബനമാണു കവിതയെങ്കിൽ ഇതു് അങ്ങനെതന്നെ. പരലോകഭംഗിയെ പ്രകാശിപ്പിക്കയാണെങ്കിൽ ഇതു് അതുമാണ്. ഗരുഡന്റെ പക്ഷചലനമനുസരിച്ചു് എന്റെ മനസ്സും നൃത്തം ചെയ്യാൻ ഭാവിച്ചു. ഗരുഡൻ എന്നെക്കൂടെ എടുത്തുകൊണ്ടു വൈകുണ്ഠം വരെ പറന്നുപോകുമെന്നു ഞാൻ മനോരാജ്യം കണ്ടു. സന്താനഗോപാലം കഥയിലെ ബ്രാഹ്മണന്റെ പുത്രന്മാരെ അന്വേഷിച്ചു വിഷ്ണുലോകത്തിലേക്കു പുറപ്പെട്ട കൃഷ്ണാർജ്ജുനന്മാർ കടന്നതായി പറയുന്ന സൂര്യകിരണങ്ങളുടെ പ്രാപ്യപരിധിയെ കടന്ന തമോലോകങ്ങളും ഇതരസൂര്യപ്രകാശിതങ്ങളായ ലോകങ്ങളും, ഈ ഗരുഡന്റെ പുറത്തു കയറി ഞാൻ സഞ്ചരിക്കുന്നതായിട്ടു് എനിക്കു തോന്നി. നക്ഷത്രങ്ങൾ തിങ്ങിപ്പാർക്കുന്ന ജ്യോതിർമണ്ഡലങ്ങളുടെ ഇടയിൽക്കൂടെ ചന്ദ്രനെയും മററും അടുത്തുകണ്ടു കുശലപ്രശ്നം ചെയ്യും, സപ്തർഷികളെ നേരിട്ടുകണ്ടു് അഭിവാദ്യം ചെയ്യും, സത്യാദിലോകങ്ങളെ വേഗത്തിൽ തരണം ചെയ്യും എന്റെ മനസ്സു പറന്നുപോയി. മുമ്പിൽ കണ്ട കാഴ്ച മാഞ്ഞുമാഞ്ഞു പോകുന്നതായും, സങ്കല്പത്തിൽ പുതിയപുതിയ ലോകങ്ങൾ ആവിർഭവിക്കുന്നതായും, നൂതനമായ ഒരു് ആനന്ദാനുഭൂതി സംജാതമാകുന്നതായും എനിക്കു ബോദ്ധ്യമായി. എനിക്കു ഭക്തിയല്ല ഉണ്ടായതു്. ഭക്തിയെക്കാളും ഗാഢമായ ഏതോ ഒരു് ആനന്ദമിശ്രമായ അനുഭവമാണ്. ആ ഗരുഡനൃത്തം ഇപ്പോഴും എന്റെ കൺമുമ്പിൽ കാണാം. ഗരുഡൻ പക്ഷമിളക്കുന്നു. ആ പക്ഷചലനത്തിലുള്ള കാറേററു ചുററും ദീപങ്ങൾ തുള്ളിത്തുള്ളി എരിയുന്നു. അനവധി ആളുകൾ ഗാഢമായ സമാധിയിൽ ഏർപ്പെട്ടതുപോലെ ചുററും നിൽക്കുന്നു. അവർക്കെല്ലാം ഏതാനും നിമിഷത്തേക്കെങ്കിലും ഒരു് ആത്മവിസ്മൃതിയും ആനന്ദസമാധിയും ഉണ്ടാകുമെന്നു തീർച്ചയാണ്.! കലയുടെ രസികത!

അടുത്തു നകുലന്റെ വേഷം കെട്ടിവച്ചിരിക്കുന്നതിനു പിറകിലായി നടക്കുന്നതു് അടിയും തടയുമാണ്. കേരളീയരുടെ പ്രാചീനയുദ്ധസമ്പ്രദായത്തെ അനുസ്മരിപ്പിക്കുന്ന ഈ കാഴ്ച എന്നെ അത്യന്തം വിസ്മയിപ്പിച്ചു. ഇത്ര സമർത്ഥമായ ഒരു യുദ്ധമുറ നമുക്കുണ്ടായിരുന്നല്ലോ. ഒരാൾ അടിച്ചുകയറുമ്പോൾ മറേറയാൾ തട്ടത്തൊഴിയും. അയാൾ തിരിച്ചടിക്കു

മ്പോൾ ആദ്യത്തെ ആയാൾ തട്ടുന്നുകയറും. എന്തൊരു അഭ്യാസം, എന്തൊരു കൈപ്പുവക്കു്. ഓരോരുത്തരുടെ കൈയിലും ഉള്ള ഈരണ്ടു വടികളും കൂടിമുട്ടുമ്പോൾ ക്രമത്തിനുള്ള ശബ്ദവും, ചുററുമുള്ള താളവുംകൂടെ കലരുമ്പോൾ ഉള്ള മേളം ഒന്നു പ്രത്യേകംതന്നെ. ഢരെ ഗംഭീരമായി നിലകൊള്ളുന്ന അജ്ജുനൻ കേരളീയരുടെ യുദ്ധമുറ കണ്ടുകൊള്ളട്ടെ. ഇനിയും അധികം നാൾ ഇമ്മാതിരി ചടങ്ങുകൾ നിലനിൽക്കുകയില്ലെന്നു് വരാം. വിദേശീയ ചടങ്ങുകളുടെ സമ്മർദ്ദനത്തിൽ നമ്മുടെ വിനോദങ്ങൾ നാമാവശേഷമാകുന്നതിനുമുമ്പ് തൃപ്തിയാകുന്നവരെ കാണേണ്ടതാണു്.

നകുലൻെറ വിഗ്രഹം ഇതാണെന്നു് എൻെറ അടുത്തുകൂടെ പോയ ഒരാൾ സഹചരനേ ധരിപ്പിക്കുന്നതു് എൻെറ ചെവിയിൽപ്പെട്ടു. ഞാൻ അങ്ങോട്ടുനോക്കി. നകുലൻെറ അടുത്തു ചെറിയ ഒരു വേഷം നിശ്ചലമായി നിന്നിരുന്നു. ഒരു പോലീസുകാരൻ ചുററുമുള്ള ഉത്സവബഹളം കണ്ടു് അനങ്ങാതെ നിലയാണു്. അയാളെ കണ്ടു് നകുലൻെറ അടുത്തു നിൽക്കുന്നതു് സഹദേവനല്ലേ എന്നു അപരിചിതൻ ചോദിച്ചു. ഞാൻ പൊട്ടിച്ചിരിച്ചുപോയി. നാട്ടിൻ പുറത്തുനിന്നുവന്ന സാധു പോലീസുകാരനെ സഹദേവനാക്കി.

അതിനടുത്തായിരുന്നു ചെറിയ പെൺകുട്ടികൾ തിരുവാതിര കളിച്ചുകൊണ്ടു് നിന്നതു്. തപോധനന്മാരുടെ മദ്ധ്യത്തിൽ അവഗുണ്ഠനവതിയായ ശകുന്തളയെ കണ്ടു് ദുഷ്യന്തൻ പാണ്ഡുപത്രങ്ങളുടെ നടുവിൽ ശോഭിക്കുന്ന ഒരു ചെന്തളിരിനോടു് ഉപമിക്കുന്നു. ഏകദേശം അതുപോലെ ഒരു് ഉപമ പ്രയോഗിക്കേണ്ടിയിരിക്കുന്നു. തിരുവാതിര കളിക്കുന്ന ബാലികമാരുടെ ആശാനും കളിക്കാൻ ഹാജരായിട്ടുണ്ടു്. ചെന്തളിരിനിടക്കു് ഒരു ശുഷ്കപത്രം. അരയന്നങ്ങളുടെ നടുവിലെ ഒരു കാക്ക. നവരത്നങ്ങളുടെ നടുവിലെ കാക്കപ്പൊന്നു്. എനിക്കു രസിച്ചില്ല. അയാൾ അവരെ പഠിപ്പിച്ചതു ശരിതന്നെ. പക്ഷെ, അവരോടൊത്തു രംഗപ്രവേശം ചെയ്യാൻ അയാൾക്കു് അവകാശമില്ല. അയാൾ അഭ്യസിപ്പിക്കാൻ ചെയ്ത ശ്രമം അയാളുടെ രംഗപ്രവേശംകൊണ്ടു് നിഷ്ഫലമായിപ്പോയി. കൗമാരത്തിൻെറ വിലാസതിളപ്പിൽ മദിക്കുന്ന ആ ബാലികമാർ നൃത്തം ചെയ്യുന്നതു് ദേവന്മാക്കു് കാണത്തക്ക ഒരു കാഴ്ചയാണു്. ആശാൻ വാപൊളിക്കുന്നതു് മേത്തൻമണി വാപൊളിക്കുന്നതുപോലെയാണു്. മേത്തൻമണി വാപൊളിക്കുന്നതു കണ്ടു സഹിക്കാതെ ഇടിക്കാൻ രണ്ടു മുട്ടാട്ടുകളുണ്ടു്. ഇവിടെ ആശാൻെറ കവിൾ പൊട്ടിക്കാൻ ആളില്ലെന്നേ വ്യത്യാസമുള്ളു. പക്ഷെ, കുട്ടികളുടെ പാടവം ആശാൻെറ അഭ്യസനസമ്പ്രദായത്തിൽ നിന്നു സിദ്ധിച്ചതാണല്ലൊ എന്നു വച്ചു് ഞാൻ സവ്വവും ക്ഷമിക്കുന്നു. നമ്പ്യാരുടെ പത്തുവൃത്തത്തിലെ ഏതോ പദം ചൊല്ലി കളിക്കയായിരുന്നു. എന്നെ എങ്ങനെ രസിപ്പിച്ചു എന്നു പറവാൻ മേലാ. സംഗീതവും നൃത്തവും കൂടെ ചേന്നപ്പോഴുണ്ടായ രസികത! അംഗവിന്യാസങ്ങൾ ക്രമപ്പെടുത്തിയാൽ ഇത്രമാത്രം രസകരമാണെന്നു നൃത്തം കാണുമ്പോഴെ അറിയാറാകൂ. ഒരു വിളക്കിനു ചുററും നിന്നാണു് അവരുടെ കളി. കറങ്ങിത്തിരിഞ്ഞു് ഒരാളുടെ കൈയ്യിലിരിക്കുന്ന ചെറിയ കമ്പുകളിൽ താളമൊപ്പിച്ചു് മറെറ

യാളുടെ കയ്യിലുള്ള ദണ്ഡങ്ങളുമായി അടിച്ചും, പാട്ടിനൊത്തു കാൽവച്ചും, താണും പൊങ്ങിയും, കറങ്ങി വട്ടമിട്ടും, തിരിഞ്ഞു ചുവടെടുത്തും, നൃത്തത്തിനൊത്തു പാട്ടിനു ഒച്ചകൂട്ടിയും കുറച്ചും അതിമോഹനമായി അവർ കളിച്ചുകൊണ്ട് ഇപ്പോഴും എന്റെ കണ്ണിനുമുമ്പിൽ നിൽക്കുന്നു. മിസ്റ്റിക് കവികൾ മൌനസംഗീതമെന്നു പറയുന്നതിൽ അത്ഥമുണ്ടെന്നുതോന്നുന്നു. എന്റെ വിചാരമണ്ഡലത്തിൽ പതിഞ്ഞ ആ കാഴ്ച ഒരു മൌനസംഗീതംകൊണ്ട് എന്നെ ആരാധിക്കുന്നു.

"കലകല", എന്നൊരുഭയങ്കരശബ്ദം കേട്ടു ഞാൻ തിരിഞ്ഞു നോക്കി. കണ്ടതു് അത്ഭുതകരമായ ഒരു കാഴ്ചയായിരുന്നു. ഒരാൾ നെല്ലോലക്കനത്തിലുള്ള അനവധി വാളുകൾ ഒരുമിച്ചെടുത്തു കറക്കി പല അഭ്യാസങ്ങൾ കാണിക്കയായിരുന്നു. ഒരു നിമിഷത്തിനുള്ളിൽ വാളുകൾ ശരീരത്തിന്റെ ഏതെല്ലാം ഭാഗങ്ങളെ ചുററിവളഞ്ഞു പോകുമെന്നു വിചാരിക്കാനും നിവൃത്തിയില്ല. പക്ഷെ, എന്റെ ശ്രദ്ധയെ അധികം ആകഷിച്ചതു് അടുത്തുനിന്ന വേറൊരു വാൾക്കാരന്റേ വേലയായിരുന്നു. കുറെ വഷങ്ങൾക്കു മുമ്പു ആ കാഴ്ച ആദ്യമായി ഞാൻ കണ്ടപ്പോൾ എനിക്കുണ്ടായ സംഭ്രമം ഞാനിപ്പോഴും മറന്നിട്ടില്ല. പഴകിയെങ്കിലും അതിന്റെ പുതുമ ഇന്നും വിട്ടിട്ടില്ല. നിലത്തുമലത്തിക്കിടത്തിയിട്ടുള്ള ഒരു ചെറുപയ്യന്റെ താടിക്കും നെഞ്ചത്തും തൊട്ടുവിച്ചു ഒരു വെള്ളരിക്കാ വെച്ചിട്ടുണ്ട്. അഭ്യാസി വാളുകൊണ്ട് പല വേലകളും കാണിച്ചശേഷം ഒററ വെട്ടിനു് ഈ വെള്ളരിക്കാ മുറിക്കും. വെള്ളരിക്കാ മുറിക്കുന്ന വാൾ അല്പം കൂടെ താഴാമെങ്കിൽ പയ്യന്റെ തലയും ഉടലും ഉടനെ വേർപെടും. ഞങ്ങൾ നോക്കിക്കൊണ്ട് നില്ക്കുയാണ്. അക്കാഴ്ച കാണാൻ ആളുകൾക്കു് അധികം പ്രിയമാണെന്നു തോന്നുന്നു. പലരും തിങ്ങിക്കൂടി. ചെണ്ട മുഴക്കി കാതെല്ലാം പൊടിഞ്ഞു. വാൾക്കാരൻ ശരീരത്തെ പലവിധത്തിൽ വക്രിപ്പിച്ച് കക്ഷത്തിൽക്കൂടെ എടുക്കുന്ന വാൾ തലയ്ക്കു ചുററും വളഞ്ഞും, മെയ്യിൽക്കൂടെ എടുത്തും അരയ്ക്കു ചുററിയും അരനിമിഷത്തിനുള്ളിൽ ആയിരപ്രകാരത്തിൽ മെയ്യ് തിരിച്ചും വാൾകറക്കിയും അഭ്യാസം പ്രദശ്പിച്ചു. എത്ര കാലത്തെ നിരന്തരമായ അഭ്യാസത്തിന്റെ ഫലമായിരിക്കണം ഈ സാമത്ഥ്യം എന്നു ഞാൻ അത്ഭുതപ്പെട്ടു. എങ്കിലും അയാൾ അഭ്യാസം നീട്ടുന്നതിൽ ക്ഷമയില്ലാതായി. പയ്യന്റെ കഴുത്തു മുറിയാതെ വെള്ളരിക്കാ മുറിയുന്നതുകാണാൻ വെമ്പലായി. അത്ഭുതം! ഒരു മുന്നറിവുംകൊടുക്കാതെ ആകാശത്തിൽ തുള്ളിയ വാൾ അശനിപാതംപോലെ കീഴ്പ്പോട്ടുപോന്നു. വെള്ളരിക്കാ മുറിഞ്ഞു രണ്ടായിവീണു. അതിനിടക്കു വാൾ ഉയന്നുകഴിഞ്ഞു. പയ്യന്റെ കഴുത്തു മുന്നേപ്പോലെയുണ്ട്. അനങ്ങാതെ കിടന്ന അ പയ്യന്റെ ധൈയ്യം ഓത്തു ചിലർ അത്ഭുതപ്പെട്ടു. നിത്യത്തൊഴിലഭ്യാസം എന്നു പറഞ്ഞു ചിലർ മുഴുവൻ നിസ്സാരമാക്കി തിരിഞ്ഞു പോയി.

ഇനിയും ഇങ്ങനെ തുടന്നാൽ മററു് അനവധി വിനോദങ്ങളെപ്പററിയും പറയേണ്ടിയിരിക്കും. വളരെക്കാലത്തെ പരിശീലനംകൊണ്ടാണ് ഈ ഓരൊ കളിയും സ്വാധീനമാക്കിയിട്ടുള്ളതു്. നമ്മുടെ ഇടയിൽ ഈ കളിക്കാക്കു് കൊടുക്കുന്ന പ്രോത്സാഹനം തീരെ പര്യാപ്തമല്ലെന്നു പറ

യേണ്ടിയിരിക്കുന്നു. ഏതെങ്കിലും ഒരു സായിപ്പു് ഇവരെ വിളിച്ചുകൊണ്ടുപോകുന്ന നാൾതൊട്ടു് ഇവക്കു മാനം കൂടും. ഇക്കളികൾ കാണാൻ കൌതുകമാണെന്നു് അവർ പറയുന്ന നാൾതൊട്ടു് നമ്മൾ അഭിമാനിച്ചുതുടങ്ങും. അന്നു നമ്മുടെ പരിഷ്കാരികൾ ടിക്കറെറടുത്തു് ഈ കളികൾ കാണാൻ വരും. സിനിമായിൽ ഒരു ചാട്ടം ചാടിയ നടനേ ബഹുമാനിക്കാൻ കൈ കൊട്ടുക്കും. എത്രയോ കൃഛ്റങ്ങളായ കായികവിദ്യകളെ നിഷ്പ്രയാസം കാണിക്കുന്ന ഇവരെപ്പററി ആൎക്കാണു് ബഹുമാനം? അവക്കു പണ്ടത്തെ അഞ്ചേകാലും കോപ്പുംതന്നെ. കഷ്ടം! നമ്മുടെ കഥകളിയുടെ കഥയും ഇതുപോലെ തന്നെ ആയിരുന്നല്ലോ. ഇന്നു വിദേശികൾ കണ്ണുതുറന്നുനോക്കി. അവക്കെന്തൊരാനന്ദം അവർ പ്രശംസിക്കാൻ തുടങ്ങിയപ്പോഴെ നമ്മുടെ കഥകളി കഥയുള്ള കളിയായുള്ളു. ഇതെന്തൊരു ശോച്യാവസ്ഥയാണു്. വിദേശസമ്പ്രദായങ്ങളോടു നമുക്കുള്ള അത്യാദരവും സ്വദേശിസമ്പ്രദായങ്ങളോടുള്ള അനാദരവും ഒരുപോലെ ഉപേക്ഷിക്കേണ്ടിയിരിക്കുന്നു. കഴിഞ്ഞുപോയതെല്ലാം അപരിഷ്കൃതമാണെന്നും, വന്നുകേറുന്നതെല്ലാം ശ്രേഷ്ഠമാണെന്നുമുള്ള ബോധം അബദ്ധമാണെന്നു ധരിക്കണം. കഥകളിയിലെ നൃത്തം വെളിക്കുള്ളവർ കണ്ടപ്പോൾ വിശ്വമോഹനമെന്നു വിധിച്ചു. നമുക്കു് അപരിഷ്കൃതമാണെന്നു തോന്നുന്ന ആട്ടത്തിലെ വിളക്കുവയ്പും, ചെണ്ടബഹളവും, അട്ടഹാസങ്ങളും, വേഷമൊരുക്കങ്ങളും എല്ലാം വിദേശീയ പണ്ഡിതന്മാർ ഇന്നു മുക്തകണ്ഠം പുകഴ്ത്തുന്നു. നമ്മളോ ആട്ടത്തിലെ വേഷം അസ്വാഭാവികമാണു് ആംഗ്യം പഴയതും വികൃതവുമാണു് എന്നൊക്കെയാണു് പറഞ്ഞുതുടങ്ങിയിരിക്കുന്നതു്. പാശ്ചാത്യസമ്പ്രദായങ്ങളെ പരീക്ഷിക്കാതെ സ്വീകരിക്കാൻ ബദ്ധപ്പെടുന്ന നമ്മൾ നമ്മുടെ പുരാതന സമ്പാദ്യങ്ങളെ പഠിക്കാൻ ശ്രമിക്കുന്നില്ല. ആട്ടം കാണാൻ അറിയാവുന്നവർ നമ്മുടെ ഇടയിൽ ചുരുക്കമാണു്. സിനിമാകാണാൻ പോകാത്തവരും ചുരുക്കം തന്നെ. നില്ക്കട്ടെ!

ബഹുജനങ്ങളുടെ സാഹായ്യം ഇല്ലാതെ പത്മനാഭനെ ശരണം പ്രാപിച്ചിട്ടുള്ള ഈ വിനോദങ്ങളെയും അഭ്യാസങ്ങളെയും ദ്രോഹിച്ചു തിരുസന്നിധിയിൽ നിന്നു ഓടിക്കാനാണു് നമ്മുടെ പരിഷ്കാരികളുടെ ശ്രമം എന്നു തോന്നുന്നു. പഴയചടങ്ങിലുള്ള ഈ ഉത്സവമുറകളെല്ലാം മാററിയിട്ടു് പുതിയചില മുറകൾ തുടങ്ങാൻ പോകുന്നെന്നു് ഒരു ശ്രുതി പരന്നു തുടങ്ങിയിട്ടുണ്ടു്. അതു വാസ്തവമാണോ എന്നു് അന്വേഷിക്കാനല്ല നമ്മുടെ ശ്രമം. വളരെക്കാലത്തെ ശ്രമംകൊണ്ടു് വശമാക്കിയിട്ടുള്ള ഇത്തരം അഭ്യാസങ്ങൾ ഒരു വൎഷത്തിൽ ഒരിക്കലുള്ള ഉത്സവസമയത്തെങ്കിലും കാണിക്കണമെന്നുള്ളതുകൊണ്ടാണു് ഇന്നും നിലനിന്നുപോരുന്നതു്. അതും നിറുത്തൽ ചെയ്താലോ? അതിനു പകരം എന്താണു് അവതരിപ്പിക്കാൻ പോകുന്നതു്? മതപ്രസംഗങ്ങളെന്നു കേട്ടു. പ്രസംഗങ്ങൾ കൊണ്ടു് വെളിക്കോട്ടു് ഇറങ്ങണ്ടാ എന്നുവന്നിരിക്കുന്നകാലമാണു് ഇതു്. ഉത്സവത്തിനും, പ്രസംഗം മററുള്ളടത്തും പ്രസംഗം. എവിടെയാണു് വിനോദം? കാൎയ്യമൊന്നുമാത്രമെ നാം ഇന്നു നോക്കാറുള്ളു. നേരംപോക്കു വേണ്ടെന്നോ! ഉപയോഗം മാത്രമാണോ എവിടെയും ദീക്ഷ. ശുദ്ധമായ ആഹ്ലാദം വിസ്മരിച്ചേക്കാമെന്നോ. അങ്ങനെയാണെങ്കിൽ നമ്മുടെ നേട്ടങ്ങളെല്ലാം നി

ഷ്ഫലമെന്നു വന്നുപോകും. പ്രസംഗങ്ങൾ നടത്തുന്നതിൽ വിരോധം പറയുന്നില്ല. മുമ്പറഞ്ഞ അനവധി വിനോദങ്ങളെ ഗളഹസ്തം ചെയ്യരുതെന്നേ പറയുന്നുള്ളൂ. ഈ കളികൾ കാണുന്നതു് പരമാനന്ദമായി തോന്നുന്നവരുണ്ടു്. അവരിൽ ചിലക്കു മതപ്രസംഗങ്ങൾ കേൾക്കുന്നതു് ദുസ്സഹവുമായിരിക്കും. പരിഷ്കാരികൾ അങ്ങനെയുള്ള സാധുക്കളുടെ കഥയുംകൂടെ നോക്കേണ്ടതാണു്. സാധാരണ ഒരു മതപ്രസംഗം കേട്ടാൽ എനിക്കു തലവേദന ഉണ്ടാകും. ഈ വിനോദങ്ങൾ കണ്ടാൽ അത്യന്തമായ ആഹ്ലാദം തോന്നും. ഇതാണു് എന്റെ അനുഭവം.

ചുറവുമുള്ള ബഹളത്തിൽ നിന്നു് എന്റെ മനസ്സ് ഭാവിയിലേക്കു പ്രയാണം ചെയ്തു. പത്താം ഉത്സവത്തിൻനാൾ പത്മനാഭന്റെ ക്ഷേത്രം തൊട്ടു കടൽപ്പുറം വരെയുള്ള ആറാട്ടു മഹോത്സവം എന്റെ സ്മൃതിയിൽ തെളിഞ്ഞുദിച്ചു. നാളെ സായാഹ്നത്തിൽ കോട്ടയ്ക്കുള്ളിൽനിന്നു കടൽത്തീരം വരെ പാഞ്ഞൊഴുകുന്ന ജനാവലി! എന്തൊരു കാഴ്ച! പത്മനാഭദാസനായ പൊന്നുതിരുമേനി ഉടവാളും ധരിച്ചു തൃക്കാൽ നടയായി എഴുന്നള്ളുന്നതു കാണാൻ റോഡിന്റെ വെണ്മണൽ വിരിച്ചിട്ടുള്ള നടുഭാഗം ഒഴിച്ചിട്ടു് ഇരുവശങ്ങളിലും തിങ്ങിക്കൂടി ഭക്തിഭരിതരായി നിൽക്കുന്ന ആബാലവൃദ്ധം ജനങ്ങൾ, റോഡിന്റെ ഇരുവശങ്ങളിലുമുള്ള മാളികകളിൽ തിങ്ങിനിൽക്കുന്ന സുന്ദരികളും കുട്ടികളും, എഴുന്നള്ളുന്നതിനുമുമ്പെ ആഡംബരപൂർവം പോകുന്ന അനവധി കുതിരകളും പൊൻകുമിളപതിച്ച തലയിൽക്കെട്ടും അമ്പാരിയും അണിഞ്ഞ ആനകളും, ചുവന്ന ഉടുപ്പും ശരായിയും തവിട്ടുനിറത്തിലുള്ള തൊപ്പിയും അണിഞ്ഞു ബാൻറു മുഴക്കിക്കൊണ്ടു് പോന്ന അനവധി കാലാൾപ്പട്ടാളങ്ങളും എല്ലാം എന്റെ ഓർമ്മയിൽ തെളിഞ്ഞുവന്നു. ധർമ്മവാസികളായ പ്രജാസഞ്ചയത്തിന്റെ ആരാധനാമൂർത്തിയായ പൊന്നുതമ്പുരാൻ തിരുമനസ്സിൽ നിന്നു് കാരുണ്യപൂർണ്ണമായ മന്ദഹാസം പൊഴിച്ചു ചുററും നിൽക്കുന്ന പ്രജാതതിയെ ശുഭദൃഷ്ടിപാതങ്ങളാൽ അനുഗ്രഹിച്ചു, മന്ദമന്ദം തൃക്കാൽനടയായി എഴുന്നള്ളുന്ന കാഴ്ച എനിക്കു് രോമഹർഷമുണ്ടാക്കി! വഞ്ചിരാജ്യത്തിന്റെ ശാശ്വതധർമ്മം കൈക്കൊണ്ട പാവനമൂർത്തിയാണല്ലോ, നമ്മുടെ പുണ്യവല്ലരിയിലെ പൂവാണല്ലോ ഇക്കൺമുമ്പിൽ കാണാറാകുന്നതു്. പത്മനാഭനോടോ പത്മനാഭദാസനായ പൊന്നുതിരുവടികളോടോ, അദൃശ്യമായ സാന്നിദ്ധ്യം കൊണ്ടു ലോകരക്ഷചെയ്യുന്ന മൂർത്തിയോടൊ, പ്രത്യക്ഷനായി വാണരുളി ധർമ്മരാജ്യരക്ഷചെയ്യുന്ന ഈ ദൈവതത്തോടൊ, എനിക്കു ഭക്തി അധികമായതെന്നു പറവാൻ മേല. വഞ്ചിവാസികളായ ഞങ്ങളുടെ വിശ്വാസം ഞങ്ങളുടെ ദൈവം പ്രത്യക്ഷനാണെന്നത്രെ!! മതം ജാതി എന്നുള്ള വിഭാഗങ്ങളൊന്നും ആ പൊന്നുതിരുമേനി കാണുന്നില്ല. അഗതികൾക്കു പാരിജാതമാണു്. ഞങ്ങൾക്കു ആപത്തിൽ ആശ്വാസവും, കഷ്ടതയിൽ താങ്ങും തണലുമാണു് ഞങ്ങളുടെ തമ്പുരാൻ. ഈ അഭിമാനം വേറേതു നാട്ടുകാർക്കാണു് സാധിക്കുന്നതു്? പൊന്നുടവാൾ പത്മനാഭങ്കൽ സമർപ്പിച്ചു രാജ്യഭാരം ചെയ്യുന്ന രാജാക്കന്മാർ വേറെ എവിടെയുണ്ടു്? ഞങ്ങളുടെ ഭാഗ്യം. ശാശ്വതധർമ്മ പ്രതിഷ്ഠ വേണാട്ടിലുള്ളതുപോലെ ഭൂമണ്ഡലത്തിൽ അന്യത്ര കാണുകയില്ല.

ഇങ്ങനെ ആനന്ദപൂൎണ്ണമായ ഒരു വിചാരത്തിൽ മുഴുകി ഞാൻ നിന്നുപോയി.

ഇന്നും ആ ഉത്സവവും, പൊന്നുതമ്പുരാൻ തിരുമനസ്സിലെ എഴുനള്ളത്തും, ആ ജനാവലിയുമെല്ലാം എനിക്കു മുമ്പിൽ കാണാം.

---

## ഗ്രന്ഥനിരൂപണം.

### കൈപ്പററി.

1. മുരുകൻ.

അഥവാ ഗ്രാമീണപുനരുദ്ധാരണം; വി. ഗോപാലപിള്ള, ബി. ഏ, എൽ. ററി; മിസ്റ്റർ വെങ്കിട്ടരമണി ഇംഗ്ലീഷിൽ ഗ്രാമീണപുനരുദ്ധാരണത്തെ പുരസ്കരിച്ച് രചിച്ചിട്ടുള്ള കഥാപുസ്തകത്തിൻെറ ഭാഷാവിവൎത്തനം; 237 പുറങ്ങൾ; വില അണ 12; മനോമോഹനം പ്രസ്സ്, കൊല്ലം.

2. ഇരവിക്കുട്ടിപ്പിള്ള വലിയ പടത്തലവൻ.

ഗദ്യനാടകം; വി. നീലകണ്ഠപ്പിള്ള, പ്രസാധകൻ കെ. വി. നായർ; ആർ. വി ബുക്ഡിപ്പൊ, വഞ്ചിയൂർ, തിരുവനന്തപുരം; 242 പുറങ്ങൾ, വില അണ 12.

3. ഉഷ.

ഗദ്യനാടകം; വി. നീലകണ്ഠപ്പിള്ള; ആർ. വി. ബുക്ഡിപ്പൊ, വഞ്ചിയൂർ, തിരുവനന്തപുരം; 144 പുറങ്ങൾ, വില അണ 8.

4. ലക്ഷദീപ പ്രശംസ.

പി. ശങ്കരസുബ്രഹ്മണ്യശാസ്ത്രികൾ; പ്രകാശകൻ എസ്സ് സുബ്രഹ്മണ്യയ്യർ, തിരുവനന്തപുരം; കമലാലയം അച്ചുക്കൂടം. പുറം 8. വിലയിട്ടിട്ടില്ല.

5. ശ്രീചിത്രോദയം കാവ്യം.

മഹാകാവ്യത്തിൻെറ രീതിയിൽ എഴുതീട്ടുള്ള ഒരു സ്വതന്ത്ര ഭാഷാകാവ്യം; കുമ്മനം കെ. ഗോവിന്ദപ്പിള്ള, ഏറുമാന്നൂർ; ശ്രീരാമവിലാസം പ്രസ്സ്, കൊല്ലം; സചിത്രം. 370 പുറങ്ങൾ, വില രൂപ 1.

6. വിജയഭാനു (വിശേഷാൽ പ്രതി)

പ്രസാധകൻ സി. മാധവൻ പിള്ള; ഗദ്യപദ്യങ്ങളും ചെറുകഥകളുമായി ഇരുപത്തഞ്ചോളം ലേഖനങ്ങളും അനവധി ചിത്രങ്ങളുംഉള്ളതു് വില; അണ 4.

7. ശ്രീമതി (വിശേഷാൽ പ്രതി)

ശ്രീമതിപ്പത്രത്തിൻെറ ആഭിമുഖ്യത്തിൽ പ്രസിദ്ധപ്പെടുത്തുന്നതു്; നൂറിൽ പരം ലേഖനങ്ങൾ അടങ്ങിയിരിക്കുന്നു. ഇംഗ്ലീഷിലും മലയാളത്തിലും തമിഴിലും വിവിധ വിഷയങ്ങളെപ്പററി സമൎത്ഥന്മാർ എഴുതീട്ടുള്ള ലേഖനങ്ങളാണ് അധികവും; കമനീയമായ കുത്തിക്കെട്ട്, അസംഖ്യം ചിത്രങ്ങൾ, A. R. V. Press, Fort, Trivandrum വില രൂപ 1 ണ 8.

മാതൃഭൂമി (ആഴ്ചപ്പതിപ്പ്), ഹംസ (ഹിൻഡി) ഭാഷാപോഷിണി, എം. എൻ. നായർ മാസിക, രാജർഷി, തൊഴിലഭിമാനി, കഥാമാലിക, കേരള കൌമുദി, ലാററിൻ ക്രിസ്ത്യൻ, പ്രകാശം, ചന്ദ്രിക, ദക്ഷിണഭാരതി, വിജയഭാരതി (തമിഴ്)

## യുവകവി പങ്ക്തി.

[ ഈ തലക്കെട്ടിൽ കഴിഞ്ഞലക്കം മുതൽ ആരംഭിച്ചിട്ടുള്ള പ്രസ്ഥാനം ചില യുവകവികളുടെ അസംതൃപ്തിയ്ക്കു പാത്രമായിത്തീർന്നിട്ടുണ്ടെന്നറിയുന്നതിൽ വ്യസനിക്കുന്നു.—

അദ്ധ്യക്ഷസ്ഥാനത്തുനിന്നും ഒഴിഞ്ഞിരുന്ന ശ്രീമാൻ കൃഷ്ണൻതമ്പി അവർകൾ വീണ്ടും തൽസ്ഥാനം സ്വീകരിച്ചിരിക്കുന്നു Ed ]

## ഒരു അഭിനന്ദനം.

(പി. സുബ്രഹ്മണ്യശാസ്ത്രി)

ധാരായമാണവചസാം
സദനായിതസ്യ
നാരായണസ്യ വിദുഷഃ
കവികർമ്മസ്യ
ആലോകയം "കിമപികാവ്യ".
മിദംഗുണൌഘൈഃ
ആവർജ്ജിതഃ കിമപിവക്തു
മനാജനോയം. ൧

ഓജഃപ്രധാനഗുണമണ്ഡിത
പദ്യജാതം
സാതംനകസ്യഹൃദികാവ്യ
മിദംതനോതി?
യത്രശ്രുതേഃ സുഖകരാ
വിപുലാർത്ഥഭാജഃ
ശബ്ദാനകം സഹൃദയം
മദയന്ത്യതീവ. ൨

യത്രോപമാപ്രഭൃതയഃ
കവികർമ്മശോഭാം
തന്വന്ത്യലംകൃതിചയാ
ഹൃദയംഗമാസ്തേ
അന്യാദൃശം സ്ഫുരതിയത്ര
പദാവലീനാം
അന്യോന്യമൈത്ര്യപിചസാ
കവിഭിഃപ്രശസ്യാ. ൩

ശ്ലേഷോപി യത്ര കമനീയ
തമോ നചാർത്ഥ-
ക്ലേശോമനാഗുചിതശബ്ദ
നിഗുംഭിതത്വാത്
യസ്മിൻജയന്തികവിതാ
രസവേദയാനാം
ചേതോഹരാനവനവാ
ധ്വനയോപിരമ്യേ. ൪

കേരം കേപിഹസന്തി, കേപികദലീ-
ദ്ദേശ്യാ സ്തഥാബന്ധവോ
ദ്രാക്ഷായാഃ കതിചിത് ഭവന്തി സുഭഗാഃ
ശ്ലോകാ യദസ്യാം കൃതൌ

തസ്മാന്മൈകബുധാഭിനന്ദനചണാ-
മേതാം സ്ഫുരത്സദ്ഗുണാം
ഗായംഗായമപാരഹർഷജലധൌ
ഖേലായതേ യം ജനഃ. ൫

സെനട്സഭാസ്താരപദംസതാംമതം
കനത്യസാധാരണമാപ്യയംബുധം
തദാനനോദീതമിദംനകേബുധാ
മുദാർദ്രിയേരൻ കവികർമ്മശർമ്മദം. ൬

സ്വാരാജദേശികസുഹൃത് പ്രതി
ഭാവിലാസ-
നാരായണീയകവിതാഹൃ
തമാനസേനാ
കേനാപി ചാരുകവിതാ
രസികേന ഹൃദ്യാഃ
പദ്യാത്മികാഃ സ്രജമാഗ്രഥിതാഃ
മുദേസ്യുഃ. ൭

## കുഡ്മളസൌരഭം.

(ഏ. കേശവൻ നമ്പ്യാർ)

ദലനിബദ്ധമാമലർനികേതത്തിൽ
പലനാൾ വാണേറെമുഷിഞ്ഞ സൌരഭം
വിലപിച്ചു:—"ഞാനെൻ വിഫല
ജന്മ, മീ—
നിലയി, ലാന്ധ്യത്തിൽ, കഴിയ്ക്കു
ണമെന്നോ ?
നിയതിയെന്നുമീമനോജ്ഞബന്ധന-
നിബദ്ധനാക്കാനോ രചിച്ചതീയെന്നെ?
"ഹരിപ്പു മച്ചിത്തമമലശില്പത്തിൽ
വരനികേതനം മമഗേഹ; മെന്നാൽ,
ഞെരിഞ്ഞുപോകുന്ന ഹൃദയ മിച്ചെറു-
തുറുങ്കിലായതിന്നിടമെഴായ്കയാൽ.
ഇനിയുമെത്രനാളിതുവിധം മമ
ജനി വിഫലമായ് നയിച്ചിടുന്നുഞാൻ?
"വിളിക്കുന്നുണ്ടെന്നെ കവാടത്തിൽമുട്ടി
തെളിമധുവൊക്കും സ്വരത്തിലെൻവിഭു;
എതുവിധമിവൻ നിരസിക്കുംപ്രേമ—
മധുപൊഴിയുമെൻ വിഭുവിന്നാഹ്വാനം?

ഒഴിയുവിൻ ദല സഹജരേ!കണ്ണീർ
പൊഴിയു മിബ്ഭീരുവുയരട്ടേ വാനിൽ"
ദലങ്ങളോതിനാ:—"രയി സഹോദര,
വിലപിക്കൊല്ലനീ വിഗത പൌരുഷം.
ക്ഷമിച്ചുകൊൾകല്പം,ക്ഷമിച്ചുകൊൾകല്പം
ക്ഷമതന്നാനന്ദകതരംഗമേ! ഭവാൻ.
ചെറുതുനേരമീവിമലതയ്ക്കുഴം
തുറുങ്കിനുള്ളിൽ നീ വസിച്ചുകൊള്ളണേ.
അനഘരാഗത്തിൽ തരംഗസംഘാതാ-
ലനുകലമേററമുയരും നിൻചിത്തം
വിജൃംഭണമേല്ക്കേ, വിടർന്നുതാൻഞങ്ങൾ
വിടതരും നിനക്കുയരുവാൻ വാനിൽ.
അതുവരെയ്ക്കുംനീ ക്ഷമിക്കുകീശ്വര-
നതുല! നിന്റെനേർക്കലിവുതിർക്കട്ടേ!"
ഒരു വിഭാതത്തിൽ, ഗഭസ്തിമാലി തൻ
കിരണരാജിയാൽ തടവി നില്ക്കവേ,
വിടർന്നു കുഡ്മളം; ലയിച്ചു സൌരഭം
വിഹായസത്തിന്റെ വിശാലവക്ഷസ്സിൽ.

# പ്രാചീനദേശ സംജ്ഞാകോശം.

(പി. അനന്തൻപിള്ള എം. ഏ.)

**അരണ്യം**— പുണ്യ നവാരണ്യങ്ങളിലൊന്നു്; ദേവീ പുരാണം 74-ാം അദ്ധ്യായത്തിൽ നവാരണ്യങ്ങളെപ്പററി വർണ്ണിച്ചിട്ടുണ്ടു്.

**ആരണ്യകം**—ഉജ്ജയിനിക്കും വിദർഭത്തിനും തെക്കുള്ള ഒരു രാജ്യം; അരിയാക്കെ എന്നു Periplus.

**ആരട്ടം**— (അരഷ്ട്രം) പഞ്ചാബിലെന്നു മഹാഭാരതം; നല്ല കുതിരകൾക്കു കീൎത്തികേട്ട സ്ഥലമെന്നു് അൎത്ഥശാസ്ത്രം.

**അരവാലോ**—കാശ്മീരത്തുള്ള ഉലൂർ തടാകം എന്നു മഹാവംശം; കാശ്മീരത്തേയ്ക്കു് അശോക ചക്രവൎത്തിയാൽ നീതനായ മാദ്ധ്യന്തികൻ എന്ന ബുദ്ധമത പ്രചാരകൻ ഇവിടത്തെ നാഗരാജാവിനെ ബുദ്ധമതാനുയായി ആക്കി.

**അർബ്ബുദം**—Mount Abu. രാജപുട്ടാനയിലെ അരാവലി പൎവ്വതനിരയിലുള്ള ഒരു ശൈലം; വസിഷ്ഠൻ ഇവിടെ വസിച്ചിരുന്നതായി മഹാഭാരത വനപൎവ്വം; വിശ്വാമിത്രനെ എതിൎക്കുവാൻ പരമാരനെ സൃഷ്ടിച്ചതിവിടെ വച്ചാണു്; അംബാഭവാനിയുടെ പ്രസിദ്ധക്ഷേത്രം ഇവിടെ സ്ഥിതിചെയ്യുന്നു. ഋഷഭദേവന്റേയും നേമിനാഥന്റേയും പ്രതിഷ്ഠകളുള്ള രണ്ടു ജൈനക്ഷേത്രങ്ങളും ഇവിടെയുണ്ടു്.

**ആൎയ്യന**—ഏഷ്യഭൂഖണ്ഡത്തിന്റെ മദ്ധ്യഭാഗമെന്നു് Strabo; ആൎയ്യവൎഗ്ഗക്കാരുടെ ആദിമ നിവാസസ്ഥാനം; ആൎയ്യവീജ എന്നു Avesta; 'ആമു' നദിയുടെ ഉൽപ്പത്തിസ്ഥാനം; സമീപിച്ചു് 'പാമീർ' മൈതാനം ഉൾപ്പെടുന്ന പ്രദേശം എന്നു് ഊഹിക്കപ്പെട്ടിരിക്കുന്നു.

**അരിഷ്ടപുരം**-- അരിത്തപുരം എന്റെ സംസ്കൃതരൂപം; ശിബിയുടെ തലസ്ഥാനമെന്നു ചിലർ പറയുന്നു; ഉത്തരപഞ്ചാബിലെ അരിസ്സ്തോബോത്ര എന്നു ടാളമി.

**അൎക്കക്ഷേത്രം**—പത്മക്ഷേത്രമെന്നു് ഇതരസംജ്ഞ; പുരിയുടെ വടക്കുപടിഞ്ഞാറു് സൂൎയ്യന്റെ പ്രതിഷ്ഠയോടുകൂടിയ ഒരു വലിയക്ഷേത്രം (ബ്ര. പുരാണം)

**അരുണ**—സരസ്വതി നദിയുടെ ഒരു കൈവഴി; കുരുക്ഷേത്രത്തിനു സമീപമെന്നു മഹാഭാരതം. മാൎക്കണ്ഡനദിയുടെ അപരനാമമെന്നു Cunningham. സരസ്വതിനദിയുമായി സന്ധിക്കുന്ന സ്ഥലത്തിനു് അരുണസംഗമം എന്നു പേരുണ്ടു്.

**അരുണാചലം**—ദക്ഷിണ ആൎക്കാട്ടുജില്ലയിലെ തിരുവണ്ണാമല എന്ന സ്കാന്ദപുരാണം; അരുണാചലേശ്വരന്റേയും അൎദ്ധനാരീശ്വരമഹാദേവന്റെ

യും പ്രതിഷ്ഠകളുള്ള രണ്ടു ദേവാലയങ്ങളാൽ പ്രസിദ്ധമായിത്തീർന്നിട്ടുള്ളതു്.

**ആയ്യപുരം**—ബീജപുരത്തിലെ ഒരു പ്രധാന പട്ടണമായിരുന്നു. ഏഴും എട്ടും ശതാബ്ദങ്ങളിൽ ചാലൂക്യന്മാരുടെ പ്രശസ്തി മൂർദ്ധന്യാവസ്ഥയിലിരുന്ന കാലത്തു് ഈ പട്ടണത്തിൻെറ പ്രാധാന്യവും വദ്ധിച്ചിരുന്നു.

**ആയ്യാവത്തം**— ഹിമവാൻെറയും വിന്ധ്യൻെറയും ഇടയ്ക്കുള്ള ഉത്തരഭാരതമെന്നു മനുസംഹിത. അതിൻെറ എല്ലകകൾ പതഞ്ജലിപ്രകാരം വടക്കു ഹിമവാൻ, തെക്കു പാരിയാത്രകം, പടിഞ്ഞാറു് ആദശാവലി, കിഴക്കു കാലകവനം ഇങ്ങനെ കാണുന്നു. ആയ്യാവത്തദക്ഷിണാപഥങ്ങളുടെ ഇടയ്ക്കുള്ള അതിരായി രാജശേഖരൻ നർമദാനദി നിർദ്ദേശിക്കുന്നു.

**ആശർ**—മദ്ധ്യപ്രവിശ്യകളിലെ ബർഹാംപൂരിനു് 11 നാഴിക വടക്കുള്ള Asirgarh. അശ്വത്ഥാമഗിരിയുടെ സങ്കുചിതരൂപമെന്നു് Arch. S. Rep Vol. I.

**അഷ്ടാവക്രാശ്രമം**— രാഹ്ലഗ്രാമമെന്നും; ആധുനികനാമം Raila ഹരിദ്വാരത്തിനു നാലുനാഴിക സമീപം; അഷ്ടാവക്രമഹഷിയുടെ ആശ്രമം ഇവിടെ ആയിരുന്നു. ആ പേരോടുകൂടിയ ഒരു പവ്വതവും ഉണ്ടു്.

**അഷ്ടവിനായകം**— എട്ടു് പ്രസിദ്ധ ഗണപതിക്ഷേത്രങ്ങൾക്കും കൂടിയുള്ള പേരു് ഈ ക്ഷേത്രങ്ങളെല്ലാം ബാംബേ പ്രവിശ്യയിലാണെന്നു് ആധുനിക ഇൻഡ്യാചരിത്രകാരന്മാർ പറയുന്നു.

---

# പത്രാധിപക്കുറിപ്പുകൾ.

[ N. B. മാസിക മേടം അവസാനത്തോടുകൂടി പ്രസിദ്ധപ്പെടുത്തുന്നതാകയാൽ പത്രാധിപക്കുറിപ്പുകൾ അതുവരെ നടന്ന കാര്യങ്ങളെയും പരാമർശിക്കുന്നവയായിരിക്കും ]

## മഹാരാജാവു തിരുമനസ്സിലെ പ്രസംഗം.

ഇൻഡ്യാ വൈസറായി വില്ലിംഗ്ടൺ പ്രഭു അവർകൾക്കും പത്നിക്കും നൽകിയ ആമന്ത്രണസൽക്കാരത്തിൽ സമർഹമായ അധ്യക്ഷപദം അലംകരിച്ചു് വഞ്ചിരാജ്യപ്രജാലക്ഷങ്ങളുടെ അഭിമാനം പുലർത്തി നമ്മുടെ മഹാരാജാവു തിരുമനസ്സുകൊണ്ടു് ചെയ്ത ശ്രദ്ധേയമായ പ്രസംഗം സമസ്തഭാരതത്തിൻെറയും പ്രശംസയ്ക്കു പാത്രമായതാണല്ലോ. ബ്രിട്ടീഷ് ഭരണഗുണങ്ങളെപ്പററിയും സംയുക്തഭരണഘടനയിൽ നാട്ടുരാജ്യങ്ങൾക്കുള്ള സ്ഥാനത്തെപ്പററിയും തിരുമനസ്സുകൊണ്ടു് അരുളിച്ചെയ്ത വാക്കുകൾ രാഷ്ട്രീയ തത്വദശ

നത്തിനും, വിശാലഹൃദയത്തിനും സാക്ഷ്യം വഹിക്കുന്നവയായിരുന്നു.

### പൌരസ്ത്യസമ്മേളനം.

രാജശ്രീ പി. കെ. നാരായണപിള്ള ബി. ഏ. ബി. എൽ. അവർകളുടെ ക്ഷണമനുസരിച്ച് മേസേർസ് റാവുബഹദൂർ നാരായണൻ പണ്ടാല, റാവുബഹദൂർ കെ. ജി. ശേഷയ്യർ, റാവുസാഹിബ് ഉള്ളൂർ എസ്സ്. പരമേശ്വരയ്യർ, സദസ്യതിലകൻ ടി. കെ. വേലുപ്പിള്ള വി. കൃഷ്ണൻതമ്പി, പി. അനന്തൻപിള്ള, ഡാക്ടർ ഗോദവർമ്മ, ആർ. വി. പുതുവാൾ, ചിദംബരവാദ്ധ്യാർ, ശ്രീമതി കാർത്ത്യായനിഅമ്മ, ശ്രീമതി ഭാഗീരഥി അമ്മ—ഇത്രയും മാന്യന്മാരും മഹതികളും അദ്ദേഹത്തിൻെറ വസതിയിൽ കൂടുകയും, കെ. ജി. ശേഷയ്യരവർകളുടെ അഗ്രാസനാധിപത്യത്തിൽ, സമ്മേളനം തിരുവനന്തപുരത്ത് 1937-ൽ കൂടുന്നതിനു വേണ്ട കാര്യപരിപാടി നിശ്ചയിക്കുവാൻ യഥാസമയം ഒരു പൊതുജനയോഗം വിളിച്ചുകൂട്ടണമെന്നു തീരുമാനിക്കുകയും, അതിലേയ്ക്കായി യോഗത്തിൽ സന്നിഹിതരായ ഏതാനുംപേരടങ്ങിയ ഒരു കമ്മിററി രൂപവൽക്കരിക്കയും ചെയ്തു. ഗവൺമെൻറിൻെറ ആഭിമുഖ്യത്തിൽ പൌരാവലിയുടെ സഹകരണത്തോടുകൂടിയായിരിക്കും സമ്മേളനം നടത്തുന്നത്.

### സാഹിത്യ പരിഷത്ത്

സമസ്തകേരളസാഹിത്യപരിഷത്തിൻെറ ദശമസമ്മേളനം മേടമാസം പതിനെട്ടും പത്തൊമ്പതും തീയതികളിൽ തൃശ്ശിവപേരൂർ വെച്ചു നടത്തുന്നതും തിരുവനന്തപുരം രാജകീയ കലാശാലയിലെ പൌരസ്ത്യഭാഷാദ്ധ്യക്ഷൻ രാജശ്രീ വി. കൃഷ്ണൻതമ്പി അവർകൾ ആദ്ധ്യക്ഷ്യം വഹിക്കുന്നതുമാണ്. ഈ സമിതി ഭാഷാസാഹിത്യപോഷണപരമായ വിഷയങ്ങളിൽ സമഞ്ജസമായ നേതൃത്വം വഹിച്ച് ഉത്തരോത്തരം വിജയിക്കാൻ സമാശംസിക്കാം.